V. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച തുടർച്ച

[അദ്ധ്യക്ഷ വേദിയിൽ ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. തോപ്പിൽ രവി : സർ, ശ്രീ. എം. എം. ഹസ്സൻ ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. നന്ദി എന്നു പറയുന്നത് വളരെ വിശിഷ്ടമായ ഒരു വികാരമാണ്. അത് എല്ലാവർക്കും എപ്പോഴും ഉണ്ടായിക്കൊള്ളണമെന്നില്ല. ജീവിതത്തിന്റെ വസന്തകാലം മുഴുവൻ സ്വന്തം പാർട്ടിക്കുവേണ്ടി സമർപ്പിച്ച, രക്തവും വിയർപ്പുംകൊണ്ട് പാർട്ടിയ്ക്കു ജലസേചനം ചെയ്ത എം. വി. രാഘവനോടും പി. വി. കുഞ്ഞിക്കണ്ണനോടും സി. പി. മൂസ്സാൻകുട്ടിയോടും എ. എസ്. എൻ. നമ്പീശനോടും ചാത്തുണ്ണിമാസ്റ്ററോടും, സി. പി. നാരായണനോടും കമ്മ്യൂണിസ്റ്റു പ്രസ്ഥാനങ്ങൾക്കു വേണ്ടി പാട്ടുപാടി ഇടനെഞ്ചു തകർന്ന ശ്രീ. കെ. എസ്. ജോർജ്ജിനോടും മാർക്സിസ്റ്റ് സാമ്പത്തിക ശാസ്ത്രത്തിന്റെ വ്യാഖ്യാതാക്കളായ ഡോ. അശോകമിത്രയോടും കെ. എൻ. രാജിനോടും ഡോ. മാത്യു കുര്യനോടും നന്ദി കാണിച്ചിട്ടില്ലാത്ത മാർക്സിസ്റ്റ് പാർട്ടി, അവർക്ക് യാതൊരു ബാദ്ധ്യതയുമില്ലാത്ത ഗവർണ്ണർ രാമചന്ദ്രനോട് നന്ദിപ്രകടിപ്പിക്കാത്തതിൽ എനിക്കു അത്ഭുതമൊന്നുമില്ല. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഉദകക്രിയ കാണാൻ ഉടുത്തൊരുങ്ങി ഉറക്കമൊഴിച്ചിരുന്ന കേരളത്തിലെ പ്രതിപക്ഷ കക്ഷികളും നീറിപ്പിടിക്കുന്ന നിരാശയുടെ എരിതീയിലേക്ക് വലിച്ചെറിയപ്പെട്ടിട്ടുള്ള ഒരു കാലമാണിത്. കരുണാകരൻ സർക്കാരിന്റെ കണ്ണും കരളുമെല്ലാം കൊത്തിക്കീറാൻ ശവംതീനി പക്ഷികളെപ്പോലെ കേരളത്തിലെ സെക്രട്ടേറിയറ്റിനു ചുറ്റും അവർ വട്ടമിട്ടു പറക്കുകയായിരുന്നു. രാജകീയമായ ഒരു വിരുന്നു നഷ്ടപ്പെട്ടതിൽ അവർക്കുള്ള അമർഷമാണ് ഇവിടെ അണമുറിഞ്ഞൊഴുകുന്നതെന്ന് എനിക്ക് നന്നായി മനസ്സിലാകുന്നുണ്ട്.

മർക്കടസ്യാസുരാപാനം
മദ്ധ്യേ വൃശ്ചിക ദംശനം.

എന്നു പറയുന്നതുപോലെ, കള്ളുകുടിച്ച കുരങ്ങനെ തേളുകുത്തിയതു പോലെയാണ് കേരളത്തിലെ പ്രതിപക്ഷത്തിന്റെ അവസ്ഥ എന്നുള്ളതുകൊണ്ട് അവരുടെ മാനസികാവസ്ഥ നന്നായി നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ. അതുകൊണ്ട് ശവത്തിൽ കുത്തുന്നതുപോലെ അവർ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കണമെന്നു പറയാനുള്ള ഹൃദയശൂന്യതയൊന്നും ഞാൻ കാണിക്കുന്നില്ല. ശ്രീ. കാനം രാജേന്ദ്രൻ ഇവിടെ പ്രസംഗിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ ആശ്രിത വൽസലനാണെന്ന് പറഞ്ഞു. ശ്രീ. കെ. കരുണാകരൻ ആശ്രിത വൽസലനാണെന്ന കാര്യം സി. പി. ഐ. ക്കാർ ഇപ്പോഴും പറഞ്ഞു തുടങ്ങിയതല്ല. 1970-ൽ തനിയ്ക്കവകാശപ്പെട്ട മുഖ്യമന്ത്രിസ്ഥാനം ചെറിയ പാർട്ടിയായ സി. പി. ഐ. യുടെ അച്യുതമേനോനുവേണ്ടി ശ്രീ. കരുണാകരൻ ഒഴിഞ്ഞു കൊടുത്ത കാലം മുതൽ ശ്രീ. കരുണാകരൻ ആശ്രിതവൽസലനാണെന്നുള്ള കാര്യം സി. പി. ഐ. ക്കാർ സമ്മതിച്ചിട്ടുള്ളതാണ്. ആശ്രിത വാൽസല്യം തൊട്ടു തെറിച്ചിട്ടില്ലാത്ത മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആട്ടും തുപ്പും ചവിട്ടും തൊഴിയും ഏറ്റ് ചതഞ്ഞരഞ്ഞ സി. പി. ഐ. യുടെ വാരിയെല്ലുകൾ ചോരത്തുഴയിൽ കൊണ്ടുപോയി നിർമ്മാണം ചെയ്ത് ശ്രീ. കാനം രാജേന്ദ്രൻ തിരിച്ചു വരുമ്പോഴും ശ്രീ. കെ. കരുണാകരൻ കേരളാ സെക്രട്ടേറിയറ്റിൽ മുഖ്യമന്ത്രിയുടെ മുറിയിൽ ഇരിക്കുന്നുണ്ടായിരിക്കും എന്ന കാര്യത്തെപ്പറ്റി ശ്രീ. കാനം രാജേന്ദ്രനു

LIBRARY ARCHIVES Kerala Legislative Assembly

സംശയമൊന്നും ആവശ്യമില്ല. സർ, ഈ സഭയിലെ ഒരു നവാഗതയാണ് ശ്രീമതി റേച്ചൽ സണ്ണിപനവേലി. തെരഞ്ഞെടുപ്പിൽ അവരെ തോൽപ്പിക്കാൻ വേണ്ടി വളരെ പാടുപെട്ട ഒരാളാണ് ഞാൻ. എന്നാൽ അവർ ആദ്യമായി ഈ സഭയിലേക്ക് കടന്നു വന്ന ദിവസം ഒരു ദു:ശകുനത്തിന്റെ ദിവസമായതിൽ എനിക്കു വളരെയേറെ ദു:ഖമുണ്ട്. അമ്പലത്തിലേക്കാണെന്നു പറഞ്ഞ് ഒരാളെ ഭ്രാന്താശുപത്രിയിലേക്കു കൂട്ടിക്കൊണ്ടുവരുന്നതു പോലെയാണ് എന്റെ സ്നേഹിതൻ ഷൺമുഖദാസ് ശ്രീമതി റേച്ചൽ സണ്ണിപനവേലിയെ ഈ നിയമസഭയിലേക്ക് കൊണ്ടുവന്നത്. ഈ സഭയിൽ നിന്നപ്പോഴും അവർക്കുണ്ടായ അന്ത:ക്ഷോഭം നമുക്ക് ഊഹിക്കാവുന്നതേയുള്ളു. അത് കഷ്ടമായിപ്പോയി. "ഇതാണോ ജനാധിപത്യത്തിന്റെ ശ്രീകോവിൽ"?. എന്ന് ഒരു വീട്ടമ്മയായ ശ്രീമതി റേച്ചൽ സണ്ണിപനവേലി വേദനയോടുകൂടി മന്ത്രിച്ചുപെങ്കിൽ കുറെ ബോധം കൊണ്ട് കുനിഞ്ഞ ശിരസ്സുമായി നമുക്ക് അവരോട് മാപ്പു ചോദിക്കാം. അമ്പലപ്പറമ്പിൽ ആനവിരളുമ്പോഴേയ്ക്കും കുട്ടികളെ അച്ഛനമ്മമാരെ അരയിൽ വട്ടംകെട്ടിപ്പിടിക്കുന്നതുപോലെ ഇവിടെ ഗവർണ്ണറുടെ നയപ്രഖ്യാപന വേളയിൽ പ്രതിപക്ഷങ്ങളും ചില കോലാഹലങ്ങളും ഉണ്ടാക്കിയപ്പോഴും സഖാവ് പി. കുമാരനെപ്പോലെയുള്ള സാധുക്കളായ ചില പ്രതിപക്ഷാംഗങ്ങളും ദയനീയഭാവത്തോടുകൂടി അവിടെ പതറി നിൽക്കുന്നത് ഞാൻ കാണുകയുണ്ടായി. സഖാവ് നായനാരുടെ അറിവിനുവേണ്ടി ഞാൻ പറയുകയാണ്. ഈ സഭ സമ്മേളിച്ച ദിവസം അങ്ങ് ഈ സഭയിൽ സന്നിഹിതനാകാതിരുന്നതുമൂലം പ്രതിപക്ഷങ്ങളുടെ പരിപാടികളും വേണ്ടപോലെ വിജയിച്ചില്ല എന്ന് ചിലർക്കെങ്കിലും ഒരു കുണ്ഠിതമുണ്ട്. കാരണം ഇത്തരം കാര്യങ്ങളിൽ അങ്ങേയ്ക്ക് തുല്യനായി അങ്ങു മാത്രമേയുള്ളു.

സർ, ഇവിടെ ശ്രീമതി ഗൗരിഅമ്മ ഗവർണ്ണരുടെ പ്രസംഗത്തിന് സമാന്തരമായി പ്രസംഗിച്ചു. ഞാൻ വിചാരിച്ചത് പാർട്ടിയിലെ ചില ആളുകൾക്ക് ഊരു വിലക്ക് കല്പിച്ചുകൊണ്ടുള്ള ഔദ്യോഗിക വിജ്ഞാപനം സഖാവ് ഗൗരിയമ്മ വായിക്കാൻ പോവുകയാണെന്നാണ്. പിന്നീടാണ് മനസ്സിലായത് ഇടതുപക്ഷജനാധിപത്യമുന്നണിയുടെ നയപ്രഖ്യാപനമാണ് ശ്രീമതി ഗൗരിയമ്മ ഇവിടെ വായിക്കുന്നതെന്ന്. കഴിഞ്ഞ സമ്മേളനത്തിനുശേഷം ഇവിടെ വലിയൊരു ദുരന്തമുണ്ടായി—തലശ്ശേരിയിലെ തീവണ്ടിയപകടം. മാനത്ത് വർണ്ണങ്ങളും പൊട്ടിച്ചിതറിയപ്പോഴും താഴെ പത്തിരുപത്തെട്ടു ജീവിതങ്ങളും രക്തപുഷ്പമായി റെയിൽപാളത്തിൽ ചിന്നിച്ചിതറി വീണ ഒരു സംഭവം, ആ സംവേദനത്തിൽ നമ്മുടെയെല്ലാം ഹൃദയം ഇപ്പോഴും തേങ്ങുകയാണ്. അതുപോലെതന്നെ രാഷ്ട്രീയരംഗത്തുണ്ടായ ഒരു വലിയ അത്യാഹിതമാണ് ശ്രീ.എം.വി:രാഘവനും ശ്രീ. പി. വി. കുഞ്ഞിക്കണ്ണനും ഉണ്ടായ പതനം. ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ഓടിച്ചുകൊണ്ടുവന്ന അച്ചടക്കത്തിന്റെ തീവണ്ടി മുട്ടി പ്രതാപത്തിന്റെ പാളത്തിൽ നിന്നും അനാഥത്വത്തിന്റെ മണലാരണ്യത്തിലേക്ക് ശ്രീ.എം.വി. രാഘവനും, പി. വി. കുഞ്ഞിക്കണ്ണനും തെറിച്ചുവീഴുകയാണുണ്ടായത്. ഏതായാലും ചെറിയ ചതവുകളും ഒടിവുകളുമുണ്ടായാലും അവർ രക്ഷപ്പെട്ടല്ലോ ? ഗവർണ്ണരോട് നന്ദി പ്രകടിപ്പിച്ചില്ലെങ്കിലും അവർ ഈശ്വരനോട് നന്ദി പ്രകടിപ്പിക്കണമെന്നാണ് എന്റെ അഭിപ്രായം. കാരണം ജീവാപായം കൂടാതെ അവർ രക്ഷപ്പെട്ടു. പാർലമെന്ററി വ്യാമോഹത്തിന്റെ ആകർഷണവലയിൽപ്പെട്ടു, എന്നാണല്ലോ സഖാവ് എം. വി. രാഘവനേയും, ശ്രീ. പി. വി. കുഞ്ഞിക്കണ്ണനേയും ചൊല്ലിയുള്ള ഏറ്റവും ഗുരുതരമായ ആരോപണം. വയലാർ രാമവർമ്മ 'തറവാടിന്റെ മാനം' എന്നൊരു കവിതയിൽ കുഞ്ഞുണ്ണിമേനോൻ എന്നൊരു കഥാപാത്രത്തെ അവതരിപ്പിച്ചിരുന്നു. കുഞ്ഞുണ്ണിമേനോന് രണ്ട് പെൺകുട്ടികളുണ്ടായിരുന്നു; പുര നിറഞ്ഞുനിൽ

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന രണ്ട് പെൺകുട്ടികളും. വയലാർ രാമവർമ്മ ആ പെൺകുട്ടികളെപ്പറ്റി പറയുന്നത്, കുഞ്ഞുണ്ണിമേനോന്റെ രണ്ട് പെൺകുട്ടികളും, "രണ്ട് വികാരക്കിളി രണക്കെട്ടുകളും" എന്നാണ്. ഇണചേരാനും, പെറുപെരുകാനും സ്ത്രീ സഹജമായുള്ള വാസനയെ എടുത്തുപറഞ്ഞുകൊണ്ട് വയലാർ രാമവർമ്മ പറഞ്ഞത്" വീട്ടുവേലിയ്ക്കൽ പടർന്നുകിടക്കുന്ന കാട്ടുപടവലവള്ളി പടർത്തിയാൽ മേനവന്റെ ഉള്ളുവിറയ്ക്കും, അതുങ്ങളാകോണിൽ മിഴി നട്ട് നിൽക്കും എല്ലായ്പോഴും എന്നാണ്. അതുപോലെ, രണ്ട് മൂന്ന് തവണ എം.എൽ.എ. മാരായിരുന്നിട്ടുള്ള ശ്രീ. പി. വി. കുഞ്ഞിക്കണ്ണനും ശ്രീ. എം.വി. രാഘവനും പാർലമെന്ററി വ്യാമോഹത്തിന്റെ പൂമാലകളും കോർത്തുകൊണ്ടിരിക്കുമ്പോൾ പുരനിറഞ്ഞുനിൽക്കുന്ന ശ്രീ.എം.വി.രാഘവനേയും ശ്രീ.പി.വി. കുഞ്ഞിക്കണ്ണനേയും കാത്തുപുലർത്തി തറവാടിന്റെ മാനം സംരക്ഷിക്കാൻ ബാദ്ധ്യസ്ഥനായ നമ്പൂതിരിപ്പാടിന്റെ ഉള്ളം എങ്ങനെ വിറയ്ക്കാതിരിക്കും സാർ ? തലമുടി ചീകിമിനുക്കി കരമീശയും വച്ച് അധികാരമാകുന്ന കാമുകൻ കള്ളച്ചിരിയുമായി വേലിക്കെട്ടിൽനിന്ന് ചൂളമടിക്കുമ്പോൾ ശ്രീ. എം.വി. രാഘവനേറയും, ശ്രീ. പി. വി. കുഞ്ഞിക്കണ്ണനേറയും അസ്ഥികൂടത്തിൽ "ഒരുൻമാദലഹരിതൻ അജ്ഞാതസൗരഭം പടർന്നുകേറുന്നുണ്ടോ ?" എന്ന് ശ്രീ. നമ്പൂതിരിപ്പാടിനും, ശ്രീമതി ഗൗരിയമ്മയ്ക്കും തോന്നിയെങ്കിൽ എനിക്ക് അതിൽ അത്ഭുതമില്ല. കാരണം അവരും ഈ പ്രായവും ഈ പ്രായത്തിന്റെ പ്രാണവേദനകളുമൊക്കെ സഹിച്ച്, വളർന്ന് വന്നവരാണ്. പെരുന്തച്ചനെറ ഒരു കഥയുണ്ട്. പെരുന്തച്ചൻ നല്ലൊരു തച്ചുശാസ്ത്ര വിദഗ്ദ്ധനായിരുന്നു അയാൾക്ക് അയാളെക്കാളും പ്രഗൽഭനായ ഒരു മകനുണ്ടായിരുന്നു. മകനാണെങ്കിലും താൻ ജീവിച്ചിരിക്കുമ്പോൾ തന്നെക്കാൾ ഉന്നതനായി, പ്രഗൽഭനായി തന്റെ മകൻ വളർന്നുവരുന്നതുകണ്ട് അസൂയ മൂത്ത് പെരുന്തച്ചൻ സ്വന്തം മകനെ കഴുത്തിലേക്ക് ഉളിയെറിഞ്ഞ് കൊന്നു. കേരള രാഷ്ട്രീയത്തിലെ അഭിനവ പെരുന്തച്ചനാണ് ഇ.എം. എസ്. എന്ന് ചരിത്രകാരൻമാർ രേഖപ്പെടുത്തുമെന്നകാര്യത്തെപ്പറ്റി എനിക്ക് സംശയമില്ല. ഇവിടെ പ്രതിപക്ഷകക്ഷികളും പ്രധാനമായി പറയുന്ന കാര്യം ഞങ്ങളും തമ്മിലുള്ള അഭിപ്രായ വ്യത്യാസത്തെപ്പറ്റിയാണ്. ഞങ്ങളും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടാകാം.

സർ, മുന്നണി സംവിധാനത്തിന്റെ കൂടപ്പിറപ്പാണ് അഭിപ്രായവ്യത്യാസങ്ങളും അഭിപ്രായവ്യത്യാസം ശിക്ഷാർഹമായ ഒരു പാപമൊന്നുമല്ല. അപൂർവ്വമോ അസാധാരണമോ ആയ ഒരു ദുരന്തമല്ല. ഈ ഐക്യജനാധിപത്യമുന്നണി അഭിപ്രായങ്ങളും ഉള്ളവരുടേതായ ഒരു മുന്നണിയാണ്. അഭിപ്രായമുള്ള ആളുകളും കൂടുമ്പോൾ അഭിപ്രായവ്യത്യാസമുണ്ടാകും. എല്ലാ ഐക്യമുന്നണികളും നടന്നും വീണും, പിടഞ്ഞെഴുന്നേറ്റും ഒക്കെത്തന്നെയാണ് കേരളത്തിൽ മുന്നോട്ടുപോയിട്ടുള്ളത്. 1968-ൽ സപ്തകക്ഷിമുന്നണി കേരളത്തിൽ അധികാരത്തിലിരുന്നപ്പോഴും അഭിപ്രായവ്യത്യാസങ്ങളുണ്ടായിട്ടില്ലേ ? 1980-ൽ ഇടതുപക്ഷജനാധിപത്യമുന്നണിയിൽ ശ്രീ. നായനാർ അധികാരത്തിൽ ഇരുന്നപ്പോഴും അഭിപ്രായവ്യത്യാസങ്ങളുടെ കൊടുങ്കാറ്റിൽ ആ മുന്നണി ആടിയുലഞ്ഞില്ലേ ? ശ്രീ.ബേബിജോണിനെ വിദ്യാഭ്യാസമന്ത്രിയും, ശ്രീമതി കെ. ആർ. ഗൗരിയെ കൃഷിവകുപ്പുമന്ത്രിയുമാക്കി ഒതുക്കിയനാൾമുതൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയിൽ അഭിപ്രായവ്യത്യാസങ്ങൾ നീറിപ്പിടിച്ചില്ലേ ? 1980-ൽ ഒരേ മുന്നണിയിലിരുന്നുകൊണ്ട് അധികാരത്തിന്റെ മധുരം ആസ്വദിച്ചുകൊണ്ട് ശ്രീ.ബേബിജോണിനെതിരെ സ്വരസൻ സംഘത്തോടനുബന്ധിച്ച് ഗവൺമെൻറിൽ ഇരിക്കുന്ന കാലത്ത് ചവറയിൽ സി. പി. ഐക്കാർ ധർണ നടത്തിയിട്ടില്ലേ ? 1968-ലും 1980-ലും അഭിപ്രായഭിന്നതകളുണ്ടായിട്ടുള്ളപ്പോഴൊക്കെ ആ അഭിപ്രായവ്യത്യാസങ്ങളുടെ ആഴങ്ങളിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

ആണ്ടിറങ്ങി ഐക്യത്തിന്റെ മുത്തുച്ചിപ്പി കണ്ടെത്താൻ അനുരഞ്ജനത്തിന്റെ പാതാളക്കരണ്ടിയുമായി നടന്നിട്ടുള്ള ശ്രീ. ബേബിജോണിന് അറിയാമല്ലോ അന്നത്തെ അഭിപ്രായവ്യത്യാസങ്ങളുടെ ആഴമെന്തായിരുന്നുവെന്ന്. അപ്പോൾ അഭിപ്രായവ്യത്യാസം എന്ന് പറയുന്നത് ഒരു പുതിയ കാര്യമൊന്നുമല്ല. ഇവിടെ റാന്നി തെരഞ്ഞെടുപ്പിൽ ഞങ്ങൾക്കുണ്ടായ വിജയത്തെപ്പറ്റി പലരും വീരവാദങ്ങൾ മുഴക്കുന്നതുകേട്ടു. കേരളത്തിലെ ജനങ്ങൾ തങ്ങളുടെ കൂടെ ആണെന്ന് വ്യാഖ്യാനിക്കാൻ, വീരവാദം മുഴക്കാൻവരെ അപ്പുറത്തുള്ള ചില സ്നേഹിതൻമാർ തുനിയുകയുണ്ടായി. വരട്ടുതത്വവാദങ്ങളുടെ താളിയോല ശ്രദ്ധാപൂർവ്വം തലയിലേറ്റി നടക്കാറുള്ള എന്റെ സ്നേഹിതൻ ശ്രീ. എ.സി. ഷൺമുഖദാസിനോട് വിനയപൂർവ്വം ഞാൻ പറയുന്നു, റാന്നി ഉപതെരഞ്ഞെടുപ്പിൽ നിങ്ങൾ വിജയപതാക പാറിച്ചത് നിങ്ങളുടെ പാർട്ടിയായ കോൺഗ്രസ് (എസ്), അതൊരു പാർട്ടിയാണെങ്കിൽ ആ പാർട്ടിയുടെ മൗലികമായ മുദ്രാവാക്യങ്ങളുടെ ശവകുടീരത്തിന്റെ മീതെയാണെന്ന്. ഇത്രകാലവും നിങ്ങൾ പറഞ്ഞുകൊണ്ടിരുന്നതെന്താണ്? വംശ ആധിപത്യം അവസാനിപ്പിക്കണം, കുടുംബാധിപത്യം അവസാനിപ്പിക്കണം എന്നായിരുന്നില്ലേ? 1969-ൽ കോൺഗ്രസ് പിളർന്നപ്പോൾ ഇന്ദിരാഗാന്ധിയുടെ കൂടെ നിന്ന നിങ്ങൾ പിന്നീട് ഇന്ദിരാഗാന്ധിക്ക് എതിരായപ്പോൾ പറഞ്ഞു പണ്ഡിറ്റ്ജിക്കുശേഷം ഇന്ദിരാഗാന്ധി അധികാരത്തിൽ വന്നത് വംശാധിപത്യത്തിന്റെ ഭാഗമായിട്ടാണെന്ന്, ഇന്ദിരാഗാന്ധിക്കുശേഷം രാജീവ്ഗാന്ധി അധികാരത്തിൽ വന്നപ്പോൾ നിങ്ങൾ പറഞ്ഞത് എന്തായിരുന്നു? രാജീവഗാന്ധി അധികാരത്തിൽ വന്നപ്പോൾ നിങ്ങൾ പറഞ്ഞത് ഇത് കുടുംബവാഴ്ചയുടെ ഫലമായിട്ടാണെന്നാണ്. 1984-ൽ (ഇന്ദിരാഗാന്ധിയുടെ വധത്തിനുശേഷം നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഞങ്ങൾ സഹതാപം വിറ്റ് വോട്ടാക്കിയെന്ന് നിങ്ങൾ കുറ്റപ്പെടുത്തി? പ്രിയപ്പെട്ട ശ്രീ. ഷൺമുഖദാസ്, കുടുംബാധിപത്യത്തിനെതിരായി കുരിശുയുദ്ധം പ്രഖ്യാപിച്ചിട്ടുള്ള നിങ്ങളുടെ പാർട്ടിക്ക് റാന്നിയിൽ ഒരു കോൺഗ്രസ് (എസ്) സ്ഥാനാർത്ഥിയാക്കാൻ മറ്റ് ആരേയും കിട്ടാതിരുന്നതുകൊണ്ടാണോ കോൺഗ്രസ് (എസ്)-ൽ ഒരു പ്രാഥമിക അംഗംപോലുമല്ലാത്ത ശ്രീമതി റെയിച്ചൽ സണ്ണി പനവേലിയെ നിർബന്ധിച്ച് സ്ഥാനാർത്ഥിയാക്കിയത്. അത് എന്തിന്റെ പേരിലാണ്? നിങ്ങളുടെ വായിൽ നാവുണ്ടെങ്കിൽ നിങ്ങൾ മറുപടി പറയണം. നിങ്ങൾ ഇതുവരെ കുടുംബാധിപത്യത്തിനെതിരായി, വംശാധിപത്യത്തിനെതിരായി, സഹതാപ വോട്ടിനെതിരായി പറഞ്ഞുകൊണ്ടിരുന്ന കാര്യങ്ങൾ വാരിവിഴുങ്ങിയല്ലേ? റാന്നിയിൽ നിങ്ങൾ കഷ്ടിച്ച് കർപറ്റിയത്? സർ, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഇപ്പോൾ വർഗ്ഗീയതക്ക് എതിരായ് യുദ്ധം പ്രഖ്യാപിച്ചിരിക്കുകയാണെന്നു പറയുന്നു. ഞാൻ ചോദിക്കട്ടെ, സഖാക്കളെ എത്ര നാളത്തേക്കാണ് ഈ ചപ്പാടച്ചീ? എത്ര കാലത്തേക്കാണ് ഈ അവതാരം? നിങ്ങൾക്ക് എന്നുമുതലാണ് വർഗ്ഗീയതയോട് വലിയ വിരോധമുണ്ടായത്? സ്ത്രീകൾ കടിഞ്ഞൂൽ പ്രസവത്തിന് ആശുപത്രിയിൽ ചെല്ലുമ്പോൾ പ്രസവവേദന മൂർച്ഛിക്കുമ്പോൾ പറയും ഇനി ഈ ജന്മം ഞാൻ പ്രസവിക്കുകയില്ല, ഗർഭം ധരിക്കുകയില്ല എന്ന്. നമ്പൂതിരിപ്പാടും അങ്ങനെ പറഞ്ഞിട്ടുണ്ട്. ഇനി ഒരിക്കലും താൻ ഇത് ചെയ്യുകയില്ല. കേരളാ കോൺഗ്രസ് ക്രിസ്ത്യാനികളേയും മുസ്ലീംലീഗ് മുസ്ലീങ്ങളേയും അണിനിരത്തിക്കൊണ്ട് താന്താങ്ങളുടെയെല്ലാം അവകാശങ്ങൾ കണക്കുപറഞ്ഞ് വാങ്ങിച്ചുകൊണ്ടിരിക്കുന്നു എന്നും കോൺഗ്രസ് അതിന് കൂട ചൂടികൊടുക്കുകയാണ് എന്ന് ആക്ഷേപിച്ചുകൊണ്ടും ഭൂരിപക്ഷ സമുദായമായ ഹിന്ദു വർഗ്ഗീയതയെ പ്രോൽസാഹിപ്പിച്ചുകൊണ്ടും ഹിന്ദുക്കളുടെ വോട്ടുവാങ്ങിക്കാനുള്ള നമ്പൂതിരിപ്പാടിന്റെ ത്രികാലബുദ്ധിയാണ് നമ്പൂതിരിപ്പാടിന്റെ ബുദ്ധിയൊന്നും ഇവിടെ ചെലവാകാൻ പോകുന്നില്ല. കാളവാലു പൊക്കുമ്പോൾ അറിയാം എന്തിനുവേണ്ടിയാണ് ഈ വാല് പൊക്കുന്നതെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

വർഗ്ഗീയതയ്ക്ക് എതിരാണ് തങ്ങൾ എന്ന് അവർ പുറംമേനി നടിച്ചുകൊണ്ട് നമ്പൂതിരിപ്പാട് അത്യന്തം നഗ്നവും അതിനേക്കാൾ വിനാശകരവുമായ വർഗ്ഗീയ രാഷ്ട്രീയത്തിന്റെ വെടി മരുന്നുശാലയിലേക്ക് നമ്മുടെ പ്രിയപ്പെട്ട സംസ്ഥാനത്തെ മാത്രമല്ല ഇൻഡ്യാ രാജ്യത്തെത്തന്നെ വലിച്ചെറിയാൻ ചുടലപ്പിശാചിനെപ്പോലെ ഈ രാജ്യത്ത് മുടിയഴിച്ചാടുകയാണ്. മാർക്സിസ്റ്റ് പാർട്ടിയുടെ ശുഷ്കിച്ച നെഞ്ചിൽ എൻ. ഇ. ബലറാമിന്റെ കാലൻപാടുകളും, സി.പി.ഐ. യുടെ ഒട്ടിയ കവിളുകളിൽ അച്യുതാനന്ദന്റെ വിരൽപ്പാടുകളും ഞാൻ കാണുന്നു. ''ഇരുമെയ്യാണെങ്കിലും നമ്മളൊറ്റ കരളല്ലേ'' എന്ന് മാർക്സിസ്റ്റുകാരോട് സി.പി ഐ. പറയുമ്പോൾ ''പുണ്യപാപച്ചുമടുകളാം ഇരുമുടിക്കെട്ടുകളുമേന്തി പൊന്നമ്പല മലചവുട്ടി വരിക നിങ്ങൾ'' എന്നാണ് മാർക്സിസ്റ്റ് പാർട്ടിയുടെ മറുപടി സി.പി. ഐ. മാർക്സിസ്റ്റുകാരോട് ചോദിക്കുന്നു :— ഞങ്ങളുടെ പിൻതുണ കൂടാതെ നിങ്ങൾക്ക് കേരളത്തിൽ അധികാരത്തിൽ വരാൻ കഴിയുമോ ? മാർക്സിസ്റ്റ് പാർട്ടിയുടെ ഔദാര്യമില്ലാതെ ഒരു സീറ്റിലെങ്കിലും സി.പി.ഐ. ക്ക് ജയിക്കാൻ കഴിയുമോ എന്ന് ഇ. എം. എസ്. തിരിച്ചടിക്കുന്നു. മാർക്സിസ്റ്റ് പാർട്ടിയിൽനിന്ന് ഗുരുതരമായി അച്ചടക്കലംഘനത്തിന് പുറത്താക്കിയ കൊട്ടാരക്കരയിലെ മാർക്സിസ്റ്റ് സഖാക്കളെ അത്യാഡംബരപൂർവ്വം സഖാവ് ബേബിജോൺ ആർ.എസ്.പി. യിലേക്ക് ക്ഷണിച്ചുകൊണ്ടുപോയിരിക്കുന്നു, ബേബിജോൺ ഇതും ഇതിലപ്പുറവും ചെയ്യും. ആർ.എസ്.പി. കുത്തകമുതലാളിത്ത പിൻതിരിപ്പൻ താല്പര്യങ്ങളെ സംരക്ഷിക്കുന്ന പാർട്ടിയാണെന്ന് അച്യുതാനന്ദൻ പറയുന്നു.

സർ, നിങ്ങൾ ഈ നിയമസഭാ സമ്മേളനത്തിൽ ചെയ്യുന്നതെന്താണെന്ന് ഞങ്ങൾക്കറിയാം. കോൺഗ്രസിനേയും ശ്രീ. കെ. കരുണാകരനേയും ഒറ്റപ്പെടുത്തി ഓരോരുത്തരേയും ഓരോരുത്തരായി ചിത്രവധം ചെയ്യാനുള്ള നിങ്ങളുടെ ഗൂഢാലോചന ഇവിടെ നടക്കാൻ പോകുന്നില്ല. ശ്രീമാൻ നമ്പൂതിരിപ്പാട് നമ്പൂതിരിമാരെ സംഘടിപ്പിക്കാൻ നടന്നിരുന്ന കാലത്ത് വെള്ളക്കാരൻ പ്രയോഗിച്ച പരാജയപ്പെട്ടതാണ് ''ഭിന്നിപ്പിച്ച് ഭരിക്കുക'' എന്നുള്ള തന്ത്രം. കേരളത്തിന്റെ ഭരണാധികാരം കയ്യാളുക എന്ന ചരിത്രപരമായ ദൗത്യം ഞങ്ങളെ ഏൽപ്പിച്ചിട്ടുള്ള കേരളത്തിലെ ജനങ്ങൾ ഞങ്ങളെ പിൻതുണക്കുന്നിടത്തോളം കാലം ഞങ്ങൾ ഇവിടെയുണ്ടായിരിക്കും. ഈ ഐക്യജനാധിപത്യമുന്നണിയുടെ ഘടകപാർട്ടികൾ തമ്മിൽ രാഷ്ട്രീയമായ കാഴ്ചപ്പാടുകളിൽ ഭേദങ്ങളുണ്ടായിരിക്കാം. പക്ഷേ കേരളത്തിന്റെ സമൃദ്ധിയും സംതൃപ്തിയും ഉറപ്പുവരുത്തുന്ന കാര്യത്തിൽ ഞങ്ങളുടെ മനസ്സും മന്ത്രവും തത്വവും താളവും ഒന്നായിരിക്കണം. സാർ, ജനാധിപത്യത്തിൽ ശക്തി പരീക്ഷിക്കാനുള്ള അവസരം മൈതാനങ്ങളല്ല, വഴിയമ്പലങ്ങളല്ല, നിയമസഭയാണ്. നിങ്ങൾ ഇവിടെ നിന്നുകൊണ്ട് കുറെ ഗോഷ്ഠികൾ കാണിച്ചതുകൊണ്ടോ ആണ്ടുനേർച്ചപോലെ എല്ലാ വർഷവും ഒരു ബന്ദ് നടത്തിയതുകൊണ്ടോ തെരുവിൽ നടന്ന് മുഷ്ടി ചുരുട്ടി നാല് മുദ്രാവാക്യം മുഴക്കിയതുകൊണ്ടോ ഞങ്ങൾ പരിഭ്രാന്തരാകാൻ പോകുന്നില്ല. കേരളത്തിന്റെ ഐക്യജനാധിപത്യമുന്നണി പ്രതിപക്ഷത്തിന്റെ ദയാദാക്ഷിണ്യത്തിനുവേണ്ടി കൈ നീട്ടുന്നില്ല. നീട്ടിയിട്ടില്ല. നാളെയും കൈ നീട്ടുകയില്ല. നിങ്ങൾക്ക് ആണത്തവും ആത്മബലമുണ്ടെങ്കിൽ, ഞങ്ങളെ തോൽപ്പിക്കാനുള്ള രാഷ്ട്രീയ ശക്തിയുണ്ടെങ്കിൽ വരൂ! നിയമസഭയിലെ മണി മുഴങ്ങട്ടെ, നമുക്ക് ഇവിടെ വച്ച് ശക്തി പരീക്ഷിക്കാം. ഞാൻ ഈ നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മൂസ്സക്കുട്ടി : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. നന്ദികേടിന്റെ ഈറ്റില്ലമായ ആൻറണി കോൺഗ്രസിൽപ്പെട്ട ശ്രീ. ഹസ്സനും ഇന്നിവിടെ സംസാരിച്ച ശ്രീ. രവിയുമെല്ലാം നന്ദിയുടെ പേരിൽ ഒരു പ്രമേയം അവതരിപ്പിക്കുകയോ നന്ദി പ്രകടിപ്പിക്കുകയോ ചെയ്യുന്നത് വിരോധാഭാസമാണ്. അതുകൊണ്ടുതന്നെ നന്ദിയില്ലാത്തവർ അവതരിപ്പിച്ച ഈ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഇവിടെ ശ്രീ. തോപ്പിൽ രവി ഒരു കഥാപ്രസംഗം നടത്തിയതിൽ ഈ ഗവൺമെന്റ് ചെയ്യാൻ പോകുന്ന കാര്യങ്ങളെ സംബന്ധിച്ചോ നമ്മുടെ സംസ്ഥാനത്തിലെ ജനങ്ങളുടെ പ്രശ്നങ്ങളെ സംബന്ധിച്ചോ ഒന്നും പ്രതിപാദിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടില്ല. അതെല്ലാം വിട്ട് മറ്റ് ചില കാര്യങ്ങളിലേക്കാണ് അദ്ദേഹം കടന്നത്. നാലു കൊല്ലമായി അധികാരത്തിൽ വന്നിട്ട്. അന്നേ ഈ ഗവൺമെന്റ് പറഞ്ഞുകൊണ്ടിരുന്നത് ഇന്നും തുടർന്നുപോവുകയാണ് നയപ്രഖ്യാപനത്തിലും നന്ദിപ്രമേയത്തിലുമെല്ലാം. കേന്ദ്രഗവൺമെന്റിനോട് സഹകരണാത്മകമായ സമീപനം കൈക്കൊള്ളുന്ന ഒരു ഗവൺമെന്റ് ഈ സംസ്ഥാനത്തിൽ വന്നാൽ കേരളത്തിലെ ജനങ്ങൾക്ക് എല്ലാ കാര്യത്തിലും സമൃദ്ധിയുണ്ടാകുമെന്നാണ് അന്ന് ഇവർ പറഞ്ഞത്. ഇപ്പോഴും അതേ പല്ലവി തുടരുകയാണ്. കേന്ദ്രഗവൺമെന്റുമായി സഹകരണ സമീപനം കൈക്കൊണ്ട നാലുകൊല്ലക്കാലത്തെ ഈ ഗവൺമെന്റിന്റെ അനുഭവം എന്താണ് ? അതിന്റെ ദുരിതങ്ങൾ ഈ സംസ്ഥാനത്തിലെ രണ്ടേമുക്കാൽ കോടി ജനങ്ങൾ ഇന്ന് അനുഭവിക്കുകയാണ്. ഈ സംസ്ഥനത്ത് നമുക്ക് പദ്ധതിവിഹിതമുണ്ടോ ? പദ്ധതിവിഹിതം നമുക്കു കുറവുവന്നതും വർദ്ധിക്കാതിരുന്നതുമെല്ലാം ഈ സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തോട് സഹകരിച്ച സമീപനത്തിന്റെ നേട്ടമായിട്ടാണോ അപ്പുറത്തിരിക്കുന്നവർ കാണുന്നത് ? നമ്മുടെ സംസ്ഥാനത്തിന് കിട്ടേണ്ട എല്ലാ വികസനകാര്യങ്ങളും താറുമാറായി. കേന്ദ്രത്തോട് നാം എടുത്തിട്ടുള്ള സഹകരണാത്മകമായ സമീപനത്തിന്റെ നേട്ടമാണെന്നാണോ അപ്പുറത്തുള്ളവർ കരുതുന്നത് ? റെയിൽവേ വികസനം, കോച്ച് ഫാക്ടറി—നഷ്ടപ്പെട്ടത്, അങ്ങനെ നമ്മുടെ സംസ്ഥാനത്തിന് കിട്ടേണ്ടതായ നിരവധി കാര്യങ്ങൾ ഈ നാലു വർഷക്കാലമായി ഈ സംസ്ഥാനത്തിൽ കിട്ടാതെ പോയത് അധികാരത്തിൽ വന്ന ഈ ഗവൺമെന്റിന്റെ നേട്ടങ്ങളായിട്ടാണോ നിങ്ങൾ പറയുന്നത് ? എന്നിട്ടും നിങ്ങൾ പറയുന്നത് കേന്ദ്രവുമായി യാതൊരു പ്രകാരത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങളും ഏറ്റുമുട്ടലുകളുമുണ്ടാവുകയില്ല എന്നാണ്. അവരോട് യാതൊരു രൂപത്തിലുമുള്ള പ്രതിഷേധവുമുണ്ടാവുകയില്ല എന്നുള്ള നിലയിൽ പ്രതികരണശേഷി നഷ്ടപ്പെട്ട ഒരു ഭരണാധികാരികളായിട്ടാണ് അപ്പുറത്തിരിക്കുന്നവർ നീങ്ങുന്നത്. അതിന്റെ ഏറ്റവും വലിയ തെളിവാണ് ഈ നയപ്രഖ്യാപനത്തിൽ കൂടി ഗവർണ്ണറെക്കൊണ്ട് പറയിപ്പിച്ചിട്ടുള്ളത്. അതുമാത്രമല്ല ഈ സംസ്ഥാനത്തിന് എന്തെല്ലാം മറ്റു നഷ്ടമുണ്ട് ? കഴിഞ്ഞ നാലു കൊല്ലക്കാലമായിട്ട് ഈ സംസ്ഥാനത്ത് മറ്റ് സംസ്ഥാനങ്ങളേക്കാൾ തൊഴിലില്ലായ്മ, വിലക്കയറ്റം മുതലായവ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിലെ നാണ്യവിളകളടക്കമുള്ള കാർഷികവിളകളുടെ വിലയിടിഞ്ഞു. കേന്ദ്രഗവൺമെന്റിന്റെ തൊഴിലായ സാമ്പത്തികനയം മൂലവും ഇറക്കുമതി നയം മൂലവും നമ്മുടെ സംസ്ഥാനത്തിലെ നാണ്യവിളകൾ നശിച്ചു. ഈ ഗവൺമെന്റിനും അപ്പുറത്തിരിക്കുന്നരേണുകക്ഷി അംഗങ്ങൾക്കും കേന്ദ്രഗവൺമെന്റിന്റെ തെറ്റായ ഈ നയങ്ങൾക്കെതിരായി ഒരക്ഷരവും പറയാനില്ല എന്ന് പറയുന്നത് ഈ രാജ്യത്തിലെ ജനങ്ങളുടെ താൽപ്പര്യം ഓർത്തുകൊണ്ടാണോ ? ഇവിടെ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 3,500 രൂപയായിരുന്നു നാളികേരത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

വില. ഈ ഗവൺമെൻറ് നാലു കൊല്ലക്കാലമായി കേന്ദ്രവുമായി സഹകരിച്ചതിൻെറ ഫലമായി നാളികേരത്തിന് ആയിരം രൂപയിൽ താഴെ മാത്രം വിലയായി കുറഞ്ഞു. ഇതല്ലേ ഇവിടത്തെ നേട്ടം. കേരളത്തിൻെറ സാമ്പത്തികമായ നട്ടെല്ല് തകർത്തു, ഇതെല്ലാം ചെയ്തിട്ടും ഈ രാജ്യത്ത് കേന്ദ്രവുമായി യാതൊരു അഭിപ്രായവ്യത്യാസവുമില്ല. ഈ സമീപനം കേരളത്തിലെ ജനങ്ങളെ വഞ്ചിക്കുകയാണ് ചെയ്യുന്നത്. ഇവിടെ ചില രാഷ്ട്രീയമായ കാര്യങ്ങളിലും ഈ ഗവൺമെൻറ് കേന്ദ്രത്തിൻെറ നയത്തോടു യാതൊരു രൂപത്തിലും പ്രതികരിക്കുകയില്ല എന്നാണ്. രാഷ്ട്രീയമായി നമ്മുടെ രാജ്യത്തെ അപകടപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അടുത്ത കാലത്തായി കമ്മ്യൂണിസ്റ്റു മാർക്സിസിറ്റ് പാർട്ടി എടുത്ത നയസമീപനത്തിൽ അപ്പുറത്തുള്ള കോൺഗ്രസുകാർക്ക് വിറളി പിടിച്ചുകൊണ്ടിരിക്കുകയാണ്. കോൺഗ്രസിൻെറ അധികാരകുത്തക തകർക്കുന്നതിനുവേണ്ടി, ഈ രാജ്യത്ത് ജാതിമത സാമുദായിക വിഭാഗീയ ശക്തികളേയും രാഷ്ട്രീയ കച്ചവടക്കാരേയും ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള രാഷ്ട്രീയാധികാരം മാത്രം എന്ന ലക്ഷ്യത്തോടുകൂടി നിലനിൽക്കുന്ന നയങ്ങൾക്ക് എതിരായി കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റുപാർട്ടിഅടുത്ത കാലത്തായി എടുത്തിട്ടുള്ള നയം ഈ രാജ്യത്തിലെ നിഷ്പക്ഷമതികളായ മുഴുവൻ ആളുകളും സ്വാഗതം ചെയ്യുമ്പോൾ കോൺഗ്രസുകാർക്ക് ഇതിൽ വിറളിയാണ്. എന്നിട്ട് പറയുകയാണ് ഇവിടെ കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റുപാർട്ടി അപ്പുറത്ത് അങ്ങനെ ചെയ്യുന്നു, വർഗ്ഗീയ ശക്തികളെ പ്രോൽസാഹിപ്പിക്കുന്നു എന്നൊക്കെ. ന്യൂനപക്ഷ-ഭൂരിപക്ഷ വർഗ്ഗീയവാദികളെ ആരാണ് ഈ രാജ്യത്ത് താലോലിക്കുന്നത് ? അപ്പുറത്തിരിക്കുന്ന കോൺഗ്രസാണ്, ഈ രാജ്യം ഭരിക്കുന്ന കോൺഗ്രസാണ്, കേന്ദ്രം ഭരിക്കുന്ന കോൺഗ്രസാണ്. അവരാണ് ഈ രാജ്യത്ത് ഭൂരിപക്ഷ വർഗ്ഗീയവാദികളെയും പ്രോൽസാഹിപ്പിക്കാനാവശ്യമായ നടപടിയെടുക്കുന്നത്. രാഷ്ട്രീയാധികാരകുത്തക നിലനിറുത്താൻവേണ്ടി ഓരോ പ്രദേശത്തും ഓരോ രീതിയിൽ ഈ രാജ്യത്ത് രാഷ്ട്രീയകച്ചവടം നടത്തുന്ന ജാതി മത സാമുദായിക വിഘടന വിഭാഗീയ ശക്തികളെ ഇവർ പ്രോൽസാഹിപ്പിക്കുകയാണ്. അതിൻെറ ഫലമായി നമ്മുടെ രാജ്യത്തെ ജനാധിപത്യം തകരുന്നു, ഈ രാജ്യത്തിൻെറ ഐക്യം തകരുന്നു. ഈ നയസമീപനങ്ങൾക്കെതിരായി കോൺഗ്രസിന് പുനഃപരിശോധനയുണ്ടോ ? ഇന്ദ്രൻ പ്രധാനമന്ത്രിയുടെ നയപ്രഖ്യാപനം ഈ രാജ്യത്ത് പ്രാദേശിക ജാതി-മത-വർഗ്ഗീയ ശക്തികളെ യാതൊരുവിധത്തിലും പ്രോൽസാഹിപ്പിക്കുകയില്ല എന്നാണ്. പക്ഷേ ഇവിടെ നടക്കുന്നത് മുഴുവൻ വേറെയാണ്. ഈ സംസ്ഥാനത്ത് ജാതിമത സാമുദായിക ശക്തികൾക്ക് ഈ ഗവൺമെൻറ് കീഴടങ്ങുന്നതിൻെറ ഫലമായി ഈ സംസ്ഥാനത്തിൻെറ ദേശീയത മുഴുവൻ തകർന്നുകൊണ്ടിരിക്കുകയാണ്. ഇതിനെതിരായി കോൺഗ്രസ് 'ഐ'ക്ക് എന്തു പറയാനുണ്ട് ? ഇന്ന് ഇവിടത്തെ ഏറ്റവും വലിയ അപകടം വർഗ്ഗീയ വിഭാഗീയ ശക്തികളെയും സങ്കുചിതശക്തികളെയും ഈ രാജ്യത്ത് വളർത്തിക്കൊണ്ടിരിക്കുന്നു എന്നുള്ളതാണ്. അതിന് കീഴടങ്ങുകയാണ് ഈ ഗവൺമെൻറ്. അതിനെതിരായി ഈ രാജ്യത്തെ ദേശീയ ബോധമുള്ള ജനാധിപത്യ വിശ്വാസികളും ഈ കാര്യത്തിൽ കോൺഗ്രസിൻെറ നയത്തെ എതിർക്കുകയാണ്. അത് നിങ്ങൾ മനസ്സിലാക്കണം. പക്ഷേ ഇതിൻെറ ഫലമായി ഒരു ശരിയായ രാഷ്ട്രീയ നയം രൂപീകരിക്കുന്നതിൻെറ പേരിൽ ഓരോ പാർട്ടികൾക്കും വ്യക്തമായ അഭിപ്രായങ്ങളും ചില അഭിപ്രായവ്യത്യാസങ്ങളും ഉണ്ടായിയെന്നുവരാം. പക്ഷേ ഇവിടെ അത് പ്രശ്നങ്ങളാണോ ? ഞങ്ങളുടെ പാർട്ടി അടുത്തകാലത്ത് എടുത്ത ചില അച്ചടക്ക നടപടികൾക്കെതിരായി ചിലർ മുതലക്കണ്ണീർ ഒഴുക്കുണ്ട്. അച്ചടക്കരഹിതമായിട്ടുള്ള പാർട്ടിയാണ് കോൺഗ്രസ് (ഐ).

2/2506/V.

LIBRARY ARCHIVES Kerala Legislative Assembly

കമ്മ്യൂണിസ്റ്റുമാർക്സിസ്റ്റുപാർട്ടി അച്ചടക്കമുള്ളപാർട്ടിയായതുകൊണ്ട് അച്ചടക്കത്തോടുകൂടി പ്രവർത്തിക്കുന്ന പ്രതിഞ്ജാബദ്ധമായ പാർട്ടിയാണ്. അതിന്റെ അടിസ്ഥാനത്തിൽ അച്ചടക്കലംഘനം നടത്തുന്നവർ ആരായാലും അവരുടെ പേരിൽ നടപടി സ്വീകരിക്കും. അതിന്റെപേരിൽ നിങ്ങൾ മുതല ക്കണ്ണീരൊഴുക്കിയിട്ടു കാര്യമില്ല. പാവപ്പെട്ട ഒരു കോൺഗ്രസ് പ്രവർത്തകനായ രഘുചന്ദ്രബാലിന്റെ പേരിൽ നിങ്ങൾ നടപടിയെടുത്തു. എന്നാൽ കരുത്തന്മാരായ ശ്രീ. കാർത്തികേയനും കൂട്ടർക്കും നേരെ നടപടിയെടുത്തുവോ? ശ്രീ. അർജ്ജുൻസിംഗ് പറയുന്നു ആ കാര്യത്തെപ്പറ്റി പരിശോധിക്കണ മെന്ന്. ഇവിടെ ശ്രീ. കാർത്തികേയനും കൂട്ടരും അച്ചടക്കം ലംഘിച്ചുകൊണ്ട് ശ്രീ. ഗംഗാധരനെതിരായി പരസ്യപ്രസ്താവന നടത്തിയതിനെപ്പറ്റി നടപടിയില്ല. കരുത്തന്റെ പേരിൽ നടപടിയില്ല. അങ്ങനെയുള്ളപാർട്ടിയല്ല ഞങ്ങളുടെ പാർട്ടി. തെറ്റാണെന്ന് ബോധ്യം വന്ന സഖാക്കൾ ഉൾപ്പെടെ എടുത്ത തീരുമാനമാണ് ഞങ്ങളുടെ പാർട്ടിയിലുണ്ടായ നടപടി. സഖാവ് എം. വി. രാഘവനും, സഖാവ് പി. വി. കുഞ്ഞിക്കണ്ണനും ഉൾപ്പെടെ അംഗീകരിച്ച ഒരു തീരുമാനമാണ് ഞങ്ങളുടെ പാർട്ടിക്കകത്തുണ്ടായത്. അവരുടെ തെറ്റിനെ സംബന്ധിച്ച് അവർകൂടി പങ്കെടുത്ത തീരുമാനമാണ്. നിങ്ങൾക്ക് അതിൽ ഇടപെടാൻ അവകാശമില്ല.

ഞങ്ങളുടെ പാർട്ടിയിലെ ആഭ്യന്തരകാര്യങ്ങളിലിടപെടാൻ അപ്പുറത്തി രിക്കുന്ന ഒരു പാർട്ടിക്കും സാധ്യമല്ല. നിങ്ങളുടെ പാർട്ടിയെക്കാളും എത്രയോ അച്ചടക്കത്തോടുകൂടി പ്രവർത്തിക്കുന്ന പാർട്ടിയാണ് ഞങ്ങളുടേത്. ഞങ്ങളുടെ പാർട്ടിയിലെ ഈ പ്രശ്നംകൂടി ഇല്ലായിരുന്നുവെങ്കിൽ നിങ്ങൾക്ക് ഈ നിയമസഭയിൽ എന്തു പറയാനുണ്ടായിരുന്നു? മൂന്ന് ദിവസമായി ഇവിടെ പ്രസംഗം നടക്കുന്നുണ്ട്. ഇതല്ലാതെ വേറെ ഏതെങ്കിലും ഒരു പോയിന്റുണ്ടോ? ഞങ്ങളുടെ പാർട്ടിയിലെ നയപരമായ കാര്യങ്ങളി ലുണ്ടായ പ്രശ്നങ്ങളില്ലായിരുന്നുവെങ്കിൽ ശ്രീ. ഹസ്സനും ശ്രീ. രാമചന്ദ്രൻ മാസ്റ്റർക്കുമൊക്കെ എന്തു പറയുമായിരുന്നു? ഞങ്ങളുടെ പാർട്ടി ഈ രാജ്യത്തെടുത്ത ശരിയായ ഒരു രാഷ്ട്രീയ സമീപനത്തിന്റെ പേരിൽ വെളിയാണ് നിങ്ങൾ കാണിക്കുന്നത്. അത് മനസിലിരിക്കട്ടെ, അത് ഞങ്ങളോട് പ്രയോഗിക്കേണ്ടതില്ല.

നിങ്ങൾ ഇന്നലെ പറഞ്ഞു, തമിഴ്നാട്ടിൽ മുസ്ലീംലീഗുമായി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി യോജിക്കുന്നുവെന്ന്. തമിഴ്നാട്ടിൽ മുസ്ലീംലീഗുമായി യാതൊരു ബന്ധവുമില്ല എന്നു മാത്രമല്ല, മുസ്ലീംലീഗിന്റെ സ്ഥാനാർത്ഥികളെ പല സ്ഥലങ്ങളിലും പരാജയപ്പെടുത്തിക്കൊണ്ട് ഞങ്ങളുടെ സ്ഥാനാർത്ഥികൾ

11. A. M.] വിജയിച്ചു നിരവധി പഞ്ചായത്തുകളിൽ അധികാരത്തിൽ ഇരിക്കുകയാണെന്നുള്ള കാര്യം നിങ്ങൾ മനസ്സിലാക്കണം. ഞങ്ങൾ ഒന്നുചെയ്യും, ഈ രാജ്യത്തെ കോൺഗ്രസിന്റെ രാഷ്ട്രീയാധി കാരകുത്തകയ്ക്കെതിരായി ഞങ്ങളുടെ നയം ഉപയോഗിക്കും. ഇപ്പോൾ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ കോൺഗ്രസ് (ഐ) തമിഴ്നാട്ടിൽ പരാജയപ്പെട്ടിരിക്കുകയാണ്. അത് ഞങ്ങളുടെ രാഷ്ട്രീയനയത്തിന്റെ ഫലമായിട്ടാണ്. മാത്രമല്ല, ജാതി മത സാമുദായിക ശക്തികളെ പ്രോത്സാ ഹിപ്പിക്കുന്നതിനുപകരം അത്തരം ശക്തികളെ ഒറ്റപ്പെടുത്തുക എന്ന നയമാണ് ഞങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഇത്തരം കാര്യങ്ങളെ സംബന്ധിച്ചും ഞങ്ങളുടെ രാഷ്ട്രീയ-സംഘടനാ കാര്യങ്ങളെ സംബന്ധിച്ചും ഞങ്ങളുടെ നടപടി പ്രശ്നങ്ങളെ സംബന്ധിച്ചും നിങ്ങൾക്ക് ചോദ്യം ചെയ്യാൻ യാതൊരവകാശവുമില്ല. ഞങ്ങളുടെ പാർട്ടി അച്ചടക്കത്തെ ചോദ്യം ചെയ്യാൻ നിങ്ങൾക്ക് ധാർമ്മികമായ അവകാശം പോലുമില്ല. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഈ കാര്യത്തിൽ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രാഷ്ട്രീയ അച്ചടക്കവും രാഷ്ട്രീയനയവും മനസ്സിലാക്കി കോൺഗ്രസുകാർ പ്രവർത്തിക്കുവാൻ തയ്യാറുണ്ടോ എന്നാണ് എനിക്ക് ചോദിക്കുവാനുള്ളത്. ഇത്രയും പറഞ്ഞുകൊണ്ട്, ഞാൻ, ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു.

ശ്രീ. ടി. എസ്. ജോൺ : സർ, ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഗവർണ്ണർ തന്റെ ആമുഖപ്രസംഗത്തിൽത്തന്നെ വ്യക്തികളെക്കാളും പാർട്ടികളെക്കാളും വലുതാണ് രാജ്യമെന്ന് പ്രഖ്യാപിച്ചിരിക്കുന്നു. അതൊടൊപ്പംതന്നെ രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും നിലനിർത്തുന്നതിനുവേണ്ടി, എല്ലാക്കാലത്തേക്കാളും പ്രവർത്തിക്കേണ്ട സമയമാണിതെന്ന് എല്ലാവരും സമ്മതിക്കുന്നു. കേരള കോൺഗ്രസ്സു പാർട്ടിയെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ, രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും നിലനിർത്തുവാൻ എക്കാലവും ഭാരതത്തോടൊപ്പം നിലനിന്നിട്ടുണ്ടെന്ന് പറയാൻ ഞാനാഗ്രഹിക്കുന്നു. കേരള കോൺഗ്രസ് പാർട്ടി, ശ്രീമതി ഇന്ദിരാഗാന്ധി ഭാരതത്തിൽ അധികാരത്തിലിരുന്ന അവസരത്തിൽ ശ്രീമതി ഇന്ദിരാഗാന്ധിയോടൊത്തും നിലകൊണ്ടിട്ടുണ്ട്. 1970-76 കാലഘട്ടത്തിൽ കേരളത്തിൽ പ്രതിപക്ഷത്തിരുന്ന കേരളകോൺഗ്രസ് പാർട്ടി, കേന്ദ്രത്തിൽ ശ്രീമതി ഇന്ദിരാഗാന്ധിയുടെ കോൺഗ്രസിനും ശ്രീമതി ഇന്ദിരാഗാന്ധിക്കും പിൻതുണ നല്കുകയും കേരളത്തിൽ പാർലമെന്റ് തെരഞ്ഞെടുപ്പിൽ അന്ന് കോൺഗ്രസ് മുന്നണിയിൽ നിൽക്കുകയും ചെയ്ത പാർട്ടിയാണ്. ഇന്ന് കോൺഗ്രസിനും രാജീവ്ഗാന്ധിക്കുമല്ലാതെ ഭാരതത്തെ നയിക്കാൻ, ഭരിക്കാൻ കഴിയുന്ന പാർട്ടിയില്ലെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അതാണ് ഞങ്ങളുടെ അഭിപ്രായം. ഒരു ഫെഡറൽ സംവിധാനത്തിൽ, സംസ്ഥാനത്തിനും കേന്ദ്രത്തിനും പ്രത്യേകമായ സംവിധാനങ്ങളുണ്ട്, അതിന്റെതായ പ്രവർത്തനശൈലികളുണ്ട്: സംസ്ഥാനപാർട്ടികളുണ്ടാകും, ദേശീയപാർട്ടികളുണ്ടാകും. ദേശീയ പാർട്ടികൾക്ക് സംസ്ഥാനത്തിന്റെ താല്പര്യങ്ങളെ ഹനിക്കാൻ നിവൃത്തിയില്ല. ദേശീയതാല്പര്യങ്ങൾക്ക് എതിരായി നിൽക്കുവാൻ സംസ്ഥാനപാർട്ടികൾക്കും സാദ്ധ്യവുമല്ല. കേരളകോൺഗ്രസ്പാർട്ടിയെ സംബന്ധിച്ചിടത്തോളം ഫെഡറൽ സംവിധാനത്തിൽ ദേശീയകാഴ്ചപ്പാടുണ്ട്, സംസ്ഥാനത്തിന്റെ താല്പര്യങ്ങളെ പരിരക്ഷിക്കണമെന്നാഗ്രഹവുമുണ്ട്. അതേസമയം ദേശീയ കക്ഷികൾക്ക് താല്പര്യങ്ങളുണ്ടാകണമെന്നില്ല. ചില ദേശീയ രാഷ്ട്രീയ കക്ഷികൾ എന്നു പറയുന്നവർ വിദേശത്ത് നയം രൂപീകരിച്ചു വരുന്നുണ്ട്. അവർക്ക്, ദേശീയ താല്പര്യങ്ങളിൽ അടിയുറച്ച് പ്രവർത്തിക്കുവാൻ കഴിയണമെന്നില്ല. കേരളകോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം സംതൃപ്തമായ സംസ്ഥാനവും ശക്തമായ കേന്ദ്രവും വേണമെന്നാണ് ഞങ്ങൾ പറയുന്നത്. സംതൃപ്തമായ സംസ്ഥാനമില്ലെങ്കിൽ ശക്തമായ കേന്ദ്രം ഉണ്ടാവുകയില്ല. ഇന്ന് ഭാരതത്തെ സംബന്ധിച്ചിടത്തോളം സംസ്ഥാനപാർട്ടികളെ അവഗണിക്കുവാൻ സാദ്ധ്യമല്ല. സംസ്ഥാന പാർട്ടികളും രാജ്യതാല്പര്യങ്ങൾക്കനുസൃതമായി നിൽക്കുന്ന പാർട്ടികളാണെന്ന് ഇന്നലെയും മിനിഞ്ഞാന്നും ഗോഹട്ടിയിൽ ഇൻഡ്യൻ പ്രസിഡന്റ് പറഞ്ഞിരിക്കുന്നു. സംസ്ഥാനപാർട്ടികൾ അംഗീകരിക്കപ്പെടേണ്ടവയാണ്. ഇവിടെ ധാരാളം ദേശീയ കക്ഷികളുണ്ടല്ലോ. അവിടെ ഇരിക്കുന്ന ശ്രീ. നയനാരുടെ പാർട്ടി, ശ്രീമാൻ ചന്ദ്രശേഖരന്റെ പാർട്ടി തുടങ്ങിയ ദേശീയ പ്രതിപക്ഷപാർട്ടികൾ ഇവിടെയുണ്ടല്ലോ. ഭാരതത്തിലെ പ്രധാനപ്രതിപക്ഷ പാർട്ടി, ഇന്ന് സംസ്ഥാന പാർട്ടിയാണ്. സംസ്ഥാന പാർട്ടികളെ ഇന്ന് ഭാരതത്തിൽ അവഗണിക്കുവാൻ കഴിയുമോ ? കേരളത്തിന്റെ താല്പര്യങ്ങൾക്കുവേണ്ടി, എക്കാലവും കേരളാകോൺഗ്രസ് നിലകൊണ്ടിട്ടുണ്ട്. കേന്ദ്രത്തിന്റെ തെറ്റായ നയങ്ങൾക്ക് എതിരായി എക്കാലവും

LIBRARY ARCHIVES Kerala Legislative Assembly

കേരളാകോൺഗ്രസ് പാർട്ടി നിലകൊണ്ടിട്ടുണ്ട്. കേന്ദ്രം തെറ്റായ നയങ്ങൾ സ്വീകരിക്കുന്നുവെന്നു കണ്ടാൽ കേരളകോൺഗ്രസ് പാർട്ടി വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ അതിനെതിരായി ശബ്ദിക്കുകയും കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും പരിഹാരം കാണുവാൻ ശ്രമിക്കുകയും ചെയ്യും. അതിനു പരിഹാരം കാണുന്നതിനു തടസ്സമായി ഐക്യജനാധിപത്യ മുന്നണിയോ ഗവൺമെന്റോ നിന്നാൽ ആ ഗവൺമെന്റ് വേണ്ടെന്നു വയ്ക്കും. അതാണ് കേരളകോൺഗ്രസിന്റെ നയം.

സർ, ഇവിടെ ഭരണസ്തംഭനമുണ്ടായി എന്നാണ് പറഞ്ഞത്. ശ്രീ. മൂസ്സക്കുട്ടി യുടെ പ്രസംഗം ഞാൻ ശ്രദ്ധിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഗവർണ്ണറുടെ പ്രസംഗം ശരിയായി വായിച്ചു നോക്കിയോ? 6-ാം പദ്ധതിക്കാലത്ത് ഐ. ആർ. ഡി. പി. യിൽ 4 ലക്ഷം കുടുംബങ്ങൾക്ക് സഹായം കൊടുത്തിരുന്നു. 13,690 ഗ്രൂപ്പ് ഹൗസിംഗുകൾ ഏറ്റെടുത്തിരിക്കുന്നു. മൽസ്യത്തൊഴിലാളികളുടെ 30,000 വീടുകൾ, 1164 പ്രശ്നഗ്രാമങ്ങളുള്ളതിൽ 1148 പ്രശ്നഗ്രാമങ്ങളിലും ഭാഗീകമായി ശുദ്ധജലവിതരണം നടത്തി. ഞാൻ ഒന്നു ചോദിക്കട്ടെ, ഗൗരിയമ്മ പറഞ്ഞു, കഴിഞ്ഞ 6 മാസക്കാലമായി ഭരണം സ്തംഭിച്ചിരിക്കുകയാണെന്ന്. ദുർബല വിഭാഗങ്ങൾക്കു വേണ്ടി, 30,000 വീടുകൾ ഉണ്ടാക്കേണ്ട സ്ഥാനത്ത്, ഒരു ലക്ഷം വീടുകൾ ഉണ്ടാക്കുന്നു. അത് കഴിഞ്ഞ 3 മാസക്കാലത്തിനുള്ളിൽ നടന്ന കാര്യമാണ്. 53,000 ഇലക്ട്രിക്ക് കണക്ഷനുകൾ കൊടുക്കേണ്ട സ്ഥാനത്ത് 1,70,000 ആളുകൾക്ക് കണക്ഷൻ കൊടുത്തിരിക്കുന്നു. കഴിഞ്ഞ രണ്ടുമൂന്നുമാസക്കാലം കൊണ്ട് ചെയ്ത കാര്യമാണ് ഭരണസ്തംഭനത്തെക്കുറിച്ച് പറയുന്നു. ഇന്ന് റോഡുകളുടെ സ്ഥിതിയെന്താണ്, കേരളത്തിലെ മുഴുവൻ റോഡുകളും ഭംഗിയായി നന്നാക്കികൊണ്ടിരിക്കുകയാണ്? അതല്ലേ സ്ഥിതി? അതുപോല തന്നെ വിദ്യാർത്ഥികൾക്ക് ഉച്ചക്ഷണം ഏർപ്പെടുത്തിയിരിക്കുന്നു. നിങ്ങൾ ഗവർണ്ണറുടെ പ്രസംഗം വായിച്ചു നോക്കിയോ? ഇവിടെ പറയുന്നു, രാഷ്ട്രീയ പ്രതിസന്ധി ഉണ്ടായിരിക്കുന്നുവെന്ന്. മുഖ്യമന്ത്രി കരുണാകരൻ ഉറക്കെ ചിന്തിച്ചു. പ്രതിപക്ഷങ്ങൾ തകർന്നിരിക്കുന്ന ഈ അവസരത്തിൽ ഒരു തെരഞ്ഞെടുപ്പു നടത്തിയാലെന്താണെന്ന്. പ്രതിപക്ഷങ്ങളിപ്പോൾ ചത്തശവങ്ങളെപ്പോലെയല്ലേ ഇരിക്കുന്നത്? വിമാനത്താവളത്തിൽ രണ്ടുപേർ ഇറങ്ങിയില്ലായിരുന്നുവെങ്കിൽ പ്രതിപക്ഷത്തിനു ഇവിടെ ഒന്നും പറയാനുണ്ടാകുമായിരുന്നില്ല. അങ്ങിങ്ങായി ശ്രീ. ബേബിജോണും മറ്റും എഴുന്നേൽക്കുന്നുവെന്നല്ലാതെ ചത്തവീട്ടിലെപ്പോലെയല്ലേ അവിടെ? ഈ സമയത്ത് ഐക്യജനാധിപത്യ മുന്നണി തെരഞ്ഞെടുപ്പിനെ നേരിടണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. അപ്പോൾ ഞങ്ങൾ പറഞ്ഞത് തെരഞ്ഞെടുപ്പിനു അല്പം കൂടി കഴിയട്ടെ. ആദ്യം 10,000 വോട്ടിനു റാന്നിയിൽ വിജയിച്ച പ്രതിപക്ഷമുന്നണി മൂന്നരവർഷത്തെ ഐക്യജനാധിപത്യമുന്നണി ഭരണത്തിന്റെ ഫലമായി 600-ൽ ചില്വാനം വോട്ടിന്റെ ഭൂരിപക്ഷമായി കുറഞ്ഞു. അല്പം കൂടികഴിയട്ടെ നിങ്ങളെ മൂലയ്ക്കിരുത്താം. ഞങ്ങൾ ചർച്ച ചെയ്ത പ്രശ്നം പരിഹരിച്ചുകൊണ്ടിരിക്കുന്നു. അതല്ലേ ഇന്നത്തെ രാഷ്ട്രീയ സ്ഥിതി.

ശ്രീ. വി. കെ. രാജൻ: അവിടെയിരുന്നുകൊണ്ട് നിങ്ങൾ ഗവൺമെന്റിനുവേണ്ടി പ്രസംഗിക്കുന്നുണ്ടല്ലോ? കേരളാകോൺഗ്രസ്സ് മന്ത്രിമാർ വിമാനത്താവളത്തിൽ പോയിരുന്നെങ്കിൽ ഈ സീറ്റിൽ വന്നിരിക്കാൻ കഴിയുമായിരുന്നില്ല. ലീഗുകാരായതുകൊണ്ടു തുടരുന്നു.

ശ്രീ. ടി. എസ്. ജോൺ: അതുപോലെയാണ് അഴിമതിയെക്കുറിച്ച് പറയുന്നത്. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടി ഈ രാജ്യത്തിൽ അധികാരത്തിലിരുന്ന ഏതെങ്കിലുമവസരത്തിൽ അഴിമതിയില്ലാതിരുന്നി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുണ്ടോ? ഇപ്പോഠം എന്താണ് സ്ഥിതി സർ? മറ്റ് സംസ്ഥാനങ്ങളിലെ സ്ഥിതിയെന്താണ് ? അന്യസംസ്ഥാനങ്ങളായ പശ്ചിമബംഗാളിലും ത്രിപുരയിലുമെന്താണ് സ്ഥിതി ? പശ്ചിമബംഗാഠം മുഖ്യമന്ത്രിയുടെ മകനായ ചന്ദർ വെറും ഒരു ലാബിലെ ഉദ്യോഗത്തിൽനിന്നും കോടീശ്വരനായി സർ ? ഇത് പത്രവാർത്തയാണ്. എന്താണ് നൃപൻ ചക്രവർത്തിയുടെ മരുമക്കളുടെ സ്ഥിതി? കോടീശ്വരൻമാരായില്ലേ ? അഴിമതിയെപ്പറ്റിപറയുന്നവരുടെ സ്ഥിതി ഇതാണ്. ഇവിടെ രണ്ടുമന്ത്രിമാർ രാജിവച്ചു, ശരിയാണ്. അത് അഴിമതിമൂലമല്ല സർ. അതുകൊണ്ട് അഴിമതിയെക്കുറിച്ചൊന്നും പറയണ്ട. പിന്നെപ്പറയുന്നത് വർഗ്ഗീയതയെപ്പറ്റിയാണ്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഉണ്ടായകാലംമുതൽ ഇന്നേവരെ പത്തിരുപത്തിരണ്ടു വർഷക്കാലമെടുത്താൽ നിങ്ങഠം കൂട്ടുകൂടാത്ത ഏതെങ്കിലും പാർട്ടിയുണ്ടോയെന്ന് ഞാൻ മൂസ്സക്കുട്ടിയോട് ചോദിക്കുകയാണ്. നിങ്ങഠം കൂട്ടുകൂടാത്ത ഏതെങ്കിലും പാർട്ടി ഭാരതത്തിലുണ്ടോ? 1974-ൽ ജയപ്രകാശിനോടൊപ്പം തെരഞ്ഞെടുക്കപ്പെട്ട ഗുജറാത്തിലെ ഗവൺമെൻറിനെ മറിച്ചിടാൻവേണ്ടി സമരം നടത്തിയവരല്ലേ മാർക്സിസ്റ്റ് പാർട്ടി? 1979-ൽ മൊറാർജിദേശായിയെ മറിച്ചിട്ട് ചരൺസിംഗിന് പ്രധാനമന്ത്രിസ്ഥാനം കൊടുത്ത പാർട്ടിയല്ലേ നിങ്ങഠം. 1967-ൽ ലീഗുകാരുമായിട്ട് കൂട്ടുകുടിയവരല്ലേ നിങ്ങഠം? 1977-ൽ ലീഗുമായിട്ട് കൂട്ടുകുടിയില്ലേ നിങ്ങഠം ? 1980-ലോ കിട്ടാവുന്നവരുമായിട്ടൊക്കെ നിങ്ങഠം കൂട്ടുകുടിയില്ലേ ? 1970-ൽ മാർക്സിസ്റ്റുപാർട്ടി അറുപിന്തിരിപ്പൻമാരുമായി കേരളത്തിൽ തെരഞ്ഞെടുപ്പിനെ നേരിട്ടില്ലേ ? 1982-ലൊ സർ ? ലീഗുകാരുമായിട്ട് കൂടിയില്ലേ ? കിട്ടാവുന്നവരൊക്കെയുമായി കൂട്ടുകൂടിയല്ലേ സർ ? ഇപ്പോഠം വർഗ്ഗീയകക്ഷികളുമായി കൂട്ടില്ലെന്നുപോലും. ആ മഷി തോരുന്നതിനുമുമ്പായി തമിഴ്നാട്ടിൽലീഗുമായി കൂട്ടുകുടിയില്ലേ? കളിയിക്കവിള അത്രവലിയ ദൂരമൊന്നുമല്ല, പോയിനോക്കൂ. ലീഗിൻെറ കൊടിയുംവച്ചുകൊണ്ട് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റു പാർട്ടി വന്നിരിക്കുകയാണ്. ഡി. എം. കെ. ഏത് പാർട്ടിയാണ്. സംസ്ഥാന പാർട്ടിയാണോ ?

ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി : മൂസ്സാൻകുട്ടി തമിഴ്നാട്ടിലുള്ളവരെ ഞങ്ങഠം കണ്ടുമില്ല, സംസാരിച്ചുമില്ലെന്നു് ഇവിടെപറഞ്ഞു. ഇന്നലെ ഈ സഭയിൽ വളരെ സീനിയറായ മെമ്പർ ശ്രീ. വർക്കല രാധാകൃഷ്ണൻ പറയുന്നു. ലീഗുമായി അഡ്ജസ്റ്റ്മെൻറ് ഉണ്ട് എന്ന്.

ശ്രീ. ടി. എസ്. ജോൺ : അതിവും വലിയ ആളായ ശ്രീമാൻ നമ്പൂതിരിപ്പാടുപറഞ്ഞല്ലോ അഡ്ജസ്റ്റുമെൻറും ഐക്യവുമൊക്കെ ഉണ്ടായിരുന്നല്ലോ എന്ന്. പക്ഷെ മൂസ്സാൻകുട്ടി, ഈ പറഞ്ഞത് നമ്പൂതിരിപ്പാട് അറിയരുത്. അറിഞ്ഞാൽ പാർട്ടിയിൽനിന്നും പുറത്താക്കും പാർട്ടിയുടെ നയത്തിനെതിരല്ലേ ? പാവം കുഞ്ഞിക്കണ്ണനോടിതുവേണമായിരുന്നോ ? ഞങ്ങഠംപോലും അദ്ദേഹത്തെ കൺവീനറെന്നാണ് വിളിക്കുന്നത്. അദ്ദേഹത്തെ കണ്ണുനീർ കുടിപ്പിക്കുന്ന ഈ നെറികെട്ട നയം സ്വീകരിച്ചതിൻെറ പിറോദിവസം തമിഴനാട് മുസ്ലീംലീഗുമായി കൂട്ടുകൂടിയവരല്ലേ നിങ്ങഠം. പത്തുപ്രസവിച്ചാലും കന്യകചമയുന്നതുപോലെയല്ലേ നിങ്ങഠം ഇപ്പോഠം ചമയുന്നത് ? ഇന്ത്യാമഹാരാജ്യത്തുണ്ടായിട്ടുള്ള എല്ലാപാർട്ടികളുടെയും സ്ഥാപിതതാല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി കൂട്ടുകൂടിയിട്ടുള്ളവരല്ലേ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിക്കാർ ? 10 പ്രാവശ്യം പ്രസവിച്ചിട്ട് കന്യകചമയുന്ന ഈ കാപട്യം ഒന്നവസാനിപ്പിക്കുവെന്നാണെൻെറ അഭ്യർത്ഥന. ഈ കാപട്യം അവസാനിപ്പിച്ച് നിങ്ങളുടെ നയപരിപാടികളുമായി മുന്നോട്ടുവരൂ. ഭാരതത്തിൻെറ മണ്ണിൽ ഇത്രമാത്രം അവസരവാദപരമായ നയം സ്വീകരിച്ചിട്ടുള്ള രാഷ്ട്രീയ പ്രസ്ഥാനമില്ലെന്നുള്ളതുകൊണ്ടല്ലേ ഒരു സംസ്ഥാന പാർട്ടി പാർലമെൻറിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനപ്രതിപക്ഷമായത് ? അതല്ലേ സ്ഥിതി ? അതുകൊണ്ട് ഈ നയമൊന്നു മാറ്റി ഈ കാപട്യമൊന്നവസാനിപ്പിക്കണം. മാന്യമായിട്ട് പ്രവർത്തിക്കണം. നിങ്ങളെ നയിക്കാൻ കഴിവില്ലാത്ത പാർട്ടിയാണ് കൂടെയിരിക്കുന്നത്. അതിനെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല.

ശ്രീ. സി. കെ. ചക്രപാണി : ശ്രീമാൻ ബാലകൃഷ്ണപിള്ളയുടെ കാര്യമോ ?

ശ്രീ. ടി. എസ്. ജോൺ : ശ്രീമാൻ ബാലകൃഷ്ണപിള്ള മന്ത്രിയായിരുന്ന ആളാണ്. അദ്ദേഹം ഇനിയും മന്ത്രിയാകും. ഈ രാജ്യത്ത് ജനങ്ങളും കേരളകോൺഗ്രസ്സുമുണ്ടെങ്കിൽ അദ്ദേഹം ഇനിയും മന്ത്രിയാകും. അതേക്കുറിച്ച് സംശയംവേണ്ട അത് ഞങ്ങൾ തീർത്തോളാം ബാലകൃഷ്ണപിള്ളയും ശ്രീമാൻ എം. പി. ഗംഗാധരനും രാജിവച്ചതിനെക്കുറിച്ച് ഞാൻ പറഞ്ഞില്ലേ ? രാഷ്ട്രീയ അഴിമതിമൂലമല്ല അവർ രാജിവച്ചത്. മറിച്ച് സ്ട്രിക്ച്ചർ ഉണ്ടായപ്പോൾ രാജിവച്ചു. അതിന് ഞങ്ങൾ പരിഹാരം കണ്ടെത്തും. നിങ്ങൾ വെപ്രാളപ്പെടേണ്ട. ഐക്യമുന്നണി എല്ലാ അഭിപ്രായവ്യത്യാസങ്ങളും മാറ്റി, പറഞ്ഞുതീർത്ത് ഒറ്റക്കെട്ടായി മുന്നോട്ടുനീങ്ങും. അടുത്ത തെരഞ്ഞെടുപ്പിൽ (തെരഞ്ഞടുപ്പ് എന്നുവന്നാലും) നിങ്ങളുടെ പൊടി കാണുകയില്ല. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുപാർട്ടിയെ തകർത്തുതരിപ്പണമാക്കും. ഈ കാര്യത്തിൽ യാതൊരുതർക്കവുമില്ല. അതു കൊണ്ട് ഈ നയങ്ങൾ മാറ്റി, ഈ കാപട്യം അവസാനിപ്പിക്കണം. അവസരവാദപരമായ നയം അവസാനിപ്പിക്കണം. മാന്യമായി ധീരതയോടുകൂടി നിങ്ങൾ മുന്നോട്ടുപോയാൽ രക്ഷപ്പെടും. ഈ മുന്നണിക്കുവേണ്ടി ഗവർണ്ണർ ഈ നിയമസഭയിൽ അവതരിപ്പിച്ച നയപ്രഖ്യാപനപ്രസംഗത്തിൽ ശ്രീമാൻ ഹസ്സൻ ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. കെ. പി. പ്രഭാകരൻ : ശ്രീമാൻ ഹസ്സന്റെ നന്ദിപ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുന്നു. രേണഘടനാപരമായ ബാദ്ധ്യത നിർവ്വഹിക്കാനുണ്ടെന്നുള്ളതുകൊണ്ട് ഒരു ചടങ്ങ് നിർവ്വഹിച്ചുവെന്നുള്ളതിൽക്കവിഞ്ഞു ഈ നന്ദിപ്രമേയത്തിൽ വലിയ പുതുമയൊന്നും കാണുന്നില്ല. രാജീവുഗാന്ധിയെ മുക്തകണ്ഠം പ്രശംസിച്ചുകൊണ്ടുള്ള ഒരു മംഗളപത്രമായിട്ടാണ് അത് കണ്ടാൽ തോന്നുക. അടുത്തകൊല്ലത്തെ നയപരിപാടികളെ സംബന്ധിച്ച് പറയുകയാണെങ്കിൽ പ്രത്യേകിച്ചും സാമ്പത്തികനയപരിപാടികളെപ്പറ്റി വട്ടപ്പുജ്യമാണ്. 7-ാം പഞ്ചവൽസരപദ്ധതി 6-ാം പദ്ധതിയുടെ ഒരു സ്പിൽഓവർമാത്രമായിട്ടാണ് ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത്. എന്താണ് ഇതിന്റെ അർത്ഥം ? അഞ്ചുവർഷക്കാലത്തേയ്ക്ക് നമുക്ക് പുതിയ വികസനപരിപാടികളൊന്നുമില്ലെന്നല്ലേ അതിന്റെ പച്ചമലയാളം 6-ാം പദ്ധതിതന്നെ പൂർത്തിയാക്കിയില്ല. ആ പദ്ധതി പൂർത്തിയാക്കത്തിന്റെ ഒരു സ്പിൽഓവർ അല്ലേ ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞത്. കഴിഞ്ഞ മൂന്നുവർഷക്കാലമായി കേന്ദ്രത്തിന്റെ നിർലോഭമായ സഹായം സംസ്ഥാനത്തിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്നുവെന്നായിരുന്നു ഗവർണ്ണറുടെ പ്രസംഗത്തിൽ പറയുന്നത്. അതുകൊണ്ടാണ് കടത്തിലാണ്ട നമ്മെ പിടിച്ച് നിൽക്കുന്നത്. ഇത് പറയുമ്പോൾ കേരളകോൺഗ്രസ്സിനെതിരെ ചവിട്ടുംകുത്തുമുണ്ടെന്നൊന്നും ഞാൻ പറയുന്നില്ല. അതായിരുന്നു ഇവിടെ ശ്രീമാൻ ഹസ്സന് സംശയം, ശ്രീമാൻ സി. എഫ്. തോമസിന് സംശയം, ശ്രീമാൻ പി. സി. ജോർജ്ജിന് സംശയം. പക്ഷേ ഈ സാമ്പത്തിക കാര്യങ്ങളെസംബന്ധിച്ച് പറയുമ്പോൾ അതിനോട് കേരളകോൺഗ്രസ്സ് യോജിക്കുന്നുണ്ടോ ? ഇക്കാര്യം കേരളകോൺഗ്രസ്സിലെ ഉത്തരവാദപ്പെട്ട നേതാക്കൻമാരാരെങ്കിലും വ്യക്തമാക്കണം. കേന്ദ്രത്തിനെതിരെ ഒരു സമരവും നടത്താൻ പാടില്ലെന്നും അങ്ങനെ യാതൊരു നിലപാടും സ്വീകരിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറനുവദിക്കുന്നില്ലെന്നും ഉറപ്പിച്ചും തറപ്പിച്ചും ഈ പ്രസംഗത്തിൽ പറയുകയാണ്. ഗവർണ്ണറുടെ ഈ പ്രസംഗം മന്ത്രിസഭ വായിച്ചംഗീകരിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇത്രവണയും ക്യാബിനറ്റ് കൂടി ഗവർണ്ണറുടെ പ്രസംഗത്തിനംഗീകാരം കൊടുത്തുവെന്ന് പത്രത്തിലൊക്കെ റിപ്പോർട്ട് കണ്ടു. കേരളാകോൺഗ്രസ്സിൻെറ നേതാവ് ശ്രീമാൻ മാണിയും ശ്രീമാൻ ജോസഫുമൊക്കെ അംഗീകരിച്ചതാണീ പ്രസംഗമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ ഇന്നലെ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായ ഒരു പ്രത്യേകസഹായം കേരളത്തിന് കിട്ടിയിട്ടില്ലെന്നാണ് ഓവർഡ്രാഫ്റ്റിനെക്കുറിച്ച് ശ്രീമാൻ മാണി ഇവിടെ പറഞ്ഞത്. എല്ലാ സംസ്ഥാനങ്ങൾക്കും ഉണ്ടായിരുന്ന ഓവർഡ്രാഫ്റ് മാറ്റാൻ ചില സഹായങ്ങളം ചെയ്തുകൊടുത്തകൂട്ടത്തിൽ നമുക്കും കിട്ടിയെന്നുള്ളതല്ലാതെ വേറെ ഒന്നും ലഭിച്ചിട്ടില്ല. കേന്ദ്രത്തിനെതിരെ യാതൊരുസമരവും പാടില്ലെന്നു ഉറച്ചനിലപാട് കേരളകോൺഗ്രസ് അംഗീകരിക്കുന്നുണ്ടെങ്കിൽ ഈ കഴിഞ്ഞ നാളുകളിൽ തേങ്ങയുമായി റെയിൽവേപാളത്തിൽ കേന്ദ്രത്തിനെതിരെ സമരം നടത്താൻ പോയത് തെറ്റാണെന്ന് ഇനി അവർ സമ്മതിക്കുമോ ?

കഴിഞ്ഞ ശ്രീ. കെ. എം. മാണിയുടെ ബഡ്ജറ് പ്രസംഗത്തിൽ ആയാലും കേരളാ കോൺഗ്രസ്സിൻെറ നേതൃത്വത്തിൽ അദ്ദേഹം പുറത്തിറക്കിയ ധവള പത്രത്തിൽ ആയാലും പറഞ്ഞിരുന്ന കാര്യങ്ങളൊക്കെ ഇന്നു കേരളാ കോൺഗ്രസ്സ് വിഴുങ്ങി എന്നാണോ മനസ്സിലാക്കേണ്ടത്. അങ്ങനെ കോൺഗ്രസ്സ് (ഐ) യുടെ എല്ലാ സാമ്പത്തിക നയങ്ങൾക്കും പിൻതുണ നൽകലാണ്, അതിന് ജയജയ പാടലാണ്, രാജീവ് ഗാന്ധിക്ക് സ്തുതി ഗീതം പാടലാണ് കേരളാ കോൺഗ്രസ്സിൻെറ നയമെങ്കിൽ ഇങ്ങനെ ഒരു പ്രാദേശിക പാർട്ടി ഈ സംസ്ഥാനത്ത് നിലനിൽക്കുന്നതിൻെറ പ്രസക്തി എന്താണ് ? ശ്രീമതി കമലം ചെയ്തതുപോലെ കോൺഗ്രസ്സ് (ഐ) യിൽ ലയിപ്പിച്ചാൽ പോരെ. അതിനുപകരം, അല്ലെങ്കിൽ ഇതുവരെ നടത്തിയ കേന്ദ്ര വിരുദ്ധ സമരങ്ങളും, ഇനി നടത്തുമെന്ന് പറയുന്നവയൊക്കെയും തന്നെ തങ്ങളുടെ പിന്നിൽ അണിനിരത്തിയിട്ടുള്ള പാവപ്പെട്ട കർഷകരെ വഞ്ചിക്കലാണെന്നാണ് പറയേണ്ടി വരുന്നത്. ദേശീയ തലത്തിൽ ഇവിടെ പഞ്ചാബ് പ്രശ്നവും ആസ്സാം പ്രശ്നവും ഒത്തുതീർപ്പിൽ ആക്കിയതിൽ രാജ്യസ്നേഹികളായ എല്ലാപേരും ആശ്വാസം കണ്ടതാണ്. എന്നാൽ ഈ ആശ്വാസം എത്ര ക്ഷണികമായിരുന്നുവെന്ന് പിന്നീടുള്ള സംഭവങ്ങൾ തെളിയിച്ചതാണ്. ജനുവരി 26-ന് ചണ്ഡിഗർ കൈമാറുമെന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു. അവിടെ എന്ത് സംഭവിച്ചു. അത് നടപ്പിലാക്കിയില്ല. നദീജല പ്രശ്നം ഇന്നും പരിഹാരമില്ലാതെ തുടരുകയാണ്. ഈ അവസരം ഉപയോഗിച്ച്, പഞ്ചാബ് കരാറിനെതിരെയുള്ള മുദ്രാവാക്യം വീണ്ടും തലപൊക്കുകയുണ്ടായി. ഭിന്ദ്രൻവാലയുടെ അനുയായികൾ–ഭീകരൻമാർ സുവർണ്ണക്ഷേത്രം വീണ്ടും കൈയടക്കിയിരിക്കുകയാണ്. ഓപ്പറേഷൻ ബ്ലൂ ആരംഭിക്കുന്നതിനു മുമ്പു ഉണ്ടായിരുന്ന അതെ ഭീകരർ നടത്തുന്ന കൊല്ലും കൊലയും നിത്യ സംഭവങ്ങളായി ഇന്നും പഞ്ചാബിൽ നടക്കുകയാണ്. അത് പഞ്ചാബിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല. ജമ്മു കാഷ്മീരിലുള്ള ഷായുടെ മന്ത്രിസഭയ്ക്ക് കോൺഗ്രസ്സ് (ഐ) നൽകിയ പിൻതുണ ഉപയോഗിച്ചുകൊണ്ട് അവിടെ പാകിസ്ഥാൻ ഏജൻറുമാർക്ക്—മത മൗലികവാദികൾക്ക് പാകിസ്ഥാൻെറ പരസ്യമായ സഹായത്തോടുകൂടി ഈ രാജ്യത്ത് അഴിഞ്ഞാടാൻ അവസരം കൊടുക്കുകയാണ് ഉണ്ടായത്. അവസാനം നിയന്ത്രണത്തിന് വിധേയമല്ലാതായപ്പോൾ ഷാ മന്ത്രി സഭയ്ക്ക് പിൻതുണ പിൻവലിച്ചു പിൻവലിച്ചിട്ട് എന്തായി ? ഷായുടെ അനുയായികളായിരുന്ന 14 പേരെ വീണ്ടും കൂട്ടുപിടിച്ചു കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അവിടെ ഒരു മന്ത്രിസഭ രൂപീകരിക്കാൻ ആലോചിക്കുകയാണ്. നിയമസഭ പിരിച്ചുവിട്ടില്ല, സസ്പെൻഡ് ചെയ്തിരിക്കുകയാണ്. ആ 14 പേരുടെ പിൻതുണയോടെ കോൺഗ്രസ് അവിടെ ഭരിച്ചാൽ, ഇന്ന് അവിടെ അഴിഞ്ഞാട്ടം നടത്തുന്ന ഈ ദേശീയ വിരുദ്ധ, ശക്തികളെ കടിഞ്ഞാൻ ഇടാൻ കഴിയുമോ സർ? പഞ്ചാബ് ഒത്തുതീർപ്പ് ഉണ്ടാക്കിയെങ്കിലും, ആസ്സാം ഒത്തുതീർപ്പ് ഉണ്ടാക്കിയെങ്കിലും ആ ഒത്തുതീർപ്പുകളെ നടപ്പിലാക്കുന്നതിൽ ശ്രീമാൻ രാജീവ് ഗാന്ധിയുടെ ഗവൺമെൻറ് പരാജയപ്പെട്ടിരിക്കുകയാണ്. അതിന്റെ ഫലമായി ഇതിന് മുമ്പത്തേക്കാളും ഇന്ത്യാ രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതക്കും എതിരായിട്ടുള്ള ദേശീയ വിരുദ്ധശക്തികളുടെ, മത മൗലികവാദികളുടെ, വർഗ്ഗീയ ശക്തികളുടെ പ്രവർത്തനം ഒരു വലിയ ഭീക്ഷണിയായി ഇന്ന് രാജ്യവ്യാപകമായി വളർന്നുകൊണ്ടിരിക്കുകയാണ്. ഈ ശക്തികളുടെ പിന്നിൽ നിൽക്കുന്നതും അവർക്ക് പ്രോൽസാഹനം നൽകുന്നതും സാമ്രാജ്യശക്തികളാണെന്നുള്ളത്, ഇന്ന് പരക്കെ ബോദ്ധ്യപ്പെട്ടിട്ടുള്ള കാര്യമാണ്. അത്രമാത്രം ഗുരുതരമായ ഭീക്ഷണി നേരിടുന്ന ഈ സന്ദർഭത്തിൽ-നമ്മുടെ രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും സംരക്ഷിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്നുവെങ്കിൽ, അതിന് ശ്രീമാൻ രാജീവ് ഗാന്ധിയുടെ ഗവൺമെൻറ് മുന്നോട്ട് വരുമെങ്കിൽ, ആ പ്രവർത്തനവുമായി സഹകരിക്കുവാൻ ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി തയ്യാറാണെന്ന് ഞങ്ങളുടെ പാർട്ടിയുടെ 13-ാം കോൺഗ്രസ്സ് അസന്നിഗ്ദമായി പ്രഖ്യാപിച്ചിട്ടുണ്ട്. അതു കേട്ടപ്പോഴാണ് ശ്രീ. ഹസ്സനും ശ്രീ. എ. സി. ജോസിനും ഒരു പൂതി. എന്നാൽ സി. പി. ഐ. ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽനിന്ന് രാജിവച്ച് നമ്മുടെ മുന്നണിയിലേക്ക് വരണമെന്നാണ് ക്ഷണം. ശ്രീ. ഹസ്സനും ശ്രീ. ജോസും ഞങ്ങളുടെ പാർട്ടി കോൺഗ്രസ്സിന്റെ തീരുമാനത്തിന്റെ ഒരു ഭാഗമെ കണ്ടുള്ളൂ. പാർട്ടി കോൺഗ്രസ്സിൽ ചർച്ച ചെയ്യുന്ന രാഷ്ട്രീയ രേഖകളെകുറിച്ചെല്ലാം മുമ്പ് പ്രസിദ്ധീകരിച്ചിരുന്നതാണ്. അവിടെ നടന്നചർച്ചകളുടെയും തീരുമാനങ്ങളുടെയും റിപ്പോർട്ടുകളും ഇതിനകം പത്രങ്ങളിൽ വന്നു കഴിഞ്ഞതാണ്.

ശ്രീമാൻ രാജീവ് ഗാന്ധി കഴിഞ്ഞ ഒന്നിൽ ചില്ലാനം കൊല്ലമായി നമ്മുടെ രാജ്യത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാമ്പത്തിക നയത്തെ ഞങ്ങളുടെ പാർട്ടി എതിർക്കുന്നു. ഈ രാജ്യത്തെ കുത്തക മുതലാളികൾക്കും ബഹുരാഷ്ട്ര കുത്തക കമ്പനികൾക്കും നിർലോഭമായി സൗജന്യങ്ങൾ അനുവദിച്ചുകൊണ്ട്, ആയിരക്കണക്കിന് കോടിരൂപ പാവപ്പെട്ട ജനങ്ങളുടെ മേൽ പുതിയ നികുതിഭാരവും വിലവർദ്ധനവും വഴി അടിച്ചേൽപ്പിച്ചു കൊണ്ട് ഈ രാജ്യത്തെ 21-ാം നൂറ്റാണ്ടിലേക്ക് നയിക്കാൻ ശ്രമിക്കുന്ന ശ്രീമാൻ രാജീവ് ഗാന്ധിയുടെ നയത്തെ പല്ലും നഖവും ഉപയോഗിച്ച് എതിർക്കുമെന്നാണ് ഞങ്ങളുടെ രാഷ്ട്രീയ പ്രമേയം പറയുന്നത്. അതാണ് പാർട്ടി കോൺഗ്രസ്സ് എടുത്ത തീരുമാനം. ഇവിടെ ബൂർഷ്വാ ഗവൺമെൻറാണ് ഇൻഡ്യാ രാജ്യം ഭരിക്കുന്നത്. ശ്രീമാൻ രാജീവ് ഗാന്ധിയുടെ ഗവൺമെൻറ് ബൂർഷ്വാ ഗവൺമെൻറാണ്. ആ ഗവൺമെൻറിന് ഇന്ത്യയെ സോഷ്യലിസ്റ്റ് പരിവർത്തനത്തിലേക്ക് നയിക്കാനാവില്ലെന്നാണ് ഞങ്ങൾ പറയുന്നത്. അങ്ങനെ സോഷ്യലിസ്റ്റ് പരിവർത്തനത്തിലേക്ക് ഭരണഘടനയിൽ എന്തൊക്കെ എഴുതി വച്ചാലും ശരി, ഇന്ത്യയെ നയിക്കാനാണെങ്കിൽ ഈ ബൂർഷ്വാ ഗവൺമെൻറിനെ മാറ്റി തൽസ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യത്തിന്റെതായ ഒരു ബദൽ വന്നാൽ മാത്രമേ സാദ്ധ്യമാകൂ. അതിനുവേണ്ടിയുള്ള പോരാട്ടം കൂടുതൽ ശക്തമായി മുന്നോട്ടുകൊണ്ടു പോകുമെന്നാണ് ഞങ്ങളുടെ പാർട്ടി കോൺഗ്രസ്സ് തീരുമാനിച്ചത്. പിന്നെന്തിന് സംശയിക്കണം. ഈ പോരാട്ടത്തിൽ സി. പി. ഐയും.

LIBRARY ARCHIVES Kerala Legislative Assembly

സി. പി. എം. ഉം. ഒറ്റക്കെട്ടായി നിന്നുകൊണ്ട് പോരാടും എന്നുള്ള കാര്യത്തിൽ ശ്രീ. ജോസിനും ശ്രീ. ഹസ്സനുമൊന്നും യാതൊരു സംശയവും വേണ്ട. ആ ഐക്യം ഈ സാമ്പത്തിക നയത്തിന് എതിരായിട്ടുള്ള സമരത്തിൽ കൂടുതൽ കൂടുതൽ ശക്തിപ്പെട്ടുവരികയാണ്. തങ്ങളുടെ രണ്ടു പാർട്ടി കോൺഗ്രസ്സുകളുടെയും തീരുമാനങ്ങളും രേഖകളും പരിശോധിക്കുന്ന ആളുകൾക്ക് അത് മനസ്സിലാക്കാൻ യാതൊരു പ്രയാസവും ഉണ്ടാകുകയില്ല. ഞാൻ ഈ കാര്യം ഇവിടെ നിറുത്തുന്നു. അതുകൊണ്ട് ഞങ്ങളുടെ പാർട്ടി ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽനിന്ന് വിട്ട് അങ്ങോട്ട് വരുമെന്നുള്ളപൂതി കൈയിൽ വച്ചാൽ മതി. നിങ്ങളുടെ ബൂർഷ്വാ രേണത്തെ ഇന്ത്യയിൽനിന്ന് അടിച്ചിറക്കേണ്ട സമരത്തിന്റെ മുൻപന്തിയിൽ ഇടതുപക്ഷജനാധിപത്യ മുന്നണിയിലെ മറ്റു കക്ഷിയുമായി യോജിച്ചു കൊണ്ട് ഇരു കമ്മ്യൂണിസ്റ്റ് പാർട്ടികളും മുന്നോട്ട് പോവുകതന്നെ ചെയ്യും. സമയം ഇല്ലാത്തതുകൊണ്ട് ഞാൻ മറ്റു കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ഈ ആറുമാസമായിട്ട് സംസ്ഥാനത്ത് എന്താണ് നടന്നത് ? ഇവിടെ ഒരു ഭരണം നടന്നോ ? വെറും ഒരു ഹാസ്യ നാടകമല്ലേ നടന്നത്. ഇവിടെ തീവണ്ടി സമരവുമായി കേന്ദ്രഗവൺമെന്റിന് എതിരായി ഇറങ്ങിപുറപ്പെട്ട കേരളാ കോൺഗ്രസ്സിനെ ഒരു മൂലയിൽ ഒതുക്കാൻ പുറപ്പെട്ടു ശ്രീ. കരുണാകരൻ അവസാനം ഈ ഹാസ്യനാടകം അവസാനിച്ച പ്പോൾ എവിടെ ആയി ? ഇതിലധികം പരിഹാസ്യമാകാനുണ്ടോ ? കേരളാ കോൺഗ്രസ്സിനെ ഒതുക്കാൻ പുറപ്പെട്ട ശ്രീ. കരുണാകരന് ഒരു മൂലയിൽ തുങ്ങേണ്ടിവന്നു. എന്താണ് അതിൽനിന്ന് വ്യക്തമാകുന്നത് ? ഈ രാജ്യത്ത് രണ്ടു കാര്യങ്ങൾ ഈ ഹാസ്യനാടകത്തിനിടയിൽ, ഇവിടത്തെ രാഷ്ട്രീയ പ്രതിസന്ധിക്കിടയിൽ വ്യക്തമായി തെളിഞ്ഞുവന്നു. ഇപ്പോൾ അത് ഒത്തുതീർപ്പായി എന്നാണോ പറയുന്നത്. അതിന്റെ മുന്നിൽ തെളിഞ്ഞുവന്ന രണ്ടുകാര്യങ്ങൾ എന്താണ് ? ഒന്ന് വർഗ്ഗീയ കക്ഷികളുമായുള്ള സഖ്യത്തിൽ കൂടിയല്ലാതെ ഭാവിയിൽ കോൺഗ്രസ്സ് (ഐ) യ്ക്ക് നിലനിൽപ്പില്ല. ഇന്ത്യയിൽ ഒട്ടുക്കും കേരളത്തിൽ വിശേഷിച്ചും ഇതാണ് സ്ഥിതി. അതുകൊണ്ടാണ് മന്ത്രിസഭ പൊളിയാൻ ഇടയാക്കുന്ന യാതൊരു സാഹസത്തിനും ശ്രീ. കരുണാകരന് ഹൈക്കമാന്റ് അനുമതി കൊടുക്കാതിരുന്നത്. രണ്ടാമത്തെ കാര്യം ഇനിയങ്ങോട്ട് ഐക്യമുന്നണി മന്ത്രിസഭയിൽ കോൺഗ്രസ്സിന് സ്വന്തമായി എന്തെങ്കിലും നയമുണ്ടായാൽ അത് കേരളാ കോൺഗ്രസ്സിനെകൊണ്ടും മുസ്ലീം ലീഗിനെകൊണ്ടും അംഗീകരിപ്പിക്കാൻ കഴിയുകയില്ല. നേരെമറിച്ച് കേരളാ കോൺഗ്രസ്സിന്റെയും ലീഗിന്റെയും നയം കോൺഗ്രസ്സിനെകൊണ്ട് അവർ നടപ്പിലാക്കുമെന്നുള്ളതാണ്. അതുകൊണ്ടാണ് ഇന്ത്യാ ഗവൺമെന്റ് രാജ്യരക്ഷയ്ക്ക് അപകടകാരികളാണെന്ന് പ്രഖ്യാപിച്ച രണ്ടു വിദേശപൗരൻമാർക്ക് ഇവിടെ യഥേഷ്ടം വിഹരിക്കുന്നതിനുള്ള സൗകര്യം കൊടുക്കാനും അവരെ പേയിംഗ് ഗസ്റ്റ് ആയി സ്വീകരിക്കാനും മുഖ്യമന്ത്രി നിർബന്ധിതനായത്. ഇതിലുമധികം നിർബന്ധിതമാകും. ലീഗിനെയും കേരളാ കോൺഗ്രസ്സിനെയും പിണക്കിക്കൊണ്ട് ഒരു നിമിഷംപോലും ഈ മന്ത്രികസേര തുടരാൻ കഴിയുകയില്ലെന്ന് അവർക്കറിയാം. അത് കേന്ദ്രഗവൺമെന്റിനും അറിയാം. വടക്കേ ഇന്ത്യയിൽ മുസ്ലീങ്ങളുടെ വോട്ട് കിട്ടണമെങ്കിൽ മത മൗലിക വാദികളെ തൃപ്തിപ്പെടുത്തികൊണ്ടല്ലാതെ സാദ്ധ്യമല്ലെന്ന് ശ്രീമാൻ രാജീവ് ഗാന്ധിക്കും അറിയാം. അതുകൊണ്ടല്ലേ മത മൗലിക വാദികൾക്ക് കീഴടങ്ങികൊണ്ട് ക്രിമിനൽ നടപടി ക്രമത്തിലെ 125-ാം വകുപ്പ് ഭേദഗതി ചെയ്യാനുള്ള ബില്ലുമായി ഇന്ന് ശ്രീ. രാജീവ് ഗാന്ധി രംഗത്ത് വന്നത്. ഈ രാജ്യത്ത് വർഗ്ഗീയ വാദികളെയും ശിഥിലീകരണശക്തികളെയും ഊട്ടി വളർത്തുന്നത് കോൺഗ്രസ്സാണ്. എന്നിട്ട് നാണമില്ലാതെ ഗവർണ്ണറുടെ പ്രസംഗത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പറയുകയാണ്. ഇതിനൊക്കെ എതിരായി മത മൗലികവാദികൾക്കും വർഗ്ഗീയ ശക്തികൾക്കും എതിരെ ഞങ്ങൾക്ക് വിട്ടുവീഴ്ച ഇല്ലയെന്നൊക്കെ ഇങ്ങനെ പറയുന്നത് ഈ രാജ്യത്തെ ജനങ്ങളെ പരിഹസിക്കലാണ്. ഇവിടെ ജനാധിപത്യ മൂല്യങ്ങളുടെ പേരിൽ മന്ത്രിമാർ ഒന്നൊന്നായി രാജിവച്ചുകൊണ്ടിരിക്കുകയാണ്. എന്ത് ജനാധിപത്യമൂല്യമാണ്. കോടതിയോട് ഇവർക്ക് എന്തു ബഹുമാനമാണ്. ഇവിടെ ശ്രീ. ബാലകൃഷ്ണപിള്ളയുടെ കാര്യം കോടതി എന്താണ് പറഞ്ഞത്. അത് രാഷ്ട്രീയമായി തീരുമാനിക്കേണ്ടതാണ്, മുഖ്യമന്ത്രി തീരുമാനിക്കേണ്ടതാണ്. എന്നാൽ മാസങ്ങൾ എത്രകഴിഞ്ഞു എന്തു തീരുമാനിച്ചു. കോടതിയോടു എന്തു ബഹുമാനമാണ്. ഹർജിക്കാരി പൊള്ളിച്ചുമാറണമെന്ന് പറഞ്ഞ തൃശ്ശൂരിലെ ഉണ്ണിയെഴുത്തച്ഛന്റെ കെട്ടിടം അത് പൊളിച്ചു മാറുന്നതിനെതിരായി സ്റ്റേ കൊടുത്തവരാണ് ഈ ഗവൺമെന്റ്. അങ്ങനെ കോടതിയോട് ബഹുമാനമില്ല, നിയമസഭയോട് ബഹുമാനമില്ല, രാജ്യത്തെ ജനങ്ങളോട് ബഹുമാനമില്ല. ഓരോ വകുപ്പും സ്വന്തം സാമ്രാജ്യമായി വച്ചുകൊണ്ട് ഈ രാജ്യത്തെ പൊതു മുതൽ ധൂർത്തടിക്കുന്നതിലും കട്ടുമുടിക്കുന്നതിലും മാത്രം തൽപ്പരരായിട്ടുള്ള ഈ മന്ത്രിസഭ എത്രയും വേഗം രാജിവച്ച് ഒഴിഞ്ഞു പോകുമോ അത്രയും ഈ നാടിന് രക്ഷ എന്നുള്ളതാണ് സ്ഥിതി.

ശ്രീ. എസ്. രാമചന്ദ്രൻപിള്ള : ശ്രീ. എം. എം. ഹസ്സൻ ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. 1982 മുതൽ ഈ സഭയിൽ ഈ ഗവൺമെന്റിന്റെ നയപ്രഖ്യാപനം നടന്നു കഴിയുമ്പോഴും, അതിൻ മേലുള്ള നന്ദിപ്രമേയത്തെക്കുറിച്ച് ഉള്ള ചർച്ച വരുമ്പോഴും പ്രതിപക്ഷങ്ങൾ അന്നും പറയാറുണ്ട് ഇത് അവസാനത്തെ നയപ്രഖ്യാപനമാണ് എന്ന്. അതു കഴിഞ്ഞ് ബഡ്ജറ്റ് അവതരിപ്പിക്കും. അപ്പോഴും പറയും ഈ ഗവൺമെന്റിന്റെ അവസാനത്തെ ബഡ്ജറ്റാണ് ഇത് എന്ന്. എത്ര വർഷമായി നിങ്ങൾ. ഇങ്ങനെ പറയുന്നു. 1982 മുതൽ എത്രാണ് അഞ്ചാമത്തെ പ്രാവശ്യത്തെ നയപ്രഖ്യാപനപ്രസംഗമാണ്. നിങ്ങൾക്ക് വേറെയൊന്നു ഇപ്പോഴും പറയാനില്ല. പറയാനുള്ളത് കേരള കോൺഗ്രസ്സിനേയും മുസ്ലീംലീഗിനേയും ഒതുക്കുവാൻ ശ്രമിച്ചു, മുഖ്യമന്ത്രി ശ്രീ. കരുണാകരൻ ഒരു മൂലയിൽ കൂടി എന്ന്. അദ്ദേഹത്തിന്റെ സീറ്റ് ഒരു മൂലയിലാണെങ്കിലും മുഖ്യമന്ത്രിയുടെ സീറ്റിൽത്തന്നെയാണ് അദ്ദേഹം ഇന്നും ഇരിക്കുന്നത്. ഒരു മൂലയിൽ ഇരിക്കുന്നതുകൊണ്ട് ഒതുങ്ങി എന്ന് ശ്രീ. കെ. പി. പ്രഭാകരൻ വിശ്വസിക്കുന്നുവെങ്കിൽ അദ്ദേഹം മൂഡസ്വർഗ്ഗത്തിലാണ്. അതുപോലെ ഞങ്ങളുടെ പ്രശ്നങ്ങൾ ഞങ്ങൾ കൈകാര്യം ചെയ്തുകൊള്ളാം. ശ്രീ. കുറുപ്പിന് അതിൽ കാര്യമില്ല. ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ, സ്വന്തം ഭാര്യയും ഭർത്താവും തമ്മിൽ അഭിപ്രായവ്യത്യാസം വരും—അത് വീട്ടുകാർ മാത്രമേ അറിയുകയുള്ളൂ. അതു കഴിഞ്ഞ് വീണ്ടും അവർ യോജിക്കും. അതൊക്കെ ഇവിടെ പറയേണ്ട കാര്യമില്ല.

ഈ നയപ്രഖ്യാപന പ്രസംഗത്തിൽ ഈ ഗവൺമെന്റിന്റെ കഴിഞ്ഞകാല ചെയ്തികളെക്കുറിച്ച്, വികസനപ്രവർത്തനങ്ങളെക്കുറിച്ച കാര്യക്ഷമമായി പ്രതിപാദിച്ചിരിക്കുകയാണ്. ഇന്ന് നിങ്ങൾപോലും സമ്മതിക്കും, കാസർകോട് മുതൽ പാറശാല വരെ ഓരോ സ്ഥലത്തും ആറും ഏഴും റോഡെങ്കിലും എം. സി. റോഡായാലും ശരി, നാഷണൽ ഹൈവേയായാലും ശരി, ചെറിയ പഞ്ചായത്ത് റോഡുവരെ-ഇന്ന് അവയുടെ വികസനപ്രവർത്തനങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

അറകുറപ്പണികളും നടത്തിക്കൊണ്ടിരിക്കുകയാണ്. ശ്രീ ഗോവിന്ദക്കുറുപ്പിനും അറിയാവുന്ന കാര്യമാണ്, അങ്ങനെ വികസനപ്രവർത്തനങ്ങൾ ഏറ്റവും കൂടുതൽ നടന്ന ഒരു വർഷമാണ് ഈ കഴിഞ്ഞ വർഷം.

ദുർബല വിഭാഗങ്ങൾക്ക് വീട് വച്ചുകൊടുക്കുക, വെള്ളപ്പൊക്കക്കെടുതികളിൽ വീട് നഷ്ടപ്പെട്ട ഏതാണ്ട് ഒരു ലക്ഷത്തോളം പേർക്ക് വീടുകൾ വച്ചുകൊടുക്കാനുള്ള ഒരു പദ്ധതിയാവിഷ്ക്കരിച്ചതിൽ മൂപ്പത്തയ്യായിരത്തിൽപരം വീടുകൾ ഉടനെ തീരുമെന്നാണ് ഹൗസിംഗ് ബോർഡിന്റെ കണക്കുകൾ കാണിക്കുന്നത്. അതുപോലെതന്നെ ദുർബലവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് പ്രത്യേക ആനുകൂല്യങ്ങൾ—അവർക്ക് വേണ്ടി വീടുകൾ വച്ചുകൊടുക്കുകയും കോളനികളിൽ ശുദ്ധജലമെത്തിച്ചുകൊടുക്കുകയും ചെയ്തു. അങ്ങനെ എവിടെ നോക്കിയാലും അവിടെയൊക്കെ ശുദ്ധജലം കേരളത്തെ സംബന്ധിച്ചിടത്തോളം ശുദ്ധജലത്തിന്റെ കാര്യത്തിൽ നമ്മൾ സമ്പന്നരായിരിക്കുകയാണ്. അതുപോലെതന്നെ വീട് വച്ചുകൊടുക്കുന്ന കാര്യത്തിലായാലും ഇലക്ട്രിസിറ്റിയുടെ കാര്യത്തിലായാലും നമുക്കറിയാം, ബഹുമാനപ്പെട്ട കെ. എം. മാണി ഈ വകുപ്പിന്റെ ചാർജ് ഏറ്റെടുത്ത അന്നുമുതൽക്കേ പണ്ടൊരു പഴഞ്ചൊല്ലുണ്ട്, തീപ്പെട്ടി പണ്ട് ഇല്ലാത്തതിനാൽ ജനങ്ങൾക്കേർപ്പെട്ട കഷ്ടം പറയാവതല്ല, ഇപ്പോളതിൻ മാതിരിയൊന്നുമില്ല ; തീപ്പെട്ടിയില്ലാത്തൊരു വീടുമില്ല എന്നു പറഞ്ഞതുപോലെയാണ്. ഇലക്ട്രിസിറ്റി പണ്ട് ഇല്ലായിരുന്നു. ഇന്നാണെങ്കിൽ ഇലക്ട്രിസിറ്റിയില്ലാത്ത ഒരു വീടുമില്ല. എവിടെ തിരിഞ്ഞൊന്നു നോക്കിയാലും അവിടെല്ലാം പൂത്തമരങ്ങൾ മാത്രം എന്നു പറഞ്ഞപോലെ എവിടേയും ഹൗസിംഗ് ബോർഡിന്റെ വീടുകൾ മാത്രമേയുള്ളൂ. ഹരിജനങ്ങളുടെ വീടുകളെല്ലാംതന്നെ വൈദ്യുതീകരിച്ചിരിക്കുകയാണ്. അങ്ങനെ വികസനപ്രവർത്തനങ്ങളുടെ കാര്യത്തിൽ നമുക്ക് ഏറ്റവും കൂടുതൽ അഭിമാനിക്കാവുന്നതാണ്. ഇക്കാര്യം പ്രതിപക്ഷങ്ങൾ മാത്രമല്ല ഇവിടത്തെ ജനങ്ങൾതന്നെ അംഗീകരിക്കപ്പെട്ടുകഴിഞ്ഞിരിക്കുകയാണ്.

കേരളത്തെ സംബന്ധിച്ചിടത്തോളം വളരെയധികം വികസനപ്രവർത്തനങ്ങൾ നടന്നുകഴിഞ്ഞു. കഴിഞ്ഞ പ്രാവശ്യം ഈ സഭയിൽ ഞാനും ശ്രീ. കല്ലമ്പള്ളിയും ഏരുമേലിയുടെ വികസനത്തിനുവേണ്ടി വനഭൂമി കൊടുക്കണമെന്നു പറഞ്ഞു. അതുപോലെ ശബരിമലയുടെ വികസനത്തിനുവേണ്ടി വനഭൂമി വിട്ടുകൊടുക്കണമെന്നും പറഞ്ഞു ഞാൻ ഒരു സബ്മിഷനും അവതരിപ്പിച്ചതാണ്. കഴിഞ്ഞ രണ്ടു മൂന്നു വർഷമായി അവിടെ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി കാത്തിരിക്കുകയാണ്. ശബരിമല ശ്രീധർമ്മശാസ്താവിനെ സംബന്ധിച്ചിടത്തോളം ശ്രീഗുരുവായൂരപ്പനെപ്പോലെതന്നെ ശക്തിയുള്ള ആ ദേവനെ വന്ദിക്കുവാൻവേണ്ടി ആരാധകർ കേരളത്തിൽ നിന്നെന്നല്ല ഇൻഡ്യയുടെ പല ഭാഗങ്ങളിൽ നിന്നും അവിടെ എത്തുകയാണ്. അവിടെ വരുന്ന തീർത്ഥാടകർക്ക് പ്രാഥമികാവശ്യങ്ങൾ നടത്താനുള്ള സൗകര്യങ്ങൾപോലും ഇന്ന ഇല്ല. കഴിഞ്ഞ വർഷത്തെ കണക്കനുസരിച്ച് ഒന്നേകാൽ കോടി അയ്യപ്പഭക്തൻമാർ ആണ് അവിടെ വന്നുപോയിട്ടുള്ളത്. കേരളത്തിലെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം അവിടെനിന്ന് വളരെയേറെ വരുമാനമുണ്ടായിക്കൊണ്ടിരിക്കുന്നു. അവിടെക്കാവശ്യമായ വനഭൂമിയുടെ കാര്യം ഉന്നയിച്ചപ്പോൾ പറഞ്ഞു, കേന്ദ്രത്തിലേക്ക് അയച്ചിരിക്കുകയാണ് എന്നാണ്. വനഭൂമി പതിച്ചുകൊടുക്കുന്നതിന് കേന്ദ്രഗവൺമെന്റിന്റെ അനുമതി വേണമെന്ന് പറയുകയുണ്ടായി. എന്നാൽ കഴിഞ്ഞ രണ്ടുമൂന്നു വർഷത്തിനുമുമ്പ് ഒരു ദേവാലയത്തിനുവേണ്ടി ദിവസങ്ങൾ മാത്രമേ കാത്തിരുന്നുള്ളൂ. ഏതാനും ദിവസത്തിനകം അതിന് അനുമതി കിട്ടി. അതുപോലെ പ്രാധാന്യമേറിയ

LIBRARY ARCHIVES Kerala Legislative Assembly

ഹൈന്ദവക്ഷേത്രമായ തെക്കേ ഇൻഡ്യയിലെ എന്നല്ല, ഇൻഡ്യയിലെ ഏറ്റവും വലിയ പുരാതന ക്ഷേത്രമായ ശബരിമലയുടെ വികസനത്തിനാവശ്യമുള്ള വനഭൂമി വിട്ടുകിട്ടാൻ വേണ്ടി കേരളഗവൺമെൻറ് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഒരിക്കൽക്കൂടി ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. ബേബി ജോൺ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. കേരള സംസ്ഥാനത്ത് ഇതുവരെ ഇത്ര മോശപ്പെട്ട ഒരു ഗവൺമെൻറ് അധികാരത്തിലിരുന്നിട്ടില്ല എന്നു പറയേണ്ടി വന്നതിൽ എനിക്ക് ദു:ഖമുണ്ട്. പിടിപ്പുകേട്, കാര്യക്ഷമതയില്ലായ്മ, സ്വജനപക്ഷപാതം തുടങ്ങി അഴിമതിയുടെ ചെളിക്കുണ്ടിൽ മുങ്ങിക്കുളിച്ച ഒരു മന്ത്രിസഭയല്ലേ ഇത്? ഇവിടെയൊരു ഭരണമില്ല. ഇത് ഞാൻ മാത്രം പറയുന്നതല്ല. ഭരണകക്ഷിയിലെ ആളുകളും പറയുന്നുണ്ട്. അവർ പരസ്പരം അങ്ങോട്ടുമിങ്ങോട്ടും പറയുന്നുണ്ട്. അങ്ങനെയൊരു മന്ത്രിസഭക്കുവേണ്ടി ഒരു പ്രസംഗം ഗവർണ്ണർ വായിക്കുകയും—പാവം ഗവർണ്ണർ എന്ന് ഉപമിക്കാൻ പാടില്ലല്ലോ, അല്ലെങ്കിൽ വാസ്തവത്തിൽ അങ്ങനെയാണ് ഉപമിക്കേണ്ടത്—എന്നിട്ട് അതിനു ഒരു നന്ദിപ്രമേയവും. ആ നന്ദിപ്രമേയം അവതരിപ്പിച്ചുകൊണ്ടുള്ള ചർച്ചകളിൽ പറയുന്നത് എന്തൊക്കെയാണ്? ഈ ഗവൺമെൻറ് ചെയ്ത ചില നടപടികളെക്കുറിച്ചല്ല. പ്രതിപക്ഷക്കാർ മോശക്കാർ പിടിപ്പുകെട്ടവർ എന്നൊക്കെയാണ് പ്രധാനമായും പറയുന്നത്. നിങ്ങൾക്ക് അവിടെ അഭിപ്രായവ്യത്യാസങ്ങളില്ലേ? എന്നിട്ട് പ്രതിപക്ഷങ്ങൾ പിടിപ്പുകെട്ടവർ, മോശക്കാർ, തമ്മിൽ തല്ലുന്നവർ എന്നൊക്കെയാണ് പറയുന്നത്. അതിൻറെ ധ്വനിയെന്താണ്? ഞങ്ങൾ ധാരാളം അനാവശ്യങ്ങൾ കാണിക്കുന്നു. ഇവിടെ ചില മെമ്പർമാർ പറഞ്ഞു ഞങ്ങൾ അപ്പുറത്തായിരുന്നുവെങ്കിൽ കാണിച്ചുതരാമായിരുന്നുവെന്ന്! അതിൻറെ അർത്ഥം എന്താണ് സർ? ധാരാളം കുഴപ്പങ്ങൾ ഞങ്ങൾ കാണിക്കുന്നു. ഞങ്ങൾ ചെയ്യാൻ പാടില്ലാത്തത് എല്ലാം ചെയ്യുന്നു. എന്നിട്ടും പ്രതിപക്ഷത്തിന് അത് ഫലപ്രദമായി അവതരിപ്പിക്കാൻ കഴിയുന്നില്ല എന്ന് സ്വയം സമ്മതമല്ലേ? അവർതന്നെ സമ്മതിക്കുന്നു, അവരുടെ ഗവൺമെൻറിൻറെ പോരായ്മകൾ അവരുടെ ഗവൺമെൻറിൻറെ കഴിവുകേട്, അവരുടെ പരസ്പരവഴക്ക് ജനാധിപത്യത്തിൻറെ ശ്രീകോവിലിനെപ്പറ്റി സംസാരിക്കുമ്പോൾ ഇവിടെ പ്രമേയാവതാരകൻ ചോദിച്ചു, നിങ്ങൾക്കവിടെ ജനാധിപത്യമുണ്ടോ? മാർക്സിസ്റ്റ്: കമ്മ്യൂണിസ്റ്റ് പാർട്ടി പറയുന്നത് അല്ല, ഞങ്ങൾക്ക് ജനാധിപത്യമുണ്ട്. ഞങ്ങൾ എല്ലാപേരുമായി ചർച്ച ചെയ്തു എന്നു പറഞ്ഞു, ഞാൻ അതിൻറെ വിശദാംശങ്ങളിലേക്കൊന്നും പോകുന്നില്ല. ചർച്ച ആരൊക്കെയായിട്ടാണ് നടന്നത്? ചർച്ച നടന്നുവെങ്കിൽ കോൺഗ്രസ്, കേരളാ കോൺഗ്രസ്, ലീഗ്, വേറെ കുറേ ആളുകൾ ഇവിടെയുണ്ടല്ലോ, ഇപ്പോൾ പ്രസംഗിച്ച പാർട്ടിയുടെ ആളുകൾ ഉൾപ്പെടെ; അവരെ ആരെയെങ്കിലും ഈ ചർച്ചയിൽ കണക്കിലെടുത്തിട്ടുണ്ടോ? അപ്പോൾ അവരുടെ ജനാധിപത്യവും ചർച്ചയുമൊക്കെ ഇവിടെ മാത്രം ഒതുങ്ങിനിൽക്കുന്നു എന്ന് സൂചിപ്പിക്കാൻവേണ്ടി മാത്രമാണ് ഞാൻ ഇത് പറയുന്നത്.

ഇവിടെ നടത്തിയ പ്രസംഗത്തെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. ഞാൻ എന്തായാലും വളരെ ദൂരെയൊന്നും പോകുന്നില്ല. പഞ്ചാബിലേക്കോ ത്രിപുരയിലേക്കോ മഹാരാഷ്ട്രയിലേക്കോ യു. പി. യിലേക്കോ ബീഹാറിലേക്കോ ഒന്നും പോകുന്നില്ല. പറയാൻ ധാരാളം ഇല്ലാഞ്ഞിട്ടല്ല. ഞാൻ നമ്മുടെ സംസ്ഥാനത്ത് ഒതുങ്ങിനിൽക്കാൻ ശ്രമിക്കുകയാണ്.

ഗവർണ്ണറുടെ ഈ നയപ്രഖ്യാപനപ്രസംഗത്തിൽ പ്രധാനമായും രണ്ടു മൂന്നു കാര്യങ്ങളാണ് ഞാൻ കാണുന്നത്. ഒന്ന് പ്രധാനമായും ചില മന്ത്രിമാരുടെ പേർക്കുള്ള strictures ആണ്. എൻറെ ഓർമ്മയിൽ ഇതുവരെ

LIBRARY ARCHIVES Kerala Legislative Assembly

ഗവർണ്ണറുടെ പ്രസംഗത്തിൽ ചില മന്ത്രിമാരുടെ ഭരണത്തെക്കുറിച്ചുള്ള strictures ഉണ്ടായിട്ടില്ല. നേരത്തെ സംസാരിച്ച ചില ആളുകൾ പറഞ്ഞപ്പോൾ കേരളകോൺഗ്രസ്സിനെയൊക്കെ ഭിന്നിപ്പിക്കാനാണ് എന്നു പറഞ്ഞു. ഇന്നലെ ധനകാര്യവകുപ്പുമന്ത്രി ചോദ്യോത്തരവേളയിൽ പറഞ്ഞ മറുപടിയിൽ കുരുടൻ ആനയെ കാണുന്നതുപോലെയാണ് നിങ്ങൾ കാണുന്നത് എന്നു പറഞ്ഞു. ഞാൻ ഇത് പറയാൻ കാരണമുണ്ട്. ഞാൻ ഈ പ്രസംഗം മുഴുവൻ വായിച്ചു എന്നു മാത്രമല്ല പ്രസംഗിക്കുന്ന സമയത്തെക്കുറിച്ചും എനിക്കറിയാം. ഇന്ന് നിലവിലിരിക്കുന്ന രാഷ്ട്രീയ സാഹചര്യങ്ങളെ കുറിച്ചും എനിക്കറിയാം. ഈ പ്രസംഗം തയ്യാറാക്കിയ രീതിയുമറിയാം. ഈ പ്രസംഗം നടത്തുന്ന അവസരത്തിൽ നമ്മുടെ സംസ്ഥാനത്ത് ചില പ്രത്യേക പ്രശ്നങ്ങളുണ്ടായിരുന്നു ; ചില കാര്യങ്ങളെക്കുറിച്ചുള്ള വാദ പ്രതിവാദങ്ങളുണ്ടായിരുന്നു. നമ്മുടെ പദ്ധതിപ്രവർത്തനങ്ങൾക്ക് രൂപം നൽകാനും, നേതൃത്വം നൽകാനും ആയി നാം സംഘടിപ്പിച്ചിട്ടുള്ള, മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള പ്ലാനിംഗ് ബോർഡ് ഈ ഗവൺമെൻറിന്റെ ചില നടപടികളെക്കുറിച്ച്, അതിന്റെ ധനകാര്യപ്രവർത്തനങ്ങളെക്കുറിച്ച, അതിന്റെ വിഭവസമാഹരണത്തെക്കുറിച്ച് ചില അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിരുന്നു. നമ്മുടെ സംസ്ഥാനത്ത് സമാഹരിക്കാവുന്ന വിഭവങ്ങൾ സമാഹരിക്കുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു എന്നു തന്നെയാണ് പറഞ്ഞിരിക്കുന്നത്. 174 കോടിരൂപ അനായാസേന നമുക്ക് അധിക പിരിച്ചെടുക്കാൻ കഴിയും ; കളക്ഷൻ ഏജൻസിയെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിച്ചാലെന്ന് മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള, ധനകാര്യമന്ത്രികൂടി അംഗമായ പ്ലാനിംഗ് ബോർഡ് പറഞ്ഞിരിക്കുന്നു. ധനകാര്യമന്ത്രി പറയുന്നു പ്ലാനിംഗ് ബോർഡ് രാജ്യത്തിന്റെ താൽപ്പര്യം കണക്കിലെടുത്തുകൊണ്ടല്ല പറയുന്നത് എന്ന് ഇന്നലെ അദ്ദേഹം മറുപടിയിൽ പറഞ്ഞു, പ്ലാനിംഗ് ബോർഡ് അല്ല വലുത് ഗവർണ്ണറാണ് വലുത് എന്ന്, കേരളത്തിലെ സാമ്പത്തിക മാനേജ്മെൻറ് അത്ര നല്ലതല്ലായെന്ന് നമ്മുടെ പ്രധാനമന്ത്രി ഒരു സന്ദർഭത്തിൽ പറഞ്ഞതായിട്ടാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്.

പ്ലാനിംഗ് ബോർഡ്, ഇതിലെ സാമ്പത്തിക മാനേജുമെൻറ് നല്ലതല്ല. കളക്ഷൻ മെഷിനറി സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കുന്നില്ല എന്നു പറഞ്ഞിരിക്കുന്നു. അതിന്റെ കൂടെ നമ്മുടെ മുഖ്യമന്ത്രി പറയുന്നു, ഈ സ്ഥിതിയിൽ, ഈ മന്ത്രിക്ക് വഴങ്ങി ഒരിഞ്ചു മുന്നോട്ടു പോകാൻ പറ്റുകയില്ലെന്ന്. അദ്ദേഹത്തിനേരേതായി പത്രങ്ങളിൽ വന്ന വാർത്തയിൽ നിഷേധാത്മകമായിട്ട് പറഞ്ഞിരിക്കുന്നത്, ഈ ധനകാര്യം ഏറ്റെടുക്കണം, ഈ വ്യവസായം മാറണം, ഈ ആഭ്യന്തരം മാറണം എന്നൊക്കെയാണ്. കേരളത്തിലെ സാമ്പത്തിക മാനേജ്മെൻറ് മോശമാണെന്ന്, നമ്മുടെ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധി പ്രതികരിച്ചപ്പോൾ, നമ്മുടെ സംസ്ഥാനത്തിലെ സാമ്പത്തിക മാനേജ്മെൻറ് മോശമാണെന്നും, വിഭവസമാഹരണ കാര്യത്തിൽ അതിന്റെ കളക്ഷൻ ഏജൻസിയെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കുന്നില്ലെന്നും പ്ലാനിംഗ് ബോർഡ് പറഞ്ഞു. ആ സാഹചര്യം നിങ്ങൾ ആലോചിക്കണം. ഈ മന്ത്രിസഭയുടെ പ്രതിച്ഛായ വർദ്ധിപ്പിക്കാനോ, എന്തിനാണെന്നറിയില്ല. വാസ്തവത്തിൽ എന്റെ സ്നേഹിതൻ ശ്രീ. കരുണാകരനോട് എനിക്ക് സഹതാപമുണ്ട്. എത്ര പ്രാവശ്യം അദ്ദേഹം ഡൽഹിയിൽ പോയി. അത്യാവശ്യ കാര്യത്തിനു ഡൽഹിയിൽ പോകുന്നതിനോട് ഞാൻ എതിരല്ല. പക്ഷെ, ഓരോരുത്തരെ കാണുന്നതിനുവേണ്ടിയാണ് മുഖ്യമന്ത്രി ഡൽഹിയിൽ പോയത്, രാജ്യ കാര്യത്തിനുവേണ്ടിയല്ല. പ്രതിച്ഛായ നന്നാക്കുന്നതിനുവേണ്ടി പ്രവർ

LIBRARY ARCHIVES Kerala Legislative Assembly

ത്തിക്കണമെന്നു പറഞ്ഞ് അദ്ദേഹം എത്ര ദിവസമാണെന്നോ തപസ്സിരുന്നത്. അതുകഴിഞ്ഞ് ഇവിടെവന്നു. ക്യാബിനറ് എന്നു കൂടുമെന്നു പറയാതെ മാറ്റി മാറ്റിവച്ചു. അവസാനം 8-ാം തീയതി ശനിയാഴ്ചയാണ് ക്യാബിനറ് 14-ാം തീയതി കൂടുമെന്ന് തീരുമാനിച്ചത്. അങ്ങനെയുള്ള സാഹചര്യത്തിൽ ഗവർണ്ണറുടെ പ്രസംഗം മുഴുവൻ നോക്കുമ്പോഴാണ് സ്ട്രിക്ചേഴ്സാണെന്ന് പറയാൻ ഞാൻ നിർബന്ധിതനായത്. ഫിനാൻഷ്യൽ മാനേജുമെൻറ് മോശമാണെന്നും കൂടുതൽ ശക്തമായ നടപടികളെടുക്കുമെന്നും അദ്ദേഹം പറഞ്ഞത് ഞാൻ സമ്മതിക്കുന്നു. പക്ഷെ, ഏതു സന്ദർഭത്തിലാണെന്നുകൂടി നോക്കുമ്പോഴാണ് അതിൻെറ അർത്ഥം മനസ്സിലാകുന്നത്. വിഭവങ്ങൾ കണ്ടെത്തുന്നതിനുവേണ്ടി ശ്രമിക്കണമെന്ന് അദ്ദേഹം പറയുന്നു. ഈ അവസരത്തിൽ അദ്ദേഹത്തിൻെറ പ്രസംഗത്തിലൂടെ മനസ്സിലാകുന്നത് അധിക വിഭവസമാഹരണ കാര്യത്തിൽ ഈ ഗവൺമെൻറ് പരാജയപ്പെട്ടു എന്നാണ്. സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കുന്നില്ലായെന്ന്, പ്ലാനിംഗ് ബോർഡ് ആക്ഷേപം ഉന്നയിച്ചിരിക്കുന്നു. സാമ്പത്തിക മാനേജ്മെൻറ് മോശമാണെന്ന് നമ്മുടെ രാജ്യത്തിൻെറ പ്രധാനമന്ത്രി പറഞ്ഞിരിക്കുന്ന അവസരത്തിലും ഗവർണ്ണർ പറയുന്നത് അധിക വിഭവസമാഹരണത്തിനുവേണ്ടിയുള്ള ശ്രമം ഊർജ്ജിതമായി നടത്താനിരിക്കുന്നുവെന്നാണ്. അങ്ങനെ പറഞ്ഞാൽ എന്താണ് മനസ്സിലാകുന്നത്? കഴിഞ്ഞ കുറെ വർഷങ്ങളായി നമ്മുടെ പ്ലാനിങ്ങിലെ പ്രതിശീർഷ വരുമാനമെടുത്തു നോക്കുമ്പോൾ കുറവാണ്. കേന്ദ്രം കൈവിട്ടു സഹായിച്ചുവെന്ന് ആരെ നോക്കിക്കൊണ്ടാണ് പറഞ്ഞത്? ഇതുപോലെ വേറെ ഒരു സംസ്ഥാനത്തിലും സഹായം കിട്ടിയിട്ടില്ലെന്ന് പറഞ്ഞല്ലോ? ഏഴാം പദ്ധതിയിൽ 54% വരെ സംസ്ഥാനത്തിൽ ഉള്ളത് കൊടുത്തു. എന്നിട്ടും നാം പിന്നിലാണെന്ന് പറഞ്ഞിരിക്കുന്നു. എന്നിട്ടും 7-ാം പദ്ധതിയിൽ സഹിൽ ഒവറാണ്. ഞങ്ങൾ കഴിഞ്ഞ പ്രാവശ്യം പറഞ്ഞു ഒരു പ്ലാൻ ഹോളിഡെ ആയിരിക്കും വരുന്നതെന്ന്. സമ്മതിച്ചില്ല. ഒരു സ്പിൽ ഓവറാണെന്ന് പറഞ്ഞിരിക്കുന്നു. ഗവർണ്ണറുടെ പ്രസംഗം വായിച്ചപ്പോൾ വാസ്തവത്തിൽ എനിക്ക് ലജ്ജ തോന്നുന്നു. നമ്മുടെ സംസ്ഥാനത്തിന് കേന്ദ്രഗവൺമെൻറിൽ നിന്നു നൽകിയ നിർദ്ദേശത്തിൻെറ അടിസ്ഥാനത്തിൽ ഒരു തീരുമാനമുണ്ടായി. നമ്മുടെ സംസ്ഥാനത്തിന് അഖിലേന്ത്യാടിസ്ഥാനത്തിൽ, നമ്മുടെ സംസ്ഥാനത്തിൻെറ മെമ്മോറാണ്ടത്തിൻെറയൊക്കെ അടിസ്ഥാനത്തിൽ ഓവർ ഡ്രാഫ്റ് അഡ്ജസ്റ് ചെയ്യാൻ ആണ് അത് അഡ്വാൻസ് കൊടുത്തത്, ഒരു മിഡ് ടേം ലോൺ കൊടുത്തത്. കേന്ദ്ര ഗവൺമെൻറിൻെറ പുതിയ നയം കാരണം സംസ്ഥാന ഗവൺമെൻറുകൾക്ക് മുന്നോട്ട് പോകാൻ ഒക്കാതെ വന്നു. ഓവർ ഡ്രാഫ്റ് നിർത്തിയതുമൂലം കേരളത്തിൽ മാത്രമല്ല, ഇൻഡ്യയുടെ പല സംസ്ഥാനങ്ങളിലും സാമ്പത്തികമായി ബുദ്ധിമുട്ട്. വന്നപ്പോൾ ഒരിഞ്ചുപോലും മുന്നോട്ടു പോകാൻ പറ്റാത്ത സാഹചര്യം വന്നപ്പോൾ കേന്ദ്ര ഗവൺമെൻറ് സ്വീകരിച്ച നയത്തിൻെറ ഫലമായി നമുക്കു കിട്ടിയ മിഡ് ടേം ലോൺ ഓവർ ഡ്രാഫ്റ് അഡ്ജസ്റ് ചെയ്യാൻ വേണ്ടിയുള്ളതാണ്. അത് ഈ ഗവൺമെൻറ് കൊടുത്ത നിവേദനത്തിൻെറ ഫലമായിട്ടാണെന്ന് ഗവർണ്ണറെക്കൊണ്ട് പറയിപ്പിക്കണമായിരുന്നോ? എന്താണ് കൂടുതൽ കിട്ടിയത്? 3 വർഷത്തെ നിരന്തരമായ പ്രവർത്തനത്തിൻെറ ഫലമായി ഞങ്ങൾക്ക് കൂടുതൽ കിട്ടിയിരിക്കുന്നു എന്നു പറഞ്ഞു. എന്താണ് നിങ്ങൾക്ക് കൂടുതൽ കിട്ടിയത് മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി കേന്ദ്രത്തിൽ നിന്നും കേരളത്തിൻെറ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ട്, കേരളത്തിൻെറ പ്രശ്നങ്ങൾ മനസ്സിലാക്കിക്കൊണ്ട് പ്രത്യേക സഹായമായി കിട്ടിയതെന്ന് പറയണം.

LIBRARY ARCHIVES Kerala Legislative Assembly

75144

അതാണ് വേണ്ടത്. ഫ്ളഡ് റിലീഫിനുവേണ്ടി 80% വരെ കൂടുതൽ കിട്ടിയിരിക്കുന്നു എന്നാണ് പറഞ്ഞത്. 75-ൽ നിന്നും 88-ആയി എന്നുള്ളത് ഞാൻ സമ്മതിക്കുന്നു. അങ്ങനെയുള്ള അത്യാവശ്യ സന്ദർഭങ്ങളിൽ ഗ്രാൻറ് കൊടുക്കാൻ പ്രൊവിഷനില്ലേ ? ഉണ്ട്. ഒറീസ്സായ്ക്ക് കൊടുത്തിട്ടുണ്ട്. ഈ രാജ്യത്തിലെ മറ്റ് സംസ്ഥാനങ്ങൾക്ക് കൊടുത്തിട്ടുണ്ട്. ചില ഐറ്റംസിന് കൊടുക്കാൻ പ്രൊവിഷനുണ്ട്. അതുകൊണ്ട് ആകെക്കൂടി പരിശോധിച്ചാൽ വ്യവസായമാനേജുമെൻറിനെക്കുറിച്ച് സ്ട്രിക്ചേഴ്സുണ്ട്. അതാണിവിടെ ഉണ്ടായിട്ടുള്ളത്. പിന്നീട് എന്താണ് പറഞ്ഞിട്ടുള്ളത് ? ഇൻവെസ്റ്റ്മെൻറ്; എവിടെ നടക്കുമെന്നാണ് പറഞ്ഞിട്ടുള്ളത് ? അഗ്രിക്കൾച്ചറിലും ഇൻഡസ്ട്രിയിലും പവ്വറിലും ആണ് ഇൻവെസ്റ്റുമെൻറുള്ളത്. നിങ്ങൾ എന്ത് പ്ലാനാണ് നടത്തിക്കാൻ പോകുന്നത്. കഴിഞ്ഞ കുറെ വർഷങ്ങളിലെ നിങ്ങളുടെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ കാണുന്നത്, റെമ്യൂണറേറ്റീവ് സ്കീമിനു വേണ്ടിയുള്ള ചെലവ് ഡെവലപ്പ്മെൻറൽ ആക്റ്റിവിറ്റീസിനെ പുറകോട്ട് തള്ളിയിട്ടുണ്ടെന്നാണ്. അഗ്രികൾച്ചറൽ ആക്ടവിറ്റീസിന്റെ സ്ഥിതിയെന്താണ് ? വ്യാവസായിക വളർച്ചയുടെ സ്ഥിതിയെന്താണ് ? എല്ലാത്തിനും നമ്മൾ പിന്നോട്ടു പോയിരിക്കുകയാണ്. വ്യാവസായിക രംഗത്ത് കേരള സംസ്ഥാനം പിന്നിലാണ് നിൽക്കുന്നത്. ആരുടെയെങ്കിലും പുറത്ത് പഴിചാരാൻ വേണ്ടിയാണോ ഇത് ധനകാര്യമന്ത്രിയോട് പറയുന്നത്. സ്ട്രിക്ചറാണെങ്കിൽ, വ്യവസായ മന്ത്രിയുടെ പേർക്കല്ലേ, അടുത്ത സ്ട്രിക്ചർ. കഴിഞ്ഞ വർഷത്തെ ഗവർണ്ണറുടെ പ്രസംഗത്തിലും പൊതുമേഖലാസ്ഥാപനങ്ങൾ പുനഃസംഘടിപ്പിക്കുമെന്നാണ് പറഞ്ഞിരുന്നത്. ഐഡൻറിക്കൽ കോർപ്പറേഷനുകൾ സംയോജിപ്പിച്ച് ഒരു പൊവിഷണൽ മാനേജുമെൻറ് ഏർപ്പെടുത്തുമെന്നാണ് ഗവർണ്ണറുടെ പ്രസംഗത്തിൽ കഴിഞ്ഞ വർഷവും പറഞ്ഞിരുന്നത്. ഒരു വർഷമായല്ലോ എവിടെയാണ് പ്രൊവിഷണൽ മാനേജുമെൻറ് ? ഏത് രംഗത്താണ് നിങ്ങൾ പ്രൊവിഷണൽ മാനേജുമെൻറ് കൊണ്ടുവന്നത് ? നിങ്ങൾക്ക് സാധിക്കുകയില്ല. പ്രൊവിഷണൽ മാനേജ്മെൻറ് നിങ്ങൾ പങ്കിട്ടെടുക്കുന്നു. പൊതുമേഖലാസ്ഥാപനങ്ങളെ കാശാക്കി നിങ്ങൾ ഇന്ന് പങ്കിട്ടെടുക്കുന്നു. നിങ്ങളുടെ കൂടെയുള്ള ആളുകളെ നിറുത്താൻ ഓരോരുത്തർക്കും ഓരോ കാറും മറ്റ് ആനുകൂല്യങ്ങളും കൊടുത്തുകൊണ്ടല്ലേ പൊതുമേഖലാസ്ഥാപനങ്ങൾ നടത്തുന്നത്. ഓരോരുത്തർക്കും ഓരോ കാറും കൊടുത്തുകൊണ്ട് ഓരോരുത്തരേയും ഓരോ മൂലയിൽ പിടിച്ചു നിർത്തിയിട്ട് നിങ്ങളത് പുനഃസംഘടിപ്പിക്കുമെന്ന് പറഞ്ഞാൽ നടക്കുന്ന കാര്യമാണോ ? ഇപ്പോൾ എന്താണ് ഗവർണ്ണർ പറഞ്ഞിരിക്കുന്നത് ? റെസിസ്റ്റൻസ്. ഫ്രസ്ട്രേഷനായി ചില നടപടികളെടുത്തപ്പോൾ റെസിസ്റ്റൻസുണ്ടായി എന്നാണു പറഞ്ഞത്. ആരുടെ ഭാഗത്ത് നിന്നാണ് റെസിസ്റ്റൻസുണ്ടായത്. ഞങ്ങളുടെ ഭാഗത്തു നിന്നാണോ ? പൊതുമേഖലാസ്ഥാപനങ്ങളെ പുനഃസംവിധാനം ചെയ്യുന്നതിന് ഞങ്ങളുടെ ഭാഗത്ത് നിന്ന് വല്ല റെസിസ്റ്റൻസും ഉണ്ടായോ ? എവിടെ നിന്നുണ്ടായി എന്നു പറയണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, സമയം കൂടുതൽ കൊടുക്കുന്നതുകൊണ്ട് വിരോധമില്ല. എത്രയാണെന്ന് തീട്ടപ്പെടുത്തണം.

ശ്രീ. ബേബിജോൺ : സർ, ഞാൻ ഇത് മുഖ്യമന്ത്രിയിൽ നിന്നു പ്രതീക്ഷിച്ചതല്ല. ആ ഔദാര്യത്തിന് നന്ദി പറയുകയാണ്. ഞാൻ പറഞ്ഞുവന്നത് നിങ്ങൾക്ക് ആരുടെ റെസിസ്റ്റൻസ് വന്നു. പണ്ടും ഇങ്ങനെ ഉണ്ടായിട്ടായിരുന്നോ എന്ന് നിങ്ങൾ ചോദിച്ചേക്കാം. പക്ഷെ, പണ്ട് ഗവർണ്ണറെക്കൊണ്ട് അങ്ങനെ പ്രസംഗിപ്പിച്ചിട്ടില്ല. അതുകൊണ്ട് നിങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

സ്ട്രിക്ച്ചേഴ്സ് ഏത് ഭാഗത്തു നിന്നു വന്നു എന്നു പറയണം. അങ്ങനെ ഇൻഡസ്ട്രിയൽ മിനിസ്റ്ററർക്ക് എതിരായിട്ടുള്ള സ്ട്രിക്ചറാണ് അതിൽ കണ്ടത്. നമ്മുടെ ആഭ്യന്തരം മാറണമെന്ന്, പറയുന്നതിന്റെ സൂചനയാണ്. നമ്മുടെ ക്രമസമാധാന നിലയെപ്പറ്റി ഗവർണ്ണറുടെ പ്രസംഗത്തിൽ ഒരു വാചകമുള്ളത്, സർ, പി. ഡബ്ലിയു. ഡി. യെക്കുറിച്ച് കഴിഞ്ഞ പ്രസംഗത്തിൽ പറഞ്ഞു. ആ ഡിപ്പാർട്ടുമെന്റിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനുവേണ്ടി ഇറിഗേഷനും പബ്ലിക്ക് വർക്ക്സും രണ്ടായി വിഭജിക്കുമെന്ന് പറഞ്ഞു. ഞാൻ അന്നു പറഞ്ഞു, നടക്കുകയില്ലായെന്ന്. ഇപ്പോഴും അത് നടന്നോ. ഇറിഗേഷന്റെ വർക്കിനെക്കുറിച്ച് പറഞ്ഞു. ഇന്നയിന്ന പദ്ധതികളെല്ലാം ഈ വർഷത്തിൽ തീർക്കുമെന്ന് പറഞ്ഞു. കല്ലട പദ്ധതി ഈ വർഷം കമ്മീഷൻ ചെയ്യുമെന്ന് പറഞ്ഞു. കല്ലട പദ്ധതി കൊണ്ട് പന്തീരായിരം ഹെക്ടർ സ്ഥലത്ത് വെള്ളം കൊടുക്കുമെന്ന് പറഞ്ഞിരുന്നു. ഇപ്പോഴും അതുതന്നെയാണ് പറയുന്നത്. കല്ലട ഭാഗികമായി എങ്കിലും കമ്മീഷൻ ചെയ്യാൻ സാധിച്ചോ ? ഒരു തുള്ളി വെള്ളം എങ്കിലും കൊടുക്കാൻ ആ പദ്ധതികൊണ്ട് കഴിഞ്ഞോ. മറ്റ് ഏതെങ്കിലും പ്രോ, ക്ട്സ് കമ്മീഷൻ ചെയ്യാൻ കഴിഞ്ഞോ. ഈ വർഷം പറയുന്നു പഴയ പദ്ധതികളും തീർക്കുമെന്ന്. അത്യാവശ്യമില്ലായിരുന്നിട്ടുപോലും ടെണ്ടർ വിളിക്കാതെ ലക്ഷക്കണക്കിന് രൂപയുടെ പൈപ്പ് വാങ്ങിച്ചു. അത് ചീത്തയായി അവിടെ കിടപ്പുണ്ട്. വാൽവ് വാങ്ങിയതും ചീത്തയായി അവിടെ കിടപ്പുണ്ട്. ഗവർണ്ണറുടെ പ്രസംഗം കേട്ടപ്പോൾ എനിക്ക് സഹതാപം തോന്നി. കഴിഞ്ഞ വർഷത്തെ അതേ വാചകം തന്നെ. അതിൽ യാതൊരു മാറ്റവുമില്ല.

ചെറുകിട വ്യവസായത്തിന്റെ കാര്യത്തിൽ കഴിഞ്ഞ വർഷം പറഞ്ഞ അതേ വാചകം ആണ് ഇപ്പോഴും പറഞ്ഞിരിക്കുന്നത്. ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള ഉദ്യോഗസ്ഥൻമാർ എഴുതിക്കൊടുക്കുന്നത് അവഗാഢമായി ആലോചനയില്ലാത ഇതൊക്കെക്കൂടി ഈ പ്രസംഗത്തിലേക്ക് കടത്തിവിടുന്ന ഒരു ഏർപ്പാടാണ് ഇവിടെയുള്ളത്. കഴിഞ്ഞവർഷത്തെ ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞിരുന്നു, ഓർഡിനൻസുകളുടെ എണ്ണം കൂടുതലാണെന്ന്. നിയമ നിർമ്മാണം ഉടനെ നടത്തുമെന്നും പറഞ്ഞിരുന്നു; ഈ വർഷം എന്നിട്ട് എന്തായി ? ഇപ്പോഴും ഉച്ചക്ക് ശേഷം ഇരിക്കണമെന്നുള്ള പ്രമേയം കൊണ്ടുവന്നു. മിനിഞ്ഞാന്ന് പറഞ്ഞു, യാതൊരു കുഴപ്പവുമില്ല എന്ന്. നിയമനിർമ്മാണ കാര്യത്തിൽ അങ്ങനെയൊരു സാഹചര്യം വന്നു. ഇവിടെ അഴിമതി നിരോധന നിയമമുണ്ട്. അത് ഭേദഗതി ചെയ്യാൻ പോകുന്നുവെന്നു പറഞ്ഞു. കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രതിപക്ഷവുമായി ചർച്ച ചെയ്ത് ഭേദഗതി ചെയ്യുമെന്ന് അദ്ദേഹം പറഞ്ഞിരുന്നു. എത്രയോ പ്രാവശ്യം ഞങ്ങൾ ഇത് ഭേദഗതി ചെയ്യണമെന്ന് ആവശ്യപ്പെട്ടു. നിങ്ങൾ എന്തെങ്കിലും നടപടി സ്വീകരിച്ചോ ? കമ്മീഷന്റെ റിപ്പോർട്ട് വന്നിട്ട് എത്രനാളായി ? ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമായിട്ടാണോ നിങ്ങൾ ഭേദഗതി ചെയ്യാൻ പോകുന്നത് ? സമഗ്രമായ ഒരു ഭേദഗതി കൊണ്ടുവരണം. എവിടെ വച്ചാണെന്ന് ഞാൻ ഓർക്കുന്നില്ല തൃശ്ശൂരുവച്ചാണെന്നു തോന്നുന്നു. മുഖ്യമന്ത്രി പറഞ്ഞു, ആണെങ്കിലുമുണ്ടെങ്കിൽ അഴിമതിയാരോപണങ്ങൾ കമ്മിഷനിലേക്ക് കൊടുക്കൂ എന്ന്. മുഖ്യമന്ത്രിയിൽ നിന്ന് ഞാൻ ഇത് പ്രതീക്ഷിച്ചതല്ല. ആ പദപ്രയോഗം അദ്ദേഹത്തിൽ നിന്ന് ഞാൻ പ്രതീക്ഷിച്ചതല്ല. ഞങ്ങൾ പിടിപ്പുകെട്ടവരാണെന്നല്ലേ അദ്ദേഹം പറയുന്നത്. ഞങ്ങൾ കഴിവില്ലാത്തവരാണോ ? നിങ്ങളുടെ മന്ത്രിമാർ തന്നെ ഇതിൽ വേണ്ടത്ര ജാഗ്രതയോടുകൂടി പ്രവർത്തിക്കുന്നുണ്ട്. കാബിനറ്റിന്റെ ഓരോ തീരുമാനങ്ങൾ കഴിയുമ്പോൾ ഓരോ മന്ത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ഓഫീസിൽ നിന്ന് പേഴ്സണൽ സ്റ്റാഫ് ഇതൊക്കെ വിളിച്ചു പറയാറുണ്ട്. പത്രങ്ങളിലും ഇതൊക്കെ വരാറുണ്ട്. ഡിസ്റ്റിലറിയുടെ കാര്യം ഔട്ട്സൈഡ് അജണ്ട ആയിട്ട്, കൺസേൺഡ് ഡിപ്പാർട്ടുമെന്റ് പ്രോസസ്സ് ചെയ്യാതെയും അവരുടെ ടെക്നിക്കൽ ഒപ്പീനിയൻ വാങ്ങിക്കാതെയുമെടുത്ത ഒരു തീരുമാനമാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, അത് ചർച്ച ചെയ്യാൻ പാടില്ല. അത് തെറ്റാണ്.

ശ്രീ. ബേബി ജോൺ : സർ, ഫയൽ ഇവിടെ വയ്ക്കുമെങ്കിൽ ഞാൻ പറഞ്ഞത് ശരിയാണെന്ന് സമ്മതിക്കാം. ആ തീരുമാനങ്ങളും എങ്ങനെയാണ് പുറത്തു വന്നത്. അൺഡിസയറബിളായിട്ടുള്ള ഏലിമെന്റ്സ് ഇവിടെ വന്നതിനെക്കുറിച്ച് പറഞ്ഞു. ജി. എ. ഡി. യുടെ ഉത്തരവ് എങ്ങനെ നമ്പറിട്ട് പുറത്തു വന്നു. അക്കമിട്ട് കാര്യങ്ങൾ വരുന്നു. ഏതെങ്കിലും മന്ത്രിമാരുടെ ഓഫീസിൽ നിന്ന് പോയിക്കാണുമല്ലോ. അല്ലെങ്കിൽ ഈ വിവരങ്ങൾ എവിടെ നിന്നു വരും. ഇൻഡ്യൻ എക്സ്പ്രസ്സിൽ

ശ്രീ. കെ. കരുണാകരൻ : ബഹുമാനപ്പെട്ട മെമ്പറും മന്ത്രിയായിരുന്നതല്ലേ? ജി. എ. ഡി. യിൽ നിന്ന് ഇഷ്യു ചെയ്യുന്ന ഓർഡർ രഹസ്യമാണോ ?

ശ്രീ. ബേബി ജോൺ : അല്ല. ഇഷ്യു ചെയ്താൽ പിറേറ ദിവസം വരുകയില്ല. മിനിസ്റ്റർക്ക് അയച്ചത് റിജക്ട് ചെയ്താൽ അത് എങ്ങനെ പുറത്തു വരുന്നു. ജി. എ. ഡി. യുടെ മാത്രമല്ല അഴിമതിയാരോപണങ്ങളും ഇന്ന മന്ത്രി നടത്തിയെന്ന് നിങ്ങൾ തമ്മിൽ അല്ലേ പറയുന്നത്. അത് ഇവിടെ പറഞ്ഞു പ്രചരിപ്പിക്കുകയും പിന്നീട് ഞങ്ങൾക്ക് ഇവിടെ വരുമ്പോൾ പുതുതായി ഒന്നും പറയാൻ ഇല്ലാതാകുകയും ചെയ്യുന്നു. അഴിമതിയാരോപണങ്ങളെക്കുറിച്ച് പറയുമ്പോൾ, കമ്മീഷനിലേക്ക് പോകു എന്നു പറയുന്ന ബഹുമാന്യനായ മുഖ്യമന്ത്രിയോട്, എനിക്ക് ഒരു അപേക്ഷയുണ്ട്. വളരെ ദീർഘകാലത്തെ പരിചയം നമ്മൾ തമ്മിലുണ്ട്. അങ്ങ് മുഖ്യമന്ത്രിയായിട്ട് പലപ്രാവശ്യം ഇരുന്നിട്ടുണ്ട്. സംശയത്തിന് കാരണമായ സ്ഥിതി വന്നിരിക്കുന്നു. അങ്ങേയ്ക്കും നാടിനും ആർക്കും അത് ഭൂഷണമല്ല. ഒരുപക്ഷേ അങ്ങ് പറഞ്ഞതുപോലെ ആശ്രിതവാൽസല്യം കൊണ്ടായിരിക്കാം. ഞാൻ അത്രയും മാർജിനിടാൻ തയ്യാറാണ്. എഴുത്തച്ഛന്റെ കാര്യവും ബോംബേയിലെ ദാമോദരൻ ആൻഡ് സൺസിന്റെ കാര്യവും പാവപ്പെട്ട ആന്റോയുടെ കാര്യവുമൊക്കെ ഇവിടെ പറഞ്ഞിട്ട് എന്തുകൊണ്ട് മുഖ്യമന്ത്രി അതിന് മറുപടി പറഞ്ഞില്ല സുന്ദർ ദാസിന്റെ കാര്യവും ഇവിടെ പറഞ്ഞു. അങ്ങ് മുഖ്യമന്ത്രിയാണ്. കോൺഗ്രസിന്റെ ഏറ്റവും ഉന്നതമായ സ്ഥാനത്താണ്. അങ്ങ് ഡൽഹിയിലെ ഇടനാഴിയിൽകൂടി പോകുന്നത് അങ്ങേയ്ക്ക് അപമാനം മാത്രമല്ല, എനിക്കും എന്റെയും നിങ്ങളുടെയും സംസ്ഥാനത്തിനും അപമാനമാണ്. ആരുടെയും മുമ്പിൽ പോയി തലകുനിക്കാനുള്ള ആളല്ല എന്റെ നാടിന്റെ മുഖ്യമന്ത്രി എന്ന് മനസിലാക്കണം. നിങ്ങൾക്ക് ഈ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങളിൽ ആകാംഷയുണ്ടെങ്കിൽ നിങ്ങൾക്ക് ചെയ്യാവുന്ന ഏറ്റവും നല്ല കാര്യം രാജിവച്ച് പുറത്തുപോകുകയോ തെരഞ്ഞെടുപ്പ് നടത്തുകയോ ആണ്. അതാണ് ഇന്ന് ആവശ്യമായിട്ടുള്ളത്. ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു.

ശ്രീ. ടി. വി. വിജയരാജൻ : സർ, ശ്രീ. എം. എം. ഹസ്സൻ ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. ശ്രീ. ബേബിജോൺ വളരെ ആവേശകരമായി ചില കാര്യങ്ങൾ ഇവിടെ പറഞ്ഞു. ഈ അടുത്ത സമയത്ത് ഞാൻ എന്റെ പാർട്ടിയുടെ ഫണ്ട് പിരിവിനായി നമ്മുടെ രാജ്യത്തെ മദ്യ

LIBRARY ARCHIVES Kerala Legislative Assembly

മുതലാളിമാരുടെ അടുത്തു പോയി. അപ്പോഴും അവരിൽ നിന്നുകിട്ടിയ ചില വിവരങ്ങളാണ് ഇവിടെ പറയാൻ പോകുന്നത്. അവർക്ക് ഇഷ്ടപ്പെട്ട രണ്ട് മന്ത്രിമാർ ഇവിടെയുണ്ടായിരുന്നു. അവർ ഇന്നും പറഞ്ഞാൽ എന്തും ചെയ്യും എന്നാണ് പറഞ്ഞത്. ബ്ലാങ്ക് ചെക്ക് ഒപ്പിട്ടുകൊടുക്കുമെന്നാണ് അവർ പറഞ്ഞത്. ലേലം വിളിക്കുന്ന തുക്വരെ ഇളവ് ചെയ്തു കൊടുത്ത ചരിത്രം വരെ അവരുടെ കയ്യിൽ നിന്ന് മനസിലാക്കാൻ കഴിഞ്ഞു. തൊഴിലാളി വർഗ്ഗത്തിന്റെ കാര്യങ്ങളും ഇത്ര ആവേശകരമായി അവതരിപ്പിക്കുന്ന, സാധാരണക്കാരായ ജനങ്ങളുടെ കാര്യങ്ങൾക്കുവേണ്ടി ഇത്ര ശക്തിയായി പ്രസംഗിക്കുന്ന ശ്രീ. ബേബി ജോണിന് ഈ രാജ്യത്തെ മദ്യമുതലാളിമാരുമായി അടുത്ത ബന്ധമില്ലേ എന്നു അദ്ദേഹം തിരിഞ്ഞു നോക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റ് പലരേപ്പറ്റിയും ആരോപണങ്ങളും വയ്ക്കുമ്പോൾ ഇത് എല്ലാവരും മനസിലാക്കുന്നതാണ്. ശ്രീമതി കെ. ആർ. ഗൗരിയെപ്പറ്റിയും മുണ്ട്. തൊഴിലാളി വർഗ്ഗത്തിന്റെ കണ്ണിലുണ്ണിയായ ഗൗരിയമ്മയെപ്പറ്റി മദ്യമുതലാളിമാർക്ക് വലിയ ആദരവാണ്. എങ്ങനെയുള്ള ആദരവാണെന്ന് സാധാരണ ചിന്തിക്കാൻ കഴിവുള്ളവർക്ക് മനസ്സിലാകും.

ശ്രീമതി കെ. ആർ. ഗൗരി : ഞാൻ അവരോട് കൈക്കൂലി വാങ്ങിച്ചിട്ടില്ല. അതുകൊണ്ടാണ് അവർക്ക് ആദരവുള്ളത്.

ശ്രീ. ടി. വി. വിജയരാജൻ : ഞാൻ ഗൗരിയമ്മ കൈക്കൂലി വാങ്ങിയെന്നല്ല പറഞ്ഞത്; അവരോട് ആദരവുണ്ടെന്നാണ് ഞാൻ പറഞ്ഞത്. ഈ രാജ്യത്തിലെ മദ്യരാജാക്കൻമാർക്ക് ഗൗരിയമ്മയോടും ബേബി ജോണിനോടും ആദരവുണ്ടെന്നാണ് ഞാൻ പറഞ്ഞത്. കൈക്കൂലി വാങ്ങിയെന്ന് ഞാൻ

[12 NOON പറഞ്ഞില്ല. അവർക്ക് ചെയ്തു കൊടുത്ത കാര്യങ്ങളും പറഞ്ഞ് ആദരവാണെന്നാണ് പറഞ്ഞത്; തെളിവു തരാം. ഈ ലേലത്തുക മറ്റാരും തന്നെ ഇതുവരെ ഇളവ് ചെയ്തു കൊടുത്തിട്ടില്ല. അവരുടെ കാലത്ത് ഇളവ് ചെയ്ത കൊടുത്തിട്ടുണ്ട്. അങ്ങനെയുള്ള നല്ല കാര്യങ്ങൾ ഈ രാജ്യത്തെ മുതലാളിമാർക്ക് ചെയ്തു കൊടുക്കാൻ വളരെ തന്റേടവും കഴിവും കാണിച്ചിട്ടുള്ള മന്ത്രിമാരാണ് ഇവർ. ആ നിലയിൽ ഇന്നും ആദരിക്കുന്നു എന്നാണ് പറയപ്പെടുന്നത്. അല്ലാതെ ഗൗരിയമ്മ കൈക്കൂലി വാങ്ങിയെന്ന് ഞാൻ പറഞ്ഞില്ല. (ബഹളം).....സർ, ഇവിടെ എത്രയോ സമയം ശ്രീ. ബേബി ജോൺ തന്റെ സമയം കഴിഞ്ഞിട്ട് 15 മിനിട്ട് നേരം കൂടി പ്രസംഗിച്ചപ്പോഴും ഞങ്ങൾ ശാന്തമായി കേട്ടിരുന്നില്ലേ? മുഖ്യമന്ത്രിയെപ്പറ്റി പാവം പയ്യനും അനിശ്ചിതത്വവുമെല്ലാം പറഞ്ഞില്ലേ? ഞങ്ങൾ പറയുന്നതുകൂടി കേൾക്കാൻ തയ്യാറാകണം.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : ഓർഡർ, ഓർഡർ ദയവായി പ്രസംഗം തുടരണം.

ശ്രീ. ടി. വി. വിജയരാജൻ : തിരുവല്ല ഷുഗർ ഫാക്ടറിയിൽ ഇവർ കൊണ്ടുവന്നിട്ടുള്ളതുപോലെ ആരും സ്പീരിറ്റ് കൊണ്ട് വന്നിട്ടില്ല.....(ബഹളം).....സർ, ഈ രാജ്യത്തെ സ്പീരിറ്റിന് ക്ഷാമമില്ല.....(ബഹളം).....ഈ രാജ്യത്തെ മുതലാളിമാർക്ക് സ്പീരിറ്റിന് യാതൊരു കമ്മിയുമില്ല. ഇഷ്ടംപോലെ കൊടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. മൂസ്സക്കുട്ടി : നിങ്ങൾ മദ്യ രാജാക്കൻമാരുടെ അടുക്കൽ ഫണ്ട് പിരിക്കാൻ പോയത് ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയുടെ പാർട്ടിയിൽപ്പെട്ട ആൾ എന്ന നിലയ്ക്ക് അവരോട് കൈക്കൂലി വാങ്ങിക്കാൻ പോയതല്ലേ? അപ്പോഴല്ലേ ഇതെല്ലാം പറഞ്ഞത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. വിജയരാജൻ : മൂസ്സക്കുട്ടിയുടെ പാർട്ടി ഭരിച്ചിരുന്നപ്പോഴ ഇത്തരം ഫണ്ട് പിരിവൊന്നും നടന്നില്ലായിരിക്കാം. അല്ലേ ? പക്ഷേ ഈ രാജ്യത്ത് എത്രയോ ഫണ്ട് പിരിവ് നടന്നിട്ടുണ്ട്. 15 ലക്ഷം, 20 ലക്ഷം എന്നൊക്കെ പറഞ്ഞ് വാംപോസ്റ്ററുകളടിച്ച് മുതലാളിമാരുടെ കൈയിൽ നിന്നും പിരിച്ചിട്ടുള്ള തുകയൊന്നും ഞാൻ പറയുന്നില്ല. ഈ പിരിവ് എല്ലാവരും നടത്തുന്നതാണ്, ഇല്ലെന്ന് പറയേണ്ട.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞു.

ശ്രീ. ടി. വി. വിജയരാജൻ : ഒരു ചെറിയ കാര്യം കൂടി. വളരെ പ്രധാനമായിട്ട് മൂന്നു കാര്യങ്ങളാണ് പ്രതിപക്ഷം ഇവിടെ പറഞ്ഞിട്ടുള്ളത്. 1-ാമത് വർഗ്ഗീയ പാർട്ടികളുമായുള്ള കൂട്ടുകെട്ട്, രണ്ടാമത് അനൈക്യം..... മൂന്നാമത് അനിശ്ചിതത്വം.....(ബഹളം).....അനൈക്യത്തെപ്പറ്റി ഇവർ പറയുന്നല്ലോ. അവിടെ ഇപ്പോഴും വളരെ ഐക്യമാണ്. പാർട്ടിക്കുള്ളിലും പാർട്ടികളും തമ്മിലും ഉള്ള ഐക്യത്തെക്കുറിച്ച് പ്രത്യേകിച്ച് ഞാൻ പറയേണ്ട. കഴിഞ്ഞ രണ്ടു മൂന്നു ദിവസമായി ഭരണപക്ഷത്തുള്ള ആളുകളും നിങ്ങളുടെ ഐക്യത്തെപ്പറ്റി വളരെ വ്യക്തമായിട്ട് പറഞ്ഞിട്ടുണ്ട്. അനിശ്ചിതത്വത്തെപ്പറ്റിയും പറഞ്ഞല്ലോ. ഇത്ര ശക്തമായിട്ട് പ്രവർത്തിക്കുന്ന ഒരു ഗവൺമെൻറ് മെഷീനറിഇൗ രാജ്യം കണ്ടിട്ടില്ല സർ. കഴിഞ്ഞ ഏഴെട്ടു ദിവസമായി ഇത്ര അന്തസ്സായിട്ട് ഈ നിയമസഭ ഇവിടെ കൂടി എല്ലാ കാര്യപരിപാടികളും നടപ്പാക്കാൻ കഴിഞ്ഞതുതന്നെ ഇത്ര ശക്തമായിട്ട് പ്രവർത്തിക്കുന്ന ഗവൺമെൻറോ ഒരു സെക്രട്ടേറിയറേറാ ഈ സംസ്ഥാനത്ത് ഇന്നുവരെ ഉണ്ടായിട്ടില്ല എന്നുള്ളതിന് തെളിവാണ്. സർ, ഈ രണ്ടു നാലു ദിവസങ്ങൾക്കുള്ളിലെ ചോദ്യോത്തരങ്ങൾ ഒന്നു വിലയിരുത്തിക്കൊണ്ട് നിങ്ങൾ അതിനെക്കുറിച്ച് ചിന്തിക്കണം എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ഈ ഗവൺമെൻറ് അധികാരത്തിൽ വന്ന 1982 ജൂൺ 25-ന് ശ്രീമതി ജ്യോതി വെങ്കടചെല്ലം ചെയ്ത നയപ്രഖ്യാപന പ്രസംഗം മുതൽ മാർച്ച് 14-ാം തീയതി ഗവർണ്ണർ ശ്രീ. രാമചന്ദ്രൻ ചെയ്ത നയപ്രഖ്യാപന പ്രസംഗം വരെ അഞ്ചു നയപ്രഖ്യാപന പ്രസംഗവും ഞാൻ ഒന്ന് ഓടിച്ച് വായിച്ചു നോക്കി. കഴിഞ്ഞ നയപ്രഖ്യാപനത്തിൽ നിന്നു വ്യത്യസ്തമായി ശ്രീ. ഹസ്സൻ ഇപ്പോഴം ഗവർണ്ണറോട് നന്ദി പറഞ്ഞെങ്കിൽ അത് ഭരണഘടനാപരമായ ബാദ്ധ്യതയായി ഞാൻ കാണുന്നില്ല, രാഷ്ട്രീയമായ ഒരു ബാദ്ധ്യത ഹസ്സൻ നിർവ്വഹിച്ചുവെന്ന് മാത്രമേ വിചാരിക്കുന്നുള്ളു. ഗവർണ്ണറുടെ നയപ്രഖ്യാപനം ഭരണകക്ഷികളും തമ്മിൽ കഴിഞ്ഞ കുറെക്കാലങ്ങളായി ഉണ്ടാക്കിയതോ, ഉണ്ടാക്കപ്പെട്ടതോ കൃത്രിമമായി ചമയ്ക്കപ്പെട്ടതോ ആണ്. മനഃപൂർവ്വം ആണോ എന്ന് എനിക്ക് അറിഞ്ഞുകൂടാ. നിലവിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ പറഞ്ഞൊതുക്കാനുള്ള ശ്രമം പരാജയപ്പെട്ടപ്പോൾ ഭരണത്തിൽ പിടിച്ചു നിൽക്കാൻ മറ്റു മാർഗ്ഗമില്ലാത്തതുകൊണ്ട് പിടിച്ചു നിൽക്കുക എന്ന ലക്ഷ്യത്തിനുവേണ്ടി മാനസികമായി പൊരുത്തമില്ലെങ്കിലും ഒരു സംയുക്ത പ്രസ്താവനയുമായി പുറത്തുവരാനിടയായ ആ സംയുക്ത പ്രസ്താവനയാണ് ഈ മാർച്ച് 14-ാം തീയതി ഗവർണ്ണർ ഇവിടെ ചെയ്ത പ്രസംഗം. ഈ രാജ്യത്തിൻെറ സാമ്പത്തിക സാമൂഹ്യ വിഭവശേഷിയെപ്പറ്റിയുള്ള മാറ്റങ്ങളെക്കുറിച്ചും നാളെ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചും ഇതിലൊന്നും വ്യക്തമായി പറയുന്നില്ല. എന്തുകൊണ്ടാണ് ഗവർണ്ണർ അത്തരത്തിൽ കേരളത്തിൽ പ്രസംഗിക്കാനിടയായത് ? ഇതിനുമുമ്പ് ഈ ഗവൺമെൻറിനുവേണ്ടി പല രീതിയിൽ പ്രസംഗിച്ച ഗവർണ്ണർ ഇക്കുറി ഇങ്ങനെ പ്രസംഗിക്കാൻ ഇടയായത് എന്തുകൊണ്ടാണ് ? അതിൻെറ പൂർണ്ണമായ

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവാദിത്വം ആര് ഏൽക്കണം ? ഇവിടെ ആരോ പറയുന്നത് കേട്ടു തെരഞ്ഞെടുപ്പിനെപ്പറ്റി. കഴിഞ്ഞ നിയമസഭ പിരിഞ്ഞത് ഓർക്കുന്നുണ്ടോ ? ഇവിടെ ഇപ്പോൾ ശ്രീ. ഉമ്മൻചാണ്ടിയില്ല, ശ്രീ. മാണിയുമില്ല, രണ്ടുപേരും ആവർത്തിച്ച് പറഞ്ഞു, റാന്നിയിൽ വച്ച് നമുക്ക് കാണാം എന്ന്. ശ്രീ. ഹസ്സൻ, ശ്രീ. കരുണാകരൻ റാന്നിയിൽ വച്ച് നമ്മളം കണ്ടതിനു ശേഷം ആണ് അഭിമാനത്തോടുകൂടി ഞങ്ങൾ ഈ നിയമസഭയിൽ കടന്നുവന്നിരിക്കുന്നത്.

ശ്രീ. പി. സീതിഹാജി : ഇത്രയും ഉച്ചത്തിൽ സംസാരിക്കേണ്ട ; ഇവിടെ കേൾക്കാൻ സംസാരിച്ചാൽ മതി.

ശ്രീ. എ. സി. ഷൺമുഖദാസ് : ഞാൻ പറയുന്നതൊക്കെ എന്റെ ഉള്ളിൽത്തട്ടിയാണ് പറയുന്നത്. ഇതിൽ രണ്ടുമുഖമില്ല. സർ, ഇവിടെ പറഞ്ഞു ഒൻപതിനായിരം വോട്ടിന്റെ ഭൂരിപക്ഷമുണ്ടെന്ന്. 1980-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഏറെറവും ശക്തമായിരുന്നു. അന്ന് ശ്രീമാൻ ആൻറണിയും മാണിയുമൊക്കെ ഞങ്ങളുടെ കൂടെയായിരുന്നു. അന്ന് റാന്നിയിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ജയിച്ചത് 3100 വോട്ടോടെയാണ്. എതിർപക്ഷത്തിന് 30000 വോട്ട്. ആയിരംവോട്ടിന്റെ ഭൂരിപക്ഷം. സർ, ആൻറണിയും മാണിയും അന്നത്തെ മുന്നണി വിട്ടുപോയി. ആൻറണി ഇടതുപക്ഷജനാധിപത്യ മുന്നണിക്ക് ഒരു വലിയ പാരയും കൊടുത്തോണ്ടു പോയത് എന്നാണ് പറയുന്നത്. കേരള കോൺഗ്രസിന്റെ ശക്തി ദുർഗ്ഗമാണ് റാന്നിയെന്നാണല്ലോ പറയുന്നത്. ആ രണ്ട് ആളുകളും വിട്ടുപോയി, ഞങ്ങൾ ഇക്കുറി തെരഞ്ഞെടുപ്പിൽ മൽസരിച്ചു. തെരഞ്ഞെടുപ്പിൽ 600 വോട്ടിന്റെ ഭൂരിപക്ഷത്തിൽ ജയിച്ചു. ലോകസഭ തെരഞ്ഞെടുപ്പിലും 17000 വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് ആണ് നിങ്ങൾ ജയിച്ചത്. സർ, അതിന്റെ അർത്ഥമെന്താണ് ? 1980-ലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ നിന്ന് ആൻറണി കോൺഗ്രസിനെയും മാണി കോൺഗ്രസിനെയും കിഴിച്ചാൽ ഞങ്ങൾക്ക് ലാഭമോണോ നഷ്ടമാണോ സർ ? സണ്ണി പനവേലിക്ക് 9000 വോട്ട് കിട്ടി. കരുണാകരന്റെ നേതൃത്വത്തിലുള്ള ഐ കോൺഗ്രസുകാർ കൂറുമാറി. ശ്രീമാൻ ആൻറണിക്കെതിരായി ഐ കോൺഗ്രസിനെതിരായി ഞങ്ങളും വോട്ടു ചെയ്തു. രാഷ്ട്രീയ വോട്ടല്ല, ഇന്ന് കരുണാകരൻ കളിക്കുന്ന അതേ രാഷ്ട്രീയം. കരുണാകരൻ കുടുങ്ങിയത് തെരഞ്ഞെടുപ്പു സമയത്തു തന്നെയാണ്. കരുണാകരൻ അതിനപ്പുറം കാണുകയില്ല. ഇവിടെ തെരഞ്ഞെടുപ്പ് നടക്കുമെന്ന് ആര് പറയുന്നു ? ഇദ്ദേഹത്തെ നന്നായി അറിയാവുന്നതുകൊണ്ട് ഞാൻ വിശ്വസിക്കുന്നത് 5 കൊല്ലമല്ല അഞ്ചരക്കൊല്ലമോ 6 കൊല്ലമോ കഴിഞ്ഞാലേ ഇദ്ദേഹം തെരഞ്ഞെടുപ്പിനെക്കുറിച്ച് ഈ ജീവിതത്തിൽ ആലോചിക്കുകയുള്ളു എന്നാണ്. ഒരു നിമിഷത്തിൽപ്പോലും കരുണാകരൻ തെരഞ്ഞെടുപ്പിനെക്കുറിച്ച് ആലോചിച്ചിട്ടില്ല എന്നു വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. നിങ്ങളെ കളിപ്പിക്കാൻ, നിങ്ങളെ യോപ്പെടുത്താൻ, നിങ്ങളെ നിലയ്ക്ക് നിർത്താൻ, പാർട്ടിക്കകത്തും ഐക്യമുന്നണിയിലും നിങ്ങളെ വരുതിയിൽ കൊണ്ടു വരാൻ പലപ്പോഴും കരുണാകരൻ തെരഞ്ഞെടുപ്പിന്റെ മത്താപ്പ് പൊട്ടിച്ച് നിങ്ങളെ ഭീഷണിപ്പെടുത്തി ; പാവം നിങ്ങൾ കുടുങ്ങി. കരുണാകരന്റെ സന്തതസഹചാരികളായ ചില പത്രക്കാരും ആ മായാവലയത്തിൽപ്പെട്ട് സാധാരണ പതിവിന് വിരുദ്ധമായി കേരളത്തിൽ തെരഞ്ഞെടുപ്പ് നടത്തുമെന്ന ഒരു മിഥ്യയിൽപ്പെട്ടുപോയി എന്നതാണ് സത്യം. അതിന്റെ ഫലമെന്താണ് ? കേരള കോൺഗ്രസ്, മുസ്ലീംലീഗ് ഇവരൊക്കെ ഐക്യ മുന്നണിയുടെ രാഷ്ട്രീയാടിസ്ഥാനത്തിനു വിരുദ്ധമായി, മുഴുവൻ രാഷ്ട്രീയ നയങ്ങളെയും അതിന് അടിയറവച്ചുകൊണ്ട് ഈ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് കൈ പോക്കേണ്ടി വന്നു, അല്ലെങ്കിൽ നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പറയേണ്ടി വരും, ഞങ്ങൾ അറിയാതെ ചില വാചകങ്ങൾ ഇതിൽ കടന്നു കൂടിയെന്ന്. ഇന്ന് കേരള കോൺഗ്രസിന്റെ രാഷ്ട്രീയ ചിത്രം എന്താണ് ? ശ്രീ. ടി. എസ്. ജോൺ ഇവിടെ സംസാരിച്ചപ്പോൾ എനിക്ക് സംശയമില്ലാതായി. കാരണം, ജോൺ പറഞ്ഞു, ഞങ്ങളുടെ നയം പഴയ നയം തന്നെ ആണെന്നാണ്. എന്നാൽ ജോൺ പറഞ്ഞതിനു വിരുദ്ധമാണ് നയപ്രഖ്യാപനം. ഇവിടെ മാർക്സിസ്റ്റ് പാർട്ടിയുടെ അച്ചടക്ക നടപടിയെക്കുറിച്ച് പറയുന്നില്ല ? കേരള കോൺഗ്രസ് അച്ചടക്ക നടപടി എടുക്കുമായിരുന്നെങ്കിൽ മന്ത്രിമാരായ കെ. എം. മാണിയും, പി. ജെ. ജോസഫും, ടി. എം. ജേക്കബും നിങ്ങളുടെ നയത്തെ കളഞ്ഞു കുളിച്ചു അധികാരക്കസേര യുറപ്പിക്കാൻ കാബിനറ്റിൽ കൂടു നിൽക്കുമായിരുന്നോ ? അങ്ങനെ നിങ്ങളെ നിയമസഭയുടെ പിൻബഞ്ചിലല്ല പുറത്തേക്കുതന്നെ പറഞ്ഞയയ്ക്കുമായിരുന്നു എന്ന് വിശ്വസിക്കുന്നവനാണ് ഞാൻ. സർ, ഈ മുഖ്യമന്ത്രി എന്താണ് കഴിഞ്ഞ മാസങ്ങളിൽ ചെയ്തത് ? പത്രക്കാർക്ക് ബ്രീഫ് ചെയ്തു കൊടുക്കും. ദിവസങ്ങളോളം ബ്രീഫ് ചെയ്യും. അദ്ദേഹത്തിന് സന്തത സഹചാരികളായ ചില ആളുകളുണ്ട്. എല്ലാകാലത്തും അദ്ദേഹം അത് ചെയ്തുകൊണ്ടിരുന്നു. എന്താണ് ലാഭമെന്നു ചോദിച്ചാൽ, അദ്ദേഹത്തിന് എതിരായി ഉയർന്നു വരുന്ന രാഷ്ട്രീയവും അധാർമ്മികവും മറ്റ് രീതിയിലുള്ളതുമായ പരാതികളിലും ആരോപണങ്ങളിലും നിന്ന് ജനശ്രദ്ധ തിരിച്ചു വിട്ട് അതിൽനിന്ന് രക്ഷപ്പെടുന്നതിന് ശ്രമിക്കും. ഞാൻ ഇവിടെ മുഖ്യമന്ത്രി രാജി വയ്ക്കുന്നതിനെക്കുറിച്ചല്ല പറയുന്നത്. സർ, മുഖ്യമന്ത്രി പോപ്പ് വന്ന ദിവസം രാത്രി ഡൽഹിയിലേക്കുപോയി. ആര് വിളിച്ചിട്ടു പോയി ? അവിടെ ചർച്ച നടന്നോ ? പാർലമെന്ററി ബോർഡ് കൂടിയോ ? മനഃപൂർവ്വം വാർത്ത സൃഷ്ടിച്ച് തിരിച്ച് പോന്നില്ലേ ?

സർ, ശ്രീ. കരുണാകരൻ പ്രധാനമന്ത്രിയെ കാണാൻ രാത്രി 10 മണിവരെ കാത്തിരുന്നു. പക്ഷേ പ്രധാനമന്ത്രിയെ കണ്ടില്ല. അദ്ദേഹത്തിന്റെ പേഴ്സണൽ സെക്രട്ടറിയെ കണ്ടു. ഞാൻ പറയുന്നത് അങ്ങ് അധികാരം ചുമന്നുകൊള്ളൂ. പക്ഷേ വർക്കിംഗ് കമ്മിറ്റികളിലും പാർലമെന്ററി ബോർഡുകളിലും പത്തറുപതു കൊല്ലത്തെ രാഷ്ട്രീയ പാരമ്പര്യത്തെ കുറിച്ച് അങ്ങ് ഓർമ്മിക്കണം. ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ഇന്നെന്താണ് സർ ? സംസ്ഥാനങ്ങളെ അംഗീകരിച്ചുകൊണ്ട് വോട്ടെടുപ്പു സമ്പ്രദായത്തിലൂടെ മാത്രമാണ് ഇൻഡ്യ നിലനിൽക്കുന്നത്. എന്തായാലും കേരളത്തിനെ സംബന്ധിച്ചിടത്തോളം ഈ രാഷ്ട്രീയ സ്ഥിതി അവസാനിപ്പിക്കണം. 1984-ൽ നോവൽ അക്കാഡമിയും മറ്റും കേരളത്തിന് അനുവദിക്കുമെന്ന് കേന്ദ്രം പറഞ്ഞു. കേന്ദ്രഗവൺമെന്റിന്റെ അടുത്ത കാലത്തെ നയങ്ങളും ഈ സംസ്ഥാനത്തിന്റെ .....

മി. ഡെ. സ്പീക്കർ : അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ഞാൻ പറയാനുള്ളതു പറഞ്ഞു തീർന്നില്ല. (ബഹളം) ഇനി ഞാൻ പ്രസംഗിക്കുന്നില്ല.

മി. ഡെ. സ്പീക്കർ : അങ്ങ് പറഞ്ഞുവന്ന വാചകം പറഞ്ഞു തീർത്ത് പ്രസംഗം അവസാനിപ്പിക്കണം. (ബഹളം) അദ്ദേഹത്തിന് സമയം വേണ്ടെന്നു പറഞ്ഞാൽ പിന്നെ എന്തു ചെയ്യണം ? വാചകം പൂർത്തിയാക്കാൻ പറഞ്ഞാൽ വാചകം പൂർത്തിയാക്കാതെ നിന്നാൽ എന്തു ചെയ്യും ? (ബഹളം) അദ്ദേഹം പറഞ്ഞ വാചകം പൂർത്തിയാക്കട്ടെ. അതിന് അദ്ദേഹം തയ്യാറല്ലെങ്കിൽ പിന്നെ എന്തു ചെയ്യും ? മി. ഷൺമുഖദാസ് നിങ്ങൾ പറഞ്ഞുവന്ന വാചകം പൂർത്തിയാക്കണം. (ശ്രീ. എ. സി. ഷൺമുഖദാസ് പ്രസംഗിക്കാതെ മൗനമായി അദ്ദേഹത്തിന്റെ സീറ്റിനുമുന്നിൽ നിന്നു.)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ദിനകരൻ: സർ, ശ്രീ. ഹസ്സൻ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. (ബഹളം) ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം, മുൻകാല ഗവൺമെൻറുകളുടേതിൽ നിന്ന് വ്യത്യസ്തമായി കൂടുതൽ ജനക്ഷേമകരമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള ഒരു ഗവൺമെൻറാണിത്. അത് ഒന്നിച്ചുനിന്നു പറയാൻ ഒരവസരം ഉണ്ടായില്ല എന്നുള്ളതൊഴിച്ചാൽ, ഏറ്റവും കൂടുതൽ ജനക്ഷേമകരമായ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ള ഒരു ഗവൺമെൻറാണ് ഇത്. ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. എന്നീ പദ്ധതികളിലൂടെ ഗ്രാമ ഗ്രാമാന്തരങ്ങളിൽ വികസന പ്രവർത്തനത്തിൻറെ വെളിച്ചവുമായി കടന്നുചെന്ന ഒരു ഗവൺമെൻറാണിത്. ശുദ്ധജലവിതരണം വ്യാപകമായി നടപ്പിലാക്കിയ ഒരു ഗവൺമെൻറാണിത്. വെള്ളപ്പൊക്കമുണ്ടായപ്പോൾ യുദ്ധകാലാടിസ്ഥാനത്തിൽ ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് ആശ്വാസം എത്തിച്ചുകൊടുത്തു എന്നുള്ളത് ആർക്കും നിഷേധിക്കാൻ കഴിയുകയില്ല. തൊണ്ണിന് ലെവി സമ്പ്രദായം ഏർപ്പെടുത്താൻ പോകുന്നുവെന്ന് ഈ ഗവൺമെൻറിൻറെ നയ പ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. കയർ വികസന ഫണ്ട് രൂപീകരിക്കുമെന്നും കൈത്തറി തൊഴിലാളികൾക്ക് റിസ്ക് ഫണ്ട് ഏർപ്പെടുത്തുമെന്നും നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ചുമട്ടു തൊഴിലാളികൾക്കും സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്കും കെട്ടിട നിർമ്മാണ തൊഴിലാളികൾക്കും സിനിമാ ശാലയിലെ തൊഴിലാളികൾക്കും ക്ഷേമനിധി ഏർപ്പെടുത്താൻ തീരുമാനിച്ചിരിക്കുകയാണ്. ചെത്തു തൊഴിലാളികൾക്കും കയർ തൊഴിലാളികൾക്കും ചുമട്ടുതൊഴിലാളികൾക്കും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ പോകുന്നു. കർഷകത്തൊഴിലാളികൾക്ക് റിസ്ക് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്താൻ പോകുന്നു. ഗവൺമെൻറ് ജീവനക്കാരുടെ പ്രശ്നം പരിഹരിക്കുന്നതിന് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഏർപ്പെടുത്താൻ പോകുന്നു. 7-ാം പഞ്ചവൽസര പദ്ധതി ഒരു സ്പിൽ ഓവറാകാതെ കൂടുതൽ വിഭവങ്ങൾ സമാഹരിച്ചുകൊണ്ട് നടപ്പാക്കണം. ജനക്ഷേമകരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കണം. അഴിമതി നിരോധനസംവിധാനത്തിൽ ഇന്നു കാണുന്ന അപാകത ഒഴിവാക്കണം. വിദ്യാഭ്യാസ രംഗം ഇന്നു സങ്കീർണ്ണമാണ്, സ്വകാര്യ കുത്തക മുതലാളിമാർക്ക് ആ രംഗം അടിയറ വച്ചോ എന്നു സംശയിക്കത്തക്ക ഒരു സ്ഥിതി വിശേഷം ഉണ്ട്. സമൂഹത്തിലെ പിന്നോക്ക വിഭാഗങ്ങളുടെ വികാരങ്ങളെ മാനിക്കാതെ മുന്നോട്ടുപോകുന്നത് ശരിയല്ല. ആ തെറ്റ് തിരുത്താൻ തയ്യാറാകണം. ബഡ്ജറിലെ വികസനപ്രവർത്തനങ്ങൾ ചില പ്രത്യേക മേഖലകളിൽ മാത്രം ഒതുക്കി നിർത്തുന്ന കീഴ്വഴക്കം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിച്ചാൽ നന്നായിരിക്കും. സംഘടിത സമ്മർദ്ദ ഗ്രൂപ്പുകൾക്ക് വഴങ്ങുന്ന സമീപനം ഗവൺമെൻറിൻറെ ഭാഗത്തുനിന്നു ഉണ്ടാകരുത്. ഈ നന്ദി പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഞാൻ എൻറെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കോട്ടക്കുഴി സുകുമാരൻ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഈ സംസ്ഥാനത്തിൻറെ കാര്യങ്ങൾ നടത്തുന്ന ഈ ഗവൺമെൻറിനെതിരായിട്ട് പല സമരങ്ങളും നടത്തുന്നുണ്ടെങ്കിലും ക്ഷേണക്ഷാമത്തിനെതിരായി ഒരു സമരം ഇന്നു നടക്കുന്നില്ല. അരിയില്ലെന്നോ തുണിയില്ലെന്നോ പറഞ്ഞു ഒരു സമരം ഇന്നു നടക്കുന്നില്ല. ഇപ്പോൾ റാന്നിയിൽ ഒരു ഉപതിരഞ്ഞെടുപ്പ് നടന്നു. പന്തീരായിരം വോട്ടിൻറെ ഭൂരിപക്ഷം കിട്ടുമെന്ന് പ്രതിപക്ഷം പറഞ്ഞെങ്കിലും കേവലം 600 വോട്ടിൻറെ ഭൂരിപക്ഷമാണ് കിട്ടിയത്. ഇവിടെ വർഗ്ഗീയത ഉണ്ടെന്നു പറയുന്നു. മലപ്പുറത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഇടതുപക്ഷസ്ഥാനാർത്ഥിയായി മുസ്ലീം അല്ലാത്ത ഒരാളെ നിർത്താൻ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി തയ്യാറാകുമോ ? അടുത്തു നടക്കുന്ന തെരഞ്ഞെടുപ്പിൽ മുസ്ലീം അല്ലാത്ത ഒരാളെ മലപ്പുറത്ത് നിർത്താൻ നിങ്ങൾ തയ്യാറാണോ ? ഇത്രയും പറഞ്ഞുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് ശ്രീ. ഹസ്സൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. കഴിഞ്ഞ ആറുമാസക്കാലമായി ഈ സംസ്ഥാനത്തെ ഏക ചർച്ചാവിഷയം സംസ്ഥാനത്ത് ഒരു ഇടക്കാല തെരഞ്ഞെടുപ്പ് ഉണ്ടാകുമോ ഇല്ലയോ എന്നതു മാത്രമാണ്. ഈ വാദപ്രതിവാദങ്ങൾക്ക് തുടക്കമിട്ടത് മറ്റാരുമല്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെയാണ്. മുഖ്യമന്ത്രി അത് പറയാവുന്ന സ്ഥലങ്ങളിലെല്ലാം പറയാവുന്നവരോടെല്ലാം ഇടക്കാലതിരഞ്ഞെടുപ്പ് ഉണ്ട് എന്ന് പറഞ്ഞു. എന്നാൽ അദ്ദേഹംപോലും അതിൽ വിശ്വസിച്ചിട്ടില്ല. ഇടക്കാലതെരഞ്ഞെടുപ്പ് നടത്തുന്നതിന് അദ്ദേഹത്തിന് യാതൊരു ഉദ്ദേശവും ഉണ്ടായിരുന്നില്ലായെന്നാണ് എനിക്ക് എല്ലായ്പ്പോഴും തോന്നിയിട്ടുള്ളത് ; ഇപ്പോഴും തോന്നുന്നത്. അദ്ദേഹം ഇടക്കാലതെരഞ്ഞെടുപ്പ് എന്ന വാദംകൊണ്ടുവന്നത് വകുപ്പ് മാറ്റുക, മന്ത്രിമാരെ മാറ്റുക തുടങ്ങിയ ഉദ്ദേശങ്ങളോടുകൂടിയാണ്. ഇടക്കാല തെരഞ്ഞെടുപ്പുണ്ടാകുമെന്ന് അദ്ദേഹം വ്യാപകമായ പ്രചരണം കൊടുത്തു. എന്നാൽ അത് ഉണ്ടാകുമെന്ന് ആരെങ്കിലും ഈ സഭയിൽ വിശ്വസിക്കുന്നുണ്ടോ ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇന്നലെയോ മിനിഞ്ഞാന്നോ വ്യക്തമാക്കുകയുണ്ടായി, 'ഈ സഭ കഴിഞ്ഞ് മറ്റൊരു സഭ കൂടി ഓർഡിനൻസ് എല്ലാംതന്നെ നിയമമാക്കുവാൻ ശ്രമിക്കും' എന്ന്. എന്താണ് ഇതിന്റെ അർത്ഥം ? പോട്ട് ഓൺ അക്കൗണ്ട് പാസാക്കി മുഴുവൻ ബഡ്ജറ്റും പാസാക്കുന്നതിനുമുമ്പുതന്നെ ഇടക്കാല നിയമസഭ കൂടുമെന്ന് ; ഓർഡിനൻസുകളും പാസാക്കുന്നതിനുവേണ്ടി. അദ്ദേഹത്തിന്റെ ഈ വാദഗതികളിൽനിന്നെല്ലാംതന്നെ മനസിലാകുന്നത് അദ്ദേഹം വളരെയധികം താഴോട്ടു വന്നിരിക്കുകയാണ് എന്നാണ്. കേരളത്തിലേയും ഡൽഹിയിലേയും പത്രപ്രതിനിധികളോട് അദ്ദേഹം സഹകാര്യമായി ഇടക്കാല തെരഞ്ഞെടുപ്പുണ്ടാകുമെന്ന് പറഞ്ഞു. ഇവിടെയുള്ള വർഗീസ്, ചുമ്മാർ, ഡൽഹിയിലുള്ള മാധവൻകുട്ടി ഷേണായ് എന്നിവരോടെല്ലാം പറഞ്ഞു. അതുമാത്രമല്ല, കെ. പി സി. സി. പ്രസിഡന്റായ ശ്രീ. സി. വി. പത്മരാജനോട് പറഞ്ഞു. ബഹുമാനപ്പെട്ട ശ്രീ. സി. വി. പത്മരാജൻ പിറ്റെ ദിവസംതന്നെ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽപോയി തെരഞ്ഞെടുപ്പ് വരാൻ പോകുന്നുവെന്ന് പറഞ്ഞു. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ ഇന്ന് ചുമരുകളൊന്നുംതന്നെ ബാക്കിയില്ല. എല്ലാ സ്ഥലത്തും 'കോൺഗ്രസ് (ഐ) ബുക്ക്ഡ്' എന്നെഴുതിയിരിക്കുകയാണ്. അപ്പോഴും സാധാരണ ജനങ്ങൾ വിചാരിച്ചു തെരഞ്ഞെടുപ്പ് വരാൻ പോകുന്നുവെന്ന്. പത്രപ്രസ്താവനവരെ തയ്യാറാക്കി വച്ചതാണ്. എന്നാൽ പിറ്റേ ദിവസം അറിയിച്ചത് രാജിവയ്ക്കുന്ന കാര്യമോ, വകുപ്പുമാറ്റമോ അല്ല, നിയമസഭ വിളിച്ചുകൂട്ടാൻ പോകുന്നുവെന്നതുമല്ല. അതുകൊണ്ട് മുഖ്യമന്ത്രിയുടെ മറുപടി പ്രസംഗങ്ങളിൽനിന്ന് മുൻകാലങ്ങളിൽ ഉണ്ടാകുന്നതുപോലെതന്നെ മുഴുവൻ കാലാവധിവരെ ഭരിക്കുമെന്ന പ്രസ്താവന ഉണ്ടാകും എന്ന് ഞാൻ പ്രതീക്ഷിക്കുകയാണ് അങ്ങനെയുണ്ടാകാതിരിക്കാൻ യാതൊരു ന്യായവും ഇല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ മന്ത്രിസഭയുടെ അവസാന കാലാവധിവരെയും തുടരും. എന്നുള്ളതിന് എനിക്ക് യാതൊരു സംശയവുമില്ല. അദ്ദേഹം സ്വയം രാജിവച്ച് പോകും എന്നുള്ള സമ്പ്രദായം ഇവിടെ ഉണ്ടാകാൻ പോകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന്റെ അവസാനത്തെ യാഥാർത്ഥ്യമല്ലാതെയായിട്ടുള്ള കാര്യം പറഞ്ഞിരിക്കുന്നത് എനിക്ക് തോന്നുന്നത് ഹെലികോപ്റ്റർ യാത്രയെക്കുറിച്ചുള്ളതാണ് എന്നാണ്. ഹെലികോപ്ടർ യാത്ര വിവാദമായപ്പോൾ ആ 20,000 രൂപ അദ്ദേഹം അടയ്ക്കാൻ പോകുകയാണെന്ന് ഈ രാജ്യത്തെ ജനങ്ങൾ വിശ്വസിച്ചു. ഇന്നലെ പത്രങ്ങളിൽ വന്നപോലെ, നിയമസഭയിൽ ഉത്തരം കൊടുത്തതുപോലെ കഴിഞ്ഞ കാലഘട്ടങ്ങളിൽ പത്തിരുപത്തഞ്ചു ഹെലികോപ്റ്റർ യാത്രകളും അദ്ദേഹം ചെയ്തിട്ടുണ്ടെങ്കിൽ അതെല്ലാംതന്നെ സംസ്ഥാന ഗവൺമെന്റിന്റെ റികമ്മിസിഷൻ പ്രകാരം എഴുതിക്കൊടുത്തിട്ടുള്ളതാണ്. അതിന്റെ ചാർജ് കേരള ഗവൺമെന്റ് വഹിക്കേണ്ടതാണ്. പക്ഷേ ഈ അവസാന വിമാനയാത്ര കേരള ഗവൺമെന്റിന്റെ റികമ്മിസിഷൻ പ്രകാരമുള്ളതല്ല. അദ്ദേഹത്തിനറിയാം ഔദ്യോഗിക കാര്യങ്ങൾക്ക് വേണ്ടിയുള്ളതല്ലായെന്ന്. ഇപ്പോൾ ഡിഫൻസ് മിനിസ്ട്രിയിൽനിന്നും കൊച്ചിനേവിയിലേക്ക് മെസേജ് വന്നിരിക്കുകയാണ്; കേരളത്തിലെ മുഖ്യമന്ത്രിക്ക് അടിയന്തിരാവശ്യത്തിനുവേണ്ടി കോഴിക്കോട് പോയിവരേണ്ടതുണ്ട്, അതുകൊണ്ട് ഹെലികോപ്ടർ കൊടുത്തതാണെന്ന്. ആ വിധത്തിൽ കൊടുത്തതാണെങ്കിൽ യാതൊരു സംശയവുംവേണ്ട അതിന്റെ മുഴുവൻ ചെലവും ഇൻഡ്യാ ഗവൺമെന്റ് വഹിക്കേണ്ടതായി വരും. അതല്ല, ഡിഫൻസ് മിനിസ്ട്രി അതിന്റെ സ്വന്തം ഉത്തരവാദിത്വത്തിൽ കൊടുത്തിട്ടുള്ളതാണെങ്കിൽ ആ ചെലവു ഡിഫൻസ് മിനിസ്ട്രി വഹിക്കേണ്ടി വരും. ശ്രീ. രാജീവ് ഗാന്ധിയോ അർജുൻസിംഗോ അറിഞ്ഞിട്ടാണോ അങ്ങനെ 'ആ ഡിഫൻസ് മിനിസ്ട്രി മെസേജ്' വന്നിട്ടുള്ളതെന്ന് അറിഞ്ഞുകൂടാ ? ആ ഡിഫൻസ് മിനിസ്ട്രിമെസേജ് അവിടെനിന്നും അയച്ചിട്ടുള്ളതിന്റെ പിന്നിലെ ആൾക്കാരെ സംബന്ധിച്ചെല്ലാം ഞാൻ കേട്ടു. പൂർണ്ണമായും അന്വേഷിക്കാൻ സാധിക്കാത്തതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുവാൻ ഉദ്ദേശിക്കുന്നില്ല. ഒരു കാര്യം തറപ്പിച്ചു പറയുവാൻ ആഗ്രഹിക്കുകയാണ്. മുഖ്യമന്ത്രി എത്രതന്നെ വിചാരിച്ചാലും ഹെലിക്കോപ്റ്റർ യാത്രയുടെ പണം അദ്ദേഹത്തിന് അടയ്ക്കുവാൻ സാധിക്കുകയില്ല; അതിനുള്ള നിയമമില്ല, അത് മേടിക്കുവാനുള്ള നിയമമില്ല. അതുകൊണ്ട് കേരള ഗവൺമെന്റിന്റെ ഔദ്യോഗിക യാത്ര എന്നുള്ള നിലയിൽ കേരള ഗവൺമെന്റ് കൊടുക്കുക, അല്ലെങ്കിൽ അത് ഇൻഡ്യാ ഗവൺമെന്റ് കൊടുക്കുക എന്നുള്ളത് മാത്രമേ നിർവ്വാഹമുള്ളൂ.

സർ, ഇവിടെ ഗവർണ്ണർ നടത്തിയ പ്രഭാഷണത്തിൽ നയപരമായ ഒരു കാര്യവും ഇല്ല. ഒരു വിവരണം മാത്രമാണ് അതിലുള്ളത്. ഒരു വിവരണപ്പട്ടിക മാത്രമാണ് അത്. ആ വിവരണപ്പട്ടികയുടെ അടിസ്ഥാനത്തിൽ ഇന്ന് മുന്നോട്ടുപോകാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അത് മുഖ്യമന്ത്രിയുടെ സ്വന്തം താല്പര്യങ്ങൾക്കുവേണ്ടി, സ്വാർത്ഥപരമായ താല്പര്യങ്ങൾക്കുവേണ്ടി ഏറ്റവും നീചമായ, ഹീനമായ നിലയിൽ മുന്നോട്ടു പോകുന്ന രംഗം ആയിരിക്കും നമ്മൾക്ക് കാണാൻ സാധിക്കുന്നത്. ഈ രാജ്യത്തിലെ ജനങ്ങൾ സംഘടിതമായി ഈ മുഖ്യമന്ത്രിയോട് ഇറങ്ങിപ്പോകാനായി പറയും. മുഖ്യമന്ത്രിക്ക് ഇറങ്ങിപോകേണ്ടതായി വരും. കർണ്ണാടകത്തിലേയും, തമിഴ്നാട്ടിലേയും, ആന്ധ്രാപ്രദേശിലേയും മുഖ്യമന്ത്രിമാർ രാജിവച്ചപ്പോൾ അവിടത്തെ ജനങ്ങൾ അവരോട് രാജിവയ്ക്കരുതേ എന്ന് പറഞ്ഞു. എന്നാൽ ഈ മുഖ്യമന്ത്രി രാജിവച്ചു പുറത്തുപോകുമ്പോൾ അദ്ദേഹത്തിന് നന്ദിപ്രമേയം അവതരിപ്പിച്ചു സംസാരിച്ച ശ്രീ. ഹസ്സൻ തന്നെ അദ്ദേഹത്തോട് ഇറങ്ങിപോകൂ എന്ന് പറയുന്ന കാഴ്ച നമുക്കു കാണാൻ സാധിക്കും. ഈ സംസ്ഥാനത്തിലെ ഒരാളുപോലും ഈ മുഖ്യമന്ത്രി രാജിവച്ചുപോകുമ്പോൾ അദ്ദേഹത്തിന്റെ കൂടെ ഉണ്ടാവുകയില്ലായെന്ന് അദ്ദേഹത്തെ അനുസ്മരിപ്പിച്ചുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ ഒരിക്കൽകൂടി എതിർക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ. മുഹമ്മദാലി]

ശ്രീ. ടി. എച്ച്. മുസ്തഫ : സർ, ബഹുമാനപ്പെട്ട ഗവർണ്ണർ ഈ സഭയിൽ ചെയ്ത പ്രസംഗത്തിന് ബഹുമാന്യനായ എന്റെ സ്നേഹിതൻ ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ഈ ഗവൺമെന്റിന്റെ 5-ാമത്തെ നയപ്രഖ്യാപനപ്രസംഗമാണിത്. നാലുവർഷങ്ങൾക്കുമുമ്പ് എങ്ങനെയാണ് ഈ ഗവൺമെന്റു അധികാരത്തിൽ വന്നത് എന്നകാര്യം ഇവിടെയുള്ള എല്ലാവർക്കും വ്യക്തമാണ്. അധികാരത്തിന്റേയും അനീതിയുടേയും കൊള്ളയുടേയും കൊലയുടേയും വേനഭേദനങ്ങളുടേയും ദ്രോഹപ്രവൃത്തികളുടേയും ലോക്കപ്പ് മർദ്ദനങ്ങളുടെയും പിടിച്ചുപറിയുടേയും ബലാൽസംഗങ്ങളുടേയും ആയ ഒരു കാലഘട്ടം, ആ കാലഘട്ടത്തിൽ ആ ഗവൺമെന്റിനെ നയിച്ച ശ്രീ. നായനാർ അദ്ദേഹത്തിന്റെ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നൗകയിൽ കയറിയിരുന്ന ആളുകളെല്ലാംകൂടി അതിനകത്ത് പിടിവലി നടത്തുകയും അതിനെ മറിച്ചിടുകയും അങ്ങനെ വെള്ളത്തിൽ മുങ്ങുകയും ചെയ്ത അവസരത്തിൽ ഈ രാജ്യത്തെ ജനങ്ങൾക്ക് ക്ഷേമൈശ്വര്യങ്ങൾ കൈവരിക്കാൻവേണ്ടി, ക്രമസമാധാനപരിപാലനം ഉറപ്പ് വരുത്താൻവേണ്ടി, സർവ്വോപരി സമാധാനപരമായ സൈരജീവിതം ഉറപ്പുവരുത്താൻവേണ്ടി കേരളത്തിലെ ജനങ്ങൾ നിറപറയും നിലവിളക്കും വച്ച് കെട്ടിപ്പടുത്ത ഐക്യജനാധിപത്യമുന്നണിയുടെ നൗക കഴിഞ്ഞ നാലുവർഷക്കാലം ഈ രാജ്യത്തെ രാഷ്ട്രീയ പ്രതിബന്ധങ്ങളേയും സാമ്പത്തികപ്രതിസന്ധിയേയും പ്രതിപക്ഷം പടുത്തുയർത്തിയ പാറക്കെട്ടുകളേയും അവർ ഉയർത്തിവിട്ട കോളുകളേയും കാറ്റുകളേയും അതിജീവിച്ചുകൊണ്ട് എന്റെ ബഹുമാന്യനായ നേതാവ് ശ്രീ. കെ. കരുണാകരൻ, ഐക്യജനാധിപത്യമുന്നണിയുടെ അമരക്കാരൻ, ഈ നൗകയെ ചരിയാതെ മുങ്ങാതെ അഞ്ചുകൊല്ലത്തിൽ നാലുകൊല്ലക്കാലവും മുമ്പോട്ടുകൊണ്ടുപോയിരിക്കുന്നു.

ഈ ഗവൺമെന്റ് അഞ്ചുകൊല്ലത്തിൽ നാലുകൊല്ലവും മുന്നോട്ടു കൊണ്ടുപോകാൻ ശ്രീ. കരുണാകരനു കഴിഞ്ഞുവെന്നതാണ് നേട്ടം. അഞ്ചുകൊല്ലത്തിൽ നാലുകൊല്ലവും പിന്നിട്ട ഈഗവൺമെന്റിന് ഇനിയൊരുവർഷക്കാലംകൂടിപിന്നിടാൻ ഒരു പ്രയാസവുമില്ലെന്ന് നമുക്കറിയാം. എന്തെല്ലാം കോളുകളും കാറുകളും ഇളക്കങ്ങളും പാറക്കെട്ടുകളും പ്രതിസന്ധികളും പ്രയാസങ്ങളുമുണ്ടായാലും ഐക്യജനാധിപത്യമുന്നണിയുടെ നൗകയുമായി അക്കരെയെത്താൻ നായകനായ ശ്രീ. കരുണാകരന് കഴിയുമെന്നകാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ ഗവൺമെന്റ് പിന്നിട്ട നാലുവർഷക്കാലവും ഭരിക്കാൻവേണ്ടി, ഭരിക്കുകയായിരുന്നില്ലായെന്ന് പ്രതിപക്ഷങ്ങൾപോലും സമ്മതിക്കുന്നുണ്ട്. ഈ നാലുവർഷക്കാലംകൊണ്ട് ഈ ഗവൺമെന്റ് ഒന്നും ചെയ്തില്ലായെന്ന് പറയാൻ തയ്യാറായില്ല. ഈ രാജ്യത്ത് വൈദ്യുതിക്കുവേണ്ടി ദാഹിച്ച ഗ്രാമങ്ങളിലെയും പട്ടണങ്ങളിലെയും ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നതിനും പാർപ്പിടമില്ലാത്തവർക്ക്—പാമ്പുകൾക്ക് മാളമുണ്ട്, പറവകൾക്കാകാശമുണ്ട്, മനുഷ്യപുത്രന് തലചായ്ക്കാൻ ഇടമില്ല—എന്നു വിലപിച്ച ഈ നാട്ടിൽ ലക്ഷങ്ങൾക്ക് കയറിക്കിടക്കാൻ കിടപ്പാടമുണ്ടാക്കിക്കൊടുക്കുന്നതിനും ഈ ഗവൺമെന്റിന് കഴിഞ്ഞു. ഗ്രാമങ്ങളിൽ ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി. എന്നീ സ്കീമുകളിൽക്കൂടി റോഡുകൾവെട്ടി ഗ്രാമങ്ങളെ വികസിപ്പിക്കാൻ കഴിഞ്ഞു. കൂരിരുട്ടിൽ വഴികാണാതെ അലയുന്നവർക്കും, ഹരിജനങ്ങളുടേയും ഗിരിജനങ്ങളുടേയും ഭവനങ്ങളിലും വൈദ്യുതി എത്തിക്കുന്നതിനും ശുദ്ധജലം നൽകുന്നതിനും ഈ ഗവൺമെന്റിന് കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

കടലോരങ്ങളിൽകഴിയുന്ന മൽസ്യത്തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി അവർക്ക് ഭൂമി പതിച്ചുകൊടുത്തു അവർക്ക് കുടിവെള്ളം എത്തിച്ചു, വള്ളവും വലയും കൊടുത്ത് ഉപജീവനമാർഗ്ഗമുണ്ടാക്കിക്കൊടുത്തു, ലംസംഗ്രാന്റ് കൊടുത്തു. എന്നുവേണ്ട എല്ലാ ആനുകൂല്യങ്ങളും കൊടുത്ത ഗവൺമെന്റാണിത്. അതുപോലെ ദാരിദ്രരേഖയ്ക്ക് താഴെകിടന്ന ലക്ഷോപലക്ഷം ആളുകളെ ഐ. ആർ. ഡി. പി. യിൽക്കൂടി ദാരിദ്ര്യരേഖയ്ക്ക് മുകളിലേക്ക് സാമ്പത്തികമായും സാമൂഹ്യമായും ഉയർത്തിക്കൊണ്ടുവന്ന ഗവൺമെന്റാണിത്. പൊളിഞ്ഞ റോഡുകളും നന്നാക്കിക്കൊടുക്കുകയും പുതിയറോഡുകളും പാലങ്ങളും ഉണ്ടാക്കിക്കൊടുക്കുകയുംചെയ്തത് ഈ രാജ്യത്ത് ധാരാളം വികസന പ്രവർത്തനങ്ങൾ നടത്തിയ സർക്കാരാണിത്. ഇടതുപക്ഷജനാധിപത്യമുന്നണിയുടെ രേണം. വരുത്തിവച്ച സാമ്പത്തികത്ത കർച്ചയിൽ നട്ടം തിരിഞ്ഞു വിഷമിക്കുന്ന കാലത്ത്, വരൾച്ചയും പേമാരിയും വെള്ളപ്പൊക്കവും അതിരൂക്ഷമായി ബാധിച്ചിരുന്ന ഈ രാജ്യത്തെ ജനങ്ങൾക്ക് സമാധാനപരമായ സൈരജീവിതം ഉണ്ടാക്കിക്കൊടുത്ത ഒരു ഗവൺമെൻറാണിത്. ഈ രാജ്യത്തെ തകർന്നുതരിപ്പണമായ ക്രമസമാധാനനില പുനഃസ്ഥാപിച്ച് സമാധാനപരമായ ജീവിതം ജനങ്ങൾക്ക് ഉറപ്പുവരുത്താൻ ഈ സർക്കാരിനു കഴിഞ്ഞു. അങ്ങനെയുള്ള സർക്കാരിന്റെ നയപ്രഖ്യാപന പ്രസംഗമാണ് ഇവിടെ നടത്തിയത്. അത് കേട്ടപ്പോൾ അവർക്ക് പറയാനുള്ളത് ഐക്യമുന്നണിയിലെ അഭിപ്രായവ്യത്യാസങ്ങളെക്കുറിച്ചാണ്, തെരഞ്ഞെടുപ്പു നടത്തുമോ നടത്താതിരിക്കുമോ എന്നതിനെക്കുറിച്ചാണ് അവർക്ക് പറയാനുള്ളത്. തെഞ്ഞെടുപ്പെന്നുകേട്ടാൽ വിറകൊള്ളുന്ന, 102 ഡിഗ്രി പനി വരുന്ന പ്രതിപക്ഷമല്ലേ അവിടെയിരിക്കുന്നത്? ഞാനൊന്നു ചോദിക്കട്ടെ, നിങ്ങൾക്ക്, ഇടതുപക്ഷ ജനാധിപത്യമുന്നണിയ്ക്ക് നേതൃത്വം കൊടുക്കുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഒരു തെരഞ്ഞെടുപ്പിനെ നേരിടാൻ ഇനി കഴിയുമോ ? അതിനകത്ത് അന്തഃഛിദ്രങ്ങളും, പിടിവലിയും തല്ലിപ്പൊളിയുമല്ലേ നടക്കുന്നത് ?

ഇന്നലെ ശ്രീ. പി. വി. കുഞ്ഞിക്കണ്ണനെ പിടിച്ച് അപ്പുറത്തിരുത്തി, ഇപ്പുറത്ത് ശ്രീ വർക്കല രാധാകൃഷ്ണനേയും ഇരുത്തിയ നാടകം ഞങ്ങൾ കണ്ടതാണ്. അവിടെ ശ്രീ എം. വി. ആറിന്റെയും പി. വി. കുഞ്ഞിക്കണ്ണന്റെയും പാർട്ടിയെ ഇന്നലെട്ടുന്ന പ്രശ്നങ്ങളെന്തൊക്കെയാണെന്ന് എനിക്കറിയാം. അവർ തെരഞ്ഞെടുപ്പെന്നു പറയുമ്പോൾ ഭീതികൊണ്ടോടുകയാണ്. തെരഞ്ഞെടുപ്പു നടത്തരുതെന്ന് അവർക്ക് നിർബന്ധമുണ്ട്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഏതവസരത്തിലും കേരളത്തിലെ ജനങ്ങളെ നേരിടാൻ ഒരു ബുദ്ധിമുട്ടുമില്ല. കാരണം കേരളത്തിലെ ജനങ്ങൾക്കുവേണ്ടി സൽഭരണം നടത്തിയ ഒരു ഗവൺമെൻറ് എന്നുള്ള നിലയിൽ ഈ ജനകീയ കോടതിയിൽ അംഗീകാരത്തിനുവേണ്ടി ചെന്നാൽ എപ്പോഴും ജനങ്ങൾ അംഗീകാരം നൽകി ഞങ്ങളെ ഈ സഭയിലേക്ക് പറഞ്ഞയയ്ക്കുമെന്നുറപ്പുണ്ട്. എന്നാൽ തെരഞ്ഞെടുപ്പ് നടത്തണമെന്ന് തീരുമാനിക്കാൻ ഭൂരിപക്ഷമുള്ള ഒരു ഗവൺമെന്റിന്, അവകാശമുണ്ട്. ആ അവകാശം വിനിയോഗിക്കേണ്ട സന്ദർഭത്തിൽ വിനിയോഗിക്കുകതന്നെ ചെയ്യും. അതിന് ഭൂരിപക്ഷഗവണ്മെൻറിന്റെ നേതൃത്വം വഹിക്കുന്ന ഇൻഡ്യൻനാഷണൽകോൺഗ്രസും ഹൈക്കമാൻഡും അവസരോചിതമായ തീരുമാനമെടുക്കുമെന്നു മാത്രമേ എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളൂ. ഇവിടെ മുന്നണി ബന്ധങ്ങളെക്കുറിച്ച് എന്റെ ബഹുമാന്യനായ സ്നേഹിതൻ ശ്രീ. ബേബിജോൺ പറഞ്ഞതിനെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. ഒരുകാര്യംമാത്രമേ എനിക്ക് അദ്ദേഹത്തോട് പറയാനുള്ളൂ. അദ്ദേഹത്തിന്റെ പാർട്ടിയുടെ നേതാവായ ശ്രീ. ടി. കെ. ദിവാകരൻ ഈ സഭയിൽ ചെയ്ത ഒരു പ്രസംഗം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടു

LIBRARY ARCHIVES Kerala Legislative Assembly

ത്തുകയാണ്. 'ഐക്യമുന്നണിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി രൂപീകരിച്ച ഏകോപന സമിതി സന്ദർഭത്തിനനുസരിച്ച് ഒരുകാലത്തും പ്രവർത്തിച്ചിട്ടില്ല. പലപ്പോഴും ഒരു ചർച്ചാസമ്മേളനമെന്നതിൽക്കവിഞ്ഞ് കടമകൾ അനുസരിച്ച് അതിന് ഉയരുവാനും കഴിഞ്ഞിട്ടില്ല. എടുത്ത തീരുമാനങ്ങൾ തന്നെ കാറ്റിൽപ്പറത്തപ്പെട്ടു. കൂട്ടുത്തരവാദിത്വമുള്ള ഒരു ഗവൺമെൻറെന്നതിനെക്കാൾ ഉപരി ഇതിനകം ചെയ്ത നല്ലകാര്യങ്ങൾ ഐക്യമുന്നണി ഗവൺമെൻറ് ചെയ്തതിനെക്കാൾ വകുപ്പുമന്ത്രിയുടേയോ അതിൻറെ കക്ഷിയുടേയോ നേട്ടങ്ങളായി ചിത്രീകരിക്കാനും കോട്ടങ്ങൾ വല്ലതുമുണ്ടെങ്കിൽ മറ്റുള്ളവരുടെ ചുമലിൽ ചാരുവാനുമുള്ള പ്രവണത സാർവ്വത്രികമായി കാണപ്പെട്ടു. ഒരു നിർവ്വാഹകസമിതി ഉണ്ടായിരിക്കാനും ഏകോപനസമിതികൾ താലൂക്ക്, വില്ലേജ് സമിതികൾ എന്നുള്ള നിലവാരത്തിൽ സംഘടിപ്പിക്കാനുമുള്ള നിർദ്ദേശം മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റുപാർട്ടി നിഷേധിച്ചു. തെരഞ്ഞെടുപ്പിൽ മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റ്പാർട്ടിക്ക് ലഭിച്ച സീറ്റുകളുടെ എണ്ണവും പ്രബലമായ കക്ഷിയെന്നുള്ള ചിന്തയുംകൊണ്ട് മറ്റു ഘടകകക്ഷികളോട് അവഗണനകാണിക്കുന്നതിനും അങ്ങനെ പിൽക്കാലത്ത് മേധാവിത്വമനോഭാവം വച്ചുപുലർത്തുന്ന നിലയിലേക്ക് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ്പാർട്ടിയെ എത്തിച്ചു. ഭരണയന്ത്രം ഒരു കക്ഷിയുടെ മാത്രം താൽപര്യത്തിന്ഉപയോഗപ്പെടുത്തുന്ന ധാരണ പരക്കെ വളർന്നു, സാധാരണ ഗതിയിൽ ഇതിൻറെ പ്രതിഫലനം രാഷ്ട്രീയരംഗത്ത് പ്രത്യക്ഷപ്പെടുകയെന്നുള്ളതിനെക്കാൾ ഇവിടെ മറിച്ചാണുണ്ടായത്. ആ ഭരണയന്ത്രം എങ്ങനെ ഉപയോഗപ്പെട്ടുവെന്നുള്ളതിൻറെ ചൂണ്ടുപലകയായി സർവ്വീസ്സംഘടനകളുടെ ചേരിതിരിവും മറ്റും നോക്കിയാൽ കാണാൽ കഴിയും. എന്നിട്ട് ടി. കെ. ദിവാകരൻ പറയുന്നു, നാൽപ്പത്തിയൊൻപത് എം. എൽ. എ. മാർ ശ്രീ. വെല്ലിംഗ്ടൺൻറെ പേരിലുള്ള അഴിമതി ആരോപണത്തെസംബന്ധിച്ച് അന്വേഷിക്കണമെന്ന് ആഭ്യന്തരമന്ത്രിയോട് രേഖാമൂലം ആവശ്യപ്പെട്ടു. ഈ ഘട്ടത്തിലും ഘടകകക്ഷികളുടെ അഭിപ്രായങ്ങളെ ആരാഞ്ഞുകാനല്ല, മറിച്ച് ഐക്യമുന്നണിയെ പൊളിക്കാനും, ഘടകകക്ഷികളിലുള്ള മന്ത്രിമാർക്കെതിരായി അഴിമതിയാരോപണങ്ങൾ ഉന്നയിക്കാനുമാണ് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടി ശ്രമിച്ചത്. ശ്രീ. ടി. കെ. ദിവാകരൻ പറഞ്ഞത്, കേരളത്തിലെ ജനങ്ങൾ നിറപറയും നിലവിളക്കുമായി കെട്ടിപ്പടുത്ത ഐക്യമുന്നണിയെ, കമ്മ്യൂണിസ്റ്റുവിരുദ്ധ മുന്നണി എന്ന കുലടയെ കാമിച്ച്, കൊന്നിരിക്കുന്നുവെന്നാണ്.

ജനങ്ങൾ വമ്പിച്ച വിലകൊടുത്ത് കെട്ടിപ്പടുത്ത് ഐക്യമുന്നണി സൗധങ്ങൾ തകർത്തിരിക്കുന്നു പ്രേതബാധയ്ക്കു മന്ത്രവാദംനടത്തുന്നതിനെപ്പറ്റി കേട്ടിട്ടുണ്ട്. ക്രൂരനായ പ്രേതം ശരീരത്തിൽനിന്ന് ഒഴിയുകയും പോകുന്ന പോക്കിന് കൂരയുടെ മേൽക്കൂര പൊളിച്ചുകൊണ്ട് പോകുകയും ചെയ്യും. അതുപോലെഐക്യമുന്നണി സൗധത്തിൻറെ മേൽക്കൂരപോലും പൊളിച്ചുകൊണ്ടുപോവുകയാണ് മാർക്സിസ്റ്റ് പാർട്ടി ചെയ്തത്. അവസാനമായി ശ്രീ. ടി. വി. പറഞ്ഞ വാക്ക് എന്താണ്. നിങ്ങൾ കേരളത്തെ സ്നേഹിക്കുന്നുണ്ടെങ്കിൽ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുമായി യാതൊരു ബന്ധവും ഉണ്ടാകാൻ പാടില്ലായെന്ന് 1969-ൽ പറഞ്ഞു. ഈ രാജ്യത്തുണ്ടായ 1957 ലെയും 1967 ലെയും ഇടതുപക്ഷജനാധിപത്യമുന്നണി മന്ത്രിസഭകളെ തകർത്ത് തരിപ്പണമാക്കിയത്. അതിനെ കൊലചെയ്തത് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ നയമല്ലാതെ മറെറന്താണ് ? 1960-ലെ മുന്നണി നാലരക്കൊല്ലക്കാലം ഭരിച്ചു. കോൺഗ്രസ് നേതൃത്വം കൊടുത്ത 1970-ലെ മന്ത്രിസഭ ആറു കൊല്ലക്കാലം ഭരിച്ചു. കോൺഗ്രസ് നേതൃത്വം കൊടുത്ത ഈ മുന്നണി ഗവൺമെൻറ് നാലുകൊല്ലം ഭരിച്ചുകഴിഞ്ഞു. ഇനിയും ഈ

LIBRARY ARCHIVES Kerala Legislative Assembly

മുന്നണി ഗവൺമെന്റിന്റെ നേതാവ് ശ്രീ. കരുണാകരൻ മുമ്പോട്ടുതന്നെ പോകുമെന്ന് ഉറപ്പായി പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ നന്ദി പ്രമേയത്തെ ഒരിക്കൽക്കൂടി ഞാൻ പിന്താങ്ങുന്നു.

ശ്രീ. പി. എം. അബൂബേക്കർ : സർ, ഏഴാം കേരള നിയമ സഭയുടെ പതിനൊന്നാം സമ്മേളനത്തിൽ ബഹുമാനപ്പെട്ട ഗവർണ്ണർ ശ്രീ. രാമചന്ദ്രൻ ചെയ്ത പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് എന്റെ സുഹൃത്തായ ശ്രീ. എം. എം. ഹസ്സൻ ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. നാടിന്റെ നാടീസ്പന്ദനങ്ങളും തുടിച്ച് നിൽക്കുന്നതും നടപ്പിലാക്കാൻ കഴിയുന്ന കാര്യങ്ങളും മാത്രം പറഞ്ഞിട്ടുള്ളതുമായ നന്മയുടെ ബ്ലൂ പ്രിന്റാണ് ഗവർണ്ണറുടെ പ്രസംഗം എന്നു കാണുന്നതുകൊണ്ടാണ് ഞാൻ ഈ നന്ദി പ്രമേയത്തെ പിന്താങ്ങുന്നത്.

ദേശീയതലത്തിലുള്ള സംഭവവികാസങ്ങളും നമ്മുടെ പ്രിയങ്കരനായ പ്രധാനമന്ത്രി ശ്രീ. രാജീവ്ഗാന്ധി എടുത്തുവരുന്ന നയങ്ങളും പരിപാടികളും പ്രവർത്തനങ്ങളും വിശദമായി വിശദീകരിക്കുവാൻ ഈ സന്ദർഭത്തിൽ ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷെ ഒരുകാര്യം ഈ സന്ദർഭത്തിൽ പരാമർശിക്കാതിരിക്കുവാൻ നിർവ്വാഹമില്ല. കാരണം ഈ സഭയ്ക്കകത്തും പുറത്തും സമീപകാലത്ത് ഉയർന്നുവന്നിട്ടുള്ള മുസ്ലീം വനിതാ സംരക്ഷണ ബില്ലിന്റെ കാര്യത്തിൽ ശ്രീ. രാജീവ്ഗാന്ധിയും അദ്ദേഹത്തിന്റെ ഗവൺമെന്റും സ്വീകരിച്ചിട്ടുള്ള നിലപാട് മുസ്ലീം വികാരങ്ങളുടെ യഥാർത്ഥത്തിലുള്ള പ്രതിഫലനമാണെന്ന കാരണംകൊണ്ട് എന്റെ പാർട്ടി അതിനെ ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു. നമ്മുടെ നാട്ടിൽ ജനാധിപത്യം ഭദ്രമാകണമെങ്കിൽ ന്യൂനപക്ഷങ്ങളുടെ പ്രയാസങ്ങളും ദൂരീകരിക്കേണ്ടതാണ്. മതനിരപേക്ഷതയെന്നു പറഞ്ഞാൽ എല്ലാ മതങ്ങളും നിർമ്മാർജ്ജനം ചെയ്യുകയെന്നുള്ളതല്ല അതിന്റെ അർത്ഥം നേരെമറിച്ച് എല്ലാ മതങ്ങൾക്കും അതിന്റെ താൽപ്പര്യങ്ങളും സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് ഞങ്ങളും മനസ്സിലാക്കിക്കഴിഞ്ഞിട്ടുള്ളതാണ്. അതനുസരിച്ചുള്ള ഒരു നിലപാട് ശ്രീ. രാജീവ് ഗാന്ധിയിൽ നിന്നുണ്ടായിക്കാണുന്നതുകൊണ്ട് ഞങ്ങൾക്ക് വളരെയേറെ സന്തോഷവും ചാരിതാർത്ഥ്യവുമുണ്ട്. പക്ഷെ ഇന്ന് മതനിരപേക്ഷതയുടെ പേരിൽ പുതിയകുറെ പ്രവാചകൻമാർ രംഗത്തുവന്നിട്ടുണ്ട്. ആ പ്രവാചകൻമാരുടെ സമീപനത്തിന്റെ പ്രതികരണങ്ങളും ഇൻഡ്യൻ സമൂഹത്തെ എങ്ങനെ ബാധിക്കുന്നുണ്ടെന്നതിനെക്കുറിച്ച് യഥാർത്ഥത്തിൽ ഇവിടെ ചിന്തിക്കുന്നില്ല. മുസ്ലീം വർഗ്ഗീയതയ്ക്ക് ശ്രീ. രാജീവ്ഗാന്ധി മുട്ടുമടക്കുന്നുയെന്ന് അലറി വിളിക്കുന്നവർ യഥാർത്ഥത്തിൽ ചെയ്യുന്നത്, പ്രധാനമന്ത്രിയോടും ന്യൂനപക്ഷത്തോടും വിദ്വേഷം ജനിപ്പിക്കുവാനും ഫലത്തിൽ വർഗ്ഗീയത വളർത്തുവാനും വേണ്ടിയുള്ള ശ്രമങ്ങളും നടത്തുകയാണ്. പാർലമെന്റിൽ ഈ ബില്ല് പാസ്സാക്കികഴിഞ്ഞാൽ അതിനെ കോടതിയിൽ ചോദ്യം ചെയ്യുമെന്ന് പ്രഖ്യാപിക്കുകവഴി പാർലമെന്റിനുപരിയാണ് കോടതിയെന്നു വരുത്തിത്തീർക്കുന്ന വിധത്തിലുള്ള പ്രചാരവേലയോളം ചിലയാളുകളുടെ വാദങ്ങളും ഈ കാര്യത്തിൽ ചെന്നു നിൽക്കുകയും ചെയ്യുന്നു. അതിനെല്ലാമുപരിയായി നമ്മുടെ നാട്ടിൽ നിലനിന്നു കാണണമെന്ന് നമ്മളെല്ലാം ആഗ്രഹിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന സാമുദായിക സൗഹാർദ്ദം തകർക്കുന്നതിനുവേണ്ടിയുള്ള വിഷലിപ്തമായ പ്രചാരവേല ഇതോടു ബന്ധപ്പെടുത്തിക്കൊണ്ട് നടത്തുന്നത് ദൗർഭാഗ്യകരമായതാണെന്ന് പറയാതിരിക്കുവാൻ നിർവ്വാഹമില്ല. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ പ്രതിനിധീകരിച്ചുകൊണ്ട് ഇന്ന് അവരുടെ പ്രധാന വക്താവ് എന്നുള്ള നിലയിൽ സംസാരിച്ച ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു, ജാതിമത വർഗ്ഗീയ ചിന്തിരിപ്പുൻ കക്ഷികളുമായി ഞങ്ങൾക്ക്.

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു വിധത്തിലുള്ള ബാദ്ധ്യതയുമില്ലെന്ന് ആത്മാർത്ഥതയോടു കൂടിയാണോ ഈ കാര്യങ്ങൾ പറഞ്ഞിരിക്കുന്നത് ? ജാതി-മത വർഗ്ഗീയ പിന്തിരിപ്പൻ കക്ഷിയെന്നുള്ളതാണല്ലോ ഇവിടെ വിവക്ഷിക്കപ്പെടുന്നത് ഇവിടെ ഐക്യ ജനാധിപത്യ മുന്നണി = ജാതി മത പിന്തിരിപ്പൻ പ്രാദേശിക പ്രതിലോമ ശക്തികളുടെ ഒരു കൂട്ടുകെട്ട് എന്നുള്ള നിലയിൽ ആണല്ലോ പ്രതിപക്ഷത്തുനിന്ന് ഉയർന്നുവന്ന ഈ വാദഗതി ? ഐക്യ ജനാധിപത്യ മുന്നണിയിൽ മുസ്ലീം ലീഗ് ഒരു ഘടകകക്ഷിയാണ്. നിങ്ങൾ ഇന്ന് നൽകിയിട്ടുള്ള നിർവ്വചനത്തിന്റെ പരിധിയിൽ, നിങ്ങളുടെ ഭാഷയിൽ, മുസ്ലീം ലീഗും പെടുന്നു. ഞാൻ ഒന്നു ചോദിക്കട്ടെ, എന്താണ് ഈ വർഗ്ഗീയത ? സഖാവ് നായനാർക്ക് മനസ്സിലാകുന്നതിനുവേണ്ടി ഞാൻ വിനീതമായി ചോദിക്കുകയാണ് What is communal Secularism Please define. ഏതെങ്കിലും ഒരു സമുദായം മറ്റൊരു സമുദായത്തിന്റെ മേൽ ആധിപത്യം പുലർത്തുന്നതിനും അടിച്ചമർത്തുന്നതിനും, വേണ്ടി പ്രവർത്തിക്കുകയെന്നതാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ജീവിച്ചിരുന്ന കാലത്ത് വർഗ്ഗീയതയ്ക്ക് നൽകിയിരുന്ന പേര്. ആ നിർവ്വചനം മുസ്ലീം ലീഗിന്റെ തലയിലെ തൊപ്പിയിൽ ഒരു വിധത്തിലും യോജിക്കുകയില്ല. മുസ്ലീം ലീഗിന്റെ പ്രവർത്തനം ഒരു തുറന്ന പുസ്തകമാണ്. ആർക്കും തന്നെ വായിക്കുവാൻ കഴിയുന്ന ഒരു തുറന്ന പുസ്തകമാണ്. ഗതകാലചരിത്രം അത് വിളിച്ചറിയിക്കുകയും ചെയ്യുന്നു. മുസ്ലീംലീഗിനെ വർഗ്ഗീയശക്തിയെന്നും പിൻതിരിപ്പൽ പാർട്ടിയെന്നും ഓമനപ്പേരു വിളിച്ച് ആക്ഷേപിക്കുന്ന സഖാവ് നമ്പൂതിരിപ്പാടു തൊട്ട് എന്റെ അടുത്തിരിക്കുന്ന ശ്രീ. ചന്ദ്രശേഖരൻ വരെയുള്ള ആളുകളോട് എനിക്കു ഒരു കാര്യം മാത്രമേ ചോദിക്കുവാനുള്ളൂ. 1965-ൽ മുസ്ലീംലീഗുമായി യാതൊരുവിധത്തിലുള്ള ബന്ധവും പുലർത്താൻ പാടില്ലായെന്നു പറഞ്ഞുകൊണ്ട് ഒറ്റയ്ക്ക് തെരഞ്ഞെടുപ്പിൽ മൽസരിച്ച് സാക്ഷാൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ. 1965-ലെ തെരഞ്ഞെടുപ്പിൽ ഉണ്ടായതെന്താണെന്ന് എന്റെ സി.പി.ഐ. സുഹൃത്തുക്കൾക്കറിയാമല്ലോ ? 1967-ൽ സഖാവ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ സപ്തകക്ഷി മുന്നണിയുടെ ഗവൺമെൻറ് ഈ സംസ്ഥാനത്ത് അധികാരത്തിൽ വന്നപ്പോഴ ആ മുന്നണിയിൽ മുസ്ലീം ലീഗിന് പങ്കാളിത്തമുണ്ടായിരുന്നു, സഖാവ് നായനാർ ആ മന്ത്രി സഭയിലുണ്ടായിരുന്നില്ല. ഞാൻ ഏറ്റവുമധികം ബഹുമാനിക്കുന്ന ശ്രീമതി ഗൗരിയമ്മ ആ മന്ത്രിസഭയിലുണ്ടായിരുന്നു. അന്ന് മുസ്ലീം ലീഗിന്റെ ഭാഗത്തു എന്തു വർഗ്ഗീയതയാണ് കാണാൻ സാധിച്ചത് ? 1967 നു ശേഷമുള്ള കാലഘട്ടത്തിൽ-അന്ന് സി.പി.ഐ. കാരുമുണ്ടായിരുന്നു. ശ്രീ. എം. എൻ. ഗോവിന്ദൻ നായർ അടക്കമുള്ള ആളുകളുമുണ്ടായിരുന്നു ഞാൻ പഴയ ചരിത്രത്തിലേക്കൊന്നും കടക്കുന്നില്ല 1969 മുതൽസഖാവ്. അച്ചുതമേനോന്റെ നേതൃത്വത്തിൽ അധികാരത്തിലുണ്ടായിരുന്ന ഗവൺമെൻറ്, അതിനുശേഷം ശ്രീ. കരുണാകരന്റെ നേതൃത്വത്തിൽ അധികാരത്തിലുണ്ടായിരുന്ന ഗവൺമെൻറ്, ശ്രീ. പി. കെ. വാസുദേവൻനായരുടെ നേതൃത്വത്തിലുണ്ടായിരുന്ന ഗവൺമെൻറ്. ഏറ്റവുമൊടുവിൽ 1982 ൽ സഖാവ് നായനാരുടെ നേതൃത്വത്തിലുണ്ടായിരുന്ന ഇടതുപക്ഷ മുന്നണി ഗവൺമെൻറിലും ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ മുസ്ലീം ലീഗിന്റെ പങ്കാളിത്തമുണ്ടായിരുന്നു. മുസ്ലീം ലീഗുമായി യോജിച്ച് പ്രവർത്തിച്ച ഏതു കക്ഷിക്കാണ് വർഗ്ഗീയതയുള്ളത് ശ്രീ. നായനാരുടെ നേതൃത്വത്തിൽ നിൽക്കുന്ന സി.പി. ഐ. എം. ഏതെല്ലാംകാലഘട്ടത്തിൽ മുസ്ലീം ലീഗുമായി യോജിച്ച് പ്രവർത്തിച്ചിട്ടുണ്ട് ? അതേപ്രകാരംതന്നെ ശ്രീ. കെ. പി. പ്രഭാകരൻ അന്നൊന്നും അദ്ദേഹം ഈ നിയമസഭയിലില്ല അന്നുണ്ടായിരുന്നത് ശ്രീ. അച്ചുതമേനോനും, ശ്രീ. ടി. വി. തോമസും, ശ്രീ. എം. എൻ. ഗോവിന്ദൻനായരും അതുപോലെയുള്ള ആളുകളുമായിരുന്നു,

LIBRARY ARCHIVES Kerala Legislative Assembly

സി.പി.ഐ. മുസ്ലീം ലീഗുമായി യോജിച്ച് പ്രവർത്തനം നടത്തിയിരുന്നില്ലേ? ഏതെല്ലാം കാലഘട്ടത്തിൽ പ്രവർത്തനം നടത്തിയിരുന്നു. 1967-ലും 1970 ലും ഉണ്ടായിരുന്നു. 1970 മുതൽ 1979 ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലേക്ക് കടന്നുവരുന്നതിനുവേണ്ടി സി.പി.ഐ. തിരിച്ചുവരുന്നതുവരെ മുസ്ലീം ലീഗുമായി ഏതെങ്കിലും വിധത്തിൽ ബന്ധമുണ്ടായിരുന്നു. പ്രതിപക്ഷത്തുനിന്ന് ഇന്നലെയും വളരെ വീറോടെ സംസാരിച്ച ശ്രീ. എ.സി. ഷൺമുഖദാസ് മുസ്ലീം ലീഗിന്റെ പിന്തുണയോടുകൂടിയാണ് 1977-ൽ കേരള നിയമ സഭയിലേക്ക് വന്നത് എന്ന സത്യം ആർക്കെങ്കിലും നിഷേധിക്കുവാൻ സാധിക്കുമോ? ഇന്ന് ഇവിടെ പ്രതിപക്ഷത്തിരിക്കുന്ന എന്റെ സ്നേഹിതൻ ശ്രീ. ബേബി ജോണിനും അദ്ദേഹത്തിന്റെ പാർട്ടിക്കും മുസ്ലീം ലീഗുമായുണ്ടായിരുന്ന ബന്ധം നിഷേധിക്കുവാൻ സാധിക്കുമോ?

ഇവിടെ സ്വന്തം പാർട്ടിക്ക് സോഷ്യലിസ്റ്റ് എന്ന പേര് പോരാഞ്ഞിട്ട് അത് മാറ്റി വിപ്ലവത്തിന്റെ 'റവല്യൂഷണറി' എന്ന പദവുംകൂടി ചേർത്തിട്ടാണ് സാക്ഷാൽ ആർ. എസ്. പി. ഉണ്ടായത്. എത്രകാലം ആർ.എസ്. പി. മുസ്ലീം ലീഗുമായി സൗഹാർദ്ദത്തിൽ പ്രവർത്തിച്ചു.

ജനതാപ്പാർട്ടിയുടെ നേതാവായ ശ്രീ. ചന്ദ്രശേഖരൻ 1980-ൽ നടന്ന തെരഞ്ഞെടുപ്പിൽ കേരള നിയമസഭയിലേക്ക് കടന്നുവന്നത് മുസ്ലീംലീഗുകൂടി ഉൾപ്പെട്ടിട്ടുള്ള ഒരു മുന്നണിയുടെ പ്രതിനിധി എന്ന നിലയിലായിരുന്നുവെന്നത് ആർക്കെങ്കിലും നിഷേധിക്കുവാൻ സാധിക്കുമോ? അങ്ങനെ സഖാവ് ഇ.കെ. നായനാർ, ശ്രീ. കെ. പി. പ്രഭാകരൻ, ശ്രീ. എ.സി. ഷൺമുഖദാസ് ശ്രീ. ബേബി ജോൺ, ശ്രീ. കെ. ചന്ദ്രശേഖരൻ തുടങ്ങി ഇന്നു വർഗ്ഗീയമുദ്ര മുസ്ലീംലീഗിന്റെമേൽ ചാർത്തിയിരിക്കുന്ന എല്ലാ ആളുകളും ഒരു ഘട്ടത്തിൽ മുസ്ലീംലീഗുമായി യോജിച്ച് പ്രവർത്തിച്ചിരുന്നു. അന്നുണ്ടായിരുന്ന മുസ്ലീം ലീഗിന്റെ നയത്തിന് വിരുദ്ധമായ ഒരു നയം ഇന്നു മുസ്ലീം ലീഗിനുണ്ടോ? മുസ്ലീംലീഗിന്റെ നയപരിപാടികളെ സംബന്ധിച്ചിടത്തോളം കൂടുതലൊന്നും ഞാൻ വിശദീകരിക്കുവാൻ ആഗ്രഹിക്കുന്നില്ല.

1948-ൽ വിഭജനാനന്തരമുള്ള മുസ്ലീംലീഗിന്റെ യോഗം മദിരാശിയിൽ ചേരുകയും അവിടെവച്ച് ഹാജി മുഹമ്മദ് ഇസ്മായിൽ സാഹിബ്ബിന്റെ നേതൃത്വത്തിൽ മുസ്ലീംലീഗ് ചില നയപരിപാടികളും ആവിഷ്ക്കരിച്ച് വീണ്ടും പ്രവർത്തനരംഗത്തു ഇറങ്ങുകയും ചെയ്തയവസരത്തിൽ മുസ്ലീംലീഗ് ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗ് എന്നപേരിൽ മൂന്നു ലക്ഷ്യങ്ങളാണ്. ഉയർത്തിപ്പിടിച്ചത്. അതിലൊന്ന്, നമ്മുടെ നാടിന്റെ സ്വാതന്ത്ര്യവും ഭദ്രതയും കാത്തുസൂക്ഷിക്കുന്നതിനുള്ള പ്രവർത്തനത്തിൽ സഹകരിക്കുകയും അതുമായി മുമ്പോട്ടുപോകുകയും ചെയ്യുകയെന്നുള്ളതായിരുന്നു. മറെറാന്ന്, നമ്മൾ എല്ലാം ആഗ്രഹിക്കുന്നതുപോലെ വിവിധ മതങ്ങളിലും വിവിധ ജാതികളിലും വിശ്വസിക്കുന്ന ആളുകൾ തമ്മിൽ മതസൗഹാർദ്ദതയോടെ ജീവിക്കുന്നതിനുള്ള പരിതഃസ്ഥിതി ഉണ്ടാക്കുക. മൂന്നാമതായി മുസ്ലീം ന്യൂനപക്ഷസംരക്ഷണത്തിനുവേണ്ടി പ്രവർത്തിക്കുക. ഇതിൽ എന്താണ് വർഗ്ഗീയതയുള്ളത്. ഇതിൽ വർഗ്ഗീയതയുണ്ടെന്ന് അധിക്ഷേപിക്കുന്ന നിങ്ങളുടെ നിർവചനത്തിന്റെ അടിസ്ഥാനത്തിലുള്ള ഏതെങ്കിലും ഒരു കാര്യം മുസ്ലീംലീഗിന്റെ അടിസ്ഥാനപരമായ ലക്ഷ്യങ്ങളെ സംബന്ധിച്ചിടത്തോളം ഉണ്ടായിട്ടുണ്ടോ? മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുമായും ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുമായും ആർ.എസ്.പി.യുമായും കോൺഗ്രസ്സുമായും ജനതാപ്പാർട്ടിയുമായും എല്ലാം ഒന്നിച്ചുപ്രവർത്തിച്ച കാലഘട്ടത്തിലെല്ലാം 1948-ൽ അംഗീകരിച്ചിട്ടുള്ള മുസ്ലീംലീഗിന്റെ അടിസ്ഥാനപരമായ കാര്യങ്ങളിൽ യാതൊരു മാറ്റവും ഉണ്ടായിട്ടില്ല. ഒരു സുപ്രഭാതത്തിൽ അല്ലെങ്കിൽ ഒരു നട്ടുച്ചയിൽ ഉണ്ടായ ബോധോദയത്തിന്റെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വർഗ്ഗീയതയുടെ ഒമനപ്പേരു നൽകു മുസ്ലീംലീഗിനെ ആക്ഷേപിക്കുന്ന, ആളുകം ഭയവായി അതിനെക്കുറിച്ച് ഒന്നാലോചിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

സർ, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിലപാടിനെ കുറിച്ച് ഞാൻ കൂടുതലൊന്നും പറയുന്നില്ല. വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദം എന്നു പറഞ്ഞതുപോലെ പല കാര്യത്തിലും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടി ഒരു വൈരുദ്ധ്യാത്മകമായ നിലപാട് സ്വീകരിക്കുന്നു. തമിഴ്നാട്ടിൽ നടന്ന തെരഞ്ഞെടുപ്പിനെക്കുറിച്ച് ഒന്നും ഞാൻ ഇപ്പോഴം പറയുന്നില്ല. കാരണം ആ കാര്യത്തിലും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വൈരുദ്ധ്യാത്മകമായ നിലപാട് ഈ സഭയിൽത്തന്നെ പ്രകടമായി. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ പ്രതിനിധീകരിച്ചു കൊണ്ട് ശ്രീ. വർക്കല രാധാകൃഷ്ണൻ പ്രസംഗിച്ചു. തമിഴ്നാട്ടിൽ മുസ്ലീം ലീഗുമായി നേരിട്ടുള്ള സഖ്യത്തിൽ ഏർപ്പെട്ടിട്ടില്ലെങ്കിലും ചില അഡ്ജസ്റ്റുമെന്റ് വരുത്തിയിരുന്നു എന്നു മാർക്സിസ്സ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പ്രതിനിധി പറഞ്ഞു. അവരുടെ പാർലമെന്ററി പാർട്ടിയുടെ പുതിയ സെക്രട്ടറി പറയുന്നത് യാതൊന്നും ഉണ്ടായിട്ടില്ലെന്നാണ്. ഏതാണ് ഞങ്ങം വിശ്വസിക്കേണ്ടത് ? സഖാവ് വർക്കല രാധാകൃഷ്ണൻ പറയുന്നതാണോ മാർക്സിസ്റ്റു പാർട്ടിയുടെ നയം, അതല്ല എന്റെ സ്നേഹിതൻ മൂസ്സക്കുട്ടി പറയുന്നതാണോ ശരി. ഏതാണ് മാർക്സിസ്റ്റു പാർട്ടിയുടെ നയമെന്ന് ഏറ്റവും ഒടുവിൽ സംസാരിക്കുന്ന സന്ദർഭത്തിൽ ബഹുമാനപ്പെട്ട ഇ. കെ. നായനാർ വ്യക്തമാക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

ഇവിടെ ഉയർത്തിപ്പിടിക്കുന്ന പുതിയ പുതിയ പ്രശ്നങ്ങളുണ്ട്. ഒന്ന്. വക്കഫ് ബോർഡിന് ഗ്രാന്റ് നല്കുന്നതിനെക്കുറിച്ചാണ്. വക്കഫ് ബോർഡിന് ഗ്രാന്റ് നല്കണമെങ്കിൽ അത് ഞങ്ങളുടെ തറവാട്ടിൽനിന്ന് കൊണ്ടുവന്നു കൊടുക്കണം എന്ന അർത്ഥത്തിൽ മാർക്സിസ്റ്റു പാർട്ടിയുടെ ഏറ്റവും വലിയ ആചാര്യന്റെ പ്രസ്താവന ഞാൻ പത്രത്തിൽ കണ്ടു. എനിക്ക് അതിൽ വലിയ ഖേദമുണ്ട്. വക്കഫ് ബോർഡിന് ഗ്രാന്റ് നല്കുന്നത് ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഒരു പുതിയ കാര്യമാണോ ? ഇൻഡ്യയിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ഭരണം നടത്തുന്ന രണ്ട് സംസ്ഥാനങ്ങളുണ്ട്. പശ്ചിമബംഗാളും ത്രിപുരയും. പശ്ചിമ ബംഗാളിന്റെ സ്ഥിതിയെന്താണെന്ന് എനിക്കറിയില്ല. ത്രിപുരയിലെ സ്ഥിതി എനിക്കറിയാം. വെറും പതിനയ്യായിരത്തോളം മുസ്ലീംങ്ങം താമസിക്കുന്ന, നൃപൻ ചക്രവർത്തി നേതൃത്വം നല്കുന്ന ത്രിപുരയിൽ അവിടത്തെ ഗവൺമെന്റ് വക്കഫ് ബോർഡിന് പത്തുലക്ഷം രൂപ ഗ്രാന്റായി നല്കുന്നുവെന്നുള്ള സത്യം നിഷേധിക്കാൻ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടിയിലെ സ്നേഹിതൻമാർക്ക് സാധിക്കുമോ ? ഈ കാര്യത്തിൽ തെളിവ് നൽകാൻ ഞാൻ ശ്രീ. എ. സി. ജോസിനെ വിളിക്കുന്നില്ല. ഈ കാര്യത്തിൽ തെളിവ് നല്കാൻ ഞാൻ എന്റെ സഹപ്രവർത്തകൻ ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജിയെ വിളിക്കുന്നില്ല, ഈ കാര്യത്തിൽ തെളിവു നൽകാൻ എനിക്കുള്ള സാക്ഷികം മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടിയിലുള്ള ആളുകം തന്നെയാണ്. എന്റെ ഒന്നാമത്തെ സാക്ഷി സഖാവ് വാസുദേവമേനോനാണ്. രണ്ടാമത്തെ സാക്ഷി കോടിയേരി ബാലകൃഷ്ണനാണ്. മൂന്നാമത്തെ സാക്ഷി പത്മനാഭൻ മാസ്റ്ററാണ്. നാലാമത്തെ സാക്ഷി സഖാവ് സി പി. മൂസ്സാൻകുട്ടിയാണ്. ത്രിപുരയിൽ വക്കഫ് ബോർഡിന് ഗ്രാന്റ് എന്ന നിലയിൽ പത്തുലക്ഷം രൂപ പതിനയ്യായിരത്തോളം ജനസംഖ്യ വരുന്ന മുസ്ലീംങ്ങൾക്ക് നല്കുന്നുവെന്ന കാര്യം സഖാവ് നൃപൻ ചക്രവർത്തി ഞങ്ങളോട് പറയുമ്പോഴം മേൽപറഞ്ഞ എന്റെ

LIBRARY ARCHIVES Kerala Legislative Assembly

സഹപ്രവർത്തകർ എല്ലാം ഉണ്ടായിരുന്നു. അവരെല്ലാം ആ ചർച്ചാവേളയിൽ സന്നിഹിതരായിരുന്നു. ഇത് യാഥാർത്ഥ്യമാണോ എന്ന കാര്യം അടുത്ത സെൻട്രൽ കമ്മിറ്റിക്ക് പോകുമ്പോഴെ ശ്രീ. നായനാർ ഒന്നന്വേഷിക്കണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

മറ്റൊരു കാര്യം കൂടി പറയുവാനുണ്ട്. ഋതുഭേദങ്ങളെ വരുമ്പോഴെ ശബ്ദം മാറുന്ന ദേശാടന കിളികളെപോലെ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി സ്വരം മാറ്റി പാട്ടുപാടുകയാണ്. സർ, എനിക്ക് അവതാരങ്ങളിൽ വിശ്വാസമില്ല. ദശാവതാരത്തിൽ വിശ്വസിക്കുന്ന ആളുകളുണ്ടാകാം. ഇന്ന് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി സ്വീകരിക്കുന്ന നയം ഒന്തിന്റെ മനുഷ്യാവതാരമാണ് എന്നു പറയാൻ ഞാൻ ഒരിക്കലും തയ്യാറല്ല. കാരണം എനിക്ക് ഈ അവതാരത്തിൽ വിശ്വാസമില്ല.

പിന്തിരിപ്പൻ കക്ഷിയാണെന്നാണു ഞങ്ങളെപ്പറ്റിയുള്ള മറ്റൊരു ആരോപണം. എനിക്ക് മുമ്പ് ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ച എന്റെ സഹപ്രവർത്തകൻ ഈ കാര്യം ഇയിടെ വിശദീകരിച്ചു കഴിഞ്ഞതാണ്. ദേശീയതലത്തിലും സംസ്ഥാനതലത്തിലുമുള്ള ഏതു പുരോഗമന പ്രസ്ഥാനത്തോടും പുരോഗമന നിയമനിർമ്മാണത്തോടുമാണ് മുസ്ലീംലീഗ് യോജിച്ചുനില്ക്കാത്തത്. ഞാൻ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം ഭൂപരിഷ്ക്കരണ ബില്ലിന്റെ കാര്യത്തിലും വനം ദേശവൽക്കരണത്തിന്റെ കാര്യത്തിലും, കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കുന്ന കാര്യത്തിലും അതുപോലെയുള്ള പുരോഗമന പരമായ കാര്യങ്ങളിലെല്ലാം മുസ്ലീം ലീഗ് യോജിച്ചുനിന്നിട്ടുണ്ട്. ദേശീയതലത്തിൽ ഇവിടെ മുമ്പു വിശദീകരിച്ചിട്ടുള്ളതുപോലെ ബാങ്ക് ദേശവൽകരണത്തിന്റെ കാര്യത്തിൽ പ്രീവിപേഴ്സ് എടുത്തുകളയുന്ന കാര്യത്തിൽ എല്ലാം തന്നെ പുരോഗമന പ്രസ്ഥാനത്തോടൊപ്പം നിന്നിട്ടുള്ള പാരമ്പര്യമാണ് മുസ്ലീം ലീഗിനുള്ളത്.

കോൺഗ്രസ് (എസ്) നെ സംബന്ധിച്ചിടത്തോളം അധികമൊന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ശരദ് പവാറും ശ്രീ. രാജീവ് ഗാന്ധിയും നടത്തിയിട്ടുള്ള സംസാരങ്ങളെ സംബന്ധിച്ച് എല്ലാം പത്രങ്ങളിൽ വന്ന സാഹചര്യത്തിൽ കോൺഗ്രസ് (ഐ) വിളിച്ചാൽ വിളി കേൾക്കും എന്ന നിലയിൽ നില്ക്കുകയാണ് കോൺഗ്രസ് (എസ്).

സർ, സി. പി. ഐ. യുടെ സ്ഥിതിയെന്താണ് ? ഞങ്ങളെ അധിക്ഷേപിക്കുന്ന തരത്തിൽ സി. പി. ഐ. യുടെ നേതാവ് ഇന്നലെ ഈ സഭയിൽ നടത്തിയ പരാമർശം വളരെ ദൗർഭാഗ്യകരമായിപോയി. സി. പി. ഐ. യുടെ നിയമസഭാ കക്ഷിനേതാവിൽനിന്നും ഒരിക്കലും അത് പ്രതീക്ഷിച്ചില്ല പാകിസ്ഥാനിൽപോയി ഇൻഡ്യാവിരുദ്ധ പ്രചരണം നടത്തിയ നേതാവിന്റെ അനുയായി എന്നാണ് അദ്ദേഹം വിശേഷിപ്പിച്ചത്. അത് വേണ്ടിയിരുന്നില്ല. അത്രത്തോളം പോകേണ്ടതില്ലായിരുന്നു. അന്താരാഷ്ട്രനിലവാരത്തിൽ രാഷ്ട്രാന്തരീയത്തിൽ ശ്രീ. രാജീവിന്റെ നയങ്ങളെ അനുകൂലിക്കുന്നുവെന്ന് നേരത്തെ തന്നെ തീരുമാനമെടുത്ത സി. പി. ഐ. ഈ അടുത്ത ദിവസം സമാപിച്ചിട്ടുള്ള പാറ്റ്നാ കോൺഗ്രസ്സിൽ വച്ച് ദേശീയതലത്തിലും ശ്രീ. രാജീവുമായി സഹകരിക്കുന്നതിനുള്ള സന്നദ്ധത പ്രഖ്യാപിച്ചുവെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. പക്ഷേ സഖാവ് കെ. പി. പ്രഭാകരൻ വിശദീകരിച്ചപ്പോഴും പറഞ്ഞത്, രാജീവുഗാന്ധിയുടെ നയത്തെ സംബന്ധിച്ചിടത്തോളം രാജീവ് ഗാന്ധിയുടെ ഗവൺമെന്റ് ഒരു ബൂർഷ്വാ ഗവൺമെന്റാണ്, ആ ബൂർഷ്വാ ഗവൺമെന്റിനു പകരമായി ഒരു ഇടതുപക്ഷ ജനാധിപത്യ സംവിധാനം ഉണ്ടാക്കുന്ന കാര്യത്തിൽ സി. പി. ഐ. (എം) മായി ഞങ്ങളെ യോജിച്ചു

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിക്കുന്നതിന് തയ്യാറാണെന്നാണ്. സി. പി. ഐ. തന്നെ അതു പറഞ്ഞാൽ മതിയോ? സി.പി.ഐ. (എം) കൂടെ അത് പായേണ്ടതല്ലേ? ഈ യോജിപ്പിന്റെ കാര്യത്തിൽ സി. പി. ഐ. (എം) ന്റെ നിലപാട് എന്താണ്? അത് ചർച്ച ആരംഭിച്ച സമയത്ത് എന്റെ സുഹൃത്ത് ശ്രീ. ബഷീർ ഇവിടെ വിശദീകരിച്ചു. ബാലരാമനും ഇ. എം. എസും അച്യുതാനന്ദനും എല്ലാം പറഞ്ഞ കാര്യങ്ങളും, ജനയുഗത്തിലൂടെയും, ദേശാഭിമാനിയിലൂടെയും എല്ലാം പറഞ്ഞ കാര്യങ്ങളും ഉദ്ധരിച്ചുകൊണ്ട് ഇവിടെ വിശദീകരിച്ചു. എന്തായാലും ശ്രീ. പ്രഭാകരന്റെ ഇന്നലത്തെ പ്രസംഗം കേട്ടപ്പോൾ "അറയ്ക്കലെ ബീവിയെ കെട്ടാൻ അർദ്ധ സമ്മതം" എന്നു പറഞ്ഞിട്ടുള്ളത് സ്വാഭാവികമായും ഞാൻ ഓർത്തുപോയി.

ഇനി എനിക്ക് സംസാരിക്കാനുള്ളത് ഇന്നലെ ഇവിടെ നടന്ന ചില പരാമർശനങ്ങളെക്കുറിച്ചാണ്. രാജ്യദ്രോഹികളും എന്ന രീതിയിലുള്ള ചില പരാമർശനങ്ങളും ഉണ്ടായി. അത് ഞങ്ങളെ ഉദ്ദേശിച്ചാണെങ്കിൽ ഞങ്ങൾക്ക് ആ തൊപ്പി ചേരില്ല എന്നു ഞാൻ വ്യക്തമാക്കുകയാണ്. ഇവിടെ ചാരവൃത്തി നടത്തുന്ന ആളുകളുണ്ട്. ചൈനക്കുവേണ്ടിയും റഷ്യക്കുവേണ്ടിയും എന്തിനേറെപ്പറയുന്നു ഒരു കൊച്ചു രാജ്യമായ തായ്വാനുവേണ്ടി പോലും ചാരവൃത്തി നടത്തുന്ന ആളുകളുണ്ട്. എല്ലാവരേയും പിടിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഒരു കാര്യം എനിക്ക് ഉറപ്പിച്ചു പറയുവാൻ സാധിക്കും. ഇൻഡ്യ സ്വതന്ത്രയായതിനുശേഷം ഈ കാലത്തിനിടയിൽ ഏതെങ്കിലും ഒരു മുസ്ലീമിനെ ചാരവൃത്തി നടത്തിയെന്നു പറഞ്ഞുകൊണ്ട് അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്ന് ഞാൻ ചോദിക്കുകയാണ്. ഏതെങ്കിലും ഒരു മുസ്ലീം രാഷ്ട്രം ഇൻഡ്യയ്ക്ക് എതിരെ ചാരവൃത്തി നടത്തിയെന്നോ അതിന് നേതൃത്വം നൽകിയെന്നോ പറയുകയാണെങ്കിൽ അവർ ഇൻഡ്യാക്കാരോട് വിശേഷിച്ച് കേരളീയരോട് ചെയ്യുന്ന ഒരു പാതകമായിരിക്കും എന്നാണ് ഈ സന്ദർഭത്തിൽ എനിക്കു പറയുവാനുള്ളത്. ഗൾഫ് രാജ്യങ്ങളിൽ ധാരാളം മുസ്ലീങ്ങളും ഉണ്ട്. അവരെ ആശ്രയിച്ച് ജീവിതം കഴിക്കുന്ന ധാരാളം കുടുംബങ്ങളും ഇവിടെയുണ്ട്. അവിടെ താമസിക്കുന്ന നമ്മുടെ ആളുകൾക്ക് വിഷമമുണ്ടാക്കുന്ന രീതിയിലുള്ള പരാമർശനങ്ങളും നടത്തുന്നത് ആരായാലും.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

അത് ശ്രദ്ധിച്ചിട്ടായിരിക്കണം എന്ന് ഈ സന്ദർഭത്തിൽ ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഈ നാടിനെ ഒറ്റി കൊടുക്കുന്ന പാരമ്പര്യമൊന്നും ഞങ്ങൾക്കില്ല. ആ പാരമ്പര്യം മുസ്ലീം സമുദായത്തിനും മുസ്ലീംലീഗിനും ഇല്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇൻഡ്യയുടെ സ്വാതന്ത്ര്യവും ഭദ്രതയും അഖണ്ഡതയും ഉയർത്തിപ്പിടിക്കുന്നതിൽ പ്രതിജ്ഞാബദ്ധമായിട്ടുള്ള ഒരു പാർട്ടിയുടെ അംഗമാണ് ഞാൻ. ഇന്നലെ ഇവിടെ ചിലരുടെ പ്രസംഗങ്ങളിൽ ചില പരാമർശനങ്ങൾ കേട്ടപ്പോൾ എനിക്ക് ദുഃഖം തോന്നി. അവരുടെ പ്രസംഗങ്ങൾ കേട്ടപ്പോൾ തോന്നിയത് ഈ ഇൻഡ്യാ മഹാരാജ്യം അവരുടെ കുടുംബ സ്വത്താണെന്നാണ് ഈ നാട്ടിലെ മണ്ണിനോട് ഞങ്ങൾക്ക് ചില ബാദ്ധ്യതകളൊക്കെയുണ്ട്. അതാർക്കും നിഷേധിക്കാൻ സാദ്ധ്യമല്ല. ഇവിടെ പലർക്കും ഉള്ളതിനേക്കാൾ കൂടുതൽ ബാദ്ധ്യത, പലർക്കുമുള്ളതിനേക്കാൾ കൂടുതൽ ബന്ധം ഈ നാട്ടിലെ മണ്ണിനോട് ഞങ്ങൾക്കുണ്ട്. ഞാൻ ആരുടേയും മത വികാരം കുത്തിപ്പൊക്കുന്നതിനുവേണ്ടി പറയുകയല്ല. ഇവിടെ വിവിധ മതത്തിൽ വിശ്വസിക്കുന്ന ആളുകളുണ്ട്. ചില മതത്തിൽപ്പെട്ട ആളുകൾ മരണപ്പെട്ടു കഴിഞ്ഞാൽ അവരുടെ മൃതദേഹങ്ങൾ ചിതയിൽവച്ച് കത്തിച്ച് ഭസ്മമാക്കി പുണ്യതീർത്ഥങ്ങളിൽ ഒഴുക്കുന്ന പതിവുണ്ട്. ഞങ്ങൾ അവസാനമായി കണ്ണടച്ചുകഴിഞ്ഞാൽ ഈ നാട്ടിലെ ആറടി മണ്ണിലാണ് കുഴിച്ചു മൂടുന്നത്. മരിച്ചുകഴിഞ്ഞാലും ഈ നാട്ടിലെ മണ്ണിനോട് താദാത്മ്യം പ്രാപിക്കുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

സമുദായത്തിലെ അംഗം എന്നുള്ള നിലയിൽ ഈ നാട്ടിനെ ഒറ്റിക്കൊടുക്കാൻ മുസ്ലീംലീഗ് ഒരിക്കലും തയ്യാറാവുകയില്ല. ഈ സഭയിലേക്ക് കടന്നു വന്നിട്ടുള്ള പുതിയ അംഗങ്ങളിൽ എന്റെ സ്നേഹിതൻ ശ്രീ. കാനം രാജേന്ദ്രന്റെ പ്രസംഗമാണ് ഞാൻ വളരെ താൽപ്പര്യപൂർവ്വം ശ്രദ്ധിച്ചത്. അദ്ദേഹത്തിന്റെ ആദ്യദിവസത്തെ പ്രസംഗം ഞാൻ വളരെ ശ്രദ്ധാപൂർവ്വം കേട്ടു. അദ്ദേഹം ഇവിടെ പരമഗീതം ആലപിക്കുകയായിരുന്നു. കരുണാകരനെപ്പറ്റി ധാരാളം പറഞ്ഞു. കരുണാകരന്റെ ജനനം മുതൽ ഇന്നത്തെ അവസ്ഥവരെ പറഞ്ഞു. അതിൽ ഒരു കാര്യം ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. ചെറിയാച്ചന്റെ ക്രൂരകൃത്യങ്ങളും എന്നു പറഞ്ഞതുപോലെ അടിയന്തരാവസ്ഥയിൽ ശ്രീ. കരുണാകരൻ ചെയ്തിട്ടുള്ള ക്രൂരകൃത്യങ്ങളെ സംബന്ധിച്ച് ശ്രീ. രാജേന്ദ്രൻ പരാമർശിച്ചു. അടിയന്തരാവസ്ഥയിൽ ശ്രീ. കരുണാകരൻ ചെയ്തിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചൊന്നും ഞാൻ വിശദീകരിക്കുന്നില്ല. പക്ഷേ ഇങ്ങനെ കൊടും ക്രൂരകൃത്യങ്ങളും നടത്തിയ സന്ദർഭത്തിൽ കേരളത്തിന്റെ മുഖ്യമന്ത്രി ആരായിരുന്നു? ശ്രീ. കാനം രാജേന്ദ്രന്റെ നേതാവായ അച്യുതമേനോനായിരുന്നു അന്നത്തെ മുഖ്യമന്ത്രി. അവയെല്ലാം നിഷേധിക്കാൻ സാധിക്കാത്ത സത്യങ്ങളാണ്. പ്രതിപക്ഷത്തുള്ള എം. എൽ. എ. മാരെ ജയിലിൽ അടയ്ക്കുന്ന സ്ഥിതിയിൽ എത്തിക്കുന്നതിനുപോലും സി. പി. ഐ. തയ്യാറായിരുന്നില്ലേ എന്നുള്ള സത്യം ആർക്കെങ്കിലും നിഷേധിക്കാൻ സാധിക്കുമോ? അന്ന് കെ. പി. പ്രഭാകരൻ നിയമസഭയിലുണ്ടായിരുന്നില്ല. അടിയന്തരാവസ്ഥക്കാലത്തെ കൊടും ക്രൂരകൃത്യങ്ങളെക്കുറിച്ച് ആലങ്കാരികമായി ശ്രീ. കാനം രാജേന്ദ്രൻ പ്രസംഗിച്ചപ്പോഴും അന്നത്തെ മുഖ്യമന്ത്രി ശ്രീ. സി. അച്യുതമേനോനായിരുന്നു എന്നുള്ള കാര്യം ഓർത്തില്ലേ? തൊഴിലാളി വർഗ്ഗം ഇന്നും ബഹുമാനപുരസ്സരം ഓർമ്മിക്കുന്ന സഖാവ് ടി. വി. തോമസ് അന്നത്തെ മന്ത്രിസഭയിലെ അംഗമായിരുന്നു. ഞങ്ങളെപ്പോലുള്ള രാഷ്ട്രീയ പ്രവർത്തകൻമാർ ഒരു കാരണവരെപ്പോലെ കണക്കാക്കുന്ന സഖാവ് എം. എൻ. ഗോവിന്ദൻ നായരും ആ മന്ത്രിസഭയിലെ അംഗമായിരുന്നു. കാനം രാജേന്ദ്രൻ പ്രസംഗിക്കുന്നതെല്ലാം ഒരു മൂക സാക്ഷിയെപ്പോലെ കേട്ടുകൊണ്ടിരിക്കുന്ന ബേബി ജോണും അന്തരിച്ച സഖാവ് ടി. കെ. ദിവാകരനും ആ മന്ത്രിസഭയിലുണ്ടായിരുന്നു എന്നാണെന്റെ ഓർമ്മ. വളരെ വികാരവിക്ഷോഭത്തോടുകൂടി ഈ സഭാവേദിയിൽ നിന്നുകൊണ്ടു പ്രസംഗിച്ച സഖാവ് പങ്കജാക്ഷനും ആ മന്ത്രിസഭയിലുണ്ടായിരുന്നു എന്നാണെന്റെ വിശ്വാസം. ഇതെല്ലാം കഴിഞ്ഞതിനുശേഷം ഈ വിധത്തിൽ പ്രസംഗം നടത്തുന്ന എന്റെ സ്നേഹിതൻ ശ്രീ. കാനം രാജേന്ദ്രനോട് എനിക്ക് ഒരു കാര്യം മാത്രമേ പറയാനുള്ളൂ. അങ്ങ് ദയവായി മലർന്നു കിടന്നുകൊണ്ട് മോലോട്ട് തുപ്പരുത്.

ഇവിടെ ഒടുവിൽ സംസാരിച്ച കെ. ചന്ദ്രശേഖരൻ ഒരു കാര്യം പറഞ്ഞു. ഹെഗ്ഡേയുടെ രാജിയെ സംബന്ധിച്ച് എന്തായിരുന്നു ഹെഗ്ഡേയുടെ രാജി, എൻ. ടി. ആറിന്റെ രാജി എന്തായിരുന്നു? രണ്ടും തമ്മിൽ വല്ല താരതമ്യവുമുണ്ടോ? ഹൈക്കോടതിയുടെ പരാമർശത്തെ തുടർന്ന് ഹെഗ്ഡേ രാജി വച്ചു. ജനാധിപത്യ മൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്നതിനുവേണ്ടിയുള്ള ഏറ്റവും നല്ല നടപടിയെന്നുള്ള നിലയിൽ ഞങ്ങളും അതിനെ സ്വാഗതം ചെയ്തു. പിന്നെ ഹെഗ്ഡേ തിരിച്ചു വന്നതോ? ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ അങ്ങ് കോടതിയുമായിട്ടൊക്കെ വളരെയധികം ബന്ധമുള്ള ആളല്ലേ? എന്തു ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിലാണ് ഹെഗ്ഡേ തിരിച്ചു വന്നത്. ജനതാ എം. എൽ. എ. മാരും അതിലുള്ള വനിതാ എം. എൽ. എ. മാരും കരഞ്ഞുകൊണ്ടു നിൽക്കുന്ന ഫോട്ടോ പത്രങ്ങളിൽ കണ്ടു. എന്തിനുവേണ്ടിയായിരുന്നു ഈ പ്രഹസനവും നാടകവുമൊക്കെ. എന്തോ ഒരു വലിയ കാര്യം

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ള നിലയിൽ സഖാവ് ചന്ദ്രശേഖരനെപ്പോലുള്ള ആളുകൾ അതിനെ പൊക്കിപ്പിടിക്കേണ്ട കാര്യമില്ലായിരുന്നു. ഐക്യജനാധിപത്യ മുന്നണിയുടെ കഴിഞ്ഞകാല നേട്ടങ്ങളെക്കുറിച്ചും ഇനി ചെയ്യാൻ പോകുന്ന കാര്യങ്ങളെക്കുറിച്ചും ഇവിടെ ധാരാളം പരാമർശനങ്ങൾ നടന്നുകഴിഞ്ഞു. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. ഒരു കാര്യം ഞാൻ ഈ സന്ദർഭത്തിൽ വ്യക്തമാക്കാനാഗ്രഹിക്കുന്നു. ഐക്യജനാധിപത്യ മുന്നണിയുടെ മുഖ്യമന്ത്രിയേയും മന്ത്രിമാരായ അഹമ്മദിനേയും രവിയേയും മാണിയേയും ഒറ്റപ്പെടുത്തി ഈ മുന്നണി സംവിധാനത്തെ തകർത്തുകളയാമെന്ന് വ്യാമോഹിക്കേണ്ട. അത് നടക്കാൻ പോകുന്നില്ല. ഞങ്ങൾ ഒറ്റക്കെട്ടായി മുന്നോട്ടു പോകും. ഞാൻ വളരെ ആധികാരികമായി സന്തോഷത്തോടുകൂടി പറയട്ടെ, മുസ്ലീം ലീഗുകാർ ഒന്നായിക്കഴിഞ്ഞപ്പോൾ പരിപൂർണ്ണമായും ഒന്നായി എന്നു പറയുന്നതുപോലെ ഐക്യജനാധിപത്യമുന്നണിയിൽ വിവിധ അഭിപ്രായ വ്യത്യാസങ്ങൾ പുലർത്തിയാലും ഐക്യജനാധിപത്യ മുന്നണിയെ കണ്ണിന്റെ കൃഷ്ണമണിപോലെ കാത്തു സൂക്ഷിക്കാൻവേണ്ടി ഞങ്ങൾ ഒറ്റക്കെട്ടായി മുന്നോട്ടുപോകും. ശ്രീ. കരുണാകരന്റെ നേതൃത്വത്തിലുള്ള ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായിട്ടുള്ള കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടിയുള്ള പരിപൂർണ്ണമായ അധികാരം മുസ്ലീം ലീഗ് അടക്കമുള്ള കക്ഷികൾ മുന്നണിയുടെ നേതാവെന്നുള്ള നിലയിൽ കരുണാകരന് നൽകിയിട്ടുണ്ട്. ഞാൻ എന്റെ സംസാരം ദീർഘിപ്പിക്കുന്നില്ല. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് എന്റെ സുഹൃത്ത് ശ്രീ. എം. എം. ഹസ്സൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള നന്ദിപ്രമേയത്തെ ഞാൻ ഹാർദ്ദമായി അനുകൂലിക്കുന്നു.

ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. ഷൺമുഖദാസ് ഇവിടെ പ്രസംഗിച്ചുകൊണ്ടുനിന്നപ്പോൾ അദ്ദേഹത്തിന്റെ സമയം തീർന്നു എന്നുള്ളതു അറിയിക്കാൻ വേണ്ടി ബെല്ലടിച്ചു. അപ്പോൾ അദ്ദേഹം പ്രസംഗം നിറുത്തുകയും ഞാൻ അടുത്തയാളിന്റെ പേര് വിളിക്കുകയും ചെയ്തു. അതുകൊണ്ട് അതിൽ അദ്ദേഹത്തിന് എന്തെങ്കിലും പ്രയാസം ഉണ്ടായിട്ടുണ്ടെങ്കിൽ എന്റെ സുഹൃത്തെന്നുള്ള നിലയിൽ ഞാൻ അദ്ദേഹത്തോട് മാപ്പ് ചോദിക്കുന്നു. ബഹുമാനപ്പെട്ട മെമ്പർമാർ ഒരു കാര്യം മനസ്സിലാക്കേണ്ടതുണ്ട്. ഈ സഭയിലിരിക്കുന്ന പാർട്ടിയുടെ നേതാക്കൻമാർക്കെല്ലാം സ്വൽപം അധികം സമയം കൊടുക്കാറുണ്ട്. അതുകൊണ്ട് അവർക്ക് അങ്ങോട്ടും ഇങ്ങോട്ടും സമയം സ്വൽപ്പം വ്യത്യാസപ്പെടുത്തിക്കൊടുക്കുന്നത് ചെയർ മന:പൂർവ്വം ചെയ്യുന്നതല്ലെന്ന് മെമ്പർമാർ മനസ്സിലാക്കണം.

ശ്രീ. എ. സി. ഷൺമുഖദാസ് : സഭാദ്ധ്യക്ഷന്റെ തീരുമാനം അംഗീകരിക്കാൻ ഞാൻ ബാദ്ധ്യസ്ഥനാണ്. സാധാരണ നടപടികളിൽ വ്യത്യസ്തമായി ഞാൻ സ്വൽപ്പം അധികം സമയം നിന്നുപോയിട്ടുണ്ട്. എനിക്കതിൽ വേദനയുണ്ട്.

ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. തച്ചടിപ്രഭാകരന് സംസാരിക്കാം.....ചായ എർപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർമാർക്കും പത്രപ്രതിനിധികൾക്കും പോയി കുടിക്കാം.

ശ്രീ. തച്ചടി പ്രഭാകരൻ : ചായ കുടിച്ചിട്ട് പ്രസംഗിച്ചാൽ പോരേ ? 10 മിനിട്ട് സമാനടപടികൾ നിറുത്തി വച്ച് ചായ കുടിച്ചിട്ട് പ്രസംഗിക്കാം.

ഡെപ്യൂട്ടി സ്പീക്കർ : ചായകുടിയും പ്രസംഗവും നടന്നോട്ടെ.

ശ്രീ. തച്ചടി പ്രഭാകരൻ : എല്ലാവരേയുംപോലെ വിശപ്പുള്ളവനാണ് ഞാനും. ചായ കുടിച്ചുകഴിഞ്ഞിട്ട് പ്രസംഗിക്കാം. 10 മിനിട്ട് നിറുത്തിവച്ചാൽ മതി. കുഴപ്പമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടി സ്പീക്കർ : സഭ നിറുത്തി വയ്ക്കേണ്ട ആവശ്യമില്ല. നിങ്ങൾ പ്രസംഗിക്കുന്നതെങ്കിൽ പ്രസംഗിക്കണം. ഇല്ലെങ്കിൽ വേറെ ആളെ വിളിക്കാം.

ശ്രീ. തച്ചടി പ്രഭാകരൻ : ഞാൻ പ്രസംഗിക്കുന്നില്ല. നായനാരെ വിളിക്കണം.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) : ഇന്നലെയും മിനിഞ്ഞാന്നും സഭ നിറുത്തി വയ്ക്കാതെയാണ് ചായ കുടിച്ചത്.

ശ്രീ. തച്ചടി പ്രഭാകരൻ : ഞാൻ പ്രസംഗിക്കുന്നില്ല. ചെയറിന് എന്തും ചെയ്യാമെന്നു തോന്നരുത്.

ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർക്കും എന്തും പറയാമെന്ന് തോന്നരുത്.

ശ്രീ. എം. എം. ഹസ്സൻ : ഇന്നലെ ചായ കുടിക്കാൻ പോയപ്പോൾ പ്രസംഗം തുടർന്നതാണ് സർ.

ശ്രീ. തച്ചടി പ്രഭാകരൻ : പത്തു മിനിട്ട് നിറുത്തി വച്ചിട്ട് സഭ തുടർന്നാൽ മതി. പത്തു മിനിട്ടു കൂടുതൽ ഇരുന്നുപോയി എന്നു വച്ച് രാജ്യം അപകടത്തിൽ പോവുകയൊന്നുമില്ല. ഭരണകക്ഷിക്കാർ എന്നുവച്ച് ജനാധിപത്യ മര്യാദ വേണ്ടേ ? പ്രതിപക്ഷങ്ങൾക്ക് മാത്രമാണോ ജനാധിപത്യ മര്യാദ.

ശ്രീ. എ. സി. ജോസ് : ചായ ഇതുവരെയും എത്തിയിട്ടില്ല. ഇനിയും 15 മിനിട്ട് കഴിഞ്ഞാലേ ചായ എത്തുകയുള്ളു. മെമ്പർമാരെല്ലാം തിരിച്ചു വരുന്നുണ്ട്. പ്രസംഗം തുടരാം.

ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് പ്രസംഗിക്കാം.

ശ്രീ. ഇ. കെ. നായനാർ : സർ, ഇവിടെ ഗവർണ്ണർ അവതരിപ്പിച്ച പ്രസംഗത്തിൽ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുകയാണ്. ഗവർണ്ണറുടെ പ്രസംഗം ഒരു നയപ്രഖ്യാപനമല്ല, അങ്ങേയറ്റം ഒരു പ്രവർത്തന റിപ്പോർട്ടാണ്. ശ്രീ. രാജീവ് ഗാന്ധിയുടെ നേതൃത്വത്തിലുള്ള കേന്ദ്രഗവൺമെൻറിൻെറ ദീർഘദൃഷ്ടിയെ സംബന്ധിച്ചും അദ്ദേഹത്തിൻെറ ഉൾക്കാഴ്ചപ്പാടിനെ സംബന്ധിച്ചുമെല്ലാമുള്ള ഒരു പാരഗ്രാഫാണ് ആദ്യം കൊടുത്തിട്ടുള്ളത്. പഞ്ചാബ് പ്രശ്നം തീർത്തു, ആസ്സാം പ്രശ്നം തീർത്തു എന്നു പറഞ്ഞിരിക്കുന്നു. തീർച്ചയായിട്ടും ഈ പ്രശ്നങ്ങളൊന്നും തീർന്നിട്ടില്ല. പഞ്ചാബിലാണെങ്കിൽ പ്രഖ്യാപിച്ച ജനുവരി 26-ന് ചണ്ഡിഗർ വിട്ടുകൊടുത്തിട്ടില്ല. അതുപോലെ പഞ്ചാബിൽ വിഘടിതശക്തികളെ ഇന്ന് കശാപ്പുരാഷ്ട്രീയം തുടരുകയാണ്. ബർണ്ണാല ഗവൺമെൻറ് അവരെ നേരിടുന്നതിൽ പരാജയപ്പെട്ടിരിക്കുകയാണ്. ഇന്ത്യാഗവൺമെൻറ് കൈക്കൊണ്ട ചണ്ഡിഗർ വിട്ടുകൊടുക്കാമെന്നുള്ള സമീപനം പാലിക്കാത്തതിൻെറ ഫലമായി അതിനെ തികച്ചും ഉപയോഗപ്പെടുത്തുവാൻ അവിടത്തെ തീവ്രവാദികൾക്ക് കഴിയുന്നുണ്ട്. സുവർണ്ണക്ഷേത്രത്തിൻെറ ആധിപത്യം തന്നെ അവിടത്തെ സിക്ക് തീവ്രവാദി വിദ്യാർത്ഥികളുടെ കയ്യിലാണിപ്പോൾ. കഴിഞ്ഞ ആറു മാസത്തിനകം 400-ലധികം പേരെ തീവ്രവാദികൾ കശാപ്പു ചെയ്തിട്ടുണ്ട്. ഹിന്ദുശിവസേനക്കാർ മറുഭാഗത്ത് സിക്കുകാർക്കെതിരായിട്ട് പ്രവർത്തിക്കുകയാണ്. കമ്മ്യൂണലിസം കൂടുതൽ വ്യാപിച്ചു വരുന്ന സാഹചര്യമാണ്. ഇന്ത്യാഗവൺമെൻറിൻെറയും ബർണാല ഗവൺമെൻറിൻെറയും നയത്തിൻെറ ഫലമായി ഉണ്ടായിട്ടുള്ളത്. ഇതുപയോഗിച്ചുകൊണ്ട് ഹരിയാനയിൽ ജനറൽ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിന്റെ പ്രവർത്തനങ്ങൾ. സിക്കുകാർക്കെതിരായിട്ട് മറുഭാഗത്ത് അണിനിരത്താനാണ് ശ്രമിക്കുന്നത്. അതുകൊണ്ട് ആ പ്രശ്നം തീരുകയില്ല. ഇതുതന്നെയാണ് ആസാമിലുള്ളത്. ന്യൂനപക്ഷങ്ങളുടെ നേതൃത്വത്തിൽ അവിടെ പത്തുലക്ഷം വോട്ടർമാർക്ക് വോട്ടില്ലാതാക്കിക്കൊണ്ട് നടത്തിയ ശ്രീ. രാജീവ് ഗാന്ധിയുടെ തെറ്റായ കോംപ്രമൈസ്, വിഘടിത ശക്തികൾക്ക് കീഴടങ്ങിക്കൊണ്ടുള്ള ആ സന്ധിയുടെ ഫലമായി ഇന്ന് എ.ജി.പി. അധികാരത്തിൽ വന്നു. ജനാധിപത്യ പ്രസ്ഥാനത്തിനെതിരായിട്ട്, ന്യൂനപക്ഷങ്ങൾക്കെതിരായിട്ട് കടുത്ത മർദ്ദനങ്ങൾ, കൊലപാതകങ്ങൾ എന്നിവ തുടർന്നുകൊണ്ടിരിക്കുകയാണ്. പ്രശ്നം തീരുകയല്ല, കൂടുതൽ സങ്കീർണ്ണമാവുകയാണ്. ഇതുതന്നെയാണ്. കാശ്മീരിലെയും സ്ഥിതി. കാശ്മീരിലെ ഫാറൂക്ക് അബ്ദുള്ള ഗവൺമെൻറിനെ ജനാധിപത്യ വിരുദ്ധമായി മറിച്ചിട്ടിട്ട് ഷായെ എൽപ്പിച്ചതിന്റെ ഫലമായി 20 മാസത്തിനുള്ളിൽ പാകിസ്ഥാൻ അനുകൂലികളായിട്ടുള്ള ജമാ അത്ത്. ഇസ്ലാമികം അടക്കം കഴിഞ്ഞ സ്വാതന്ത്ര്യ ദിനത്തിൽ പാകിസ്ഥാൻ പതാകയാണ് അവിടെ പാറിപ്പിച്ചത്. ഹിന്ദു വർഗ്ഗീയവാദികളും ഒരു ഭാഗത്തും മുസ്ലീം വർഗ്ഗീയവാദികളും മറുഭാഗത്തും അണിനിരന്നതിന്റെ പേരിൽ പാകിസ്ഥാൻ ഏജൻറുമാരും കൂടി ചേർന്ന് കൂടുതൽ ആപൽക്കരമായ സ്ഥിതിയിലേക്കാണ് കാശ്മീരിനെ എത്തിച്ചിട്ടുള്ളത്. അതുകൊണ്ടാണ് ഗവൺമെൻറിനെ ഗവർണ്ണർ ജഗൻമോഹനന് പിരിച്ചു വിടേണ്ടി വന്നത്. അന്ന് ഞങ്ങൾ പറഞ്ഞു ജനാധിപത്യം കൊല ചെയ്യുകയാണ് ശ്രീ. രാജീവ് ഗാന്ധി ചെയ്യുന്നതെന്ന്. അതിപ്പോൾ അനുഭവപ്പെട്ടു. 20 മാസത്തിനുശേഷമാണ് ഇപ്പോൾ പിരിച്ചുവിട്ടത്. ഞങ്ങൾ പറയുന്നു ഉടനേ ഇലക്ഷൻ വയ്ക്കണമെന്ന്. ഗവർണ്ണറെ ഭരണമേൽപ്പിക്കുകയല്ല ഉടനെ അവിടെ തെരഞ്ഞെടുപ്പ് നടത്തുകയാണ് വേണ്ടത്. ജനാധിപത്യ ശക്തികളുടെ കയ്യിലേൽപ്പിക്കുകയാണ് വേണ്ടത്. ജമാ അത്ത് ഇസ്ലാമും സിമി കക്ഷികളും പാകിസ്ഥാൻ ചാരൻമാരും നുഴഞ്ഞു കയറുന്നതിനെതിരായിട്ടും ഹിന്ദു വർഗ്ഗീയവാദത്തിനെതിരായിട്ടും ജനാധിപത്യശക്തികളെ വളർത്താൻ അവിടെ തെരഞ്ഞെടുപ്പ് നടത്തുകയാണ് വേണ്ടത്. ജനാധിപത്യ വിരുദ്ധമായ സമീപനമാണ് ശ്രീ. രാജീവ് ഗാന്ധി 20 മാസമായി തുടരുന്നത്. അതിന്റെഫലം ഇപ്പോൾ ജനങ്ങൾ അനുഭവിക്കുകയാണ്; ഇന്ത്യാ രാജ്യമാണ് അനുഭവിക്കുന്നത്; കാശ്മീരാണ് ഇപ്പോൾ അനുഭവിക്കുന്നത്. അതുകൊണ്ട് ഇലക്ഷൻ അടിയന്തിരമായി വയ്ക്കുകയാണ് വേണ്ടത്. പിന്നെ ശ്രീ. രാജീവ് ഗാന്ധിയുടെ ദീർഘദൃഷ്ടിയെപ്പറ്റിയാണ് പറഞ്ഞത്. പാർലമെൻറിൽ ശ്രീ. രാജീവ് ഗാന്ധിയുടെ ഗവൺമെൻറ് അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റ് നോക്കിയാൽ എന്താണ് സ്ഥിതി. കഴിഞ്ഞ കൊല്ലത്തെ ബഡ്ജറ്റിൽ ഇന്ത്യയിലെ കുത്തക മുതലാളിമാർക്ക് 20 കോടിയിൽ നിന്ന് 100 കോടി രൂപയാക്കിയാണ്. എം. ആർ. റ്റി. പി. ആക്ട് റദ്ദു ചെയ്തുകൊണ്ടുള്ള ആനുകൂല്യം നൽകിയത്. ഈ ബഡ്ജറ്റിൽ ചെയ്തതെന്താണ്? ഒന്ന്, ബഡ്ജറ്റ് കൊണ്ടുവന്ന് മണ്ണെണ്ണയ്ക്കും പെട്രോളിനും ഗ്യാസിനും ഡീസലിനും കൽക്കരിക്കും പഞ്ചസാരയ്ക്കും അരിക്കും ഗോതമ്പിനുമെല്ലാം കൂടി 1700 കോടി രൂപയുടെ ടാക്സ് ചുമത്തി. ഈ രാജ്യത്തെ സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഒരു വർഷത്തിനകം 50 ശതമാനത്തോളം ജീവിതത്തോത് വർദ്ധിച്ചു. രൂപയുടെ വില 15 പൈസയായി കുറഞ്ഞു. 37,000 കോടി രൂപയുടെ ബ്ലാക്ക് മണിയുള്ള ഇന്ത്യാരാജ്യത്തു ഒരൊറ്റ രൂപ പോലും പിടിച്ചെടുക്കാൻ ഗവൺമെൻറിനു കഴിഞ്ഞിട്ടില്ല. ഇപ്പോൾതന്നെ ഇന്ത്യാ രാജ്യത്ത് 37,000 കോടി രൂപ ബ്ലാക്ക് മണിയായിട്ട് വർക്ക് ചെയ്യുന്നുണ്ട്. കുത്തക മുതലാളിമാരെ വളർത്താനുള്ള വാതിൽ തുറന്നു വച്ചു. മൾട്ടി നാഷണൽ കോർപ്പറേഷനും വേൾഡ് ബാങ്കിനും ഇൻറർ നാഷണൽ മോണിറ്ററി ഫണ്ടിനും ഈ രാജ്യത്തെ വാതിൽ തുറന്നുവച്ചിരിക്കുകയാണ്. ഇതാണ് 21-ാം നൂറ്റാണ്ടിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഇന്ത്യയെ കടത്തിവെട്ടാൻ പോകുന്നത്. ഇങ്ങനെ ആറു കോടി തൊഴിലില്ലാത്തവരുള്ള ഇന്ത്യാ രാജ്യത്ത് കൂടുതൽ കൂടുതൽ തൊഴിലില്ലാത്തവരെ സൃഷ്ടിക്കുന്ന കമ്പ്യൂട്ടറൈസേഷനും ഓട്ടോമേഷനും ഒരു ഭാഗത്ത്. കുത്തകമുതലാളിമാരെ വളർത്തുന്നത് മറുഭാഗത്ത്. സാധാരണക്കാരുടെ ജീവിതത്തോത് വർദ്ധിപ്പിക്കുന്ന ടാക്സേഷൻ കൊണ്ടുവന്നു മറൊരു ഭാഗത്ത്. ഈ രാജ്യത്തിലെ വിദേശ മുതലാളിമാർക്കും ഇന്ത്യൻ കുത്തകക്കാർക്കും വാതിൽ തുറന്നു കൊടുത്തു കൊണ്ട് നാട്ടുകാരെ കൊള്ളയടിക്കുന്ന സർക്കാരാണ് ഈ സർക്കാരെന്ന് ബഡ്ജറ്റിൽക്കൂടി കാണാൻ കഴിയുന്നുണ്ട്.

മറൊരുകാര്യം പറയാനുള്ളത്, എന്റെ സുഹൃത്തുക്കളും ഇവിടെ പരാമർശിച്ച മുസ്ലീം സ്ത്രീ വിമോചന ബില്ലിനെക്കുറിച്ചാണ്. ശരി അഞ്ച് ബിൽ. ഞങ്ങളും അതിനെ ശക്തിയായി എതിർക്കുകയാണ്. എന്റെ സുഹൃത്ത് ശ്രീ. അബൂബക്കറും ശ്രീ. അബ്ദുറഹിമാൻ ഹാജിയും ഇവിടെ പറഞ്ഞു ഞങ്ങളും തൊറാൻ കാരണം അതാണെന്ന്. ഇതുതന്നെയാണ് ഞങ്ങളും വേർപിരിയാനുള്ള കാരണം. ഇന്ത്യയിലെ മുസ്ലീം സ്ത്രീകളെ മുഴുവൻ വെറും ചരക്കുകളാക്കി, വെറും കാൽത്തോലുകളാക്കി അവകാശങ്ങളൊപോലും ലംഘിച്ച് ഇഷ്ടംപോലെ അവരെ വിവാഹം കഴിക്കാനും വെട്ടിയെറിയാനുമുള്ള അവകാശത്തെ തടയണം. ഞാൻ ചോദിക്കുകയാണ് നിങ്ങളും ഇന്നു പറയുന്നത് ട്യൂണീഷ്യ അംഗീകരിക്കുന്നുണ്ടോ ? നിങ്ങളും ഇന്നു പറയുന്നത് സിറിയയിലുണ്ടോ ?. നിങ്ങളും ഇന്നു പറയുന്നത് പാകിസ്ഥാനിലെങ്കിലുമുണ്ടോ ? ഇഷ്ടംപോലെ നാലു കല്യാണം കഴിക്കാം, ഇഷ്ടംപോലെ മൊഴി ചൊല്ലാം, ജീവനാംശമൊന്നും കൊടുക്കണ്ട. ബിൽ കൊണ്ടുവന്നതിന്റെ ഫലമായിട്ട് ഇന്ത്യയിലെ ബുദ്ധിജീവികളായ അബാസ്, ആരിഫ് അഹമ്മദ്ഖാൻ, അലിഗറിലെ പ്രൊഫസറായിരുന്ന ഇർ ഫാൻ ഹബീബ് അടക്കം 125-ഓളം പേർ ശ്രീ. രാജീവ്ഗാന്ധിയുടെ മുമ്പിൽ പോയി. ഇത് ഇന്ത്യയിലെ മുസ്ലീം സ്ത്രീകളെ ഏറ്റവും അപകടപ്പെടുത്തുന്ന ബില്ലാണ്, ഇത് പിലവലിക്കണമെന്നു പറഞ്ഞു. നിങ്ങളും മതമൗലിക വാദികൾക്ക് സറണ്ടർ ചെയ്തിരിക്കുകയാണ്. വെറും പത്തോ അൻപതോ വോട്ടിനുവേണ്ടി അല്ലെങ്കിൽ ആയിരമോ അയ്യായിരമോ വോട്ടിനുവേണ്ടി ലക്ഷക്കണക്കിന് മുസ്ലീം സ്ത്രീകളെ വലിച്ചെറിഞ്ഞിരിക്കുകയാണ്. അതുകൊണ്ടാണ് ആരിഫ് അഹമ്മദ് ഖാൻ മന്ത്രി സ്ഥാനം വലിച്ചെറിഞ്ഞത്. ഇവിടെ ഒരു മന്ത്രി തന്റെ സ്ഥാനം കൊണ്ടാൽ വലിച്ചെറിയുമോ ? സ്വന്തം ആശയത്തിനുവേണ്ടി അദ്ദേഹം മന്ത്രിസ്ഥാനം വലിച്ചെറിഞ്ഞു.

പാവപ്പെട്ട മുസ്ലീം സ്ത്രീകളെ മുഴുവൻ അടിമകളാക്കാൻ, അതിനുകൂട്ടു നിൽക്കാൻ പര്യാപ്തമാകുന്ന ശ്രീമാൻ രാജീവ്ഗാന്ധി കൊണ്ടുവന്ന ബില്ലിനെ ഇവിടത്തെ ആം ഇന്ത്യാ മുസ്ലീം ലീഗ് അനുകൂലിക്കുന്നു. ഇവിടത്തെ ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് അനുകൂലിക്കുന്നു. എനിക്കതിനോട് യോജിക്കാൻ പറ്റുകയില്ല. അതാണ് ക്രൈസ് ഓഫ് ദി പോയിന്റ് ഒന്ന്. അവരുമായി പിരിയേണ്ടി വന്ന ഒരു കാരണമതാണ്. ഇനി യോജിപ്പില്ലാതാകാൻ ഇതുതന്നെയാണ് കാരണം. തീർച്ചയായിട്ടും ഈയൊരൊറ്റ ഇഷ്യുകൊണ്ടുതന്നെയാണ അവരുമായി യോജിക്കാത്തത്. പണ്ട് ഹിന്ദുക്കളുടെ ഇടയിൽ സതി ഉണ്ടായിരുന്നില്ലേ ? അതുപോലെതന്നെ കൗമാരത്തിൽ അച്ഛൻ രക്ഷിക്കും, യുവത്വത്തിൽ ഭർത്താവ് രക്ഷിക്കും, വയസാകുമ്പോൾ പുത്രൻ രക്ഷിക്കും നാസ്ത്രീ സ്വാതന്ത്ര്യമർഹതി എന്നായിരുന്നില്ലേ മനുവിന്റെ വാക്യം ?' ആ വാക്യത്തെ ഇവിടെ പൊളിച്ചില്ലേ ? സതി ഇവിടെ പൊളിഞ്ഞു. പൂർണ്ണമായി നശിച്ചിട്ടില്ല, അതിന്റെ അവശിഷ്ടം ഇപ്പോഴും രാജസ്ഥാനിലൊക്കെയുണ്ട്. അത്തരത്തിൽ ഹിന്ദു ആചാരങ്ങളും വർണ്ണവിവേചനവും ആർ. എസ്. എസ്. മൗലികവാദവും ഒരു ഭാഗത്തുവരുമ്പോൾ മറുഭാഗത്ത് മുസ്ലീംയാഥാസ്ഥിതികത്വം

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടു വരുന്നു. ഞങ്ങൾ അതുമായിട്ട് കൂട്ടുകൂടാനില്ല. അതുകൊണ്ടാണ് നിങ്ങളുമായി ഞങ്ങൾ വേർപിരിഞ്ഞത്. ശ്രീമാൻ കരുണാകരന് നിങ്ങളുടെ കൂടെ നിൽക്കാം. പക്ഷേ ഞങ്ങൾക്കതിന് പറ്റുകയില്ല. പക്ഷേ ശ്രീമാൻ കരുണാകരന് അധികാരത്തിൽ തുടരാൻ പറ്റുമോ അതാണ് എന്റെ ചോദ്യം. പറ്റില്ലെന്നാണ് എന്റെ അഭിപ്രായം. പിന്നെ കരുണാകരൻ കളവു പറയുന്നയാളായതുകൊണ്ട് ചിലപ്പോൾ പറ്റിയെന്നു വരും. ശ്രീമാൻ കരുണാകരൻ കളവു പറയുന്ന ആളാണെന്നാണ് എന്റെ അഭിപ്രായം. രാവിലെ എഴുന്നേറ്റാൽ, രാത്രിവരെ കളവു പറയുകയാണ് ജോലി. ഡിസംബർ നാലാം തീയതി തെങ്ങയ്ക്ക് 1350 രൂപയെന്നു ഭൂട്ടാസിംഗ് പറഞ്ഞുപോൽ പറഞ്ഞ് പത്രസമ്മേളനം നടത്തി. ആ പേപ്പറിന്റെ കട്ടിംഗ്സ് എന്റെ കൈവശമുണ്ട്. ഞാൻ ഭൂട്ടാസിംഗിനോട് ചോദിച്ചു ഒരിക്കലും അങ്ങനെ പറഞ്ഞിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. ശ്രീമാൻ ഉണ്ണികൃഷ്ണനും, ഞാനും നാൽപതോളം ഉദ്യോഗസ്ഥൻമാരുമുണ്ടായിരുന്നു. You should not believe what appears in Malayalam papers എന്നാണ് പറഞ്ഞത്. രാജീവ്ഗാന്ധി പറയുന്നു keep religion out of politics. അതിനോട് യോജിക്കാൻ തയ്യാറുണ്ടോ? മതത്തെ രാഷ്ട്രീയത്തിൽ നിന്ന് മാറ്റി നിറുത്താൻവേണ്ടി രാജീവ്ഗാന്ധി ബോംബെയിൽ ചെയ്ത പ്രസംഗമാണല്ലോ? രാജീവ്ഗാന്ധി പ്രസംഗിച്ചതിന്റെ കട്ടിംഗ്സ് എന്റെ കൈവശമുണ്ട്. അതിൽ പറയുന്നത് keep religion out of politics എന്നാണ്. മലയാളം അറിയുമോ? എന്നാൽ അത് പ്രാവർത്തികമാക്കാൻ തയ്യാറുണ്ടോ? അതുപോലെതന്നെ അദ്ദേഹം പറയുന്നത്

The Congress represents multi-phased splendour of India, he said, adding communal castes, regional, religious forces sustained by eaxternal elements are undermining our unity and progress. ശ്രീമാൻ രാജീവ്ഗാന്ധിയുടെ പ്രസംഗമാണ്. അനുകൂലിക്കാൻ തയ്യാറുണ്ടോ? ജാതിമതപ്രാദേശികകക്ഷികളും മുഴുവൻ ഇൻഡ്യയുടെ പുരോഗതിക്ക് തടസമാണ്. വിദേശങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ഇങ്ങനെ പ്രസംഗിക്കുന്നതിനെ അനുകൂലിക്കാൻ തയ്യാറുണ്ടോ? ഇതിന്റെ കൂടെയാണ് ശ്രീമാൻ കരുണാകരന്റെ കിടപ്പും നടപ്പുമൊക്കെ, അതാണ് ഞാൻ പറയുന്നത് ഇത് വഞ്ചനയാണെന്ന്. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ജനാധിപത്യമതേതരത്വ സോഷ്യലിസം എവിടെപ്പോയി? ശ്രീമാൻ രാജീവ്ഗാന്ധിയുടെയും ശ്രീമാൻ നരസിംഹറാവുവിന്റെയും ജാതിക്കെതിരായിട്ടുള്ള പ്രസംഗമാണ്. .....(ബഹളം).....അതാണ് ഞാൻ പറഞ്ഞത് ഈ രാജ്യത്ത് വഞ്ചന നടത്തിയെന്ന്. ഡി.എം.കെ. ലീഗുമായിട്ട് അലൈൻസ ഉണ്ടാക്കി. ലീഗുമായിട്ട് ഞങ്ങൾ കൂട്ടുകെട്ടിനില്ലെന്ന് വ്യക്തമായി ഞങ്ങൾ പറഞ്ഞു. തമിഴ്നാട്ടിൽ 16 വർഷങ്ങൾക്കുശേഷം സ്വയംഭരണസ്ഥാപനങ്ങളിലേക്ക് ഇലക്ഷൻ നടന്നു. ആ 16 വർഷം ഞങ്ങൾ ഡി.എം.കെ. യുമായിട്ട് കൂട്ടായിരുന്നു. ഡി.എം.കെ. യുമായിട്ട് കൂട്ടുണ്ടാക്കി സി.പി.ഐ. യും സി.പി.എം. ഉം കൂട്ടുചേർന്നുകൊണ്ട് രണ്ട് ജില്ലകളിൽ മൽസരിച്ചു. ഇതാണ് തമിഴ്നാട്ടിൽ നടന്നത്. ഗൂഡല്ലൂരിൽ ഞങ്ങൾ ഒറ്റയ്ക്ക് മൽസരിച്ചു. ഡി.എം.കെ. യിലെ ചില പ്രാദേശികകക്ഷികളും ചില സീറ്റ് മോഹികളും ഈ യൂണിറ്റ് കൂട്ടാക്കാതെ മൽസരിച്ചുവെങ്കിലും ഞങ്ങൾ ഒറ്റയ്ക്ക് മൽസരിച്ച് ജയിച്ചു. നിരവധി ജില്ലകളിൽ ഞങ്ങൾ ജയിച്ചു. നിങ്ങൾക്ക് കിട്ടിയതെന്താണ്? എ.ഐ.എ.ഡി.എം.കെ.ക്ക് പഞ്ചായത്തുയൂണിയനുകളുടെ ചെയർമാൻഷിപ്പ്. സമയമില്ലാത്തതുകൊണ്ട് ഞാൻ മറ്റ് കാര്യങ്ങളിലേക്കൊന്നും കടക്കുന്നില്ല. ഒരുകാര്യം മാത്രം പറയുകയാണ്. എ.ഐ.എ ഡി.എം.കെ.ക്ക് 129-ഉം കോൺഗ്രസ് ഐ.ക്ക്

LIBRARY ARCHIVES Kerala Legislative Assembly

69-ഉം ഡി.എം.കെ. ക്ക് 139-ഉം സി.പി.ഐ. (എം) ന് 6-ഉം സി.പി.ഐ. ക്ക് 6-ഉം മറ്റുള്ളവർക്ക് 38-ഉം സീറ്റാണ് കിട്ടിയത്. ഡി.എം.കെ. യുമായി ഞങ്ങൾക്ക് കൂട്ടുകെട്ടുണ്ട്. നിങ്ങൾ എ. ഐ. എ.ഡി.എം.കെ. യുമായിട്ട് കൂട്ടുപിടിച്ച് നടന്നില്ലെ ? ..... (ബഹളം)..... സി.പി.ഐ. യും ജനതയും ലീഗുമായും യോജിച്ചിരുന്നു. യോജിച്ചിരുന്നില്ലെന്ന് ഞാൻ പറയുന്നില്ല. 1965-ലും 1967-ലും 1980-ലും യോജിച്ചിരുന്നു. ഇല്ലെന്ന് ആരും പറയുന്നില്ല. നിങ്ങൾ ഫണ്ടമെന്റലിസ്റ്റിന്റെ കൂടെയാണ്. നിങ്ങൾ മതമൗലികവാദികളുടെകൂടെയാണ്. അതാണ് നിങ്ങൾ അംഗീകരിച്ച നയം. ഇത് റിലീജിയനു പാർട്ടിതന്നെയാണ്. റിലീജിയസ് പാർട്ടിയല്ലെന്ന് പറയാമോ ? അടിയന്തിരാവസ്ഥകാലത്ത് ശ്രീമാൻ അബൂബേക്കറെയും സെയ്ദ് ഉമ്മർ ബാ ഫർക്കി തങ്ങളെയും ജയിലിലിട്ട ശ്രീമാൻ കരുണാകരന്റെ കാലുപിടിച്ച് ഞങ്ങൾ ചേർന്നുകൊള്ളാമെന്ന് പറയേണ്ട ഗതികേട് ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇല്ലെന്ന് മനസ്സിലാക്കണം. ആ ഗതികേടിൽ ഞങ്ങൾ എത്തിയിട്ടില്ല. ന്യൂനപക്ഷങ്ങളുടെ അവകാശവാദങ്ങൾക്കുവേണ്ടി ഞങ്ങൾ പോരാടുമ്പോൾ കോൺഗ്രസ്സിന്റെ നേതാവ് ശ്രീമാൻ രാജീവ് ഗാന്ധി ബോംബെയിൽ പ്രസംഗിക്കുന്നു. ഈ രാജ്യത്തിന്റെ പുരോഗതിക്ക് തടസ്സമായിട്ട്, പാർലമെന്ററി വർക്കിംഗ് കമ്മിറ്റി മെമ്പറായ ശ്രീമാൻ കരുണാകരൻ എല്ലാ വർഗ്ഗീയപാർട്ടികളുമായി കൂട്ടുകൂടുന്നു. ഇത് വഞ്ചനയല്ലേ ? കൊള്ളയല്ലേ ? ഇത് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കലല്ലേ സർ ? ഇത് കാപട്യമല്ലേ? ഇത് കളവല്ലേ? ലീഗുമായിട്ട് ഞങ്ങൾ യോജിക്കാതിരിക്കുന്നതിന് അതാണ് കാരണം. നിങ്ങൾ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ എട്ട് ഉപതെരഞ്ഞെടുപ്പുകൾ നടന്നു. നേമം മുതൽ റാന്നിവരെ. ആ എട്ടിൽ മൂന്നെണ്ണത്തിൽ നിങ്ങൾ ജയിച്ചു, അഞ്ചെണ്ണത്തിൽ ഞങ്ങൾ ജയിച്ചു. അത് നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ എല്ലാപേരുമായി ചേർന്നാണ് റാന്നിയിൽ ഞങ്ങളെ ഫൈറ് ചെയ്തത്. 14,000 വോട്ട് ലോകസഭാ സീറ്റിൽ ഭൂരിപക്ഷം കിട്ടിയിരുന്ന സ്ഥലത്ത് 14,000-വും നികത്തി അറുന്നൂറ്റി ചില്വാനം വോട്ട് ഇപ്പോൾ കൂടി. അത് നിങ്ങൾ മനസ്സിലാക്കണം. രാജ്യത്തിന്റെ കാറ് എങ്ങോട്ടാണെന്ന് നിങ്ങൾ മനസ്സിലാക്കണം. പണവും തട്ടിപ്പും വെട്ടിപ്പും കൊണ്ട് ഇനി പാറിക്കാമെന്ന് നോക്കണ്ട. മൂന്നു സീറ്റിലും നിങ്ങൾ വിജയിച്ചുവെന്നു പറയാൻ പറ്റില്ല. രണ്ടര എന്ന് പറയാം. പുനലൂരിലും മഞ്ചേരിയിലുമുള്ളത് കഴിഞ്ഞാൽ പറവൂരുള്ളത് അരയാണ്. റാന്നിയിൽ ഞങ്ങൾ എ. ഐ. എം. എൽ. നെ വിട്ടതിനുശേഷമാണ് ഇലക്ഷൻ നടന്നത്. എന്നിട്ടും എന്തായി സ്ഥിതി ? ഞങ്ങൾ ജയിച്ചു.

ഈ രാജ്യത്തെ വിഘടനശക്തികളുമായി കൂടാൻ ഞങ്ങളില്ല. അടിയന്തിരാവസ്ഥകാലത്ത് ജയിലിലടച്ചവരുടെ കാല് പിടിക്കാനും അവരുമായി ചേർന്ന് ചില അപ്പക്ഷണങ്ങൾ തട്ടിയെടുക്കാനും. ഈ രാജ്യത്തെ മാറി കൊടുക്കാനും ഞങ്ങളില്ല.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

വടക്കേ ഇൻഡ്യയിൽ ഇപ്പോൾ നടക്കുന്നതെന്താണ് ? രാമജൻമഭൂമിയുടെ വിധി വന്നതിനുശേഷം, രാമൻ ജനിച്ച സ്ഥായിസാബാദ്, മീററ് തുടങ്ങിയ സ്ഥലങ്ങളിൽ ഇപ്പോൾ നടക്കുന്നതെന്താണ് ? കഴിഞ്ഞ മാർച്ചിൽ അവിടെ നടന്ന വർഗ്ഗീയ ലഹള എന്തായി ? ഒരു ലീഗുകാർ ; ആരും കേട്ടില്ലല്ലോ ഈ പറയുന്നത്. ഒരു ഭാഗത്ത് രാമജൻമഭൂമി, മറുഭാഗത്ത് ബാബറിപള്ളി ആയിരക്കണക്കിന്, പതിനായിരക്കണക്കിന് ആളുകൾ രണ്ടുഭാഗത്തുമായി കടകൾ തീ വയ്ക്കുന്നതും, കത്തിയെരിയുന്നതും ഒരൊറ്റ കുട്ടിക്കും മനസ്സിലായിട്ടില്ലേ ? ഇത് വടക്കാണ്. അലഹാബാദ്, മീററ് ഫാജിസാബാദ്

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെയൊക്കെ നടന്ന വർഗ്ഗീയ ലഹളയിൽ ലക്ഷക്കണക്കിന് വീടുകളാണ് കത്തിയത് ? അവിടെ ഹിന്ദു-മുസ്ലീം ലഹള നടക്കുകയാണ്. ഒന്ന് രാമജൻമഭൂമി, മറെറാന്ന് തൃശൂലം. ശിവന്റെ പക്ഷക്കാർ. ഇത്തരം വർഗ്ഗീയ ലഹള വളരുമ്പോഠം കേരള രാഷ്ട്രീയത്തിൽ ഇൻഡ്യാഗവൺമെൻറ് അടക്കം ഈ രാജ്യം വർഗ്ഗീയശക്തികഠംക്ക് കീഴടങ്ങിക്കൊണ്ടിരിക്കുകയാണ്. അതിനെ പ്രോത്സാഹിപ്പിക്കുകയാണ്.

മുസ്ലീം സ്ത്രീകളെ സംബന്ധിച്ചുള്ള ബിൽ ശ്രീ. രാജീവ്ഗാന്ധി അവതരിപ്പിച്ചു. വളരെ ശക്തിമത്തായി സ്ത്രീകളും ജനാധിപത്യശക്തികളും അതിനെതിരെ ശബ്ദമുയർത്തുന്നുണ്ട്. യാഥാസ്ഥിതികരുടെ കൂടെയാണ് ഇവിടത്തെ മുസ്ലീംലീഗും ആഠം ഇൻഡ്യാ ലീഗും. അതുകൊണ്ടാണ് ഞങ്ങഠം അതിനെ വളരെ ശക്തമായി എതിർക്കുന്നത്. നിയമസഭയെ അവഹേളിക്കുന്ന, ജുഡീഷ്യറിയെ അപമാനിക്കുന്ന ഒരു ഗവൺമെൻറ് അല്ലേ ഇത് ? കൂട്ടുത്തരവാദിത്വത്തെ കാറിൽ പറത്തിയ ഒരു ഗവൺമെൻറല്ലേ ഇത്. ഈ ഗവൺമെൻറിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മാണി കൊച്ചിയിൽ വച്ച് നടത്തിയ ഒരു പ്രസംഗം, ആ പ്രസംഗം തന്നെയാണ് ? പിറെറ ദിവസത്തെ മൂലക്കുറിപ്പ്. 1985 ഡിസംബർ 14-ാം തീയതിയിലെ എക്സ്പ്രസാണ്. അതിൽ അദ്ദേഹം പറയുന്നത് രാഷ്ട്രീയരംഗത്ത് അടിമുടി അഴിമതി നടമാടുന്നു എന്നും വ്യവസായ മേഖലയാകെ അഴിമതിയുടെ കൂത്തരങ്ങ്, ആണെന്നുമാണ്. ശ്രീ. മാണി പ്രസംഗിച്ചു, എറണാകുളം ലാ-കോളേജിന്റെ നിയമസഹായ ക്ലിനിക് ഉത്ഘാടനം ചെയ്തുകൊണ്ട് മന്ത്രിമാരും രാഷ്ട്രീയക്കാരും ന്യായാധിപൻമാർപോലും ആരോപണവിമുക്തരല്ല, അഴിമതിയിൽമുങ്ങിക്കുളിച്ച ഒരു ഗവൺമെൻറാണെന്നാണ് ശ്രീ. മാണി പ്രസംഗിച്ചത്. നിങ്ങളുടെ യോജിപ്പ് വളരെ സംഘടിതമായ . യോജിപ്പാണല്ലോ ; ഇവിടെ ദീർഘവീക്ഷണത്തോടുകൂടിയ ശ്രീ. രാജീവ് ഗാന്ധിയും അതുപോലെ രാജ്യത്തിന്റെ വികസനത്തിനു വേണ്ടി നടക്കുന്ന ഒരു ഗവൺമെൻറുമാണ് ഉള്ളത് എന്നു പറഞ്ഞു. ശ്രീ. മാണി ആലപ്പുഴയിൽ പ്രസംഗിച്ചത് 1984 ഒക്ടോബർ മാസം 21-ാം തീയതിയാണ്. ഒക്ടോബർ 22-ാം തീയതിയിലെ ഇൻഡ്യൻ എക്സ്പ്രസ്സിൽ അത് വരികയുണ്ടായി. രാജീവ്ഗാന്ധിയുടെ ഗവൺമെൻറിനെപ്പററി എന്താണ് പ്രസംഗിച്ചത് ?

K. M. Mani has said, the only Government led by federation of regional parties at the Centre would be able to solve the problems of the country. ഞങ്ങളുടെ റീജിയണൽ പാർട്ടികഠം കേന്ദ്രത്തിൽ വന്നകിലെ ഇൻഡ്യയുടെ പ്രശ്നങ്ങഠം തീരൂ എന്നാണ് അദ്ദേഹം പ്രസംഗിച്ചത്.

He also pleaded, constitutional amendment must come. അതിനാവശ്യമായ ഭരണഘടനാഭേദഗതികഠം വേണം. ഞങ്ങഠം കേന്ദ്രത്തിൽ വരണം.

It would not be possible for a single party Government like the present one at the Centre to deliver the goods. ഇന്നത്തെപ്പോലെ രാജീവ് ഗാന്ധിയുടെ ഗവൺമെൻറിന് ഒന്നും ചെയ്യാനാവില്ല. ഈ രാജ്യത്തെ ഒരു പ്രശ്നവും പരിഹരിക്കാൻ കഴിയുകയില്ല. അതുകൊണ്ട് കേന്ദ്രത്തിൽ റീജിയണൽ പാർട്ടികളുടെ ഒരു ഫെഡറൽ ഗവൺമെൻറ് വരണമെന്ന് ശ്രീ. മാണി പ്രസംഗിച്ചു.

ആലപ്പുഴയിൽവച്ച് ചെയ്ത പ്രസംഗം ഇൻഡ്യൻ എക്സ്പ്രസ് 1984 ഒക്ടോബർ മാസം 22-ാം തീയതി പ്രസിദ്ധീകരിച്ചു. അപ്പോഠം രാജീവ് ഗാന്ധിയുടെ ഗവൺമെൻറിനെപ്പററി ദീർഘദൃഷ്ടിയോടുകൂടി നമ്മുടെ ഗവർണ്ണർ പറയുമ്പോഠം ശ്രീ. മാണി ചെയ്ത പ്രസംഗം ! രാജീവ്ഗാന്ധിക്ക് വല്ലതും ചെയ്യാൻ കഴിയുമോ ? ഇവിടെ കോൺഗ്രസ്സും കേരളാ

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ്സും തമ്മിലുള്ള മത്സരം, കേന്ദ്രത്തെപ്പറ്റി നിങ്ങളം പറഞ്ഞു. ഇക്കഴിഞ്ഞ നവംബർ മാസം 18-ാം തീയതി വിളിച്ച മുദ്രാവാക്യം എന്താണെന്നറിയാമോ ? 'പിക്കറ്റ് ചെയ്തേ പിക്കറ്റ് ചെയ്തേ കേരളാ കോൺഗ്രസ് പിക്കറ്റ് ചെയ്തേ' ഷെയിം, ഷെയിം കരുണാകരാ, ആര് പറഞ്ഞതു നടന്നു ഇവിടെ, മാണി പറഞ്ഞതു നടന്നു ഇവിടെ : നാറി, നാറി കരുണാകരാ, ചെണ്ടക്കാരാ മാരാരേ ഇത് കേരളാ കോൺഗ്രസ്സിന്റെ മുദ്രാവാക്യമാണ്.

വേറൊരു മുദ്രാവാക്യമെന്താണെന്നറിയാമോ ?

പഞ്ചാബെകിൽ പഞ്ചാബ്, ആസ്സാമെകിൽ ആസ്സാം. ഇത് കേരളാ കോൺഗ്രസ്സിന്റെ മുദ്രാവാക്യമാണ്. 'കേന്ദ്രത്തിന്റെ വാലാട്ടികളേ, കോൺഗ്രസ്സിന്റെ പട്ടികളേ' ഇത്തരത്തിൽ മുദ്രാവാക്യം വിളിച്ചു, ഇത്തരത്തിൽ ഒകെയേറ്റം നടത്തി. നമ്മുടെ രാജ്യത്ത് ഉത്തരവാദിത്വഭരണം നടപ്പാക്കാൻ വേണ്ടിയാണ്. കോൺഗ്രസ്സിന്റെ പട്ടികളേ എന്ന് ഒരു ഭാഗം, മാണിപ്പട്ടികളേ എന്ന് വേറൊരുഭാഗം. രണ്ടുപേരും ഇവിടെവളരെ സൗഹാർദ്ദം! വിളിക്കുന്നത് മുഴുവൻ പട്ടികളേ എന്നും ! ഇത്തരത്തിലാണല്ലോ ഇവിടത്തെ ഭരണം. ശ്രീ. കരുണാകരൻ പറഞ്ഞു കേരളത്തിൽ ഇനി ഈ ഭരണവുമായി മുന്നോട്ട് പോകാൻ വയ്യ എന്ന് ; കാരണം ഡൽഹിയിൽ പോയി നോക്കുമ്പോഴും, രാജീവ് ഗാന്ധിയുടെ വീട്ടിൽ ചെന്നു നോക്കുമ്പോഴും Kerala Congress–Congress equalisation.

ഇവിടെ കേരളാ കോൺഗ്രസ്സ് ഉണ്ട്. ഞാൻ അറിഞ്ഞത് ശ്രീ. പത്മരാജൻ ഡൽഹിയിൽ ചെന്നപ്പോഴും രാജീവ് ഗാന്ധിയുടെ മുമ്പിൽ ലീഗുകാർ-കേരളാകോൺഗ്രസ്സുകാർ, കോൺഗ്രസ്സുകാർ എല്ലാം തുല്യം. കേരളാ കോൺഗ്രസ്സുകാർ ചോദിക്കുന്നത് ആരെടാ ഈ കരുണാകരൻ എന്നാണ്. കോൺഗ്രസ്സിനെ തകർത്ത ഈ കരുണാകരൻ അധികാരത്തിന്റെ അപ്പക്കഷണത്തിനുവേണ്ടി കോൺഗ്രസ്സിന്റെ പ്രഖ്യാപിതനയത്തെ പൊളിച്ച് ഈ രാജ്യത്തെ മുഴുവൻ വർഗ്ഗീയ ശക്തികൾക്ക് കൊടുത്തു; വർഗ്ഗീയതാ ദുർഗന്ധം പരത്തുന്ന ഒരു ഗവൺമെന്റിനെയാണ് നയിക്കുന്നത്.

1986 ജനുവരി 13-ാം തീയതിയിലെ മലയാള മനോരമയിൽ വന്ന മുഖപ്രസംഗം 'മരവിച്ച പൗരബോധം' എന്നാണ്. നിങ്ങളെപ്പറ്റിയാണ് ഇത്, ഞങ്ങളെപ്പറ്റിയല്ല. അക്രമങ്ങളും അഴിമതികളും പകൽകൊള്ളകളും നമ്മുടെ ചുറ്റും നടമാടുകയാണ്. ഭരണഘടനാ വ്യവസ്ഥകളേയും ഭരണഘടനയുടെ പേരിൽ ഉത്തരവാദിത്വത്തിന്റെ സ്വരത്തിൽ നടത്തുന്ന പ്രഖ്യാപനങ്ങളേയും പരസ്യമായി ധിക്കരിക്കുന്നതിൽ അധികാർസ്ഥാനങ്ങളിലുള്ളവരാണ് അധികം പേരും. എന്നിട്ട് പറയുന്നു കേരളം പ്രബുദ്ധമായ പൗര ബോധത്തിന്റെ നാടാണ് എന്ന്.

സർ, ഇവിടെ എന്തൊക്കെ നടക്കുന്നു. പത്രങ്ങളായ പത്രങ്ങളൊക്കെ അഴിമതികൊണ്ടു നിറഞ്ഞു. നിഷ്പക്ഷതയുടേയും മാന്യതയുടേയും സംസ്ക്കാരത്തിന്റെയും ഘടകങ്ങളായി വാഴ്ത്തപ്പെട്ടിരുന്ന സ്ഥലങ്ങളിലും, അഴിമതിയും കൈക്കൂലിയും കൊടികുത്തി വാഴുന്നു. നീളെ തെറിക്കുന്ന ചെളി പരമയോഗ്യൻമാരുടെ ഉടുപ്പിലും മുഖത്തും പറ്റിപ്പിടിച്ചിരിക്കുന്നു. അതാണ് മുഖം ചീത്തയായി എന്ന് ശ്രീ. കരുണാകരൻ പറഞ്ഞത്. പ്രതിച്ഛായ നന്നാക്കണമെന്ന് ശ്രീ. കരുണാകരൻ പറഞ്ഞത് അതുകൊണ്ടാണ്. അതു കൊണ്ട് ഒന്നുകിൽ റീ ഷഫ്ളിങ്ങ്.....അങ്ങനെയുള്ള ഗവൺമെന്റിനു വേണ്ടിയാണ് ഗവർണ്ണർ ഇവിടെ ഒരു പ്രസംഗം നടത്തിയത്. മന്ത്രിസഭയുടെ പ്രതിച്ഛായ പോയി. മുഖം ചെളി നിറഞ്ഞതുകൊണ്ട് ചീത്തയായി എന്ന് ശ്രീ. കരുണാകരൻ 5 മാസക്കാലമായി പറയുകയാണ്. ഒന്നുകിൽ ഇലക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

അല്ലെങ്കിൽ റീ ഷഫ്ളിങ്ങ്. വയലാർ രവി പോകണം; അല്ലെങ്കിൽ മാണി പോകണം. ഈ രണ്ട് ആളുകളാണ് പ്രധാനം. സ്പീക്കർ പണ്ടേ പോകണം. ''ഇപ്പോഴത്തെ സ്പീക്കറുടെ കീഴിൽ അസംബ്ലി നടത്തുകയില്ല, തീർച്ച''. അങ്ങനെ പോകുന്നു കാര്യങ്ങൾ. മലർന്ന് കിടന്ന് തുപ്പിയതുപോലുള്ള അനുഭവം കരുണാകരന് ഉണ്ടാകും. ശ്രീമതി പത്മയെ രാജ്യസഭയിലേക്ക് അയയ്ക്കണമെന്നു വിചാരിച്ചിട്ട് ഇപ്പോൾ എന്തായി? സമയമായപ്പോൾ വടുതല ആയി സ്ഥാനാർത്ഥി. പണ്ട് ആണെങ്കിൽ ശ്രീമതി ഇന്ദിരാഗന്ധി ഗാന്ധിയോട് കരുണാകരൻ പറഞ്ഞാൽ മതിയായിരുന്നു. ആ സ്ഥിതി ഇപ്പോഴില്ല. ഇപ്പോൾ കോട്ടയംകാർക്കാണ് മുൻഗണന. 1981 ഒക്ടോബറിൽ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിനെ മറിച്ചിട്ട് 1982 മെയ്മാസത്തിൽ അധികാരത്തിൽ വന്നതിനുശേഷം നിയമസഭ വിളിച്ച് കൂട്ടിയത് രണഘടനാ ബാദ്ധ്യത നിറവേറ്റാൻവേണ്ടി മാത്രമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഒന്നര വർഷക്കാലത്തിനുള്ളിൽ 6 സമ്മേളനങ്ങളിലായി 103 ദിവസം സഭ വിളിച്ചുകൂട്ടി. ഈ കഴിഞ്ഞ മൂന്നര വർഷത്തിനുള്ളിൽ ഈ വലതുമുന്നണി ഗവൺമെന്റ് 10 സമ്മേളനങ്ങളിൽ 187 ദിവസം മാത്രമേ സഭവിളിച്ചുകൂട്ടിയിട്ടുള്ളു. നിയമനിർമ്മണത്തിനു നീക്കിവച്ചത് 59 ദിവസം മാത്രം. മാത്രമല്ല ഇൻഡ്യയിൽ ഏറ്റവും അധികം ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ള സ്റ്റേറ്റ് ഗവൺമെന്റ് ഇതാണ്, ബീഹാർ 16 ഓർഡിനൻസിലേക്ക് താണു; നമ്മൾ 32 ലേക്ക് കയറി. ഒന്നും ചർച്ച ചെയ്യുകയില്ല, ഒന്നും നിയമസഭയിൽ കൊണ്ടുവരികയില്ല എന്നരത്തിലുള്ള സർക്കാരായി ഈ സർക്കാർ അധഃപതിച്ചിരിക്കുകയാണ്. ഈ 11-ാം സമ്മേളനം തന്നെ നിയമങ്ങളേയും കീഴ്വഴക്കങ്ങളേയും ലംഘിച്ചുകൊണ്ട്, മറ്റൊരു മാർഗ്ഗവുമില്ലാതെ ഇപ്പോൾ കൂടിയിരിക്കുകയാണ്. ഇവിടെ ഓർഡിനൻസുകളുടെ കൂടാരമാണ്. ജനാധിപത്യത്തിന്റെ ആധാരശിലയെ തകർക്കുന്ന, ജനപ്രതിനിധിസഭയെ അവഹേളിക്കുന്ന ഒരു ഗവൺമെന്റാണിത്. ഗവർണ്ണർക്ക് അതിനെപ്പറ്റി ഒക്ഷരം പോലും പറയാനില്ല, ഈ ഗവൺമെന്റ് സ്വയം നാറുക മാത്രമല്ല ഗവൺമെന്റിന്റെ മറ്റൊരു ഘടകമായ ജൂഡിഷ്യറിയെക്കൂടി നാറ്റി. ഒരു മന്ത്രിയെ ഇറക്കിവിടാൻ ജൂഡിഷ്യറിയെ സ്വാധീനിച്ച് മുഖ്യമന്ത്രി അതിനെ അപമാനിച്ചു. അഴിമതിയുടെ കറപുരണ്ട ആന്റോയുടെ ഡിസ്ചാർജിലറി കേസിൽ കോടതിവിധി മറികടക്കാൻ തെറ്റായ ഉത്തരവുകൾ തിരുത്തുന്നതിന്റെ പേരിൽ മറ്റൊരു ഉത്തരവിറക്കി. മറ്റൊരു തരത്തിൽ ജുഡീഷ്യറിയെ അപമാനിക്കുകയാണ് ചെയ്തത്. മന്ത്രിസഭയിലെ ഒരു അംഗമായ ശ്രീ. ശ്രീനിവാസൻ പറഞ്ഞു, ഇക്കാര്യത്തിൽ ജൂഡിഷ്യൽ അന്വേഷണം നടത്തണമെന്ന്. ക്യാബിനറ്റിലെ ഒരു അംഗമാണ് ശ്രീനിവാസൻ. എന്തുകൊണ്ട് അതിനു മുഖ്യമന്ത്രി ധൈര്യപ്പെടുന്നില്ല. തയ്യാറുണ്ടെങ്കിൽ അതിനെ സംബന്ധിച്ച് ജൂഡിഷ്യൽ അന്വേഷണം നടത്തണം. ഷാബാനു കേസിൽ ഡെപ്യൂട്ടി മുഖ്യമന്ത്രി സുപ്രീം കോടതിയെ പോലും വെല്ലുവിളിക്കുകയുണ്ടായി, ''അഴിമതിയെ ഒരു കലയാക്കി വളർത്തിയ ഗവൺമെന്റ്'' ആണിത്. ഇതാണ് നേരത്തെ മനോരമ മുഖപ്രസംഗത്തിൽ പറഞ്ഞത്. കെ. എൻ. മേനോന് 70 ലക്ഷം രൂപ ഒരാടുത്തതിന്റെ അഴിമതി ഉന്നയിച്ച പ്രശ്നം ഇവിടെയുണ്ട്. ഈ ആരോപണങ്ങൾക്കെല്ലാം എന്തെങ്കിലും അന്വേഷണം ഉണ്ടായോ? അഴിമതിയെപ്പറ്റി പറയുമ്പോഴെല്ലാം അന്വേഷണ കമ്മീഷനെപ്പറ്റി പറയും. അന്വേഷണ കമ്മീഷൻ സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ കഴിഞ്ഞ പതിനൊന്ന് മാസമായി അംഗീകരിച്ചിട്ടില്ല. എന്തുകൊണ്ട് അവരോട് യോജിച്ചു കൂടാ? ഇതിന്റെയൊക്കെ ഫലമായി ഉന്നത രാഷ്ട്രീയ പ്രവർത്തനത്തിന്റെ മൂല്യത്തിൽ തകർച്ചവന്നു. ഈ ഗവൺമെന്റിനെ സംബന്ധിച്ച് കുമാരനാശാന്റെ രണ്ടുവരി ഇവിടെ പറയാം.

LIBRARY ARCHIVES Kerala Legislative Assembly

'വണ്ടേ നീ തുലയുന്നു വീണയീ
വിളക്കും മുക കെടുത്തുന്നിതേ'

കേന്ദ്ര സഹായമുണ്ടായെന്നാണ് പറയുന്നത്. ആയിരം കോടി രൂപയുടെ നഷ്ടമുണ്ടായ സ്ഥാനത്ത് എന്ത് കിട്ടി? വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന് 500 കോടി ചോദിച്ചിട്ട് 121 കോടി രൂപയാണ് വാങ്ങിച്ചത്. റെയിൽവേ കോച്ച് ഫാക്ടറി പഞ്ചാബിലേക്ക് കൊടുത്തു. അരിക്ക് ക്ഷാമം വന്നപ്പോൾ, കൂടുതൽ അരി അലോട്ട് ചെയ്യണമെന്ന് ആവശ്യപ്പെട്ടപ്പോൾ ഗോതമ്പ് തിന്നു ശീലിക്കണമെന്നും മട്ടുപ്പാവിൽ കൃഷി ചെയ്യണമെന്നുമാണ് കേന്ദ്രം ആവശ്യപ്പെട്ടത്. 3,300 കോടി രൂപ 7-ാം പദ്ധതിക്ക് ആവശ്യപ്പെട്ടപ്പോൾ 2,100 കോടി രൂപ തന്നു. ഇതാണോ തൃപ്തി ആയത്? 1986-87 ലേക്ക് 435 കോടി രൂപ ആവശ്യപ്പെട്ടപ്പോൾ 390 കോടി രൂപ തന്നു. ഇതാണോ കേന്ദ്ര ഗവൺമെന്റിന്റെ സഹായം.

കേരള കോൺഗ്രസ്സിനോട് ഇപ്പോൾ കരുണാകരൻ പറയുന്നത്. കേന്ദ്രത്തിനെതിരായി മിണ്ടരുത് എന്നാണ്. അവർ രണ്ടുമന്ത്രിസ്ഥാനത്തിനു വേണ്ടി അവകാശങ്ങൾ സറണ്ടർ ചെയ്തു, ''കേന്ദ്രവിരുദ്ധ നിലപാടിൽ കൂടി ഇതെല്ലാം ചെയ്യാൻ പാടില്ല എന്നാണ് എന്റെ ഗവൺമെന്റിന്റെ ഉറച്ച നിലപാട്''. ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞതാണ്. രാഷ്ട്രീയ രംഗത്ത് എങ്ങനെല്ലാം നിലപാടിൽ കൂടി എങ്ങനെല്ലാം ചെയ്യണമെന്നാണ് ഈ സർക്കാരിന്റെ നിലപാട് ശ്രീ. മാണി അതിനോട് യോജിക്കുന്നുണ്ടോ? ഇക്കഴിഞ്ഞ മാസങ്ങളിൽ 7-ാം പദ്ധതി ഒരു സപ്പിള്ളോവർ പ്ലാനായി. ദരിദ്രപ്രതി 60 ലക്ഷം രൂപ കമ്മിയുണ്ട്. 60 ലക്ഷം രൂപ കമ്മിയുള്ള സ്ഥാനത്ത് 7-ാം പദ്ധതി കടലാസ്സിലെ രേഖമാത്രമാണ് എന്ന് ഞങ്ങൾ ഇവിടെ പറഞ്ഞതാണ്. 7-ാം പദ്ധതിയുടെ ഒന്നാം വർഷമായ 1985-86-ൽ പദ്ധതിയില്ല. 2-ാം വർഷമായ 1986-87-ൽ പദ്ധതി തുടങ്ങാൻ മുക്കുകയില്ലായെന്നാണ് ക്യാബിനറ്റിന് സമർപ്പിച്ച സെക്രട്ടേറിയറ്റ് നോട്ടിൽ പറയുന്നത്. If we have to go by the resources position as now assessed, we cannot have any plan for 1986-1987 worth the name. 1986-87-ലും പ്ലാനില്ല. അങ്ങനെ കേരളത്തിനെ ഒരു മരുഭൂമിയാക്കിത്തീർത്തിരിക്കുകയാണ്, അതുപോലെ പ്ലാനിംഗ് ബോർഡ് പറയുന്നു, If the Machinery can bet oned up and allowed to function freely it should be possible to have much more than an increase of Rs. 100 crores next year''. പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശങ്ങൾ അപ്രായോഗികമാണെന്നാണ് ശ്രീ. മാണി പറയുന്നത്. അതേസമയം കേന്ദ്രം അനുവദിക്കാതിരിക്കുക.

ഈ സാഹചര്യത്തിൽ കേരളത്തിൽ ക്രമസമാധാനം തകർന്നിരിക്കുന്നു. അതിനെപ്പറ്റി ഒരു വാചകം പറയട്ടെ. പാലാ ബിഷപ്പ് ഡോക്ടർ ജോസഫ് പള്ളിക്കാമ്പറമ്പിൽ പറഞ്ഞ ഒരു വാചകമാണ്. ഇടവകാംഗങ്ങളും കന്യാസ്ത്രീകളും സാധാരണജനങ്ങളും വരെ തെരുവിലിറങ്ങി പ്രക്ഷോഭണത്തിന് പങ്കെടുക്കുന്ന സാഹചര്യം വന്നപ്പോൾ, അദ്ദേഹം അവിടെ ചേർന്ന യോഗത്തിൽ പ്രസംഗിച്ചു. ശ്രീ. വയലാർ രവിയെ ചൂണ്ടിക്കാണിച്ചുകൊണ്ട് സെബാസ്റ്റ്യൻ വയലിലിന്റെ രോഷം തുളുമ്പുന്ന വാക്കുകൾ ഉദ്ധരിക്കട്ടെ. 'ഒന്നുകിൽ കേരളം ശരിക്കും ഭരിക്കുക, അല്ലെങ്കിൽ ഭരണം മതിയാക്കി ഇറങ്ങിപോകുക'. അങ്ങനെ ക്രമസമാധാനനിലയും സാമ്പത്തികനിലയും തകർത്തിട്ടുള്ള, ഈ രാജ്യത്തെ മുഴുവൻ നശിപ്പിച്ച, ജനാധിപത്യ മൂല്യങ്ങളെ തകർത്ത, ഈ മന്ത്രിസഭ ഇറങ്ങിപ്പോകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും ഈ പ്രമേയത്തെ എതിർത്തുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ : സർ, ഞാൻ ഒരു വിശദീകരണം നൽകാൻ ആഗ്രഹിക്കുകയാണ്. ചെയറിൽ നിന്നു ഏതു റൂളിംഗ് വന്നിരുന്നാലും ജനാധിപത്യമര്യാദ എന്നുള്ള നിലയിൽ അതു അനുസരിക്കാൻ ഭരണകക്ഷിയിലുള്ള എല്ലാപേരും ബാദ്ധ്യസ്ഥരാണ്. മുഖ്യമന്ത്രിയുടെ പാർട്ടിയിൽപ്പെട്ട ആളാണ് ഞാൻ. ഇവിടെ രാവിലെ ശ്രീ. ബേബിജോണിന് പ്രസംഗിക്കാൻ അനുവദിച്ചിരുന്നതിനേക്കാൾ കൂടുതൽ സമയം ചെയറിൽ നിന്ന് അനുവദിക്കുകയുണ്ടായി. ഇവിടെ, അവസാനമായി മന്ത്രിമാർക്ക് 50 മിനിറ്റ് മറുപടി പ്രസംഗത്തിന് കൊടുത്തിരിക്കുന്നത് ഗവൺമെന്റ് കാര്യങ്ങൾ പറയുന്നതിനാണ്. എന്റെ പാർട്ടിക്കെതിരായി വന്ന ആരോപണങ്ങളെക്കുറിച്ച് സംസാരിക്കാനുള്ള അവസരം എനിക്ക് കിട്ടേണ്ടതാണ്. ചെയറിനോട് ഞാൻ പറഞ്ഞു, 10 മിനിറ്റ് കാപ്പിക്കായി സഭ നിറുത്തിവയ്ക്കണമെന്ന്. ചെയർ അത് അനുവദിക്കുന്നത് ജനാധിപത്യ കീഴ്വഴക്കങ്ങൾക്ക് എതിരല്ല. അപ്പോൾ ഡെ. സ്പീക്കർ പറഞ്ഞത് അങ്ങനെയൊരു കീഴ്വഴക്കം സൃഷ്ടിക്കരുതെന്നാണ്. ഞാൻ പ്രസംഗിക്കാൻ തുടങ്ങിയപ്പോൾ പ്രതിപക്ഷകക്ഷികളും ഒരു വാക്കൗട്ട് പോലെ ഒന്നിച്ച് ചായകുടിക്കാൻ ഇറങ്ങിപ്പോയി. മുഴുവൻ പത്രക്കാരും ഇറങ്ങിപ്പോയി. സഭയിൽ ഒരു മെമ്പർ സംസാരിക്കുന്ന അവസരത്തിൽ ഇങ്ങനെയൊരു കീഴ്വഴക്കം ഉണ്ടാകുന്നത് ഒരിക്കലും ശരിയല്ല. ഇവിടെ ഡെ. സ്പീക്കർ ഓടിവന്നു പ്രതിപക്ഷത്തെ ഒരു മെമ്പർക്കുവേണ്ടി മാപ്പു പറഞ്ഞ സംഭവമുണ്ടായി. ജനാധിപത്യ കീഴ്വഴക്കത്തിൽ അതൊക്കെ നല്ലതുതന്നെ. ചെയർ നീതിപൂർവ്വമായെടുക്കുന്ന ഏതു തീരുമാനവും അനുസരിക്കാൻ മെമ്പർമാർ ബാദ്ധ്യസ്ഥരായതുകൊണ്ട്, ചെയറിൽ നിന്നും എന്തും പറയാമെന്നു വന്നാൽ .....(ബഹളം) ജനാധിപത്യമര്യാദയനുസരിച്ച്, അംഗങ്ങളുടെ അവകാശങ്ങൾ ഒരിക്കലും ധ്വംസിക്കുകയില്ല എന്നു പറയുന്ന ചെയറിൽ നിന്നും ഒരിക്കലും ഇതുപോലെയുള്ള കീഴ്വഴക്കങ്ങൾ ഈ സഭയിൽ ഉണ്ടാകരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. കെ. എം. ഹംസകുഞ്ഞ് : ബഹുമാനപ്പെട്ട മെമ്പറെ പ്രസംഗിക്കാൻ വേണ്ടി ക്ഷണിച്ചു. (ബഹളം) അദ്ദേഹം പറയുന്നത് ഡെ. സ്പീക്കർ ഓടിവന്നു കയറി കുഴപ്പമുണ്ടാക്കിയെന്നുള്ളതാണ്. (ബഹളം)

ശ്രീ. എം. എം. ഹസ്സൻ : സർ, ചെയറിന്റെ പരമോന്നതമായ അന്തസ്സിനുപോലും യോജിക്കാത്ത നിലയിലുള്ള ഒരു പരാമർശമാണ് ഉണ്ടായിട്ടുള്ളത്. മാപ്പു പറയുക എന്നുള്ളത് ചെയറിന്റെ അന്തസ്സിനു യോജിക്കാത്ത നിലയിലുള്ള ഒരു പരാമർശമുണ്ടായപ്പോൾ ഞങ്ങൾ ഇവിടെ സമാധാനപരമായി കേട്ടിരുന്നതാണ്. ദുഃസൂചനയുള്ള എന്തെങ്കിലും പരാമർശങ്ങൾ, അതു എത്ര ഉന്നതൻമാർ പ്രയോഗിച്ചാലും, അതു പരിശോധിച്ചു സഭാനടപടികളിൽ നിന്നും നീക്കം ചെയ്യണമെന്നു ഞാൻ ആവശ്യപ്പെടുന്നു. (ബഹളം)

മി. സ്പീക്കർ : ഇവിടെ ആദ്യമായിട്ട് ഒരു കാര്യം പറയാനാഗ്രഹിക്കുന്നത് ദുഃസൂചനകളുള്ള പ്രയോഗം ആരു പറഞ്ഞാലും അതു രേഖയിൽ ഉണ്ടായിരിക്കുകയില്ല. ബഹുമാനപ്പെട്ട ഡെ. സ്പീക്കറുടെ റൂളിംഗിനെ സംബന്ധിച്ചിടത്തോളം ആ റൂളിംഗിൽ യാതൊരു അപാകതയുമില്ല. അസംബ്ലിയുടെ സമയം വൈകുന്നതുകൊണ്ടാണ് ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് മെമ്പർമാർക്ക് ലഘുക്ഷണം ഏർപ്പാടു ചെയ്തിട്ടുള്ളത്. അതു ഇപ്പോൾ തുടങ്ങിയതല്ല. എല്ലാക്കാലത്തും പതിവുള്ളതാണ്. ആ സമയത്ത് മെമ്പർമാരും മറ്റു ബന്ധപ്പെട്ടവരും പുറത്തിറങ്ങിപ്പോയി കഴിച്ചിട്ടു മടങ്ങിവരികയെന്നുള്ളതല്ലാതെ അതിനുവേണ്ടി സഭ നിറുത്തിവച്ച് പ്രത്യേകമായി സമയം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്ന പതിവ് ഇവിടെയില്ല. അങ്ങനെയൊരു പതിവു പ്രതീക്ഷിക്കുന്നതും ശരിയല്ല. സമയം ലാഭിക്കാൻവേണ്ടിക്കൂടിയാണ് ആ നടപടിയെടുക്കുന്നത്. അതുകൊണ്ട് അത് ഏതെങ്കിലും ഒരു മെമ്പറുടെ പ്രസംഗത്തിന് അർഹമായ പ്രാധാന്യം കിട്ടാതിരിക്കുകയോ, ആ മെമ്പറുടെ പ്രസംഗത്തിന് അർഹമായ പ്രചരണം കിട്ടാതിരിക്കുകയോ ചെയ്യുന്ന പ്രശ്നം വരുന്നില്ല. അങ്ങനെയുള്ള വാദം അസ്ഥാനത്താണ്. ഒരു മെമ്പറെ പ്രസംഗിക്കാൻ പേരു വിളിക്കുന്ന സമയത്ത് , ആ മെമ്പർ പ്രസംഗിക്കാൻ തയ്യാറല്ലെങ്കിൽ അടുത്തയാളിനെ വിളിക്കുകയാണ് കീഴ്വഴക്കം. ഡെ. സ്പീക്കറുടെ ആ തീരുമാനത്തിൽ യാതൊരു അപാകതയുമില്ല. അതിന് അദ്ദേഹത്തിനു അധികാരമുണ്ട്. ചെയർ ആ തീരുമാനത്തെ പൂർണ്ണമായും അപ്പ്രോഫ്രൈഡ് ചെയ്യുകയാണ്.

മറ്റൊരു പ്രധാനകാര്യം പറയാനുള്ളത് കക്ഷിനേതാക്കൻമാർക്ക് സംസാരിക്കാൻ അനുവദിച്ചിട്ടുള്ള സമയത്തെക്കുറിച്ചാണ്. പൊതുവേ അവർക്ക് അൽപ്പം സമയം നിലാക്സ് ചെയ്തു കൊടുക്കാറുണ്ട്. ഗവൺമെൻറ് സൈഡിൽനിന്നും മന്ത്രിമാർ സംസാരിക്കുമ്പോഴും അങ്ങനെ ചെയ്യാറുണ്ട്. എങ്കിലും അതു കഴിയുന്നിടത്തോളം സമയപരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് ചെയ്യുന്നത്. ഇതൊരു പുതിയ കാര്യമല്ല. വളരെക്കാലമായി നമ്മൾ അനുവർത്തിച്ചുവരുന്ന കാര്യമാണ്. അതുകൊണ്ട് അതിനെ ദയവായി ബഹുമാനപ്പെട്ട അംഗങ്ങൾ ചോദ്യം ചെയ്യരുത്. (ബഹളം) ബഹുമാനപ്പെട്ട അംഗങ്ങൾ അതിനെ അംഗീകരിക്കണം. വളരെക്കാലമായി അംഗീകരിച്ചുപോന്നിട്ടുള്ള ആ നടപടിക്രമം ഇപ്പോഴും തുടരുകയാണ്. അതു പൂർണ്ണമായും എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളും അംഗീകരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കഴിഞ്ഞ മൂന്നു ദിവസമായി ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഹസ്സൻ അവതരിപ്പിച്ച പ്രമേയത്തിന്റെ ചർച്ചാവേളയിൽ ഉയർന്നുവന്നിട്ടുള്ള വാദഗതികൾക്ക് അർഹമായ മറുപടി എന്നുള്ള നിലയിൽ ഗവൺമെൻറിന്റെ പ്രവർത്തനങ്ങളെയും ഭാവിപരിപാടികളെയും കുറിച്ചു വിശദീകരിക്കുക എന്ന ചുമതലയാണ് ഗവൺമെൻറിന്റെ ഭാഗത്തു നിന്നു എനിക്കു ചെയ്യേണ്ടിയിരിക്കുന്നത്. ഈ ഗവൺമെൻറിനെ കുറ്റമായ ഏതെങ്കിലും ഒരു കാര്യത്തിൽ വിമർശിക്കാനോ കുറ്റപ്പെടുത്താനോ പ്രതിപക്ഷത്തിന് സാധിച്ചിട്ടില്ല എന്നുള്ള കാര്യം ഈ 3 ദിവസത്തെ പ്രസംഗങ്ങൾ ശ്രദ്ധിച്ചിട്ടുള്ള ആളുകൾക്ക് മനസ്സിലാകും. അതു അവരുടെ കഴിവുകേടുകൊണ്ടല്ല. ഈ ഗവൺമെൻറിന്റെ പ്രവർത്തനങ്ങളുടെ മേൻമ കൊണ്ടാണ്. (ബഹളം) ഞാൻ ഓർത്തുപോകുകയാണ്, ഒരു ഉപതെരഞ്ഞെടുപ്പിനെക്കുറിച്ചോ ഇടക്കാല തെരഞ്ഞെടുപ്പിനെക്കുറിച്ചോ മറ്റ് സംവിധാനങ്ങളെക്കുറിച്ചോ മുന്നണി ചിന്തിച്ചില്ലായിരുന്നെങ്കിൽ ഈ സഭയിലെ പ്രതിപക്ഷത്തിന്റെ ഗതി എന്താകുമായിരുന്നു. ഞങ്ങൾ നിങ്ങളിൽ നിന്നു പ്രതീക്ഷിക്കുന്നത്, ഗവർണ്ണർ ഈ സഭയിൽ ചെയ്ത പ്രസംഗത്തിൽ ഗവൺമെൻറ് എവിടെയെല്ലാമാണ് വീഴ്ച വരുത്തിയിട്ടുള്ളത്. അതു തിരുത്താൻ ഗവൺമെൻറ് ഇനി എന്തു ചെയ്യണം എന്നൊക്കെയുള്ള ഉപദേശങ്ങളായിരുന്നു. ആ പ്രസംഗത്തെക്കുറിച്ച് മനസ്സാക്ഷിയുള്ള ആളുകൾക്ക് അർഹമായ രീതിയിൽ എന്തെങ്കിലും കുറ്റപ്പെടുത്താനോ വിമർശിക്കാനോ കഴിയുകയില്ല. എനിക്ക് ദുഃഖം തോന്നിയത് എന്നോടൊപ്പം മന്ത്രിസഭയിൽ പല കാലങ്ങളിലും മന്ത്രിയായിരുന്നിട്ടുള്ള പരിചയസമ്പന്നനായ ബഹുമാനപ്പെട്ട ബേബിജോൺ, ഗവർണ്ണർ മന്ത്രിമാരെ ഇംപീച്ച് ചെയ്തിരിക്കുന്നു എന്നു ഗവർണ്ണറുടെ പ്രസംഗത്തെക്കുറിച്ച് പറഞ്ഞപ്പോഴാണ്. ആ പ്രസംഗത്തിലുള്ള ഓരോ വാചകവും ഈ

LIBRARY ARCHIVES Kerala Legislative Assembly

മുന്നണി ഗവൺമെൻറിനേറതാണ്. ഈ മുന്നണി ഗവൺമെൻറ് സത്യ സന്ധമായി സഭയെ സമീപിച്ചിരിക്കുകയാണ്. ഇന്നയിന്ന സാഹചര്യ ത്തിലാണ് ഞങ്ങൾ തുടങ്ങിയത്, ഇന്നയിന്ന ബുദ്ധിമുട്ടുകളും പ്രശ്നങ്ങളു മുണ്ട്. ആ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ ഞങ്ങൾ ഒരു പരിധി വരെ വിജയിച്ചിരിക്കുന്നു. അതിന് ഞങ്ങൾക്ക് സഹായവും പിൻതുണയും സഹകരണവും നൽകിയ എല്ലാവരെക്കുറിച്ചും ഞങ്ങൾക്ക് അതിൽ പരാമർശി ച്ചിട്ടുണ്ട്.

അതോടൊപ്പംതന്നെ ഈ സംസ്ഥാനം ഒരു വലിയ രാഷ്ട്രത്തിൻെറ അവിഭാജ്യഘടകമെന്നുള്ള നിലയിൽ എന്തായിരിക്കണം നമ്മുടെ ചുമതലകളും ഉത്തരവാദിത്വവും എന്നും അതിൽ സ്മരിച്ചിട്ടുണ്ട്. ഇവിടെ പഞ്ചാബിനെ കുറിച്ചും ആസാമിനെക്കുറിച്ചും പരാമർശിച്ചു. ഈ പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളത് പഞ്ചാബും ആസാമും പ്രശ്നങ്ങൾ താൽക്കാലികമായി പരിഹരിച്ചിട്ടുണ്ടെങ്കിലും അപകടം പൂർണ്ണമായി ഒഴിവായിട്ടില്ല എന്നാണ്. അപകടം പതിയിരിക്കുകയാണ്. പഞ്ചാബിലെ ഒത്തുതീർപ്പിനെക്കുറിച്ച്, ചാണ്ഡിഗാർ കൈമാറാത്തതിനെക്കുറിച്ച് എന്തോ സംവേചിച്ചു എന്നു പറഞ്ഞു. പഞ്ചാബിൻെറ കാര്യത്തിൽ കാണേണ്ടത് പാളം തെറ്റിയ വണ്ടി പാളത്തിൽ കയറിയെന്നുള്ളതാണ്. ജനാധിപത്യമര്യാദ മുഴുവൻ തകർത്തുകൊണ്ടുള്ള തീവ്രവാദികളുടെ അക്രമപ്രവർത്തനങ്ങളുടെ ഫലമായി, ജനാധിപത്യഭരണം സാദ്ധ്യമല്ലാത്ത ഒരു സാഹചര്യത്തിൽ, ജനാധിപത്യം പുനഃസ്ഥാപിക്കാ നുള്ള നടപടി സ്വീകരിക്കുകയും ജനാധിപത്യം പുനഃസ്ഥാപിക്കുകയും ചെയ്തു. സാഹസികത ഇൻഡ്യയിൽ ആദ്യമായിട്ടൊന്നുമല്ല. അപ്പുറത്തിരി ക്കുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാക്കൻമാർ ഒരുമിച്ചിരുന്ന കാലത്ത്, സ്വാതന്ത്ര്യം ഇൻഡ്യയിൽ ഒന്നു ഉറപ്പിച്ചെടുക്കുന്ന തിനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുന്ന കാലയളവിൽ, ജനാധിപത്യത്തെ കഴുത്തു ഞെരിച്ചുകൊല്ലുന്നതിനുവേണ്ടി, ജനാധിപത്യത്തെ കുഴിച്ചുമൂടുന്ന തിനുവേണ്ടി, കൽക്കത്ത തീസിസ് സിദ്ധാന്തവുമായി ഈ രാജ്യത്ത് അക്രമം അഴിച്ചുവിട്ടിരുന്ന ആ കാലം നമ്മൾ മറക്കരുത്.

സർ, അതുകൊണ്ട് പഞ്ചാബിൽ മാത്രമല്ല ഇൻഡ്യയിലെ ഏതെങ്കിലും ഭാഗത്ത് എന്തെങ്കിലും വിധത്തിലുള്ള അക്രമാസക്തമായ

2 P. M. അസ്വസ്ഥതകൾ ഉണ്ടാവുകയാണെങ്കിൽ അതിനെ ആരും തന്നെ പ്രോൽസാഹിപ്പിക്കാൻ പാടില്ല, മറിച്ച് ശക്തിയായി എതിർക്കുകയും വേണം. എന്നാൽ മാർക്സിസ്റ്റ് പാർട്ടിയുടെ പ്രമുഖ നേതാവ് (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ഇവിടെ ഭരിക്കുന്ന കാലത്താണ് ഉറങ്ങിക്കിടക്കുന്നവൻെറ തലവെട്ടുന്ന നക്സലൈറ്റ് പ്രസ്ഥാനം വളർന്നത്. ആദ്യം ബംഗാളിൽ തുടങ്ങി, പിന്നെ കേരളത്തിലേക്കും വ്യാപിച്ചു. ഇതൊക്കെ അക്രമസംഘങ്ങൾക്ക് പ്രോൽസാഹനം നൽകുന്ന വയായിരുന്നു. ഇത്തരത്തിലുള്ള പ്രചരണം താൽക്കാലിക നേട്ടങ്ങൾക്കു വേണ്ടി ഏതു ഭാഗത്തുനിന്നുണ്ടായാലും അത് രാജ്യത്തിന് അപകടങ്ങൾ വരുത്തിവയ്ക്കും എന്നുള്ളതിൽ സംശയമില്ല. താൽക്കാലികമായ വികാരങ്ങൾക്ക് അടിമപ്പെട്ടു അക്രമങ്ങളെ പ്രോൽസാഹിപ്പിക്കാനുള്ള പ്രവണത ഒരു ഭാഗത്തും ഉണ്ടാകരുത് എന്നാണ് എൻെറ അഭ്യർത്ഥന. ഇതുതന്നെയാണ് വിഘടനവാദത്തെക്കുറിച്ചും പറയാനുള്ളത്. ചെറിയ ചെറിയ ശക്തികളാണ് വലിയവയായി മാറുന്നത്. അത്തരം മാർഗ്ഗത്തെ കുറിച്ച് അറിഞ്ഞോ അറിയാതെയോ നമ്മൾ ചിന്തിക്കാൻ പാടില്ലാ യെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. അതുതന്നെയാണ് ഇൻഡ്യൻ നാഷണൽ കോൺഗ്രസിനും ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗും കേരളാകോൺഗ്രസിനും മറ്റു ഘടകകക്ഷികളിലെ ആളുകൾക്കും ഒറ ശബ്ദത്തിൽ കേരളത്തിലെ ജനങ്ങളോട് അഭ്യർത്ഥിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, വളരെ യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള ഒരു പ്രസംഗമാണ്. ഇവിടെ ഗവർണ്ണർ നടത്തിയത്. സാമ്പത്തികസ്ഥിതിയെക്കുറിച്ച് പറയുമ്പോൾ പ്രതിപക്ഷം ഒരു കാര്യം ശ്രദ്ധിക്കണം. When the present Government came to power, the State faced acute financial difficulties. Too many commitments had been entered into without corresponding resources. The financial difficulties were compounded by the severe drought of 1982–83. The Eighth Finance Commission did not take into account the heavy Commitment that the state has subsequently had to bear on the pay revision of its employees and teachers, since such revision was not done before 1982. ഇതിൽനിന്നും ഈ ഗവൺമെൻറിൻെറയല്ല, കഴിഞ്ഞ ഗവൺമെൻറുകളുടെ പൈതൃകം ഈ ഗവൺമെൻറു ഏറെറടുക്കുമ്പോൾ ഒഴിവാക്കാൻ പററാത്ത ബാദ്ധ്യതകളാണുണ്ടായിരുന്നത്. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ സ്റേറററിന് താങ്ങാൻ പററാത്ത ചെലവുകളും വരുകയും. അതിനു അനുയോജ്യമായ വരുമാനം ഉണ്ടാകാതിരിക്കുകയും ചെയ്തപ്പോൾ സ്വാഭാവികമായും ഓവർഡ്രാഫ്റ്റ് ഉണ്ടായി. കാരണം. ഒഴിവാക്കാൻ പററാത്ത കമ്മിറ്റ്മെൻറ് അല്ല പലതും.

ശ്രീമതി കെ. ആർ. ഗൗരി : സർ, കഴിഞ്ഞ ഗവൺമെൻറിൻെറ കമ്മിറ്റ്മെൻറ്സ് 1981 നവംബർ 2-ാം തീയതി വരെ ഉണ്ടായിരുന്നത് 59 കോടി രൂപ മാത്രമാണ്. അപ്പോൾ ആ ഗവൺമെൻറിൻെറ പിൻതുടർച്ചയാണെന്ന് പറയുന്നത് ശരിയല്ല.

ശ്രീ. കെ. കരുണാകരൻ : സർ, കോഴി മുട്ടയിട്ടുകഴിഞ്ഞാൽ അത് മുട്ടയായിട്ടാണ് അടവയ്ക്കുന്നത്. മുട്ടയിൽ കോഴിയുടെ ചൂടു പററുമ്പോൾ കുഞ്ഞായി വിരിയുകയാണ്. മുൻഗവൺമെൻറുകളുടെ കമ്മിറ്റ്മെൻറു മുട്ടയായിരുന്നുവെങ്കിൽ അതിപ്പോൾ കുഞ്ഞായി വിരിഞ്ഞിരിക്കുകയാണ്. അന്ന് 59 കോടിയായിരുന്നെങ്കിൽ ആ നടപടികളുടെ ഫലമായി കൂടുതൽ കമ്മിറ്റ്മെൻറുണ്ടായി എന്നാണ് ഞാൻ പറഞ്ഞത്. അതിൽ നിന്ന് രക്ഷപ്പെടാൻ പററാത്ത കമ്മിറ്റ്മെൻറാണ് നമുക്ക് വന്നിട്ടുള്ളത്. അങ്ങനെയുള്ള സാഹചര്യത്തിൽ നമ്മുടെ ബാദ്ധ്യതകൾ നിറവേററാൻ നാം ബാദ്ധ്യസ്ഥരാണ്. സാമാന്യജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ ഈ ഗവൺമെൻറിന് വളരെയധികം ജാഗ്രതയാണുള്ളത്.

സർ, പ്രതിപക്ഷാംഗങ്ങളിൽ നിന്നുണ്ടായിട്ടുള്ള ഒരു പ്രധാനവിമർശനം കേന്ദ്രവുമായിട്ട് സഹകരിക്കുന്ന ഒരു ഗവൺമെൻറുണ്ടായിട്ട് എന്തു കിട്ടി എന്നതായിരുന്നു. 7-ാം പഞ്ചവൽസരപദ്ധതിക്ക് സഹായം അനുവദിച്ചിട്ടുള്ളതിൽ, ഇൻഡ്യയിലെ കിഴക്കൻമേഖലകളിലെ പ്രത്യേകം അവകാശമുള്ള സ്റേറററുകളെ മാററി നിർത്തിയാൽ, ഏററവും കൂടുതൽ, 54 ശതമാനം വിഹിതം കിട്ടിയത് കേരളത്തിനാണ്. മറെറാരു സംസ്ഥാനത്തിനും കിട്ടിയിട്ടില്ല. അതുപോലെതന്നെ ഓവർഡ്രാഫ്റ്റിൻെറ കാര്യത്തെ സംബന്ധിച്ച് ധനകാര്യമന്ത്രി പറഞ്ഞപ്പോൾ എന്തു കിട്ടിയെന്ന് ചോദിച്ചു. ഇതിനു പരിഹാരം കിട്ടുന്നതിനു ഈ സ്റേറററ് ഗവൺമെൻറാണ് മുൻകൈ എടുത്തത്. ഞങ്ങൾ പറഞ്ഞതുകൊണ്ടുമാത്രം കിട്ടി എന്നു പറഞ്ഞിട്ടില്ല ഈ സ്റേറററ് ഗവൺമെൻറിൻെറ സാമ്പത്തികപ്രശ്നങ്ങൾ ചർച്ച ചെയ്യാൻ പോയ അവസരത്തിലാണ് ഇതിനൊരു പരിഹാരമുണ്ടാക്കണമെന്ന് ഇൻഡ്യാഗവൺമെൻറു ഒരു പോളിസി തീരുമാനം എടുത്തത്. ഇൻഡ്യാഗവൺമെൻറിൽ നിന്നും കിട്ടിയ സഹായം എന്നു ഞങ്ങൾ വിശ്വസിക്കുന്നത്, പ്ലാനിംഗിൻെറ കാര്യത്തിൽ ഒരു തീരുമാനം ഉണ്ടാക്കാൻവേണ്ടി കേരളത്തിനുള്ള വിഹിതത്തെ സംബന്ധിച്ച വിഷമതകൾ

LIBRARY ARCHIVES Kerala Legislative Assembly

അറിയിച്ചപ്പോൾ ഓവർഡ്രാഫ്റ്റിന്റെ കണക്ക് 1985 ജനുവരി മാസമാക്കി, പീക്ക് ദിവസത്തിൽ തന്നെ കണക്കാക്കി എന്നതാണ്. അത് ഡിസംബർ ആയിരുന്നുവെങ്കിലോ, ഫെബ്രുവരിയായിരുന്നുവെങ്കിലോ കേരളത്തിന് ഇന്ന് കിട്ടിയ മെച്ചം കിട്ടുമായിരുന്നില്ല. നീതിനിർവഹിക്കുന്ന അവസരത്തിൽ രാജ്യത്തെ എല്ലാ സ്റ്റേറ്റുകളെയും ഒരേപോലെ കാണേണ്ട ഗവൺമെന്റ് ഒരു സ്റ്റേറ്റിനെ സഹായിക്കാൻവേണ്ടി ബുദ്ധിപൂർവ്വമായി ചെയ്ത സംഗതിയാണിത്.

ശ്രീ. ബേബി ജോൺ : ഓവർഡ്രാഫ്റ്റ് അതിന്റെ പീക്ക് ലെവലിൽ നിന്ന അവസരത്തിൽ അത് അഡ്ജസ്റ്റ് ചെയ്യാൻ വേണ്ടി ലോൺ തന്നു. എല്ലാ സ്റ്റേറ്റിനും ആ പ്രിൻസിപ്പിൾ ബാധകമാണ്.

ശ്രീ. കെ. കരുണാകരൻ : കേരളത്തിന്റെ ഓവർഡ്രാഫ്റ്റ് പീക്ക്ലെവലിൽ നിൽക്കുന്നതായ ദിവസംതന്നെ, ആ പ്രത്യേക ദിവസംതന്നെ എടുത്തതുകൊണ്ട് കേരളത്തിന് കിട്ടിയ ബനിഫിറ്റ് കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു നേട്ടം തന്നെയാണ്. മറ്റു സ്റ്റേറ്റുകളെ അപേക്ഷിച്ച് കേരളത്തിൽ ഓവർഡ്രാഫ്റ്റ് പീക്ക്പോയിന്റിൽ നിൽക്കുന്ന ദിവസമായിരുന്നു.

സർ, വെള്ളപ്പൊക്ക ദുരിതാശ്വാസത്തെ സംബന്ധിച്ച് ശ്രീ. ബേബിജോൺ ആസാമിലും മറ്റും കൊടുത്ത കാര്യമൊക്കെ ഇവിടെ പറഞ്ഞു. ഇതുവരെ കിട്ടിയ രേഖകൾ പരിശോധിച്ചാൽ ഇൻഡ്യയിൽ 88 ശതമാനം സഹായം വെള്ളപ്പൊക്ക ദുരിതാശ്വാസമായി കേന്ദ്രഗവൺമെന്റു നൽകിയിട്ടുള്ളത് കേരളത്തിനു മാത്രമാണ്. അതുകൊണ്ട് എന്താണ് കേന്ദ്രം സഹായിച്ചതെന്ന് ചോദിച്ചാൽ ഇങ്ങനെ എടുത്തുപറയാൻ നിരവധി കാര്യങ്ങളുണ്ട്.

7-ാം പദ്ധതിയെക്കുറിച്ച് പറയുമ്പോൾ 6-ാം പദ്ധതിയെക്കാൾ 34.9 ശതമാനം കൂടുതൽ കിട്ടി. എന്നാൽ പശ്ചിമ ബംഗാളിന് കേവലം 17 ശതമാനം വർദ്ധനവാണുണ്ടായത്. ഇന്ന് വളരെ വിഷമകരമായ സ്ഥിതിയിലാണെങ്കിൽപോലും പ്ലാനിംഗ് കമ്മീഷൻ ഉൾപ്പെടെ കേരളത്തിന്റെ വാദഗതികൾ അംഗീകരിക്കാൻ തയ്യാറായിരിക്കുകയാണ്.

ഞങ്ങൾ പാഴ്ചെലവുകൾ നടത്തിയില്ല; ദുർവിനിയോഗംചെയ്തില്ല, മറിച്ച് കേന്ദ്രത്തിന്റെ സഹായം ശരിക്കും ഉപയോഗിച്ച് ഈ സംസ്ഥാനത്തിൽ നിന്ന് സംഭരിക്കാവുന്നത് സംഭരിച്ചു. ഞങ്ങൾ ചെലവുചുരുക്കി ഇപ്പോൾ ഏതാണ്ട് മെച്ചപ്പെട്ടു വരുന്നു. ഇനിയും കൂടുതൽ മെച്ചപ്പെടുത്താൻ അടുത്ത സാമ്പത്തികവർഷത്തിൽ നിങ്ങളെ സമീപിക്കും എന്ന് പറഞ്ഞിട്ടുമുണ്ട്.

ശ്രീ. ബേബിജോൺ : ഏതു ഐറ്റത്തിലാണ് ചെലവു ചുരുക്കിയത് എന്ന് പറയാമോ ?

ശ്രീ. കെ. കരുണാകരൻ : ബഹുമാനപ്പെട്ട ബേബിജോണിന് ആവശ്യമെങ്കിൽ ഓരോന്നും ഐറ്റമായിട്ട് തരാം. ഒരു ജനറൽ ഡിസ്കഷനിൽ ഓരോന്നും ഐറ്റമായിട്ട് പറയാൻ സാദ്ധ്യമല്ല ? നിരവധിയുണ്ട്.

ചെലവുചുരുക്കിയെന്നു പറഞ്ഞാൽ വികസനപ്രവർത്തനത്തിൽ ചുരുക്കിയില്ല. കാരണം 1550 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാകുമ്പോഴേയ്ക്കും 1700 കോടിയോളമായി വർദ്ധിക്കും. വികസനരംഗത്തെ സംബന്ധിച്ചിടത്തോളം കുറച്ചില്ല. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം സാമാന്യജനങ്ങളിൽ, ഗ്രാമപ്രദേശങ്ങളിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കുണ്ടായ നേട്ടത്തെക്കുറിച്ച് ഒരു ചെറിയ വിവരണം പറയാം,

LIBRARY ARCHIVES Kerala Legislative Assembly

ദീർഘമായി വിശദീകരിക്കാൻ സമയമില്ലാത്തതുകൊണ്ട് ഞാൻ അതിന് മുതിരുന്നില്ല. എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. എന്നീ സ്കീമുകളനുസരിച്ച് കേന്ദ്രഗവൺമെൻറിന്റെ സഹായത്തോടെ 15,000 കി. മീറ്ററോളം ഗ്രാമീണറോഡുകൾ നിർമ്മിച്ചു.....
(ബഹളം).....
കേന്ദ്രത്തിൽനിന്ന് വാങ്ങിയത് വെസ്റ്റ്ബംഗാളിൽ ചെലവ് ചെയ്തിട്ടില്ല. ഈ ഗവൺമെൻറ് വന്നതിനുശേഷം പതിനയ്യായിരം കി. മീ. റോഡുകളാണ് നിർമ്മിച്ചത്. സാമ്പത്തികമായി പുറകോട്ടുനിൽക്കുന്ന 4,40,000 കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഇതിൽ 1,40,000 കുടുംബങ്ങളും പട്ടികജാതി-പട്ടികവർഗ്ഗക്കാരാണ്. അതുപോലെതന്നെ വേന നിർമ്മാണരംഗത്ത് ഈ ഗവൺമെൻറ് വന്നതിനുശേഷം കേരളത്തിൽ 1,80,000 വീടുകൾ നിർമ്മിച്ചുകൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് കേരളത്തിൽ കണ്ണുള്ളവർക്ക് കാണാം, രാഷ്ട്രീയാന്ധതകൊണ്ട് കണ്ണുമഞ്ഞളിച്ചിരിക്കുന്നവർക്ക് കാണാൻ കഴിയില്ല. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ 1,300 കോളനികൾ വൈദ്യുതീകരിക്കാൻ കഴിഞ്ഞു. അതുപോലെ 122 പി. എച്ച്. സെൻറുകളും 903 സബ്സെൻറുകളും സ്ഥാപിക്കാൻ ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞിട്ടുണ്ട്. കേന്ദ്രത്തിൽനിന്ന് വാങ്ങുന്ന പണം ദുർവിനിയോഗം ചെയ്യാതെ ഈ രാജ്യത്തെ സാമാന്യജനങ്ങൾക്ക്, ദുരിതമനുഭവിക്കുന്നവർക്ക് പരമാവധി പ്രയോജനപ്പെടുത്തി. ശുദ്ധജലവിതരണത്തിന്റെ കാര്യത്തിൽ.....
(ബഹളം).....

ശ്രീ. ഇ. കെ. നായനാർ : സർ, ഞാനൊരു കണക്ക് ചോദിക്കട്ടെ. കയർ വ്യവസായസഹകരണമേഖലയ്ക്ക് കേന്ദ്രം അനുവദിച്ച 310.21 ലക്ഷം രൂപയിൽ 289.83 ലക്ഷം രൂപയേ കേരളം വാങ്ങിയുള്ളൂ. 20.22 ലക്ഷം രൂപ നഷ്ടമാക്കി. കയർവ്യവസായം ഏറ്റവുമധികം പ്രതിസന്ധിയിൽ നടക്കുന്ന ഘട്ടത്തിലാണിത്.
.....(ബഹളം).....

ശ്രീ. കെ. കരുണാകരൻ : അങ്ങ് സംസാരിച്ചകാര്യം തന്നെ ഞാൻ ആവർത്തിക്കുന്നു. 'അരി എത്രയെന്ന് ചോദിക്കുമ്പോൾ പയറഞ്ഞാഴി'യെന്നു പറയുന്നതുപോലെ ചോദിക്കരുത്. മറ്റുകാര്യങ്ങൾ ചോദിച്ച് സമയം കളയരുത്. ഈ ഗവൺമെൻറ് അധികാരത്തിൽവരുന്നതുവരെ 557 പദ്ധതികളാണ് ഗ്രാമീണർക്ക് ശുദ്ധജലത്തിനുവേണ്ടി നടപ്പിലാക്കിയിരുന്നതെങ്കിൽ അതിനുശേഷം 607 പദ്ധതികൾകൂടി നടപ്പിലാക്കി. ഈ പദ്ധതികൾകൊണ്ട് 1982 വരെ 42.2 ലക്ഷം ജനങ്ങൾക്കാണ് പ്രയോജനം കിട്ടിയതെങ്കിൽ ഈ ഗവൺമെൻറ് വന്നതിനുശേഷം 60 ലക്ഷം ജനങ്ങൾക്ക് പ്രയോജനമുണ്ടായിട്ടുണ്ട്. 1982 വരെ ഹരിജൻ-ഗിരിജൻ കോളനികളിൽ ശുദ്ധജലവിതരണ പദ്ധതികൾ 222 എണ്ണമായിരുന്നുവെങ്കിൽ അതിനുശേഷം 413 എണ്ണമായി. ഹരിജൻ-ഗിരിജൻ കോളനികളിൽ മുമ്പ് കുഴൽക്കിണറുകളില്ലായിരുന്നു. ഇപ്പോൾ 1,400 കുഴൽക്കിണറുകളുണ്ട്. 1982 വരെ 113 കുഴൽക്കിണറുകളാണുണ്ടായിരുന്നതെങ്കിൽ ഇപ്പോൾ 3,400 എണ്ണമായി. അതുപോലെതന്നെ മൽസ്യത്തൊഴിലാളികളുടെ, ഈ ഗവൺമെൻറ് മൽസ്യത്തൊഴിലാളിക്ഷേമനിധി ഏർപ്പെടുത്തി. ഇന്ന് ഒരു മൽസ്യത്തൊഴിലാളി അപകടത്തിൽപ്പെട്ട് മരിച്ചാൽ, ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ ധനസഹായം കൊടുക്കുന്നുള്ള സംവിധാനമുണ്ട്. ആ ധനസഹായം പതിനായിരം രൂപയെന്നുള്ളത് പതിനയ്യായിരമായി വർദ്ധിപ്പിച്ചു. അതിന്റെ ആദ്യത്തെ വിതരണം ഈ മാസം 25-ാം തീയതിതന്നെ നടക്കും....

LIBRARY ARCHIVES Kerala Legislative Assembly

.....(ബഹളം)..... ഈ പ്രയാസങ്ങളെല്ലാം ഉണ്ടായിട്ടും സർക്കാർ ജീവനക്കാരെ സംബന്ധിച്ചിടത്തോളം ശമ്പള പരിഷ്കരണം നടപ്പിലാക്കി. പല സംസ്ഥാനങ്ങളും അത് ചെയ്തിട്ടില്ല. അതുപോലെ ഡിയർനസ് അലവൻസ് കാലാകാലങ്ങളിൽ കൊടുക്കാറുണ്ട്. അൽപ്പം ചില വ്യത്യാസങ്ങൾ വരുത്തി പി എഫിൽ അഡ്ജസ്റ്റ് ചെയ്ത് അത് അവർക്ക് തിരിച്ചു കൊടുക്കാനുള്ള സംവിധാനവും ചെയ്തിട്ടുണ്ട്. സർക്കാർ ജീവനക്കാർക്കും മറ്റു ജീവനക്കാർക്കുമൊക്കെ നിരവധി ആനുകൂല്യങ്ങൾ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.

കശുവണ്ടിവ്യവസായത്തെ സംബന്ധിച്ചിടത്തോളം ഈ വ്യവസായത്തിൽ ഞങ്ങൾക്ക് എടുത്തുപറയാൻ സാധിക്കുന്ന ഒരുകാര്യം കശുവണ്ടിവ്യവസായം സ്റ്റെബിലൈസ് ചെയ്യുന്നതിനുള്ള ശ്രമം നടത്തിയിരിക്കുന്നുവെന്നുള്ളതാണ്. കർഷകന് വിലക്കുറവ് വന്നാൽ വിഷമിക്കേണ്ടകാര്യമില്ല. അതുപോലെ കശുവണ്ടിത്തൊഴിലാളികൾക്ക് അവരുടെ ജോലിദിവസങ്ങൾ വർദ്ധിപ്പിക്കാൻ ശ്രമിച്ചു. ഞാൻ ഈ ഗവൺമെൻറ് ചെയ്ത കാര്യങ്ങൾമാത്രം പറയുകയാണ്. അങ്ങനെ ഈ വ്യവസായത്തിന് ഞങ്ങളൊരടിത്തറ പാകുകയാണ്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കയറിന്റെ കാര്യം പറഞ്ഞു. അതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് ഞങ്ങൾ കേന്ദ്രത്തോട് പറയുകയുണ്ടായി, കുത്തകസംഭരണംകൊണ്ട് ഫലമില്ലാത്തതുകൊണ്ട് ലെവിസിസ്റ്റം ഏർപ്പെടുത്തിയാൽ വിജയിക്കുമെന്ന് പ്രതീക്ഷിക്കുന്നുവെന്ന്. ഈ മേഖലകളിലൊക്കെ ഫലപ്രദമായ നടപടികൾ സ്വീകരിച്ചുകൊണ്ട് ഈ ഗവൺമെൻറ് മുന്നോറുകയാണ്. ഈ ഗവൺമെൻറിന് ജനങ്ങളുടെ പിൻതുണയുണ്ട്. കുറെക്കൂടെ കാര്യക്ഷമമായി പ്രവർത്തിക്കണമെന്ന് മറാരെക്കാളും ഞങ്ങൾക്ക് ബോദ്ധ്യമുള്ളതുകൊണ്ട്, ഞങ്ങൾക്ക് ആവശ്യമുള്ളതുകൊണ്ട്, ചെയ്യാൻ സാധിക്കുമെന്ന് ആത്മാർത്ഥവിശ്വാസമുള്ളതുകൊണ്ട്, ഞങ്ങൾക്ക് അവസരം നൽകുമെന്നുള്ള ഉറപ്പുള്ളതുകൊണ്ട് ഇതിനെക്കുറിച്ച് ഇൻഡ്യൻനാഷണൽകോൺഗ്രസ് അതിനേറ്റായ ഒരു അഭിപ്രായം പറയാനുള്ള വേദിയിൽ പറഞ്ഞു. ഇന്നത്തെ നിലയിൽ ഘടകകക്ഷികളെ സംബന്ധിച്ചിടത്തോളം അവർക്ക് അതിനെക്കുറിച്ച് പരിശോധിക്കാൻ സമയം ആവശ്യമായിരുന്നു. ഈ മുന്നണിയുടെ സംവിധാനത്തെക്കുറിച്ച് ഒരുകാര്യം ഞാൻ പറയാനാഗ്രഹിക്കുകയാണ്. ഒരു പാർട്ടിയും അവരുടെ അഭിപ്രായം മറ്റുള്ളവരുടെമേൽ അടിച്ചേൽപ്പിക്കുകയില്ല. അവർ സ്വീകരിച്ച നിലപാടിൽ എന്തെങ്കിലും പോരായ്മയോ കുറവുകളോ ഉണ്ടെങ്കിൽ പരസ്പരം ചർച്ച ചെയ്ത്, പരസ്പരധാരണയിൽ പോകാൻ ആഗ്രഹിക്കുന്ന ഒരു മുന്നണിയാണിത്. അതിൽ വലിയേട്ടനും ചെറിയേട്ടനുമില്ല.

.....(ബഹളം).....

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും കക്ഷിനേതാക്കൻമാരും സംസാരിച്ചുകഴിഞ്ഞതാണ്. ഇനി സമാ നേതാവിന് മറുപടി പറയേണ്ടേ ?

ശ്രീ. കെ. കരുണാകരൻ : അതിൽ മാർക്സിസ്റ്റുപാർട്ടി പരാതിപ്പെട്ടതിൽ എനിക്കൽഭുതമില്ല. ശ്രീ. ബേബിജോണും ശ്രീ. കെ.പി പ്രഭാകരനും പറയുന്നത് കേൾക്കുമ്പോൾ വിഷമം തോന്നുന്നു. പ്രതിപക്ഷത്തായിരുന്നെങ്കിൽപ്പോലും ഞങ്ങളെല്ലാം ആദരവോടും ബഹുമാനത്തോടും മാത്രം കണ്ടിട്ടുള്ള സഖാവ് എം.എൻ. ഗോവിന്ദൻ നായർ അവരുടെ അന്നത്തെ മുന്നണിയെക്കുറിച്ച് എന്താണ് പറഞ്ഞതെന്നറിയാമോ ?

.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയരംഗത്ത് പ്രതിസന്ധിയുണ്ടായതിന്റെ മുഴുവൻ ഉത്തരവാദിത്വവും മാർക്സിസ്റ്റ് പാർട്ടിക്കാണെന്നും ഐക്യമുന്നണിയുടെ ഐക്യത്തെയും പ്രവർത്തനങ്ങളെയും തമ്മിലടിപ്പിക്കുന്ന, നിരാകരിക്കുന്ന മാർക്സിസ്റ്റ് പാർട്ടിയുടെ പ്രവണതയാണ് ഈ രാജ്യത്തെ ഇന്നീ സ്ഥിതിയിൽ കൊണ്ടെത്തിച്ചതെന്നും പറയാതിരിക്കാൻ നിവൃത്തിയില്ലെന്നാണ് അദ്ദേഹം പറഞ്ഞത്.

.....(ബഹളം).....

ഞാൻ ശ്രീമതി ഗൗരിയമ്മ കേൾക്കാൻ പറയുകയല്ല, ശ്രീ. കെ. പി. പ്രഭാകരൻ കേൾക്കാൻ പറഞ്ഞതാണ്.

ശ്രീമതി കെ. ആർ. ഗൗരി : അന്ന് എം. എനെക്കൊണ്ട് അങ്ങ് പറയിച്ചതാണ്.

.....(ബഹളം).....

ശ്രീ. കെ. കരുണാകരൻ : സർ, എം. എൻ. ന്റെ ഭാഷയിൽ തന്നെ പറഞ്ഞാൽ, മറ്റേതെങ്കിലും പാർട്ടിക്കാരൻ പറഞ്ഞാൽ അത് മനസിലാക്കാം. മുപ്പത്തുകൊല്ലക്കാലം കമ്മ്യൂണിസ്റ്റ് പാർട്ടിയെ വളർത്താൻ പാടുപെട്ട് ശ്രമിച്ച നിങ്ങളുടെ സഹപ്രവർത്തകനായിരുന്ന എം. എൻ. നെകൊണ്ട് മറ്റൊരാൾക്ക് പറയിപ്പിക്കാൻ സാധിക്കുമോ ? നിങ്ങൾ കേട്ടിരിക്കുകയാണോ പ്രഭാകരായെന്ന് ഞാൻ വീണ്ടും ചോദിക്കുകയാണ്. എന്റെ സ്നേഹിതൻ പ്രഭാകരനോടും ബേബിജോണിനോടും.

.....(ബഹളം).....

ശ്രീ. കെ. പി. പ്രഭാകരൻ : മരിച്ചുപോയ എം. എൻ. പണ്ട് പറഞ്ഞ പ്രസംഗത്തിനുപകരം ഇപ്പോൾ ജീവിച്ചിരിക്കുന്ന ശ്രീ. അച്ചുതമേനോൻ നിങ്ങളുടെ ഗവൺമെന്റിനെപ്പറ്റി പ്രസംഗിച്ചത് ഒന്നെടുത്തു വായിക്കാമോ ?

ശ്രീ. കെ. കരുണാകരൻ : ഞാൻ എന്റെ സ്നേഹിതൻ ശ്രീ. കെ. പി. പ്രഭാകരനോടും അപ്പുറത്തിരിക്കുന്ന എന്റെ സ്നേഹിതൻമാരോടും ശ്രീ. എം. എൻ.-ന്റെ ഒരു ഉപദേശം ഉദ്ധരിക്കാം. എം. എൻ. പറയുകയാണ്, സർ, അഭിമാനമുള്ളവരും ആത്മാഭിമാനമുള്ളവരും അവരുമായി സഹകരിച്ചുപോകുവാൻ കഴിയാത്ത രീതിയിലുള്ള പ്രവർത്തനമാണ് അവർ നടത്തിയിട്ടുള്ളതെന്ന്. അവരുടെ പ്രസ്താവനകളും പ്രസംഗങ്ങളും വായിച്ചാൽ ആർക്കും ബോദ്ധ്യപ്പെടുന്ന കാര്യമാണ്. അവരുമായി സഹകരിച്ചുപോകാൻ കൊള്ളില്ലായെന്ന്. ഇങ്ങനെയാണ് സഖാവ് എം. എൻ. പറയുന്നത്.

.....,(ബഹളം).....

ശ്രീ. എം. എൻ. നിങ്ങളുടെ കുത്തകയൊന്നുമല്ല. ഞങ്ങളുടെയും കൂടി ആരാദ്ധ്യനാണ്. അതുകൊണ്ടാണ് ഇത് ഉദ്ധരിക്കുന്നത്. (ബഹളം) നിങ്ങൾക്ക് മൂന്നുദിവസം സംസാരിക്കുവാൻ സമയം തന്നല്ലോ ? നിങ്ങളും ഇവിടെ പലതും കൊണ്ടുവന്നു വായിച്ചില്ലേ ? എന്താണ് നിങ്ങൾക്കിത്ര പരിഭ്രമം ? ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞാൻ ആവർത്തിക്കുന്നു, ഐക്യജനാധിപത്യമുന്നണി ഒരു പാർട്ടിയുടെയും അധീനതയിലുള്ള മുന്നണിയല്ല. അതുകൊണ്ട് ഒരു തെരഞ്ഞെടുപ്പ് വേണമെന്ന് പറയാൻ ന്യായമുണ്ട്. 1982-ൽ കേരളാ കോൺഗ്രസ് രണ്ടായി മൽസരിച്ചു, കോൺഗ്രസ് രണ്ടായി മൽസരിച്ചു, മുസ്ലീംലീഗ് രണ്ടായി മൽസരിച്ചു. കഴിഞ്ഞകാലങ്ങളിലെ അനുഭവങ്ങൾ വച്ചുകൊണ്ട് എല്ലാ പാർട്ടികളും ഒരുമിച്ച് നില്ക്കാൻ തീരുമാനിച്ചു. അതിന് ഫലവുമുണ്ടായി. കഴിഞ്ഞ ഉപതെരഞ്ഞെടുപ്പുകളിൽ 1982-ലെക്കാൾ കൂടുതൽ വോട്ട് ഈ ജനാധിപത്യമുന്നണിക്ക് കിട്ടിയെന്നതാണ് സത്യം.

LIBRARY ARCHIVES Kerala Legislative Assembly

എന്റെ സ്നേഹിതൻ ശ്രീ. എ. സി. ഷൺമുഖദാസ് റാന്നിയെക്കുറിച്ച് പറഞ്ഞു. എന്റെ ആത്മാർത്ഥ സുഹൃത്തായിരുന്ന ദിവംഗതനായ ശ്രീ. സണ്ണി പനവേലിയുടെ അനുയായികൂടി പാർലമെന്റ് ഇലക്ഷൻ കാലത്ത്, ഈ രാജ്യത്തോട് സ്നേഹമുള്ളതുകൊണ്ട്, പൂർണ്ണമായി ജനാധിപത്യത്തിനുവേണ്ടി, ഇൻഡ്യയുടെ ഭദ്രതയ്ക്കുവേണ്ടി, ഐക്യത്തിനു വേണ്ടി ഇവിടത്തെ ജനാധിപത്യമുന്നണി സ്ഥാനാർത്ഥികൾക്ക് വോട്ടു ചെയ്തു.

.....(ബഹളം).....

ശ്രീ. എ. സി. ഷൺമുഖദാസ് : മുന്നണിയുടെ തെരഞ്ഞെടുപ്പു കമ്മിറ്റി രോവാഹികം വളരെ സജീവമായി അവസാന നിമിഷംവരെയും വാശിയോടെ പ്രവർത്തിക്കുകതന്നെ ചെയ്തു. അതേസമയം 1980-ൽ ഇടതുപക്ഷമുന്നണി സ്ഥാനാർത്ഥിയായി മൽസരിച്ച ശ്രീ. എം. സി. ചെറിയാനെതിരായി നിങ്ങളെന്താണ് ചെയ്തത് ?

ശ്രീ കെ. കരുണാകരൻ : ഒരു കാര്യം നിങ്ങൾ ശ്രദ്ധിക്കണം. എന്റെ സ്നേഹിതൻ ശ്രീ. സണ്ണി പനവേലി എപ്പോഴെല്ലാം തെരഞ്ഞെടുപ്പിൽ നിന്നിട്ടുണ്ടോ സ്വതന്ത്രനായിട്ടുപോലും പത്തു പതിനായിരം വോട്ടു പിടിച്ചിട്ടുള്ള ആളാണ്. ആ സണ്ണി പനവേലി കോൺഗ്രസിനുവേണ്ടി പ്രവർത്തിച്ചിട്ടുള്ള ആളാണ്. അതുകൊണ്ടാണ് അന്നത്രയും ഭൂരിപക്ഷം കിട്ടിയത്, ഇന്ന് ആ വോട്ട്, ആ പഴയ പതിനായിരത്തിൽ ചില്വാനമാണ് കേവലം 600 ആയി കുറഞ്ഞത്. എന്തിന് പഞ്ചായത്ത് എടുത്തു നോക്കൂ ? ഇടതുപക്ഷ മുന്നണിക്ക് ഭൂരിപക്ഷം കിട്ടിയ ചിറ്റാർ പഞ്ചായത്തിൽ എന്താണ് ഇപ്പോഴത്തെ സ്ഥിതി ? പട്ടികജാതി പട്ടികവർഗ്ഗങ്ങളും ദുർബ്ബല വിഭാഗങ്ങളും അവരുടെ അനുഭവത്തിൽനിന്ന് ഈ ഗവൺമെന്റിന്റെ ചേരിയിലേക്ക് മാറി. ക്കൊണ്ടിരിക്കുകയാണ്.

.....(ബഹളം).....

നിങ്ങൾ കടലോരങ്ങളിൽ ചെല്ലൂ, അവിടെ നിങ്ങൾക്ക് ഈ ഗവൺമെന്റിൽ നിന്ന് ആശ്വാസം ലഭിച്ച മൽസ്യത്തൊഴിലാളികളെ കാണാം. നിങ്ങൾ ഗ്രാമ പ്രദേശങ്ങളിൽ ചെല്ലൂ, അവിടെ കുടിവെള്ളത്തിന് ദാഹിച്ചുകൊണ്ടിരുന്ന ഗ്രാമീണ ജനങ്ങൾക്ക് കുടിവെള്ളം ലഭിച്ചിരിക്കുന്നതു കാണാം.

ശ്രീമതി കെ. ആർ. ഗൗരി : നമ്മൾ തുടങ്ങുമ്പോൾ ഒന്നേന്നു തുടങ്ങണം. ആദ്യം നേമത്തുനിന്നു തുടങ്ങുക. നേമത്ത് 1982-ൽ എത്രയായിരുന്നു. നേമത്തുനിന്നു തുടങ്ങി ആറിങ്ങലിൽ വരിക. അങ്ങിനെ ആറിങ്ങലിൽനിന്ന് റാന്നിയിലെത്തുക.

ശ്രീ. കെ. കരുണാകരൻ : എതായാലും ഞങ്ങളിൽ ജനങ്ങൾക്ക് ആത്മ വിശ്വാസമുണ്ട്. ഞങ്ങളോടൊപ്പം നില്ക്കുന്ന സംഘടനകൾക്ക് അല്പം സാവകാശം വേണമെന്ന് പറഞ്ഞപ്പോൾ സഖാവ് എം. എൻ.-ന്റെ ഭാഷയിൽ പറഞ്ഞാൽ ശ്രീ. നമ്പൂതിരിപ്പാടിന്റെ നേതൃത്വമല്ലാത്തതുകൊണ്ട് ഞങ്ങൾക്ക് വലിയേട്ട മനോഭാവമില്ലാത്തതുകൊണ്ട് അവരെയും ഞങ്ങളോടൊപ്പം കൊണ്ടു പോകാൻ ശ്രമിച്ചു. അവർ പുനഃപരിശോധിച്ച് ഞങ്ങളോടൊപ്പം ചർച്ച ചെയ്ത് തീരുമാനമെടുത്തു. ഞങ്ങൾ ഒരു ദിവസം രാവിലെ ഭരണം വലിച്ചെറിഞ്ഞ് പോകുന്ന നടപടിയല്ല സ്വീകരിച്ചത്. എതായാലും ശരി, ഞങ്ങൾ ഒരു തീരുമാനമെടുത്തു. ഇനി നന്നാക്കിക്കൊണ്ടുപോകാനുള്ള നടപടികളെക്കുറിച്ച്, ഇലക്ഷനുശേഷം എന്തെല്ലാം നന്നാക്കാം എന്നുള്ളത് ഞങ്ങൾ ഇരുന്ന് സംസാരിച്ച് പരിഹാരമുണ്ടാക്കും. ജനാധിപത്യമുന്നണി തീർച്ചയായും ആലോചിച്ചു ചെയ്യുന്ന തീരുമാനങ്ങളാണ്. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഇതൊന്നും ഉണ്ടാവുകയില്ലെങ്കിൽകൂടി കരുണാകരന്റെ ഇമേജ് എന്നു പറയുന്നത് എന്റെ പാർട്ടിയുടെ ഇമേജാണ്. കരുണാകരൻ മൈനസാണ്. പാർട്ടിയുടെ ആളെന്ന നിലയിൽ.....പ്രതിപക്ഷങ്ങളെല്ലാംകൂടിയാൽ നിങ്ങളെക്കാൾ ശക്തിയായ ഇവരുടെ നേതാവാണ് ഞാനെന്നു പറയുവാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ബേബിജോൺ : അങ്ങ് സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയാണ്. മുഖ്യമന്ത്രിക്കുണ്ടാകുന്നത് കരുണാകരനുണ്ടാകുന്നതല്ല. മുഖ്യമന്ത്രിക്കുണ്ടാകുന്നതെന്താണോ അത് സംസ്ഥാനത്തിനുണ്ടാകുന്നതാണ്.

ശ്രീ. കെ. കരുണാകരൻ : സംസ്ഥാന മുഖ്യമന്ത്രിയുടെ കാര്യം വേറെ. ഇവിടെ പറഞ്ഞത് ഞങ്ങളുടെ കാര്യമാണ്. അതുകൊണ്ട് ഞങ്ങൾ ഒരുമിച്ച് ഒറ്റക്കെട്ടായി നില്ക്കുമെന്നത് നിങ്ങൾക്ക് വിഷമമുണ്ടാക്കാം. ഞങ്ങൾ ഉത്തരവാദിത്വമില്ലാതെയുള്ള നടപടിയല്ല സ്വീകരിച്ചത്. നിങ്ങൾ നാലു പാർട്ടികളുംകൂടി കോഴിക്കോട്ട് ചേർന്നു പ്രമേയം പാസാക്കി സഖാവ് നമ്പൂതിരിപ്പാടിനെ ഏല്പിച്ചു. എന്തിനാണ് ഏല്പിച്ചത് ? വെല്ലിംഗ്ടന്റെ മേലുള്ള അഴിമതിയാരോപണങ്ങൾ അന്വേഷിക്കുവാൻ നിങ്ങൾ പ്രമേയം പാസാക്കി കയ്യിൽ കൊടുത്തപ്പോൾ നിങ്ങളർപ്പിച്ച വിശ്വാസമനുസരിച്ച് നിങ്ങളെ വിളിച്ച് സംസാരിക്കാതെ നിങ്ങളുടെയെല്ലാം കഴുത്തിനുനേരെ കഠാരിയെടുത്ത സമീപനം ഞങ്ങളെടുത്തില്ല. പാർലമെന്ററി ബോർഡിനെ ഏല്പിച്ചാലും, ആരെ ഏല്പിച്ചാലും ഘടകകക്ഷികളുമായി ആലോചിച്ച് തീരുമാനിക്കണം. ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് പറയുന്നതാതിരിയല്ല.

ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഞങ്ങൾ ഇനിയും പല പരിപാടികളും മുമ്പോട്ടു വച്ചിട്ടുണ്ട്, തൊഴിലാളി പെൻഷൻ പിരിഞ്ഞു പോകുന്ന ആളുകൾക്കുവേണ്ടി മാത്രമുള്ളതാണ്. നേരെമറിച്ച് ഇന്ന് ജോലിയില്ലാത്ത ആളുകൾക്ക് ആശ്വാസമുണ്ടാകാൻ കൊല്ലത്തിൽ മൂന്നോ നാലോ മാസം പണികിട്ടിയാൽ പോരാ. അവർക്കാശ്വാസം നൽകാൻ വേണ്ടിയാണ് കർഷകക്ഷേമപരിപാടി ഞങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമെന്ന് ഗവർണ്ണർ പ്രഖ്യാപിച്ചത്. അതിന്റെ അടിസ്ഥാന വശങ്ങളെക്കുറിച്ച്, അത് ഇന്ന വിധത്തിൽ നടപ്പിലാക്കണമെന്നതിനെക്കുറിച്ച് ഒരു വാക്കു പറയാൻ നിങ്ങൾ മുതിർന്നോ ? ഇല്ല.

നാമെല്ലാം പുരോഗമന നടപടികളുടെ ഭാഗമായി ഭൂപരിഷ്ക്കരണ നിയമം കൊണ്ടുവന്നു. അത് സമൂഹത്തിന്റെ ആവശ്യമാണ്, രാജ്യത്തിന്റെ ആവശ്യമാണ്, ദരിദ്രർക്ക് ആശ്വാസം കൊടുക്കണം. അതിന്റെ ഫലമായി ഭൂമിയുടെ ഉടമസ്ഥാവകാശം നഷ്ടപ്പെട്ട ജൻമിമാർ ഒരിഞ്ചുഭൂമിയുമില്ലാതെ, അത്താഴം കഴിക്കാൻ വഴിയില്ലാതെ പട്ടിണികിടന്ന് മരിച്ച അനുഭവം ഉള്ളതുകൊണ്ട് ഞങ്ങൾ അവർക്കുവേണ്ടി പദ്ധതി ആവിഷ്ക്കരിച്ചിരിക്കുകയാണ്. ഈ സംസ്ഥാനത്തെ ചൊറുപ്പക്കാരൊന്നും സൗജന്യം വാങ്ങിച്ച് കഴിഞ്ഞാൽപ്പോരാ തൊഴിൽ ചെയ്യാൻ താല്പര്യമുള്ളവർക്ക് ഒരവസരമുണ്ടാക്കിക്കൊടുക്കണം. അതിനുവേണ്ടി ഞങ്ങൾ പദ്ധതി ആവിഷ്ക്കരിച്ചു. ബഡ്ജറ്റ് വരുമ്പോൾ നിങ്ങൾക്കു കാണാം, എങ്ങനെയാണ് ചെറുപ്പക്കാർക്കുവേണ്ടി തൊഴിലുണ്ടാക്കിക്കൊടുക്കുവാൻ ശ്രമിക്കുന്നതെന്ന്. അങ്ങനെയുള്ള പരിപാടികൾ ജനങ്ങളുടെ മുമ്പാകെ വച്ച് അവരുടെ പിന്തുണയോടുകൂടി നടപ്പിലാക്കാനുള്ള സംരംഭം നടത്തിയ ഈ ഗവൺമെന്റ് ഇന്ന് പരിപൂർണ്ണ വിശ്വാസത്തിൽ മുന്നോട്ടു പോവുകയാണ്.

അവസാനമായി ഒറ കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം—അഴിമതിയാരോപണങ്ങളെക്കുറിച്ച്. ഇന്നലെ നടന്ന സംഭവത്തെക്കുറിച്ചുണ്ടായ പരാമർശങ്ങളെക്കുറിച്ച് പിന്നീട് ചർച്ചയിൽപ്പറയാം.

LIBRARY ARCHIVES Kerala Legislative Assembly

എങ്കിൽപ്പോലും ഒരു കാര്യം പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. ഈ വാദഗതി ഉന്നയിക്കുവാൻ പ്രതിപക്ഷത്തെ മാർക്സിസ്റ്റു പാർട്ടിക്കെന്തവകാശം ? കാരണം ഈ രാജ്യത്ത് ഏറ്റവും മാരകമായ ആഘാതം ഏല്പിച്ചത് ചൈന ഇൻഡ്യയുടെ നേരെ നടത്തിയ ആക്രമണമാണ്. അന്ന് മനുമോഹന്റെയും ഞങ്ങളുടെയും എന്നു പറഞ്ഞ സമീപനം സ്വീകരിച്ച മാർക്സിസ്റ്റു പാർട്ടിക്കു ഇൻഡ്യയുടെ ഐക്യത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി പൊരുതിയ ഈ ഭാഗത്തെ എങ്ങനെ ആക്ഷേപിക്കുവാൻ സാധിക്കും ? ബംഗ്ലാദേശിലെ ജനങ്ങൾക്കുവേണ്ടി, അവരെ സഹായിക്കുവാൻവേണ്ടി മുമ്പോട്ടു വന്നപ്പോൾ, പാക്കിസ്ഥാനെതിരായി യുദ്ധം ചെയ്തപ്പോൾ ആ യുദ്ധത്തിൽ എല്ലാ രംഗത്തും സഹായിച്ചവരെ 'രാജ്യദ്രോഹികളാണെന്ന്' നിങ്ങൾക്ക് എങ്ങനെ പറയാൻ കഴിയും ?

ശ്രീ. ബേബിജോൺ : അൺഡിസൈറബിളെന്ന് കേന്ദ്രഗവൺമെൻറ് അറിയിച്ചിട്ടുള്ള ആളുകളെ ഇതിനകത്ത് പ്രവേശിപ്പിച്ചത് നിങ്ങളുടെ അലക്ഷ്യം കൊണ്ടുണ്ടായ സ്ഥിതിവിശേഷമല്ലേ ?

ശ്രീ. കെ. കരുണാകരൻ : 1965-ൽ ആദ്യം ഇവരെക്കൂടി സഹകരിപ്പിച്ച് അവരിൽനിന്ന് മോഷ്ടിക്കാവുന്ന മുതലൊക്കെ എടുത്തിട്ട് അവരെ തള്ളിപ്പറയാൻ ഈ നിങ്ങൾക്ക് സമയം കിട്ടിയുള്ളോ ? നിങ്ങളുടെ വർഗ്ഗത്തിന് ആത്മാർത്ഥതയുടെ കണികയുണ്ടോ ? ഇത് നിങ്ങളുടെ വർഗ്ഗീയതയുടെ മറ്റൊരു ചിത്രമാണ്. ന്യൂനപക്ഷങ്ങളുടെ വോട്ട് നിങ്ങൾക്ക് കിട്ടുകയില്ലെന്നറിയാം.....ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം ഇൻഡ്യയിലെ മത ന്യൂനപക്ഷങ്ങൾക്ക് സംരക്ഷണം കൊടുക്കേണ്ട ബാദ്ധ്യതയുണ്ട്. ഇൻഡ്യ ഒരു മതേതര രാഷ്ട്രമായി നിലനിൽക്കണമെങ്കിൽ മതന്യൂനപക്ഷങ്ങൾക്ക് സംരക്ഷണം കൊടുക്കണമെന്ന് ഇൻഡ്യൻ നാഷണൽ കോൺഗ്രസ് വിശ്വസിക്കുന്നു. ആ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിലെ പ്രമുഖരായ നേതാക്കൻമാർ, പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും ആരാദ്ധ്യയായ ഇന്ദിരാജിയും മുസ്ലീം ന്യൂനപക്ഷങ്ങൾക്ക് ഉറപ്പ് നൽകി. മുസ്ലീം പേഴ്സണൽ ലാ സംബന്ധിച്ച് ഏതെങ്കിലും വിധത്തിൽ പ്രതികൂലമായ സാഹചര്യമുണ്ടായാൽ അവരുമായി ആലോചിച്ച് അവരിൽ ഭൂരിപക്ഷത്തിന് സ്വീകാര്യമായ നടപടി മാത്രമേ സ്വീകരിക്കുകയുള്ളു. അതനുസരിച്ച് രൂപം കൊടുത്തുകൊണ്ടുവന്ന് പാർലമെൻറിൽ അവതരിപ്പിച്ച ബില്ലാണ് ജീവനാംശ ബിൽ. അതുകൊണ്ട് ഇതൊന്നുമെടുത്ത് ഇവിടെ പ്രയോഗിക്കുവാൻ നോക്കണ്ട.

എന്റെ ഹെലികോപ്ടർ യാത്രയെ സംബന്ധിച്ച് ബഹുമാനപ്പെട്ട ബേബിജോൺ പറഞ്ഞു. ഈ ഗവൺമെൻറ് ഔദ്യോഗികാവശ്യത്തിനുവേണ്ടി എഴുതിയിരുന്നു. ആ യാത്രയ്ക്ക് വിമാനമൊരുക്കിത്തന്ന ആളുകൾക്ക് അതിന്റെ സംവിധാനങ്ങളെന്തെന്ന് അറിയാം. അവർ അത് നോക്കും. സംസ്ഥാന ഗവൺമെൻറ് അത് നോക്കുന്നില്ല. കാരണം ഞാൻ 17-ാ തീയതി പാർലമെൻററി ബോർഡ് യോഗം കഴിഞ്ഞ് 19-ാം തീയതി വർക്കിംഗ് കമ്മിറ്റിയിൽ പങ്കെടുക്കാൻ പോയി. ഞാൻ എന്റെ ബുദ്ധിമുട്ട് വൈസ് പ്രസിഡൻറിനേയും അറിയിച്ചു. പോയി വരാൻ അനുവാദം തന്നു. അവരുടെ അനുവാദത്തോടുകൂടി അവർ അറിഞ്ഞുകൊണ്ട് ഞാൻ വന്നിട്ടുള്ളതാണ്. പിന്നെ ഒരാൾകൂടി കയറിയതിനെക്കുറിച്ച് പറഞ്ഞു. ആ പറഞ്ഞ ആളുകളെക്കാളും യോഗ്യൻമാരാണ് എല്ലാവരും എന്ന ധാരണ വേണ്ട. നിങ്ങളെപ്പോലുള്ള യോഗ്യൻമാർ അവരിലുമുണ്ട് എന്ന് മനസ്സിലാക്കിയാൽ മതി. ഗവൺമെൻറിന് അതിൽ യാതൊരു ബാദ്ധ്യതയുമില്ല. ഗവൺമെൻറല്ല കൊടുക്കുന്നത്. പാർട്ടിയാണ് കൊടുക്കുന്നത്. അതിൽ നിങ്ങൾക്കാർക്കും

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു വിഷമവും വേണ്ട. മറെറാന്ന്, ഇവിടെ പറഞ്ഞ അഴിമതി ആരോപണങ്ങളാണ്. അഴിമതി ആരോപണങ്ങളെക്കുറിച്ച് പറഞ്ഞപ്പോൾ പ്രതിപക്ഷം പറഞ്ഞു....(ബഹളം)

മി. സ്പീക്കർ : ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും കക്ഷി നേതാക്കളും മറ്റ് മെമ്പറൻമാരും ഇഷ്ടംപോലെ സംസാരിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അതിന് മറുപടി പറയാനുള്ള ബാദ്ധ്യത ഉണ്ട്. അത് സഹിഷ്ണതയോടെ കേൾക്കണ്ടെ ?

ശ്രീ. കെ. കരുണാകരൻ : ഈ അഴിമതി ആരോപണങ്ങളെക്കുറിച്ച് പറഞ്ഞപ്പോൾ നായനാർ ഗവൺമെൻറിൻെറ കാലത്ത് നായനാർ ഗവൺമെൻറിന് പിൻതുണ നൽകിയിരുന്ന ഇന്നും ആ മുന്നണിയിൽ നിൽക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ പ്രമുഖനായ നേതാവും എൻെറയും ശ്രീ. ബേബിജോണിൻെറയും നേതാവും മുഖ്യമന്ത്രിയുമായിരുന്ന സഖാവ് അച്ച്യുതമേനോൻ ആ ഗവൺമെൻറിനെക്കുറിച്ച് പറഞ്ഞത് വായിക്കട്ടെ. "എല്ലാ രംഗത്തും വിളയാടുന്ന അഴിമതി കൊണ്ട് ഇന്ന് നാട്ടുകാർ വീർപ്പ് മുട്ടുകയാണ്. നിയമസഭാതലത്തിലും പത്രപംക്തികളിലും രാഷ്ട്രീയക്കാരുടെ അഴിമതിയെപ്പററിയാണ് കൂടുതൽ കേൾക്കുന്നത്. പ്രത്യേകിച്ചും ഭരണതലത്തിലേയും ഭരണകക്ഷിക്കാരുടേയും. അത് പ്രതിപക്ഷത്തിൻെറ ഒരു തന്ത്രമായിരിക്കാം. എന്നാൽ സർക്കാർ സർവ്വീസിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റ് എത്രയോ രംഗങ്ങളിലും അഴിമതി നടമാടുന്നു." ഇതെല്ലാം ഒററയടിക്ക് നിറുത്താൻ ഏതെങ്കിലും ഗവൺമെൻറിന് കഴിയുമെന്ന ധാരണ ഞങ്ങൾക്കില്ല. എന്നാൽ അതിൽ ഒരു ചെറുവിരലെങ്കിലും ഇതേവരെ അനക്കാൻ കഴിയാത്തതെന്തേ നായനാരെ ? ആൻറണി ഗവൺമെൻറിൻെറ കാലത്ത് വാഗ്ദാനം ചെയ്തിരുന്ന അഴിമതി നിരോധന ബില്ലെങ്കിലും കൊണ്ടുവരാത്തതെന്തെ ? കൊണ്ടുവന്നോ നിങ്ങളുടെ കാലത്ത് ? ഞങ്ങൾ കൊണ്ടുവന്നു. നിങ്ങൾ കേസ് കൊടുത്തല്ലോ. എന്നിട്ട് ആരെയെങ്കിലും ശിക്ഷിച്ചോ ?. ഞാൻ ഒരു കാര്യം പറയാം. ഇപ്പോൾ പരസ്യമായിട്ട് ഇവിടെവച്ച് പറയുന്നു. മുഖ്യമന്ത്രി എന്നുള്ള നിലയിൽ ഞാൻ ചെയ്തിട്ടുള്ള ഏതെങ്കിലും അഴിമതികൾ അങ്ങ് എഴുതിത്തരൂ. ഞാൻ അതിനെക്കുറിച്ച് ജുഡീഷ്യൽ എൻക്വയറി നടത്താം.

ശ്രീ. ഇ. കെ. നായനാർ : ശ്രീ. എൻ. ശ്രീനിവാസൻ ആവശ്യപ്പെട്ട ജുഡീഷ്യൽ അന്വേഷണം നടത്തുമോ ?

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ) : സർ, ഞാൻ ജുഡീഷ്യൽ അന്വേഷണം വേണമെന്ന് പറഞ്ഞിട്ടില്ല.

ശ്രീ. കെ. കരുണാകരൻ : സർ, ഇന്നത്തെ ചർച്ചയിൽ ശ്രീ. എം. ജിനദേവൻ മദ്യവ്യാപാരവുമായി എൻെറ മകന് പങ്കുണ്ടെന്ന് പറഞ്ഞു. അതിനെക്കുറിച്ച് ഒന്നേ എനിക്ക് പറയാനുള്ളു. എൻെറ സമ്പാദ്യത്തിൻേറതല്ല, എൻെറ കുടുംബത്തിൻേറതല്ല, എന്ത് ആവശ്യപ്പെട്ടാലും ഞാൻ ഗൗരി അമ്മയെ ഏല്പിക്കാം. അവർ പരിശോധിച്ചിട്ട് ഉണ്ടെന്ന് പറഞ്ഞാൽ ഞാൻ അതിന് മറുപടി പറയാം.

ശ്രീമതി കെ. ആർ. ഗൗരി : സർ, എനിക്ക് അദ്ഭോതത്തോട് സഹതാപമുണ്ടെന്നറിയാം. അതുകൊണ്ടാണ് എൻെറ പേര് പറഞ്ഞത്.

ശ്രീ. കെ. കരുണാകരൻ : സർ, അതല്ലേ ഇതേവരെയുള്ള അനുഭവം. മാർക്സിസ്റ്റ് ആണെങ്കിൽപ്പോലും ശ്രീമതി ഗൗരിയമ്മയ്ക്ക് ഒരു രാഷ്ട്രീയ വിദ്വേഷം ഉള്ളതായി എനിക്കനുഭവമില്ലാത്തതുകൊണ്ടാണ് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ഇത് പറഞ്ഞത്. ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. 1986-ൽ ഞാൻ കോൺഗ്രസ്സിൽ ചേർന്നിട്ട് 50 വർഷം തികഞ്ഞു. 50 വർഷമായി ഞാൻ കോൺഗ്രസ്സിൽ അംഗമാണ്. ഇന്ന് ഒരു കോൺഗ്രസ്സുകാരൻ പാലിക്കേണ്ടതെല്ലാം പാലിക്കുന്ന ആളാണ് ഞാൻ. ഒരു കാര്യം ഈ സഭയിലെ അംഗങ്ങളോട് പറയാം. ഭിക്ഷ തെണ്ടേണ്ടിവന്നാൽപ്പോലും ഞാനോ എന്റെ മകനോ മദ്യവുമായി ബന്ധമോ, അതുമായി എന്തെങ്കിലും ചേർന്നോ ഉള്ള ഒന്നിനും പോകുകയില്ല. അതിൽഭേദം ജീവൻ അവസാനിപ്പിക്കുകയല്ലാതെ മറ്റൊന്നും ചെയ്യുകയില്ല. നിങ്ങൾ എന്നെ എന്തുവേണമെങ്കിലും പറഞ്ഞോളൂ. നിങ്ങൾക്ക് എന്തുവേണമെങ്കിലും പറയാം. പക്ഷേ ഈ ക്രൂരമായ ആക്ഷേപംമാത്രം ഉന്നയിക്കരുത്. ഈ ഗവൺമെന്റ് ഈ ഐക്യജനാധിപത്യമുന്നണി ഉരുക്കുകോട്ടപോലെ മുന്നോട്ട് നീങ്ങും. പ്രതിപക്ഷം തകർന്ന് തരിപ്പണമാകുന്ന നിമിഷം വിദൂരമല്ല. ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീമതി കെ. ആർ. ഗൗരി അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. കെ. രാജൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച നന്ദിപ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ശ്രീ. ബേബിജോൺ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു. സഭ താഴെ പറയും പ്രകാരം രണ്ടായി വേർപിരിഞ്ഞ് വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ—78

1 ശ്രീ. എ. വി. അബ്ദു റഹുമാൻഹാജി
2 ,, പി. എം. അബൂബക്കർ
3 ,, ഇ. അഹമ്മദ്
4 ,, കൊരമ്പയിൽ അഹമ്മദ്ഹാജി
5 ,, സി. ടി. അഹമ്മദ്അലി
6 ,, കെ. അവുക്കാദർകുട്ടിനഹ
7 ,, തെന്നലജി. ബാലകൃഷ്ണപിള്ള
8 ,, പി. കെ. കെ. ബാവ
9 ,, യു. എ. ബീരാൻ
10 ,, ബെന്നിബെഹനാൻ
11 ,, പി. ടോസ്സ്കരൻ
12 ,, വി. ദിനകരൻ
13 ,, എം. പി. ഗംഗാധരൻ
14 ,, എ. ജോർജ്
15 ,, പി. സി. ജോർജ്
16 ,, കെ. എം. ഹംസക്കുഞ്ഞ്
17 ,, എം. എം. ഹസ്സൻ
18 ,, എം. പി. എം. ഇസ്ഹാക്ക്
കുരിക്കൾ
19 ,, എ. എൽ. ജേക്കബ്
20 ,, ടി. എം. ജേക്കബ്
21 ,, സി. ജി. ജനാർദ്ദനൻ
22 ശ്രീ. ടി. എസ്. ജോൺ
23 ,, എ. സി. ജോസ്
24 ,, ജോസ്കുറിയാനി
25 ശ്രീ. ഡോക്ടർ കെ. സി. ജോസഫ്
26 ,, കെ. സി. ജോസഫ്
27 ,, പി. ജെ. ജോസഫ്
28 ,, വി. വി. ജോസഫ്
29 ,, കെ. കെ. നായർ
30 ശ്രീമതി എം. കമലം
31 ശ്രീ. കെ. ജി. ആർ. കർത്താ
32 ,, കെ. കരുണാകരൻ
33 ,, പി. കെ. കുഞ്ഞാലിക്കുട്ടി
34 ,, മണിമംഗലത്തു കുട്ടാലി
35 ,, ഇ. ജെ. ലൂക്കോസ്
36 ,, കെ. പി. എ. മജീദ്
37 ,, കെ. എം. മാണി
38 ,, എം. പി. മാണി
39 ,, കെ. മുഹമ്മദാലി
40 ,, ഇ. ടി. മുഹമ്മദ്ബഷീർ
41 ,, പി. എ. മുഹമ്മദ്കുഞ്ഞ്
42 ,, പി. വി. മുഹമ്മദ്
43 ,, ടി. എച്ച്. മുസ്തഫ
44 ,, കെ. എസ്. നാരായണൻ നമ്പൂതിരി

LIBRARY ARCHIVES Kerala Legislative Assembly

45 ശ്രീ. കെ. പി. നൂറുദ്ദീൻ
46 ,, ഉമ്മൻചാണ്ടി
47 ,, സി. വി. പത്മരാജൻ
48 ,, തച്ചടി പ്രഭാകരൻ
49 ,, കെ. രാഘവൻ മാസ്റ്റർ
50 ,, രാഘവൻ പൊഴക്കടവിൽ
51 ,, കെ. കെ. രാമചന്ദ്രൻമാസ്റ്റർ
52 ,, കെ. പി. രാമചന്ദ്രൻനായർ
53 ,, എസ്. രാമചന്ദ്രൻപിള്ള
54 ,, തേറമ്പിൽ രാമകൃഷ്ണൻ
55 ,, കെ പി. രാമൻ
56 ,, രമേശ് ചെന്നിത്തല
57 ,, തോപ്പിൽ രവി
58 ,, വയലാർരവി
59 ,, എൻ. ശക്തൻ നാടാർ
60 ,, പി. സീതിഹാജി
61 ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
62 ശ്രീ. കടവൂർ ശിവദാസൻ
63 ,, നാലകത്തു സൂപ്പി
64 ,, കെ. കെ. ശ്രീനിവാസൻ
65 ,, എൻ. ശ്രീനിവാസൻ
66 ,, പന്തളം സുധാകരൻ
67 ,, കോട്ടക്കുഴി സുകുമാരൻ
68 ,, സി. എം. സുന്ദരം
69 ,, എൻ. സുന്ദരൻനാടാർ
70 ,, വി. സുരേന്ദ്രൻപിള്ള
71 ,, പി. പി. തങ്കച്ചൻ
72 ,, സി. എഫ്. തോമസ്
73 ,, കെ. കെ. തോമസ്
74 ,, പി. സി. തോമസ് (തിരുവല്ല)
75 ,, തോമസ് കല്ലംപള്ളി
76 ,, പി. കെ. വേലായുധൻ
77 ,, ടി. വി. വിജയരാജൻ
78 ,, സ്റ്റീഫൻപാദുവ

പ്രതികൂലിക്കുന്നവർ 54

1 ശ്രീ ടി. കെ. അബ്ദു
2 ,, കെ. പി. അരവിന്ദാക്ഷൻ
3 ,, ടി. കെ. അറുമുഖൻ
4 ,, ബേബിജോൺ
5 ,, കെ. കെ. ബാലകൃഷ്ണൻ
6 ,, കോടിയേരി ബാലകൃഷ്ണൻ
7 ,, കെ. ഭരതൻ
8 ,, സി. കെ. ചക്രപാണി
9 ,, കെ. ചന്ദ്രശേഖരൻ
10 ,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
11 ,, വി. എസ്. ചന്ദ്രശേഖരൻപിള്ള
12 ശ്രീമതി പി. ദേവൂട്ടി
13 ശ്രീ. കെ. ജെ. ജോർജ്
14 ശ്രീമതി കെ. ആർ. ഗൗരി
15 ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
16 ,, ടി. കെ. ഹംസ
17 ,, എം. ജിനദേവൻ
18 ,, ഇ. കെ. നായനാർ
19 ,, വി. സി. കബീർ
20 ,, കെ. ടി. കണാരൻ
21 ,, എം. കെ. കേശവൻ
22 ,, വി. കേശവൻ
23 ,, സി. ടി. കൃഷ്ണൻ
24 ,, കെ. കൃഷ്ണൻകുട്ടി
25 ,, കോലിയക്കോട് എൻ കൃഷ്ണനായർ
26 ,, കെ ടി. കുമാരൻ
27 ,, പി. വി. കുഞ്ഞിക്കണ്ണൻ
28 ശ്രീ. ലോനപ്പൻ നമ്പാടൻ
29 ,, സി. പി. മൂസാൻകുട്ടി
30 ,, കെ. മുസക്കുട്ടി
31 ,, എ. കെ. പത്മനാഭൻ
32 ,, ഇ. പത്മനാഭൻ
33 ,, കെ. പങ്കജാക്ഷൻ
34 ,, ടി. പി. പീതാംബരൻ മാസ്റ്റർ
35 ,, കെ. പി. പ്രഭാകരൻ
36 ,, കെ. പുരുഷോത്തമൻ
37 ശ്രീമതി റോച്ചൽ സണ്ണി പനംവേലി
38 ശ്രീ. വർക്കല രാധാകൃഷ്ണൻ
39 ,, എം. വി. രാഘവൻ
40 ,, വി. കെ. രാജൻ
41 ,, കാനം രാജേന്ദ്രൻ
42 ,, കെ. ശങ്കരനാരായണപിള്ള
43 ,, എ. കെ. ശശീന്ദ്രൻ
44 ,, എ. സി. ഷൺമുഖദാസ്
45 ഡോക്ടർ എ. സുബ്ബറാവു
46 ശ്രീ. എ. വി. താമരാക്ഷൻ
47 ,, സി. കെ. തങ്കപ്പൻ
48 ,, വി. ജെ. തങ്കപ്പൻ
49 ,, എസ്. ആർ. തങ്കരാജ്
50 ,, പി. സി. തോമസ് (കടുത്തുരുത്തി)
51 ,, ആർ. എസ്. ഉണ്ണി
52 ,, ജി. വരദൻ
53 ,, സി. വാസുദേവമേനോൻ
54 ,, പി. വിജയദാസ്

LIBRARY ARCHIVES Kerala Legislative Assembly

നിഷ്പക്ഷർ-ആരുമില്ല

അനുകൂലിക്കുന്നവർ—78

പ്രതികൂലിക്കുന്നവർ—54

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല

നന്ദിപ്രമേയം സഭ അംഗീകരിച്ചതായി പ്രഖ്യാപിക്കപ്പെട്ടു.

മി. സ്പീക്കർ ; സഭ ഇപ്പോഴം പിരിയുന്നതും നാളെ രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 മാർച്ച് 20-ാം തീയതി വ്യാഴാഴ്ച രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചകഴിഞ്ഞ് 2.43-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly